www.malankaralibrary.com

Fr. JOSHUA KUNNATHETH

First Published September 1975

PRINTED AT INDIA PRESS, KOTTAYAM

Price Rs. 5·00

Copyright
Jose Thomas Kunnatheth

Published by the Author

Distributors:
NATIONAL BOOK STALL
KOTTAYAM - TRIVANDRUM - ERNAKULAM - CANNANORE
TRICHUR - PALGHAT - QUILON - KOZHIKODE - ALLEPPEY

# അനാഥകന്യക

(നോവൽ)

ഫാദർ ജോഷ്വാ കുന്നത്തേത്ത്

SACRED HEART COLLEGE
FRANCIS SALES
LIBRARY.
THEVARA

വിതരണം
നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം
വില ക. 5·00

www.malankaralibrary.com

ഫാദർ ജോഷ്വാ കന്നത്തോത്തിന്റെ കൃതികൾ

അനാഥകന്യക (നോവൽ)

കരുപ്പട്ടി ,,

8m3.03
KUN

FRANCIS SALES LIBRARY
SACRED HEART COLLEGE
THEVARA.
Coll. No:
Ac. No. 43584

S2132 D28/75_76 1_1500 MY 116

## അദ്ധ്യായങ്ങൾ


1. മക്കദിശാ
2. മേനെ നഹിം ഖായി
3. ഒററത്തലത്തല്ലുകാർ
4. രാമകുമാർ
5. 2980
6. ഗോമതിയെന്ന സ്ത്രീ
7. ഞാനീ നാട്ടുകാരനാ
8. ഉഷയുടെ ജനനം
9. സരോജിനിയുടെ അന്ത്യം
10. പുഴക്കരത്തുപണിക്കാർ
11. മടിത്തപ്പുകാരി അന്നക്കുട്ടി
12. സൈക്കിംവേല
13. മോതിരംകൊടുക്കൽ
14. മൂന്നു കയറിൽ തൊണ്ണൂറു തൊട്ടികൾ
15. ഗോപിനാഥൻ
16. ആശയമില്ലേ ഒരതിരു്?
17. പ്രസവപ്പെപ്പസാ
18. ബഹിഷ്കരണം
19. നാട്ടേന്നിനിക്ക വിട!
20. ഇരുണ്ട ദിവസങ്ങൾ
21. തിരക്കിയിറങ്ങൽ
22. പുനർസമാഗമം

# 1. മക്കദീശാ

കാലവർഷത്തിന്റെ അവസാനഘട്ടം. കോരിച്ചൊരിയുന്ന മഴ നിന്നു. മഴപെയ്തവസാനിച്ചപ്പോൾ മക്കദീശാ പോത്തച്ചന്റെ മട്ടുപ്പാവുബംഗ്ലാവിന്റെ സൺഷെയിഡിനു ചുററും വെള്ളത്തൊങ്ങൽ.

ബാലസൂര്യന്റെ കിരണകന്ദളമേററപ്പോൾ അവ സ്വർണ്ണഞാത്തുകൾപോലെ മിന്നി.

മക്കദീശാ ഡയനിങ്ങ്റൂമിൽ കയറി.

രാവിലെ എട്ടുമണിക്കാണു് ബ്രെയ്ക്ക്ഫാസ്റ്റ്. ബ്രെയ്ക്ക്ഫാസ്റ്റ് കഴിച്ചുകൊണ്ടിരുന്നപ്പോൾ—

‘‘ക്രേ...സ്സീ...’’

സുമാർ പതിനാറുവയസ്സു വരുന്ന ഒരു വെളുത്ത ഹിഡിംബിപ്പെൺകുട്ടി അവിടെ ഹാജരായി. മുഷിഞ്ഞ മിനിസ്കേർട്ടും ഇടയ്ക്കിടെ ബട്ടൺ വിട്ടുനിന്ന ബ്ലൗസുമാണു് അവൾ ധരിച്ചിരുന്നതു്. ബോബുചെയ്ത ചപ്രച്ച തലമുടി. പൗഡറിട്ട മുഖം. ചായംതേച്ച ചുണ്ടുകൾ. മഷിയെഴുതിയ കണ്ണുകൾ.

അവൾ മേശപ്പുറത്തുനിന്നും ഒരു ഇടിയപ്പമെടുത്തു് ഒന്നിച്ചു വായിലാക്കി. എന്നിട്ടൊരു ചോദ്യം: ‘‘പപ്പാ എന്നെ വിളിച്ചോ?’’

‘‘ഇല്ല മോളേ, ഇവിടാരും വിളിച്ചില്ല. നീ പോയൊന്നു കുളിക്കു്. ഈ മുഷിഞ്ഞ വേഷമൊന്നു മാറ്റു്; നാറുന്നു ’’

നാറുന്നപോലും! ആക്കു് ആരെ നാറുന്നു!... എന്നെ നാറുകയില്ല. ഞാൻ ദിവസവും കുളിക്കുന്നുണ്ടു്. പൗഡറിടുന്നുമുണ്ടു്. ഡ്രീംഫ്ളൗവർ ടാൽക്പൗഡർ. നാറുന്നതു

www.malankaralibrary.com

പപ്പായെയാണു്. ആസ്ത്മായല്ലേ രോഗം. എങ്ങനെ
നാറാതിരിക്കും! നല്ല ഉഷ്ണകാലത്തുപോലും ആഴ്ചയിലൊ
ന്നേ കുളിക്കൂ. വർഷമായാൽ കുളിയേയില്ല. തലപ്പാവി
ൻേറയും ടെറീക്കോട്ടൺ ഷർട്ടിൻേറയും ഗമയുടെ പുറത്ത
ങ്ങനെ നടക്കുകയാണു്.
''അയ്യോ, ഈ പപ്പാ കള്ളംപറയുന്നതു കേട്ടില്ലേ?
വിശുദ്ധനാട്ടിൽ പോകുകയും മക്കദിശായെന്ന സ്ഥാനപ്പേ
രുകിട്ടുകയും ചെയ്തതിൽപ്പിന്നീടാണു് ഇത്രയും കള്ളം പറ
യാൻ തുടങ്ങിയതു്. എന്നെ വിളിച്ചില്ലപോലും! ഇങ്ങ
നെ കള്ളം പറഞ്ഞാൽ കണ്ണു രണ്ടും പൊട്ടിപ്പോവില്ലേ?''
മിനിസ്റ്റേർട്ടുകാരി ഇതു പറയുന്നതു കേട്ടുകൊണ്ടു
പോത്തച്ചൻെറ ഭാര്യ കുഞ്ഞമ്മ അവിടെ വന്നു. അവൾ
ഭർത്താവിനോടു പറഞ്ഞു:
''നമ്മളിവിടെ വന്നിരുന്നപ്പോൾ അറപ്പുവാൾകൊ
ണ്ടറക്കുംപോലെ നീട്ടിയൊന്നു തുമ്മിയില്ലേ? ആ തുമ്മൽ
ദൂരെനിന്നു കേട്ടാൽ 'ഗ്രേസീ' എന്നു നമ്മൾ വിളിക്കയൊ
ണെന്നേ ആർക്കും തോന്നൂ. അങ്ങനെ തോന്നിയതുകൊ
ണ്ടാണു് നമ്മുടെ ഗ്രേസിമോളിവിടെ വന്നതു്. അവൾ
വന്ന സ്ഥിതിക്കു് അവളെ വിളിച്ചില്ലെന്നു പറഞ്ഞുകൂടാ
യിരുന്നു.''

ഇവിടെ ജീവിക്കാൻ പ്രയാസം.

തുമ്മിയാൽ ഗ്രേസിയെ വിളിച്ചെന്നു്, ചുമച്ചാൽ
ചെമ്പിലിട്ടടിച്ചെന്നു്, ദീർഘശ്വാസമിട്ടാൽ ഉലയൂത്ത
നടത്തിയെന്നു്.

പോത്തച്ചനു് അമർഷംവന്നു. അയാൾ ചോദിച്ചു:
''ആട്ടെ, ഞാനുറങ്ങുമ്പോൾ കൂർക്കംവലിക്കാറുണ്ടു
ല്ലോ. അതു കേട്ടിട്ടു് നിങ്ങൾക്കൊന്നും തോന്നാറില്ലേ?''
ഇതിനെങ്കിലും പരാതി കാണുകയില്ലെന്നുള്ള തൻേറ
ടത്തോടുകൂടിയാണു ചോദ്യമിട്ടതു്. ചോദിച്ചുകഴിഞ്ഞ
പ്പോൾ മുമ്പിലത്തേതിലും ഉഗ്രൻ പരാതി:
''ഉണ്ടുണ്ടു്.'' കുഞ്ഞമ്മ പറഞ്ഞു. ''പൂച്ചതമ്മിൽ
കടിപിടികൂടുകയാണെന്നു തോന്നും.''



പോത്തച്ചനു നാവടച്ചു. അയാൾ പിന്നെ ശബ്ദിച്ചതേയില്ല.

ഗ്രേസിമോൾ കൈകൊട്ടിച്ചിരിച്ചു.

ഒരപസ്മാരരോഗിണിയായ ഗ്രേസിക്കുവേണ്ടി കുഞ്ഞമ്മ അത്രയും വാദിച്ചതു്, തെങ്ങിൽ കയറാനിരിക്കുന്ന കുരങ്ങിനു് ഒരേണി ചാരിക്കൊടുക്കുന്നത്ര സഹായമായി. ഗ്രേസി പോത്തച്ചൻെറടുത്തു് ഒരു കസേരയിലിരിക്കയായിരുന്നു. കുഞ്ഞമ്മ അതു പറഞ്ഞുതീർന്നില്ല; അതിൻ മുൻപു് ഒരക്ഷരവും ഉരിയാടാതെ ഗ്രേസി പോത്തച്ചൻെറ മുമ്പിലിരുന്ന പലഹാരമത്രയും തുത്തുവാരി നെഞ്ചത്തടുക്കിപ്പിടിച്ചുകൊണ്ടോടിപ്പോയി.

മുററത്തു പുഴുങ്ങി നിരത്തിയിരുന്ന നെല്ലു്, ഏതാനും കാക്കകൾ പറന്നുവന്നു് ഒരു കോരികയിൽ എന്നപോലെ ചുണ്ടുനിറയെ കോരിയെടുത്തുകൊണ്ടുപോയി, അടുത്തൊരു തെങ്ങിൽ പററി. തെങ്ങിൻെറ ചൊവ്വോത്ത ഓലമടലിൽ ആ നെല്ലു കുടഞ്ഞിട്ടശേഷം അവ ഓരോന്നും കൊത്തിപ്പെറുക്കിത്തിന്നാൻതുടങ്ങി. അതുപോലെ മേശപ്പുറത്തുനിന്നും വാരിയെടുത്തുകൊണ്ടുപോയ പലഹാരങ്ങൾ ഗ്രേസിയും തൻെറ മുറിയിൽ കൊണ്ടുചെന്നു കുറേശ്ശ നുള്ളിപ്പറിച്ചു തിന്നുകൊണ്ടിരുന്നു.

പോത്തച്ചനു രണ്ടാണു് മക്കൾ. ജോണിയും ഗ്രേസിയും. ജോണി പ്രീഡിഗ്രിക്കു പഠിക്കയാണു്. ഗ്രേസി സെൻറ്മേരീസ് ഹൈസ്കൂളിൽ പത്താംസ്റ്റാൻഡേഡിൽ പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവിടെ ബോർഡിങ്ങിൽ താമസിച്ചു പഠിക്കുമ്പോൾ അപസ്മാരം പിടിപെട്ടു. അപ്പോൾ പോത്തച്ചൻ ചെന്നു വീട്ടിലേക്കു കൊണ്ടുപോന്നു. ഗ്രേസിക്കു ധാരാളം ചികിത്സകളും ചെയ്തു. എല്ലാം കടപ്പുറത്തു വെള്ളമൊഴിച്ചതുപോലെ. ചിലപ്പോൾ കൂടും; ചിലപ്പോൾ കുറയും. കൂടുമ്പോൾ ചങ്ങലയിൽ പൂട്ടും; കുറയുമ്പോൾ അഴിച്ചുവിടും.

ഗ്രേസിക്കു സുഖക്കേടായശേഷം പോത്തച്ചൻ ഒരു തീർത്ഥാടനം നടത്തി. നടത്തിയതു ശീമയിലേക്കായിരുന്നു. ആദ്യമായിപ്പോയതു പലസ്തീനാരാജ്യത്തേക്കാണു്.

www.malankaralibrary.com

അവിടാണല്ലോ ക്രിസ്തു ജനിച്ചുവളന്നതു്! ഈ തീർത്ഥാടനത്തിനു രണ്ടു ലക്ഷ്യമുണ്ടായിരുന്നു. ഒന്നു് തന്റെ ഏകവാത്സല്യമകളുടെ രോഗശാന്തി, രണ്ടു് തന്റെ പാപപ്പൊറുതി.

ക്രിസ്തുവിന്റെ പാദസ്പർശമേററ യൂദിയാ, പിലിപ്പിയാ, ഗലീലിയ, ജറുസലേം തുടങ്ങിയ പുണ്യസ്ഥലങ്ങൾ സന്ദർശിച്ചു് അദ്ദേഹം വഴിപാടുകൾ നടത്തി. മടങ്ങിപ്പോരുമ്പോൾ ജറുസലേമിലെ പരിശുദ്ധ പാത്രിയക്കീസിനെ കണ്ടു നമസ്കരിച്ചു. അപ്പോൾ അദ്ദേഹം പോത്തച്ചനു നല്കിയ സ്ഥാനപ്പേരാണു മക്ദിശാ. ശുദ്ധീകരിക്കപ്പെട്ടവൻ എന്നാണു് ആ സുറിയാനിവാക്കിന്റെ അർത്ഥം. പുണ്യഭൂമിയിലൂടെ സഞ്ചരിച്ചപ്പോൾ ശുദ്ധീകരിക്കപ്പെട്ടിരിക്കണമല്ലോ.

പോത്തച്ചന്റെ തീർത്ഥയാത്രാപര്യടനം ഏകദേശം ഒരുവർഷത്തോളം നീണ്ടുനിന്നു. അതിന്റെ അടയാളമായി അയാളുടെ ഇടത്തുകൈയിൽ ക്രിസ്തുവിന്റെ തൂങ്ങപ്പെട്ട രൂപം പച്ചമഷിയിൽ കുത്തിയിരുന്നു. ഇതിനിടയിൽ അയാൾ സുറിയാനിഭാഷ അല്പസ്വല്പം വശമാക്കി. തന്മൂലം തിരിച്ചുവന്നപ്പോൾ അയാൾ സുറിയാനിക്രിസ്ത്യാനികളുടെ മദ്ധ്യത്തിൽ ഒരു അരവൈദികനെപ്പോലെ പ്രശോഭിച്ചു.

സാമാന്യം നല്ലരീതിയിൽ പ്രവർത്തനംനടത്തുന്ന ഒരു കശുവണ്ടിഫാക്ടറിയുടെ ഉടമയാണു് പോത്തച്ചൻ. ഫാക്ടറിയുടെ നടത്തിപ്പിനുവേണ്ടി ഒരു ജീപ്പും രണ്ടു കാറും നാലു ലോറിയുമുണ്ടിപ്പോൾ. ഫാക്ടറിയുടെ സ്ഥലമസാരം കുറവാണു്; രണ്ടേക്കറേയുള്ളു. എങ്കിലും സ്ഥിരവും താൽക്കാലികവുമായ മുപ്പതോളം ഷെഡ്ഡുകൾ ഇന്നതിലുണ്ടു്. പുഴുങ്ങിവറുപ്പിനും കരിച്ചുവറുപ്പിനും വെവ്വേറെ മെഷീനുകളുണ്ടു്. വലിയസൈസ് 250 ചാക്കു തോട്ടണ്ടിയാണു ദിനംപ്രതി അതിൽ വറുത്തുതല്ലി പരിപ്പാക്കുക. അതിനുവേണ്ടി ആണും പെണ്ണുമായി മൂവായിരം തൊഴിലാളികളും മുപ്പതു പ്രധാനഉദ്യോഗസ്ഥന്മാരുമുണ്ടു് അവിടെ.



ഫാക്ടറിയിൽനിന്നും അരമൈൽ ദൂരം വടക്കായി സ്ഥിതിചെയ്യുന്ന പത്തേക്കർ തെങ്ങിൻതോപ്പും അതിന്റെ മദ്ധ്യേ ആധുനികരീതിയിൽ പണികഴിപ്പിച്ചിരിക്കുന്ന അതിസുഭഗമായ ബംഗ്ലാവും തന്റേതാണു്. പോത്തച്ചൻ അണ്ടിയാപ്പീസിൽ പോകാൻ ആ ബംഗ്ലാവിന്റെ ഭക്ഷണമുറിയിൽനിന്നും പുറത്തിറങ്ങി. അപ്പോഴുണ്ടു്, ടൈപ്പുചെയ്ത ഒന്നുരണ്ടു കടലാസുമായി ജോണി വരാന്തയിൽ നില്ക്കുന്നു. ഹിപ്പിവേഷത്തിലാണു മകൻ ജോണിയുടെ നില. കാപ്പി ശരിക്കുകുടിക്കാൻ സാധിക്കാഞ്ഞതിലുള്ള അരിശം ഒരുവശത്തു്; മകന്റെ പ്രാകൃതവേഷത്തിലുള്ള വെറുപ്പു മറുവശത്തു്. പോത്തച്ചൻ ചോദിച്ചു:

‘‘നീ ഇന്നു കോളജിൽ പോകുന്നില്ലേടാ?’’

അതിനുത്തരം കൈയിലിരുന്ന കടലാസുകൾ അവൻ പിതാവിന്റെ കരത്തിലെത്തിക്കാൻ ഉദ്യമിക്കുകയായിരുന്നു. ആ പ്രക്രിയ തടഞ്ഞുകൊണ്ടു പോത്തച്ചൻ മൊഴിഞ്ഞു: ‘‘വേണ്ട, വേണ്ട. വിവരമങ്ങു പറഞ്ഞേച്ചാൽ മതി.’’

‘‘ഞാൻ ഒരു ലാംബ്രട്ടാസ്ക്കൂട്ടറിനെഴുതിയിരുന്നു. അവരുടെ ലററാണിതു്. സ്ക്കൂട്ടറിന്റെ ആറിലൊന്നു വിലയായ ആയിരം രൂപാ ഉടനെ അയച്ചുകൊടുക്കണം. കൊടുത്തില്ലെങ്കിൽ ഈ ഓർഡർ ക്യാൻസലായിപ്പോവും. പിന്നൊട്ടു സ്ക്കൂട്ടർ കിട്ടുകയുമില്ല.’’

‘‘നിന്നോടാരു പറഞ്ഞു സ്ക്കൂട്ടറിനെഴുതാൻ? നീ കൊട്ടുന്ന താളത്തിനു തുള്ളുന്നവനാണോ ഞാൻ? നിനക്കു ബസ്സിൽപ്പോകാൻ സീസൺടിക്കററില്ലേ? ആ നിനക്കെന്തിനാടാ സ്ക്കൂട്ടർ?’’

‘‘ജോണിച്ചായോ, സെൻറ്മേരീസ് മദ്രസേ മെ ജാനേ കേലിയെ, മുഝേ ഭീ ഏക് അച്ഛാ സ്ക്കൂട്ടർ ചാഹിയെ. മേരേലിയേ ഭീ പിതാജീ സേ ഹസാർ രുപ്പിയെ മാങ്ക്ലേനാ ഹൈ.’’

ഭ്രാന്തക്കു നല്ല കൂർത്തചെവിയാണു്. തനിക്കുംകൂടി ഒരു സ്ക്കൂട്ടർ വാങ്ങാൻ ഒരായിരം രൂപ്പികകൂടി പിതാ

www.malankaralibrary.com

വിൽനിന്നു വാങ്ങണമെന്നു ഗ്രേസി നീട്ടിവിളിച്ചു പറയുകയായിരുന്നു.

''ഓ, ത്ളീസോ, ശ്ളുക്ക് ലേക്ക്. ഏൻ ള്ളുബ്മ് മാലേൽ ആത്ത്, എമഹേലേക്ക്, ശാറീ റോയീസ്.'' (എടീ പെണ്ണേ, മര്യാദയ്ക്കു മിണ്ടാതിരുന്നോ. ഇനി നീ മിണ്ടിപ്പോയാൽ അടിച്ചു നിന്നെ ശരിപ്പെടുത്തിക്കളയും.)

മക്കദിശാ പോത്തച്ചനു് അമർഷമുണ്ടായാൽ സുറിയാനിയിലേ സംസാരം വരൂ. അതും ഉച്ചത്തിലായിരിക്കും സംസാരിക്കുക. കൂടാതെ ആസ്ത്മായുടെ ശല്യവുമുണ്ടു്. അതു വർദ്ധിക്കുകയും ചെയ്യും.

വരാന്തയിലിറങ്ങിനിന്നപ്പോൾ പോത്തച്ചനു നാവു വരളുന്നതായിത്തോന്നി. ചുറ്റും നോക്കീട്ടു് ആരെയും കണ്ടില്ല. അതുതന്നെ കൂടുതൽ അരിശത്തിനു കാരണമായി. അയാൾ നീട്ടിവിളിച്ചു:

''എടീ മേരീ!''

''എന്തോ!''

മേരി അടുക്കളയിൽനിന്നും വിളികേട്ടു.

''കുടിക്കാൻ കുറെ ചൂടുവെള്ളം കൊണ്ടുവാ.''

മേരി ഒരു ഗ്ലാസ്സ് നിറയെ പച്ചവെള്ളവുമായി മുന്നോട്ടു വന്നു. ജീരകവെള്ളമാണു് പോത്തച്ചൻ സാധാരണ ദാഹത്തിനു കുടിക്കാറുള്ളതു്. അതു തയ്യാറായിട്ടില്ലായിരുന്നു. മേരി ആ വീട്ടിലെ വേലക്കാരിയാണു്. വയസ്സു പതിന്നാലു വരും. പോത്തച്ചൻ ആ ഗ്ലാസ്സു് കൈയിൽ വാങ്ങി. നോക്കിയപ്പോൾ പച്ചവെള്ളം. ഐസിനും ഇത്രയും തണുപ്പില്ല. അയാൾ അതു ഗ്ലാസ്സോടെ അവളുടെ തലയിൽ കമിഴ്ത്തി. അവൾ കുതറിമാറിക്കളഞ്ഞു. ഗ്ലാസ്സു് തറയിൽ വീണു തവിടുപൊടിയായി. മേരി കരഞ്ഞുകൊണ്ടു് അടുക്കളയിലേക്കും, പോത്തച്ചൻ പിറുപിറുത്തുകൊണ്ടു് ആപ്പീസിലേക്കും പോയി.

മുറ്റത്തു തെങ്ങിൽ കെട്ടിയിരുന്ന പൂവാലിപ്പശുവിന്റെ മുതുകിൽ ഒരു കാക്ക പറന്നുവന്നു പാറി. പശു വാലു ചുഴറ്റിയടിച്ചപ്പോൾ അതു് നടുപ്പുറത്തേക്കു നീങ്ങിയിരുന്നു. എന്നിട്ടു് മൂട്ടയേയും ചെള്ളിനേയും കൊത്തിപ്പെറുക്കി



ത്തിന്നുകൊണ്ടു് തത്തിത്തത്തിച്ചാടി പശുവിന്റെ തലയിൽ ചെന്നിരുന്നു. പശു തലയും കൊമ്പുമിട്ടു കുലുക്കി. അവ എതിർത്തുനില്ക്കാൻ കാക്ക കഴിവതും ശ്രമിച്ചു. ഒടുവിൽ നിവൃത്തിയില്ലാതെവന്നപ്പോൾ അതു് പോത്തച്ചന്റെ മുമ്പിൽക്കൂടി പറന്നു വടക്കോട്ടു പോയി.

പോത്തച്ചൻ നടന്നുനടന്നു് ആപ്പീസുമുറിയിൽ വന്നു. ആ ആപ്പീസിലെ ഹെഡ്ക്ലാർക്കാണു് മിസ്റ്റർ ഇട്ട്യേരാ. അയാളിൽനിന്നും കണക്കുബുക്കുകളെല്ലാം വാങ്ങി പരിശോധിക്കാനും ഒപ്പിടാനും തുടങ്ങി.

അപ്പോൾ പതിനാറുവയസ്സു പ്രായംവരുന്ന ഒരു പെൺകുട്ടിയെ ഉന്തിയും തള്ളിയും ഭീഷണിപ്പെടുത്തിയും നീക്കോലിക്കേശവൻ എന്നൊരാൾ മാനേജർ പോത്തച്ചന്റെ മുമ്പിൽ കൊണ്ടുവന്നു നിർത്തി.

## 2. മേനെ നഹീം ഖായി

ആ പെൺകുട്ടിക്കു തല്ലാണു ജോലി. എന്നു പറഞ്ഞാൽ വറുത്ത തോട്ടണ്ടി തല്ലുന്ന ജോലിയെന്നർത്ഥം. അതിനു് ഷെല്ലിങ്ങ് എന്നാണു പറയുക.

കുർത്തായും പൈജാമായുമാണു് അവളുടെ വേഷം. തലമുടി നീട്ടിവളർത്താതെ, ഒടിച്ചിട്ടിരിക്കയാണു് — എണ്ണ കണ്ടിട്ടില്ലാത്ത തലമുടി. കണ്ടാൽ വടക്കെഇൻഡ്യയിലുള്ള ഒരു പാർസിപ്പെൺകുട്ടിയാണെന്നേ ആരും പറയൂ. ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, മലയാളം തുടങ്ങിയ ഭാഷകൾ സാമാന്യം ഭംഗിയായി സംസാരിക്കും. കണ്ടാൽ വളരെ ഓമനത്തമുള്ള വട്ടമുഖം. പിടിച്ചു് ഒരുമ്മ കൊടുക്കാൻ തോന്നിപ്പോകും.

സ്ത്രീകളും പുരുഷന്മാരുമായി തോട്ടണ്ടി തല്ലുന്ന നൂറു പേരുടെ മേസ്ത്രിയാണു് നീക്കോലിക്കേശവൻ. സത്യത്തിന്റെയും നീതിയുടെയും മൂർത്തിമത്ഭാവമായിട്ടാണു് കേശവന്റെ നില.

www.malankaralibrary.com

അണ്ടിയാപ്പീസിൽ വരുന്നതിനുമുമ്പ് കേശവന്റെ മുഖ്യതൊഴിൽ മോഷണമായിരുന്നു. ഒരിക്കൽ അയാൾ മനസ്സിലാക്കി തന്റെ തൊട്ടു കിഴക്കേതിലെ കിട്ടുമൂപ്പീന്ന് പത്തായത്തിൽ അഞ്ഞൂറു രൂപ ഭദ്രമായി സൂക്ഷിച്ചുവച്ചിരിക്കുന്നുവെന്ന്. പിത്തപ്പത്തായമായ മൂപ്പീന്ന് സദാനേരവും പുത്തൻപത്തായത്തിന്റെ പുറത്താണു കിടപ്പ്. ആ സ്ഥിതിക്ക് രൂപ എങ്ങനെ കൈവശപ്പെടുത്താൻ സാധിക്കും? ഇതായിരുന്നു കേശവന്റെ ചിന്ത.

കേശവൻ അതിനൊരു വിദ്യ കണ്ടുപിടിച്ചു. ഒരു നീക്കോലിപ്പാമ്പിനെ പിടിച്ച് ഒരു ഈറക്കുഴലിൽ അടച്ചു. ഭാര്യ നാണി അവളുടെ ബ്ലൗസിൽ കുത്തിയിരുന്ന ഒരു വലിയ സേഫ്റ്റിപിൻ ഊരിയെടുത്ത് അതിന്റെ തൊപ്പി ഊരിക്കളഞ്ഞിട്ട് തൊപ്പിയിരുന്ന അററം മറേറ അററംപോലെ ഉരച്ചുരച്ചു കൂർപ്പിച്ചു. എന്നിട്ട് അതു് അവൾ കേശവന്റെ കൈയിൽ കൊടുത്തു.

കിട്ടുമൂപ്പീന്നിന്റെ ഭാര്യ വെളുമ്പി പത്തായത്തോടു ചേർന്ന താഴെയും, അവരോടു ചേർന്ന് ഇപ്പുറത്തായി അവരുടെ കൊച്ചുമകൻ സോമനും കിടന്നിരുന്നു. സോമനു പത്തുവയസ്സു പ്രായം വരും.

കേശവൻ നല്ല പച്ചപ്പാതിരായ്ക്ക് ഇരുമുനയൻപിന്നും ഈറക്കുഴലിൽ നീക്കോലിപ്പാമ്പുമായി കിട്ടുമൂപ്പീന്നിന്റെ വീട്ടിലെത്തി. നോക്കിയപ്പോൾ ഏവരും കൂർക്കംവലിച്ചു കിടന്നുറക്കമാണ്. കേശവൻ ഈറക്കുഴൽ തുറന്നു നീക്കോലിയെ കൊച്ചുമകന്റെ ശരീരത്തിൽ കുടഞ്ഞിട്ടു. അതോടൊപ്പം പിന്നിന്റെ മുനവച്ച് അവന്റെ കാലിൽ ശക്തിയായ ഒരു കുത്തും.

കുത്തേററ കൊച്ചുമകൻ വലിയവായിലെ നിലവിളിച്ചു. നിലവിളി കേട്ടു കിഴവനും കിഴവിയും ഉണർന്നു. വിളക്കു കത്തിച്ചു നോക്കിയപ്പോൾ സോമന്റെ കാലിൽനിന്നു രക്തം മടവച്ച് ഒഴുകുന്നതായും ഒരു കറുത്ത പാമ്പ് ഇഴഞ്ഞുമറയുന്നതായും കണ്ടു.

സോമനെ ഉടനെതന്നെ കിഴവനും കിഴവിയുംചേർന്ന് അടുത്തൊരു വിഷഹാരിയുടെ വീട്ടിലേക്കു കൊണ്ടു



പോയി. ഈ തക്കംനോക്കി കേശവൻ പുത്തൻപത്തായം തുറക്കുകയും രൂപാ മോഷ്ടിക്കുകയും ചെയ്തു. അന്നുമുതലാണ് 'നീക്കോലി' എന്ന പേര് കേശവനുണ്ടായത്. അയാൾ പോത്തച്ചനോടു ഗൗരവമായി പറഞ്ഞു:

''എമ്മാന്നേ, ഇവൾ ഷെഡ്ഡിൽ വരുന്നത് അണ്ടി തല്ലാനല്ല; പരിപ്പു തിന്നാനാണ്.''

''നേരാണോ, ഉഷേ?''

പോത്തച്ചൻ അവളുടെനേരെ തിരിഞ്ഞു ചോദിച്ചു. അതാണ് ആ പെൺകുട്ടിയുടെ പേര്. ചോദ്യംകേട്ട മാത്രയിൽ ഉഷയൊന്നു നടുങ്ങി. അവൾ ധൈര്യം വെടിയാതെ പറഞ്ഞു:

''മേനെ കുച്ച് ഭി നഹിം ഖായി, ഹുസൂർ.''

ഉഷ ഇതു പറഞ്ഞിട്ടു കേശവനെ ദഹിപ്പിക്കുന്നമട്ടിലൊന്നു നോക്കി. ഹിന്ദി പഠിച്ചിട്ടില്ലെങ്കിലും ചില പദങ്ങളൊക്കെ കേട്ടാൽ കേശവനു മനസ്സിലാവും. പരിപ്പിന്റെ ഒരു കഷണംപോലും അവൾ തിന്നില്ലെന്ന്! അതു കേട്ടപ്പോൾ കേശവൻ ഒന്നുകൂടി കടത്തിവെട്ടി:

''ഇവൾ ഭൂലോകനുണച്ചിയാണേമ്മാന്നെ. ഇവളുടെ വായിലിപ്പോഴും നിറയെ പരിപ്പുണ്ട്. ഞാൻ ഗ്ലാസ്സും വെള്ളവും കൊണ്ടുവരാം. വെള്ളം വായിൽക്കൊണ്ട് ഇവൾ കുലുക്കുഴിഞ്ഞു ഗ്ലാസ്സിൽ തുപ്പട്ടെ. അപ്പോൾ കാണാം കല്ലും നെല്ലും വെവ്വേറെ കിടക്കുന്നത്.''

അതു പറഞ്ഞിട്ടു കേശവൻ ഗ്ലാസ്സെടുക്കാനായി കാന്റീനിലേക്ക് ഓടിപ്പോയി.

പരിപ്പു തിന്നുന്നവരെ പരിശോധിച്ചു കള്ളം കണ്ടുപിടിക്കാനുള്ള ഒരെളുപ്പവഴിയാണ് അവരെക്കൊണ്ടു കുലുക്കുഴിഞ്ഞു ഗ്ലാസ്സിൽ തുപ്പിക്കുക. കാരണം, അണ്ടിപ്പരിപ്പ് എത്രതന്നെ ഭംഗിയായി ചവച്ചരച്ചാലും അത്ര പെട്ടെന്നു തൊണ്ടക്കീഴിൽ ഇറങ്ങിപ്പോകുകയില്ല. ചവയ്ക്കുന്തോറും അതു നാവിലും അണപ്പല്ലിലുമെല്ലാം അരക്കുപോലെ കുഴഞ്ഞു പററിപ്പിടിച്ചിരിക്കും.

സത്യത്തിൽ ഉഷ പരിപ്പു വാരിത്തിന്നതാണ്. അപ്പോഴും അവളുടെ വായ്ക്കകം മുഴുവനും പരിപ്പിന്റെ അംശ

www.malankaralibrary.com

മുണ്ടു്. കേശവൻ ഗ്ലാസ്സെടുക്കാൻ പോയപ്പോൾ മാനേജർ പോത്തച്ചനു് ആസ്ത്മായുടെ ശല്യമുണ്ടായി. അയാൾ ആസ്ത്മാ ഇൻഹെയിലർ ഒരുക്കി അണ്ണാക്കിലേക്കു മരുന്നടിക്കാൻ ശ്രമിച്ചു. ഈയവസരം പാഴാക്കാതെ ഉഷ വായൊന്നു വൃത്തിയാക്കാൻ നാവുകൊണ്ടു പരിശ്രമിച്ചു. പക്ഷേ, പററിയില്ല. പെട്ടെന്നു മാനേജർ തിരിഞ്ഞു് സൗമ്യമായി ചോദിച്ചു:

''നീ എന്റെ മകൾ ഗ്രേസിയുടെ സ്നേഹിതയല്ലേ? അതു വിചാരിച്ചില്ലെങ്കിലും സത്യം പറയൂ. സത്യം പറഞ്ഞാൽ ഞാൻ നിന്നെ വെറുതെ വിടാം.''

ഉഷ ഓർത്തു. കേശവൻ ഇപ്പോൾ ഗ്ലാസ്സും വെള്ളവുമായി വരും. വന്നാൽ—വന്നാൽ കുലുക്കുഴിയണം. അപ്പോൾ കള്ളി പുറത്താകും. അതുകൊണ്ടു കള്ളം പറഞ്ഞാൽ യാതൊരു രക്ഷയുമില്ല. അവൾ സ്വയം താണു. എന്നിട്ടു് സവിനയം അറിയിച്ചു:

''എസ്സേർ, ഇററീസ് ട്രൂ. ഐ എയിറ്റ് സം ഫ്രാഗ്മെൻസ് ഓഫ് കാഷ്നട്ട് ആസ് ഐ വോസ് വെരി ഹംഗ്രി. മേലാൽ ഞാൻ ചെയ്യുകയില്ല. എന്നോടു ക്ഷമിച്ചാലും!''

വളരെ വിഷമിച്ചാണു് ഉഷ ഇത്രയും പറഞ്ഞൊപ്പിച്ചതു്. അവസാനവാചകം പറഞ്ഞപ്പോൾ അവളുടെ കണ്ഠമിടറുകയും കണ്ണുകൾ സജലങ്ങളാകയുംചെയ്തു. അവൾ ജീവിതത്തിൽ നാടാടെ ഒരു കള്ളം കാണിക്കയും ആ കുററം സ്വയം സമ്മതിക്കയുമാണു്. ചെയ്ത കുററം സമ്മതിക്കുകയെന്നു പറഞ്ഞാൽ അത്ര എളുപ്പമായ കാര്യമൊന്നുമല്ല. ധരിച്ചിരുന്ന കത്തായയുടെ കീഴ്ത്തല പൊക്കി അവൾ തുടുത്തുചുവന്ന അവളുടെ മുഖം തുടച്ചു. മുഖംപോലെ അവളുടെ ഉദരവും, ഉദരത്തിന്മേൽ കീഴ്മേൽ ഒരു ലൈൻപോലെ തെളിഞ്ഞുവരുന്ന നീലരോമങ്ങളും കണ്ടു് പോത്തച്ചൻ ഉഷയെ ആപാദചൂഡം ഒന്നു നോക്കി. അയാൾ മനസ്സിൽ വിചാരിച്ചു: ഹാ! എന്തൊരു സൗകുമാര്യമുള്ള പെണ്ണു്!



കേശവൻ ഗ്ലാസ്സും വെള്ളവുമായി വന്നു. അയാൾ നടന്നുവന്ന ചുവടു് തറയിലുറപ്പിക്കാതെ പോത്തച്ചനോടു പറഞ്ഞു:

''ഇവളുടെ വായ് ഒരണ്ണാന്റെ വാപോലിരിക്കുന്നുവെന്നു കൂട്ടാക്കേണ്ട. ചൊവ്വേ പൊളിച്ചാൽ ഒരാനത്തല കടക്കും. ഇവൾ കുറച്ചു പരിപ്പൊന്നുമല്ല തിന്നതു് എമ്മാന്നേ.''

കേശവന്റെ ഈ വിമർശനം ഉഷയെ വല്ലാതെ ചൊടിപ്പിച്ചു. അവൾ ഒരു മൂർഖൻപാമ്പിനെപ്പോലെ ചീറി:

''ഞാൻ തിന്നതിലേ മേശരിക്കു ദണ്ഡമുള്ളോ? അപ്പോൾ നിങ്ങളുടെ ഭാര്യ നാണിയും പിന്നെ പാർവതിയും പങ്കജാക്ഷിയുമൊക്കെ വാരിത്തിന്നതിലോ?''

ഉഷ അത്രയും കടത്തിപ്പറയുമെന്നു കേശവൻ കിനാവിലും കരുതിയിരുന്നില്ല. അതും പ്രത്യേകിച്ചു് തന്റെ അധികാരിയുടെ മുൻപിൽവച്ചു്. അതൊരു അവഹേളനമായും അയാൾക്കു തോന്നി.

പാർവതിയും പങ്കജാക്ഷിയും കേശവനു പ്രിയപ്പെട്ടവരും അയൽവാസികളുമാണു്. അവരെല്ലാം ഉഷയുടെകൂടെ 'തല്ലിൽ' ആണെന്നു മാത്രമല്ല, അടുത്തിരുന്നു തല്ലുന്നവരും. ഇപ്പോൾ തമ്മിൽത്തല്ലാൻ ആരംഭമിട്ടിരിക്കുന്നവരുമാണു്. അവരൊക്കെ നാഴികക്കു നാല്പതുവട്ടം പരിപ്പു തിന്നുന്നതും തുണിയിൽ വാരിക്കെട്ടി വീട്ടിൽ കൊണ്ടുപോകുന്നതും ഉഷ കണ്ടിട്ടുണ്ടു്. എന്നിട്ടു് കേശവനു് അവരുടെമേൽ കേസ്സില്ല. കേശവൻ പരിഭ്രമത്തോടും പതറിച്ചയോടും പറഞ്ഞു:

''അവർ പാക്കും വെററിലയുംകൂട്ടി മുറുക്കുകയായിരുന്നു. നിനക്കു് അടിപടലെ തെററിപ്പോയി, പെണ്ണേ!''

''എനിക്കൊന്നും തെററിപ്പോയില്ല. പാക്കും പറങ്കിയണ്ടിയും കണ്ടാൽ തിരിച്ചറിയാവുന്ന പ്രായമാണു് ഞാൻ.''

കേശവനു മൊഴിമുട്ടി. അയാൾ ഒരു ദീർഘശ്വാസം വിട്ടു. എന്നിട്ടു പോത്തച്ചനോടായി പറഞ്ഞു:

www.malankaralibrary.com

''ഏമ്മാന്നേ, എനിക്കിവളുടെ മേൽനോട്ടം വേണ്ടാ. ഇവളെ വേറെ ഷെഡ്ഡിലേക്കു മാററണം. അല്ലെങ്കിൽ എന്നെ മാററണം. പിന്നെ ഒരുകാര്യംകൂടി...''

അക്കാര്യം എന്താണെന്നു പറയാതെ കേശവൻ അർദ്ധോക്തിയിൽ വിരമിച്ചു. അപ്പോൾ മാനേജർ ചോദിച്ചു:

''ഏതോ പറയാൻ തുടങ്ങിയല്ലോ? എന്താണെന്നു വച്ചാൽ പറയൂ, കേൾക്കട്ടെ.''

''ഓ, ഞാനായിട്ടെന്തിനു പറയുന്നു? ഇപ്പോഴല്ലെങ്കിൽ പിന്നെ ഏമ്മാന്റെ ചെവിയിലെത്തുന്ന കാര്യമാണതു്.''

''എങ്കിലും പറയൂ, കേൾക്കട്ടെ.''

''മറെറാന്നുമല്ല. ഉഷയുടെ പുതിയ നിയമനത്തെപ്പററിയാണതു്. ഈയിടെ പലരും ജോലിക്കു വന്നിട്ടു്. ഏമ്മാൻ അവരെ സ്വീകരിക്കാതെ പിരിച്ചുവിടുകയായിരുന്നല്ലോ. ഉഷയുടെ ഈ പുതുനിയമനം നമ്മുടെ അണ്ടിയാപ്പീസിന്റെ പടിക്കലുള്ള പാർട്ടിയാപ്പീസുകളിൽ വലിയ സംസാരവിഷയമായിത്തീർന്നിരിക്കയാണു്.''

ഉഷയുടെ പുതുനിയമനത്തെക്കുറിച്ചു പാർട്ടിയാഫീസുകളിലും മററും സംസാരമുണ്ടെന്നു കേട്ടപ്പോൾ പോത്തച്ചന്റെ മുഖമൊന്നു മങ്ങി. സെൻട്രൽ പാർട്ടിയിൽ സ്വാധീനമുള്ള കേശവനെയും പിണക്കേണ്ട, സുന്ദരിയായ ഉഷയേയും അവൾക്കുവേണ്ടി ഒരു ജോലികൊടുക്കണമെന്നു ശുപാർശചെയ്ത ഉമാദേവിയേയും പിണക്കേണ്ട എന്നു കരുതി മാനേജർ ഇരുവർക്കും ഒരു താക്കീതും ഉപദേശവും മാത്രം അപ്പോൾ കൊടുത്തു:

''ഇവിടെ മൊത്തം മൂവായിരം തൊഴിലാളികളാണുള്ളതു്. അതിൽ മുക്കാലും സ്ത്രീകളുമാണു്. ഇങ്ങനെ നിങ്ങളെല്ലാവരുംകൂടി പരിപ്പു തിന്നാൻ തുടങ്ങിയാൽ ഒരുദിവസത്തെ ഇരുനൂററിഅൻപതു ചാക്കു കശുവണ്ടിയുടെ പരിപ്പും നിങ്ങൾക്കൊന്നു കൊറിക്കാനേ കാണുകയുള്ളു. അതുകൊണ്ടു് മേലാലാരും പരിപ്പു തിന്നാൻ ഇടയാകരുതു്. ഇനി ഇങ്ങനെയുള്ള പരാതി വന്നാൽ ആ ആളെ അപ്പോൾത്തന്നെ പറഞ്ഞുവിടുമെന്നും അറിഞ്ഞി



രിക്കണം. രണ്ടുപേർക്കും നിങ്ങളുടെ ജോലിസ്ഥലത്തേക്കു പോകാം.''

അണ്ടിവറപ്പുപുരയിലെ പുകക്കുഴലിൽനിന്നും 'ഘുമു ഘുമു' എന്നുള്ള കറുത്ത പുകച്ചുരുളുകൾ പുറപ്പെട്ടു് ആകാശവീഥിയിലേക്കു പൊയ്ക്കൊണ്ടിരുന്നു. രസക്ഷയംകൊണ്ടു് അതുപോലെ ഇരുളടഞ്ഞു നിറഞ്ഞിരുന്ന കേശവന്റെയും ഉഷയുടെയും ഹൃദയങ്ങൾ; അവർ തങ്ങളുടെ ഷെഡ്ഡിലേക്കു പോയപ്പോൾ.

## 3. ഒററത്തലതല്ലുകാർ

അണ്ടി തല്ലാനുള്ള ഷെഡ്ഡുകൾതന്നെ പത്തിൽ കൂടുതലുണ്ടു് പോത്തച്ചന്റെ ആപ്പീസിൽ. അണ്ടിയാപ്പീസിനു് 'ആപ്പീസ്' എന്നാണേവരും എളുപ്പത്തിൽ പറയുക. ഓരോ ഷെഡ്ഡിലും കുറഞ്ഞതു് നൂറു സ്ത്രീകൾവീതമിരുന്നാണു തല്ലുന്നതു്.

കുത്തിയിരുന്നു തല്ലാൻ വെറും മൺതറയല്ലാതെ മറെറാന്നുമില്ല. ആവശ്യമെങ്കിൽ അതിനു വല്ല മുറിക്കല്ലോ തൊണ്ടിൻപിളർപ്പോ അന്വേഷിച്ചുകൊള്ളണം. നാലിഞ്ചു വീതിയും ആറിഞ്ചു നീളവുമുള്ള ഒരു കരിങ്കല്ലു് ഓരോരുത്തർക്കും അണ്ടിതല്ലാൻ തറയിൽ കുഴിച്ചുനിറുത്തിയിട്ടുണ്ടു്. വളപോലെ ചതുരാകൃതിയുള്ളതും ഒരടി നീളമുള്ളതുമായ ഒരു തെങ്ങിൻകൊട്ടുവടിയുമുണ്ടു്, അണ്ടി തല്ലാൻ.

കരിങ്കല്ലും കൊട്ടുവടിയും ആപ്പീസിൽനിന്നും സംഭാവനയാണു്; എന്നുവരികിലും കൊട്ടുവടി ഒരിക്കൽമാത്രമേ സംഭാവനയായി ലഭിക്കു. തല്ലിൽ വളരെ പ്രായംചെന്ന ഏതാനും കിഴവന്മാരും കിഴവികളുമുണ്ടു്. വല്ലാതെ തല്ലി കൊട്ടുവടി ഒടിച്ചുകളഞ്ഞാൽ, പിന്നെ കൈയിലെ പൈസാ മുടക്കി വീണ്ടും വാങ്ങിച്ചുകൊള്ളണം.

അതിനു് ആപ്പീസിനു മുൻപിൽ റോഡരുകിൽ ആശാരിപ്പിള്ളേർ കൊട്ടുവടിയുമായി എപ്പോഴും അണി

www.malankaralibrary.com

നിരന്നിരിക്കുന്നതു കാണാം. അവരിൽനിന്നും നിഷ്പ്രയാസം കൊട്ടുവടി വാങ്ങാം. ഒരു കൊട്ടുവടിക്കു് അൻപതു പൈസയാണു വില.

കൈലിയും ബ്ലൗസ്സും, ബ്ലൗസ്സിനു മുകളിലൊരു കുറിയമുണ്ടുമാണു് അണ്ടിതല്ലാൻ വരുന്ന ഒരു സ്ത്രീയുടെ സാധാരണവേഷം. ഇതിനുംപുറമേ അണ്ടിക്കറ പുരണ്ടു കറുത്ത ഒരു തോർത്തു് അവർ അടിയിലുടുത്തിരിക്കും. മുകളിലത്തെ കൈലി മേലോട്ടു ചൊരിച്ചുകേററി ആ കറുത്ത തോർത്തിലിരുന്നാണു് അവർ അണ്ടിതല്ലുക.

ഷെഡ്ഡിനു ചുററും ചീനവേലി തറച്ചിട്ടുണ്ടു്. ആ ചീനവേലിയിൽ അവർ അവരുടെ രണ്ടാംമുണ്ടും ഉച്ചപ്പൊതിയുണ്ടെങ്കിലതും തിരുകിക്കയററിവയ്ക്കും. എന്നിട്ടു വല്ല മുറിക്കുള്ളിലോ മുറിത്തൊണ്ടിലോ ഇരുന്നു ജോലി ചെയ്യുകയായി.

ഒരണ്ടിക്കു മൂന്നു തല്ലാണു് സാധാരണ. മുതുകത്തു്, തലപ്പത്തു്, ചരിച്ചുവച്ചു്. അണ്ടിത്തോടു പൊട്ടത്തക്കവിധം ഇങ്ങനെ മൂന്നു തല്ലിയാൽ അകത്തെ പരിപ്പൊട്ടും പൊടിയാതെ മുഴുവൻ പരിപ്പായി നിഷ്പ്രയാസമെടുക്കാം.

എന്നാൽ ചിലർ അണ്ടിയുടെ ഒററത്തല തല്ലിമാത്രം പരിപ്പെടുക്കുന്നുണ്ടു്. അപ്രകാരമുള്ളവരെ 'ഒററത്തലതല്ലുകാർ' എന്നാണു വിളിക്കാറു്. അങ്ങനെ തല്ലിയാൽ പരിപ്പു ചതഞ്ഞോ ഉടഞ്ഞോ പോവും; മുഴുവൻ പരിപ്പു കിട്ടുക പ്രയാസവുമാണു്. ഒററത്തല തല്ലുന്നതു് ആപ്പീസുനിയമത്തിനു വിരുദ്ധമാണു്.

തല്ലിപ്പൊളിച്ചിടുന്ന അണ്ടിത്തോടിനു് അണ്ടിത്തോക്കായെന്നും ചിലപ്പോൾ വെറും തോക്കായെന്നും പറയും. തോക്കായിൽ പരിപ്പു മുഴുവനേയോ മുറിഞ്ഞോ ഇരുന്നുകൂടാത്തതാകുന്നു.

തോക്കായിൽ പരിപ്പു കളഞ്ഞിട്ടുണ്ടോയെന്നു പരിശോധിക്കാനാളുണ്ടു്. പരിപ്പിന്റെ ഏതെങ്കിലും ഒരംശം കണ്ടാൽ, അതു തല്ലിയവരെ കുററക്കാരായി പിടിക്കുന്നതും മാനേജർ അവരെ സസ്പെൻറു ചെയ്യുന്നതുമാണു്.





ഉഷയുൾപ്പെടെയുള്ള തല്ലുകാരുടെ മുമ്പിലെല്ലാം മൂന്നു വട്ടികൾ കാണാം. മുഴുവൻപരിപ്പു വേറെ, പൊട്ടിയ പരിപ്പു വേറെ, കേടുപിടിച്ച പരിപ്പു വേറെ. ഇങ്ങനെ തരംതിരിച്ചിടാനാണു് മൂന്നു വട്ടികൾ. മുഴുവൻപരിപ്പിനു മാത്രമേ കാശുള്ളു; തൂക്കമനുസരിച്ചാണു് കാശു്.

ചിലർ പൊടിഞ്ഞതും കേടുള്ളതുമെല്ലാം ഒന്നിച്ചിട്ടു തൂക്കാൻ കൊണ്ടുചെല്ലും. അങ്ങനെ കൊണ്ടുചെല്ലുന്നവരെ പ്രോസിക്യൂട്ടുചെയ്യുന്നതും സസ്പെൻറുചെയ്യുന്നതുമാണു്. ഓരോ തൊഴിലാളിക്കും ആപ്പീസിൽനിന്നും നല്കിയ കാർഡുണ്ടു്. പരിപ്പു് തൂക്കിയെടുക്കാൻ ആപ്പീസിൽ വേറെ ശമ്പളക്കാരുമുണ്ടു്. അവർ തൂക്കി, തൂക്കം കാർഡിൽ കുറിച്ചുകൊടുക്കും. ആഴ്ചയുടെ അവസാനമാണു് കൂലി ഒന്നിച്ചു കൊടുക്കുക.

അണ്ടിതല്ലുമ്പോൾ കൈയിൽ പുരളുന്ന കറ അപ്പപ്പോൾ നീക്കംചെയ്യാൻ സാമാന്യം പററിയ ഒരുതരം മണ്ണുണ്ടു്. അതിനു 'ചേടിമണ്ണു്' എന്നു പറയും. ഈ മണ്ണു് തല്ലുകാരുടെയിടയിൽ ആപ്പീസുചുമതലയിൽ അങ്ങുമിങ്ങും കൊണ്ടു കമിച്ചിരിക്കും.

വെളിച്ചെണ്ണ വൃത്തിയായി പുരട്ടി വെള്ളത്തുണി കൊണ്ടു തുടച്ചെങ്കിലേ കറയും അതിൻേറതായ ദുർഗ്ഗന്ധവും ശരിക്കും പോകയുള്ളു. വെളിച്ചെണ്ണയും വെള്ളത്തുണിയും കൊടുക്കണമെന്നാണു നിയമം. പക്ഷേ, ആരും ചെയ്യുന്നില്ലെന്നു മാത്രം.

ചേടിമണ്ണു് എത്രതന്നെ പുരട്ടിയാലും കറ തീർത്തും പോവുകയില്ല. തന്നിമിത്തം അധികം സ്ത്രീകളുടെയും കൈവെള്ളയിലെ തൊലി പൊള്ളി കറുത്തിരിക്കും. ഷെഡ്ഡിൽ, സൂക്ഷ്മതയില്ലാതെ അണ്ടിത്തോടിനകത്തിരിക്കുന്നതുമൂലം ചിലരുടെ കാൽവെള്ളയും പൊള്ളി കറുത്തിരിക്കും.

സാഹചര്യം ഇങ്ങനെയിരിക്കിലും ഉഷ അവളുടെ കരചരണങ്ങളുടെ പനിനീർപ്പൂനിറം കറപുരണ്ടു നഷ്ടപ്പെടാതെ കഴിവുള്ളിടത്തോളം സൂക്ഷിച്ചുപോന്നു. അതോടൊപ്പം ആപ്പീസുനിയമത്തിനെതിരായി യാതൊരു പ്ര

www.malankaralibrary.com

വൃത്തിയും ഉഷ ചെയ്തിരുന്നില്ല. എന്നുപറഞ്ഞാൽ ഒററത്തല തല്ലിയിരുന്നില്ല; തോക്കായിൽ പരിപ്പു കളഞ്ഞിരുന്നില്ല; മുറിപ്പരിപ്പും കേടുപരിപ്പും എല്ലാംകൂടി ഒരു വട്ടിക്കകത്തിട്ടു് തൂക്കുന്നിടത്തു കൊണ്ടുചെന്നിരുന്നുമില്ല.

ഒററത്തല തല്ലുകാരും പരിപ്പുമോഷണക്കാരുമെല്ലാം നീക്കോലിക്കേശവനു് കൈക്കൂലിയായി ആഴ്ചയിൽ ഓരോ രൂപാ കൊടുക്കും. അതിനു ഗതിയില്ലാത്തവർ വല്ല കാപ്പിയോ ബീഡിയോ വാങ്ങി സപ്ളൈ ചെയ്യും. ഉഷ ഇപ്പറഞ്ഞതു രണ്ടും ചെയ്തിരുന്നില്ല. അതിനാലിനു് കേശവനു് അവളോടുള്ള വൈരാഗ്യം വർദ്ധിച്ചുകൊണ്ടേയിരുന്നു.

മാനേജർ പോത്തച്ചൻ ഒരു സ്ത്രീലമ്പടനാണു്. അയാൾക്കു വയസ്സു നാല്പത്തിയഞ്ചു വരും. ഒരുവഴിയിലൂടെ അയാൾ തെററുചെയ്യും; മറുവഴിയിലൂടെ അതിനു പരിഹാരംനേടും. അങ്ങനെ പാപപരിഹാരം നേടാനാണല്ലോ അയാൾ പുണ്യഭൂമിയായ ജേറുസലേം സന്ദർശിച്ചതും, മക്കദിശായെന്ന സ്ഥാനം കരസ്ഥമാക്കിയതും.

മാനേജർ പോത്തച്ചന്റെ കശുവണ്ടിഫാക്ടറി സ്ഥാപിച്ചിരിക്കുന്നതു് 'അട്ടൂർ' എന്നു പറയപ്പെടുന്ന സ്ഥലത്താണു്. പ്രസ്തുത ഫാക്ടറിയുടെ മുൻവശം ഏതാണ്ടൊരു ബസ്സാറായിത്തീർന്നിരിക്കയാണിപ്പോൾ. ജൗളിക്കട, മുറുക്കാൻകട തുടങ്ങി ധാരാളമുണ്ടു് ഇവിടെ. ജൗളിക്കടകളിൽ നിറമുള്ള താണതരം ചീട്ടിത്തുണികളും കൈലികളുമാണധികം. അതിനാണവിടെ കൂടുതൽ ചെലവും. ഉച്ചയ്ക്കും വൈകിട്ടും ആപ്പീസു വിടുമ്പോൾ മൂവായിരത്തോളംവരുന്ന യുവതികൾ വിവിധനിറമുള്ള ബ്ലൗസും കൈലിയും ധരിച്ചിറങ്ങിവരുന്നതു കണ്ടാൽ വർണ്ണശബളിമയാർന്ന കത്തിച്ച ആലക്തികബൾബുകളാണോ എന്നു തോന്നിപ്പോകും.

മേൽപ്പറഞ്ഞ ഫാക്ടറിയുടെ മുമ്പിലുണ്ടു് മൂന്നു പാർട്ടിക്കാരുടെ ആഫീസുകൾ. അവ സെൻട്രൽ, സീനിയർ, ജൂണിയർ എന്നീ പാർട്ടികളുടെ ആപ്പീസുകളാണു്. ഉഷ ഒരു പാർട്ടിയിലും ചേർന്നിട്ടില്ല; അവൾക്കൊന്നിന്റേ



യും ആനുകൂല്യം വേണമെന്നുമില്ല. ബാക്കിയുള്ള ജോലിക്കാർ ഒന്നല്ലെങ്കിൽ മറെറാരു പാർട്ടിയിലെ അംഗങ്ങളായി ചേർന്നിരുന്നു.

ഉഷ ഷെല്ലിങ്ങിൽ കയറിയിട്ടു് ഒരുമാസമേ ആയിട്ടുള്ളു. സംഘടനയുള്ളപ്പോൾ ഒരാളെ പുത്തനായി ജോലിക്കെടുക്കുന്നതു കുഴപ്പംസൃഷ്ടിക്കുന്ന സംഗതിയാണു്. അതു പോത്തച്ചനറിയാം. പിന്നെ ഉമാദേവി നേരിൽ വന്നു കണ്ടു് ശുപാശ് ചെയ്തതുകൊണ്ടും അവരോടു തനിക്കൊരു ചെറിയ കടപ്പാടുള്ളതുകൊണ്ടും മാത്രമാണു് ഉഷയെ ജോലിക്കെടുത്തതു്. ഉമാദേവി അട്ടൂർ എന്ന സ്ഥലത്തെ പ്രഥിതയായ ഒരു ജന്മിയാണു്.

ഒരു ഫാക്ടറിയാരംഭിക്കാൻ അട്ടൂർ റോഡരുകിൽ രണ്ടേക്കർ സ്ഥലം പോത്തച്ചനു പാട്ടത്തിനാണെങ്കിലും കൊടുത്തതു് ഉമാദേവിയാണു്. പോത്തച്ചനു സ്ഥലമില്ലാഞ്ഞിട്ടല്ല; ധാരാളം സ്ഥലമുണ്ടു്. ഉള്ളതെല്ലാം അല്പം റോഡുവിട്ടാണെന്നുമാത്രം.

ഉഷയെക്കുറിച്ചു പറഞ്ഞാൽ, അവളൊരു അനാഥകന്യകയാണു്. അവളുടെ വളർത്തപ്പൻ വാസുപിള്ളകൂടി അവളുടെ കൂടെയുണ്ടു്. വാസുപിള്ളയ്ക്കു വളരെ പ്രായമുണ്ടു്. അയാൾക്കു ജോലി കൈനോട്ടവും ജ്യോത്സ്യവുമായിരുന്നു. ഇപ്പോൾ കണ്ണു ശരിക്കു പററുകില്ല. തന്മൂലം വളർത്തപ്പനായ വാസുപിള്ളയുടെ ഭാരംകൂടി വഹിക്കുന്നതു് ഉഷയാണു്.

ഉഷയും വാസുപിള്ളയും അട്ടൂർ വന്നപ്പോൾ താമസിക്കാനിടമില്ലായിരുന്നു. അങ്ങനെ പലേടത്തും അലഞ്ഞു നടന്നു. ഒടുവിൽ അവർ ഉമാദേവിയെ വന്നു കണ്ടു സങ്കടം പറഞ്ഞു. അവരുടെ വക വസ്തുവിൽ റോഡരുകിൽ പത്തുസെൻറിൽ ഒരു കുടിൽ വച്ചു താമസിച്ചുകൊള്ളാൻ അനുമതി നല്കി.

അന്നുമുതൽ ഉഷ ഉമാദേവിയുടെ ഗൃഹത്തിൽ അടുക്കളപ്പണി ചെയ്തുവരികയായിരുന്നു. അങ്ങനെ പണി ചെയ്തുവരവെ, ഒരിക്കലവൾ ഉമാദേവിയോടപേക്ഷിച്ചു, അവൾക്കു് അണ്ടിയാപ്പീസിൽ ഒരു ജോലി കിട്ടിയാൽ

www.malankaralibrary.com


തന്റെയും അപ്പന്റെയും ജീവിതം സുഖകരമായി കഴിഞ്ഞുപോകുമെന്നു്. ഉമാദേവി അതു സമ്മതിച്ചു. അവർ മാനേജർ പോത്തച്ചനെ ചെന്നു കണ്ടു വിവരം പറഞ്ഞു. പോത്തച്ചൻ ഉഷയ്ക്കു ജോലി കൊടുക്കുകയുംചെയ്തു.

കേശവനും പങ്കജാക്ഷിയും പാർവതിയും അടുപ്പുകല്ലു കൂട്ടിയതുപോലെ അടുത്തടുത്താണു താമസം. ഉഷ അവരിൽനിന്നു് ഒരുവിളിപ്പാടകലെയും. പങ്കജാക്ഷി അടൂർ ജനിച്ചു വളർന്നവളാണു്. അതുകൊണ്ടു പോത്തച്ചന്റെ പൂർവ്വചരിത്രങ്ങൾ അവൾക്കു നന്നേയറിയാം. കേശവൻ അന്യസ്ഥലത്തുനിന്നും വന്നുതാമസക്കാരനാണു്. തന്മൂലം പോത്തച്ചനെപ്പററി ഒന്നും അറിഞ്ഞുകൂടാ. ഒരിക്കൽ കേശവൻ പങ്കജാക്ഷിയോടു ചോദിച്ചു:

“നമ്മുടെ ഏമ്മാനെന്താ എപ്പോഴും ഇങ്ങനെ തലക്കെട്ടുംകെട്ടി നടക്കുന്നതു്?”

“അതു തല മുഴുവനും കഷണ്ടിയായിട്ടു്.”

“തല മാത്രമല്ലല്ലോ, പുരികവുംകൂടി കഷണ്ടിയാണല്ലോ,”

കേശവന്റെ ആ മറുപടി കേട്ടപ്പോൾ പങ്കജാക്ഷിയുടെ മുഖത്തു് വിസ്മയം സ്ഫുരിക്കുന്ന ഒരു പുഞ്ചിരി വിടർന്നു. എന്നിട്ടു പറഞ്ഞു:

“ഒരിക്കൽ ഞാൻ അണ്ടിയാപ്പീസിന്റെ വാതില്ക്കൽ നില്ക്കുകയായിരുന്നു. അപ്പോൾ ഏമ്മാൻ ദൂരെനിന്നും നടന്നു് ഇങ്ങോട്ടു വരുന്നതു കണ്ടു. വാതില്ക്കൽ വച്ചു് എന്നെ കാണേണ്ടായെന്നു കരുതി ഞാനല്പം മറഞ്ഞുനിന്നു് ഏമ്മാനെ നോക്കി. അപ്പോൾ എനിക്കൊരു വക തപ്പു്. ഏമ്മാൻ ഇങ്ങോട്ടല്ല, അങ്ങോട്ടാണു പോകുന്നതു്.”

“ഒരിക്കൽ ഇങ്ങോട്ടെന്നും, പിന്നെ അങ്ങോട്ടെന്നും തോന്നാൻ കാരണം?”

“കാരണമോ? അതു് ഏമ്മാൻ ഇരുമുഖനല്ലേ? നമ്മളൊക്കെ ഒരുമുഖക്കാരും.”

“നീ പറഞ്ഞതു് എനിക്കു മനസ്സിലായില്ല.”

“ഏമ്മാന്റെ മുഖംപോലെയല്ലേ തലയുടെ പുറകുവശവും. അപ്പോൾ ദൂരെവച്ചു കണ്ടാൽ മുൻപും പിൻപും തിരിച്ചറിയുന്നതെങ്ങനെയാണു്? ഇതാണു് കഷണ്ടിത്തലയ്ക്കുള്ള ഒരു ദോഷം. ഏമ്മാന്റെ തല കഷണ്ടിയായതിനൊരു ചരിത്രമുണ്ടു്.”

“അതെന്താണു്?”

അതിനുത്തരം പറയുംമുമ്പേ പങ്കജാക്ഷി മുററത്തിറങ്ങി വല്ലവനും നില്പുണ്ടോയെന്നു നോക്കി. എന്നിട്ടു് കയറിവന്നു കേശവനോടൊരു ചോദ്യം.

“ഞാൻ പറഞ്ഞതു ചെവിക്കുചെവി അറിയരുതു്. അറിയാമോ കേശവണ്ണാ?”

“ഇല്ല, ഒരിക്കലുമില്ല.”

“എന്നാൽ പറയാം: ഏമ്മാന്നേ, കൊച്ചമ്മ കൂടുതൽ സുന്ദരനാക്കാൻ ശ്രമിച്ചു. അപ്പോൾ പററിയ കുഴപ്പമാണതു്.”

“എങ്ങനെയാണു സുന്ദരനാക്കാൻ ശ്രമിച്ചതു്?”

“അതു പറഞ്ഞാൽ ബഹുരസമാ. ഏമ്മാൻ കൊച്ചമ്മയെ സമ്മന്തംചെയ്തു കൊണ്ടുവന്നപ്പോൾ ഏമ്മാന്റെ തല അങ്ങുമിങ്ങും നരച്ചതായിരുന്നു. അതു കൊച്ചമ്മയ്ക്കത്ര പിടിത്തമായിരുന്നില്ല. അവർ ഏതോ ഒരു മാസികയിൽ ഒരു മരുന്നു കണ്ടു. നരച്ചമുടി കറപ്പിക്കും തൈലം. അങ്ങനെയൊരു തൈലമുണ്ടോ കേശവണ്ണാ? ഏതായാലും ആ മരുന്നു വരുത്തി ഏമ്മാന്റെ തലയിലും മുഖത്തുമെല്ലാം പുരട്ടി. എന്നിട്ടു വടക്കേവശത്തൊരു തോടുണ്ടല്ലോ; അവിടെക്കൊണ്ടുപോയി ഏമ്മാനെ കുളിപ്പിച്ചു.”

“അതെന്തിനാണു് ആ തോട്ടിൽ കൊണ്ടുപോയതു്? കുളിമുറിയിൽ പൈപ്പുവെള്ളമില്ലായിരുന്നോ?”

“തോട്ടിലെ ഒഴുക്കിൽ കുളിപ്പിക്കണമെന്നാണുപോലും മരുന്നിലെ വ്യവസ്ഥ. ഏതായാലും സോപ്പുതേച്ചു നല്ലപോലെ കുളിപ്പിച്ചു. എന്നിട്ടു് ഏമ്മാൻ ഒഴുക്കുവെള്ളത്തിൽ മുങ്ങി. മുങ്ങിയപ്പോഴുണ്ടു് ദാ മുടിയെല്ലാംകൂടി കീഴോട്ടൊലിച്ചുപോകുന്നു! അതിന്റെശേഷം ഏമ്മാന്നു്

www.malankaralibrary.com


നാണമായി, കഷണ്ടിത്തലയുമായി നടക്കാൻ. കൊച്ചമ്മ പറഞ്ഞുകൊടുത്തു തലപ്പാവുവച്ചു നടന്നുകൊള്ളാൻ. അന്നു തൊട്ടു തുടങ്ങിയതാണു് ഈ തലേക്കെട്ടു്.’’

## 4. രാമക്കമാർ

കേശവനുമായി സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ പങ്കജാക്ഷിയുടെ രണ്ടരവയസ്സുള്ള മകൻ രവി കരഞ്ഞുകൊണ്ടു് അവിടെ കയറിവന്നു. സമയം ഉച്ചയായതുകൊണ്ടു വിശന്നിട്ടായിരിക്കണം കരയുന്നതെന്നു പങ്കജാക്ഷി വിചാരിച്ചു. അവൾ അടുക്കളയിൽ കയറി കുറെ ചോറെടുത്തു കൊണ്ടുവന്നു് മകനു വാരിക്കൊടുക്കാൻ തുടങ്ങി. ചോറു കൊടുക്കുന്തോറും അവന്റെ കരച്ചിൽ വർദ്ധിച്ചുവന്നതേയുള്ളു. അതിനതിനു് ഉരുള വലുതാക്കിപ്പിടിച്ചു് അവന്റെ അണ്ണാക്കിലേക്കു തള്ളിവച്ചുകൊടുത്തു. എന്നിട്ടും അവന്റെ ചിണുങ്ങലിനും കരച്ചിലിനും യാതൊരു കുറവുമുണ്ടായില്ല. അവൾ മനസ്സുകൊണ്ടു വിചാരിച്ചു. ഈ ചെറുക്കന്റെ വയറുവന്നു മൂക്കിൽ മുട്ടാറായി. എന്നിട്ടും കരച്ചിലോടുകരച്ചിൽതന്നെ. ഇതെന്തൊരു സുഖക്കേടാണു്? ഒരു മനുഷ്യൻ കയറിവന്നാൽ അയാളോടൊട്ടു സംസാരിക്കാൻ സമ്മതിക്കുമോ? അതുമില്ല. പങ്കജാക്ഷിക്കു് അദമ്യമായ അമർഷം വന്നു. അവൾ എണീറ്റു് കൈയോങ്ങിക്കൊണ്ടു ചോദിച്ചു:

‘‘എന്തെടാ, നിനക്കു നിറഞ്ഞില്ല്യോടാ, ങേ?...’’

‘‘നെയഞ്ഞോ നെയഞ്ഞില്ല്യാ; അയഞ്ഞാണമഞ്ഞു പൊട്ടി.’’

രവി അതു പറഞ്ഞതു് അരഞ്ഞാണച്ചരടു താങ്ങിപ്പിടിച്ചു് മുമ്പിലത്തേക്കാൾ കൂടുതൽ കരഞ്ഞുകൊണ്ടാണു്. കേശവനിതെല്ലാം കണ്ടപ്പോൾ കണ്ടമാനം ഉള്ളിൽ ചിരിപൊട്ടി. എങ്കിലും അയാൾ ഒന്നും പറഞ്ഞില്ല. അയാൾ പറഞ്ഞുവന്ന കാര്യത്തെപ്പറ്റി ചോദ്യം തുടർന്നു:

‘‘അപ്പോൾ ഏമ്മാൻ പണ്ടേ പണക്കാരനായിരുന്നോ?’’

‘‘പണ്ടൊരു മണ്ണാങ്കട്ടയുമില്ലായിരുന്നു. ഏമ്മാന്റെ അപ്പൻ ചാക്കോപ്പിള്ള എന്നൊരാളെ അറിയുമോ? അയാൾക്കു കമ്മായക്കച്ചോടമാണു തൊഴിൽ. നീററിയിട്ടു കക്കാ വാങ്ങാൻ പലരും വരും. ഒരുത്തൻ വാങ്ങിക്കൊണ്ടു പോയിക്കഴിഞ്ഞാലുടൻ അളക്കുന്ന തകരപ്പാട്ടയുണ്ടല്ലോ—അതു് അകത്തേക്കു തല്ലിച്ചുളുക്കിവയ്ക്കുകയാണു് മൂപ്പിലാന്റെ പണി.’’

‘‘അതെന്തിനാ?’’

‘‘പിന്നളന്നുകൊടുക്കുമ്പോൾ പാട്ടയ്ക്കകത്തു് അധികം കക്കാ കൊള്ളാതിരിക്കാൻ.’’

‘‘അതു നല്ല കണ്ടുപിടുത്തമാ. അപ്പോൾ അങ്ങനെ ഉണ്ടാക്കിയ മുതലാണോ ഇതു്!’’

‘‘അങ്ങനെ മാത്രമല്ല.’’

‘‘പിന്നെ?’’

‘‘കുറെ മുമ്പാണു്. ഒരാൾ അയാളുടെ മടിശ്ശീല മണൽപ്പുറത്തുവച്ചുംവച്ചു് ആററിൽ കുളിക്കാനിറങ്ങി. അപ്പോൾ അതുവഴി വന്ന ഒരു പോത്തു് എങ്ങും തെററാതെ അതിന്റെ മുകളിൽ ചാണകമിട്ടിട്ടു പോയി. പോത്തിൻ ചാണകമല്ല്യോ. കേശവണ്ണനൂഹിക്കാമല്ലോ എത്തുമ്മാത്രം കാണുമെന്നു്. കുളികഴിഞ്ഞു് ഉടമസ്ഥൻ വന്നു മടിശ്ശീല അവിടെല്ലാം തിരക്കി. കണ്ടുകിട്ടായ്കയാൽ അയാൾ നിരാശയോടെ അയാളുടെ വഴിക്കു പോയി. നമ്മുടെ ഏമ്മാനു് അന്നു പത്തുപതിനഞ്ചുവയസ്സേ പ്രായമുണ്ടായിരുന്നുള്ളു. അവൻ ആററുതീരത്തു് ഇതെല്ലാം കണ്ടുകൊണ്ടു നില്ക്കുയായിരുന്നു. ഉടമസ്ഥൻ പോയപ്പോൾ ചാണകം മാററി മടിശ്ശീലയുംകൊണ്ടു് അവൻ വീടുപററി.

‘‘അതിലെത്രരൂപാ ഉണ്ടായിരുന്നു?’’

‘‘അതെന്നോടു ചോദിച്ചാൽ എനിക്കറിഞ്ഞുകൂടാ. എടുത്തവർക്കും കിട്ടിയവർക്കും അറിയാം.’’

‘‘എന്നാലും പറഞ്ഞുകേൾവി...’’

www.malankaralibrary.com



''പറഞ്ഞുകേൾവി ഒരു പത്തുമൂവായിരം ഉണ്ടായിരുന്നുവെന്നാണു്.''

''മൂവായിരം രൂപാ ഇക്കാലത്തു് എന്തോന്നാണു്?''

''അപ്പറഞ്ഞതു ശരിയാ. ഇക്കാലത്തു മൂവായിരം രൂപാ കൊടുത്താൽ നാലുംകൂട്ടി മുറുക്കാനുള്ള വക കിട്ടുകയില്ല. വെററല്ലോ ചുണ്ണാമ്പിനോ പിന്നെയും പൈസാ മുടക്കണം. കല്ലു്, കണ്ടെഴുത്തു്, കനുഷേപ്പു് ഇവയൊക്കെയായതിൽപ്പിന്നെയാണു് സാധനങ്ങൾക്കൊക്കെ തീപിടിച്ച വിലയായതെന്നു് എന്റെ വല്യപ്പൻ എപ്പോഴും ഇരുന്നു പറയും. എമ്മാനു് രൂപാ കിട്ടിയതു വളരെവർഷങ്ങൾക്കുമുമ്പാണു്. അതുകൊണ്ടു് അതൊരു നേട്ടമായിരുന്നു.''

''കല്ലു്, കണ്ടെഴുത്തു്, കനുഷേപ്പു്, എന്നു പറഞ്ഞാൽ എന്താണു്?''

''കല്ലു്—സർവ്വേക്കല്ലു്. കണ്ടെഴുത്തു്—കച്ചേരി. കനുഷേപ്പു് എന്നുപറഞ്ഞാൽ പോലീസു്.''

''അപ്പോൾ ഈ മൂവായിരം രൂപാകൊണ്ടാണോ എമ്മാൻ തെങ്ങുംതോപ്പും ബംഗ്ലാവും ഫാക്ടറിയുമൊക്കെ ഉണ്ടാക്കിയതു്?''

''അതെ.''

''പിന്നെ ഫാക്ടറി ഉമാദേവിയുടേതാണെന്നു പറയുന്നതോ?''

''അതാരു പറഞ്ഞു? ഫാക്ടറിയല്ല. ഫാക്ടറി നില്ക്കുന്ന രണ്ടേക്കർ സ്ഥലമാണവരുടേതു്.''

''ഈ ഉഷയെന്ന പെൺകുട്ടിയേതാണു്?''

''അതെന്നോടു ചോദിച്ചാൽ എനിക്കറിയത്തില്ല. അവളുടെകൂടെ ഒരു പടുകിളവൻ മൂപ്പീന്നില്ലേ? അയാളോടു ചോദിക്കണം?''

''ആരാ, വാസുപിള്ളമൂപ്പീന്നോ?''

''അപ്പോൾ കേശവണ്ണനു നല്ല തിരക്കുമുണ്ടെന്നു പറ?''

''മനുഷ്യരായാൽ അല്പസൊല്പമൊക്കെ തെരക്കുണ്ടിരിക്കുമോ?''



''തെരക്കണം, തെരക്കണം. പക്ഷേ...''

''എന്തോന്നു പക്ഷേ?''

''നാല്പത്തഞ്ചുവയസ്സായ കേശവണ്ണനിതു പററിയതല്ല.''

''ഏതു്?''

''പതിനേഴവയസ്സുള്ള പെൺപിള്ളേരുടെ കാര്യം തിരക്കുന്നതു്. തന്നെയുമല്ല...''

''പിന്നെ?''

''പിന്നെയോ? ഒരു പെണ്ണിന്റെ തൊലി ഏതാണ്ടു് ഇച്ചിരി വെളുത്തുപോയോ, അവൾ ഏതാണെന്നു കേശവണ്ണനു് ഉടനറിയണം. ഇതെന്തൊരു സ്വഭാവമാ കേശവണ്ണാ?''

കേശവന്റെ സ്വഭാവസംസ്കരണത്തിലുള്ള അതീവതാൽപര്യംകൊണ്ടോ അയാളോടുള്ള അപാരമായ സ്നേഹംകൊണ്ടോ അല്ല പങ്കജാക്ഷി ഇതു പറഞ്ഞതു്. ഉഷയോടുള്ള അസൂയയും വൈരാഗ്യവുംകൊണ്ടു മാത്രമാണു്. കേശവൻ തുടർന്നു:

''ഞാൻ ചുമ്മാ വിവരമറിയാൻ ചോദിച്ചതാണു്. അതിനു നീയെന്തിനു പരിഭവപ്പെടുന്നു?''

''അതെയതെ. വിവരമറിയാൻ! ഇതൊക്കെ ഒന്നും കാണുകയും കേൾക്കുകയും ചെയ്യാത്തവരോടു പറഞ്ഞാൽ അവർ വിശ്വസിച്ചേക്കും. ഞാൻ ദിവസവും എന്റെ കണ്ണുകൊണ്ടു കണ്ടുകൊണ്ടിരിക്കുന്നതല്ല്യോ? കേശവണ്ണൻ അവളെ സൂക്ഷിച്ചുനോക്കുന്നതു കണ്ടാൽ അവൾ കിഴിഞ്ഞിപ്പുറത്തിറങ്ങിയോ എന്നു തോന്നിപ്പോകും. എന്തിനാണു് ഇങ്ങനെ വെറുതെ നോക്കി കണ്ണുകളയുന്നതു്? അവൾക്കു വേറെ ആളുണ്ടു്.''

''അതാരാ?''

ആ ചോദ്യത്തിനു് ഉത്തരംപറയാൻ തുടങ്ങിയപ്പോഴുണ്ടു് വേറൊരു ചോദ്യചിഹ്നമെന്നവണ്ണം രവി മുന്നിൽ വന്നു ''ശ്ശെന്നു! അരഞ്ഞാണം നഷ്ടപ്പെട്ട അവൻ തോളിൽ ക്രോസ് ബൽററ് ഘടിപ്പിച്ച നിക്കറും, നിക്കറിനു മുക

www.malankaralibrary.com



ളിൽ തുകൽബെൽററുമണിഞ്ഞാണു് ഇപ്പോൾ വന്നിരിക്കുന്നതു്. പങ്കജാക്ഷി തിരിഞ്ഞു രവിയോടു ചോദിച്ചു:

"ഇപ്പോഴല്ലേ നീ നിറയെ ചോറുണ്ടിട്ടു പോയതു്. ഉടനെ ഇങ്ങോട്ടു വരാൻ കാര്യം?"

"എനിച്ചു് കള്ളസിപ്പോവണം."

"അതിനു ഞാനെന്തു വേണം? പോവരുതോ?"

"ഈ നിക്കറിട്ടോണ്ടു് എങ്ങനെയാ പോവുന്നെ?"

"നിന്നോടാരു പറഞ്ഞു ഇതെടുത്തിടാൻ?"

"എനിച്ചു് ഊക്കാക്കണ്ടിയായി നടക്കാൻ വയ്യാ."

"ഉടുക്കാക്കണ്ടിയായി നടക്കണ്ട. നിന്റെ കൈവച്ചകോണകമെന്ത്യേ? അതെടുത്തു കെട്ടിയാൽ പോരായിരുന്നോ?"

"അതു രാധ കെട്ടിക്കൊണ്ടു കടേൽ പോയി."

"രാധേടെ പാവാടയെന്ത്യേ?"

"രായേട്ടൻ ഉടുത്തോണ്ടു കപ്പലണ്ടി വിക്കാൻ പോയി."

പിന്നെ പങ്കജാക്ഷി ഒന്നും ചോദിച്ചില്ല. ചോദിക്കാഞ്ഞതും ബുദ്ധിയായി. അവൾ പെട്ടെന്നു് അവന്റെ നിക്കറൂരിവിട്ടു. അവൻ ഓടിപ്പോവുകയും ചെയ്തു. പങ്കജാക്ഷി കേശവന്റെനേരെ തിരിഞ്ഞു് അയാളുടെ ചോദ്യത്തിനുത്തരം പറഞ്ഞു:

"രാമകുമാർ."

"അയാളേതാണു്?"

"അയ്യോ! അറിയത്തില്ലേ? ആ കുഞ്ഞിനെ അറിയാത്തവർ ഈ ദേശത്തെങ്ങും കാണുകയില്ല."

"ഏതാന്നു പറയൂ; കേൾക്കട്ടെ?"

"ഉമാദേവിയമ്മയുടെ ഏകമകൻ."

"അയാൾക്കെന്താണു ജോലി?"

"ജോലിക്കൊന്നും പ്രായമായില്ല. [illegible]റിക്കുകയാണു്."

"കാഴ്ചയ്ക്കെന്താ സുന്ദരനാണോ?"



"സുന്ദരനാണോന്നു്! സുന്ദരനെന്നുവച്ചാൽ പരമസുന്ദരൻ. പൂവൻപഴത്തേൽ നോക്കിയതുപോലിരിക്കും. കേശവണ്ണൻ കണ്ടുകാണും; ഓക്കൊസ്സയാ!"

"ഞാൻ എവിടെവച്ചു കാണാൻ?"

"കോളേജില്ലാത്തപ്പോൾ മിക്കവൊറും അണ്ടിയാപ്പീസിനു മുമ്പിലുള്ള ജൗളിക്കടയിൽ വരും. രാവിലെ വന്നാൽ വൈകിട്ടേ പോകൂ. ഉഷ ഇറങ്ങിച്ചെല്ലുമ്പോൾ കാണാനിരിക്കുകയാണു്. അവളിട്ടിരിക്കുന്ന ബ്ലൗസെല്ലാം അയാളെടുത്തുകൊടുത്തതാ."

"നീ പോ തമാശു പറയാതെ."

"എന്നാൽ തമാശാ."

"അവരുതമ്മിൽ അത്രയ്ക്കിഷ്ടമാണോ?"

"ഇഷ്ടമാണോന്നു്! ഒരു കുഴിയിൽ ചാവാനിരിക്ക്യാ."

"അങ്ങനെ ഇഷ്ടമാകാനുള്ള സൗകര്യം എവിടെക്കിട്ടി?"

"അവൾക്കവിടെയല്ലേ പണി?"

"എവിടെ?"

"രാമകുമാറിന്റെയവിടെ."

"എന്തുപണി?"

"അടുക്കളപ്പണി."

"അതിനെവിടെയാണു സമയം? നോക്കുമ്പോഴെല്ലാം ഉഷ അണ്ടിയാപ്പീസിലുണ്ടല്ലോ."

ഇന്നു് അണ്ടിയാപ്പീസിനു് അവധിയല്ലേ? അതല്ലേ നമ്മൾ പോകാത്തതും. ഇന്നു് ഉഷ മുഴുവൻസമയവും ചെല്ലത്തു്—അതാണു് ഉമാദേവിയുടെ വീട്ടുപേരു്—കാണും. കൂടാതെ അണ്ടിയാപ്പീസിലെ പണി കഴിഞ്ഞു വൈകിട്ടു പോകുമ്പോഴും അവൾ ചെല്ലത്തു കയറി പണി ചെയ്യും. അപ്പോൾ രാമകുമാറും കോളേജുകഴിഞ്ഞു വരും. അങ്ങനെയാണവർ ഇഷ്ടമായിത്തീന്നതു്."

"നീയിതൊക്കെ എങ്ങനെ അറിഞ്ഞു?"

"ഏമ്മാന്റെ മകൾ ഗ്രേസിയില്ലേ, ഭ്രാന്തി ഗ്രേസി; അവൾ പറഞ്ഞറിഞ്ഞു."

www.malankaralibrary.com

ഭ്രാന്തിയായ ഗ്രേസിയുടെ കാര്യം വന്നപ്പോൾ കേശവന്റെ ചിന്ത കുഞ്ഞമ്മയിലേക്കു ചാഞ്ഞു. ഭ്രാന്തു്, അപസ്മാരം തുടങ്ങിയ സുഖക്കേടുകൾ പരമ്പരാഗതമാണെന്നാണു് അയാളുടെ വിശ്വാസം. അതുവച്ചുകൊണ്ടു് അയാൾ ചോദിച്ചു:

''ഗ്രേസിയുടെ അമ്മയ്ക്കു ഭ്രാന്തുണ്ടായിട്ടുണ്ടോ?''

''ആക്ഷാണു്, കുഞ്ഞമ്മക്കൊച്ചമ്മയല്ലേ?''

''അതേ.''

''ഓ, അവക്കെങ്ങും ഭ്രാന്തില്ലായിരുന്നു. പിന്നുണ്ടായിരുന്ന ഒരു സുഖക്കേടു്. അപ്പൻറിസൈസു്.''

''അമ്മേടെ സൈസോ?''

കേശവന്റെ ആ പെട്ടെന്നുള്ള ചോദ്യം കേട്ടിട്ടു പങ്കജാക്ഷി ആദ്യം അല്പനേരം പകച്ചുനിന്നു. അനന്തരം തനിക്കു മനസ്സിലായി എന്ന ഭാവത്തിൽ തട്ടിവിട്ടു:

''ദേഹേ! അമ്മേടെസൈസെന്നൊരു സുഖക്കേടു് അവക്കൊരുനാളും ഉണ്ടായിട്ടില്ല. പിന്നെ അപ്പന്റെസൈസെന്നൊരു സുഖക്കേടു് ഗ്രഹപ്പിഴയ്ക്കു് എങ്ങനെയോ അവക്കു പിടിപെട്ടു. അതു് ആപ്പറേറുചെയ്തപ്പോൾ അങ്ങു മാറുകയും ചെയ്തു.''

''ശരി. കൊച്ചമ്മയ്ക്കിപ്പോൾ ജോലിചെയ്യാൻ ആവുമോ?''

''ആവും; പക്ഷേ, ഒന്നും ചെയ്യാറില്ല.''

''അതെന്താ?''

''ജോലിചെയ്യേണ്ട ആവശ്യമില്ലാത്തതുകൊണ്ടു്!''

''എന്തു്? അവിടെ ജോലിയൊന്നുമില്ലേ?''

''ഉണ്ടു്. അതൊക്കെച്ചെയ്യാൻ ധാരാളം വേലക്കാരുണ്ടു്. കൊച്ചമ്മ എപ്പോഴും കുഞ്ഞമ്മചമഞ്ഞിരിക്കും. അവരൊക്കെ, വലകെട്ടി വളർത്തുന്ന ചൈനാക്കോഴികൾ മാതിരിയാ. ഒന്നോടിച്ചാൽ മതി അതു ചാകാൻ. ഞങ്ങളൊക്കെ കരിയിലക്കോഴികളാ. ഒരു ലോറി കേറിയിറങ്ങിയാലും പിറേറദിവസം അതു മുട്ടയിടും.''

...



''ഞങ്ങളുടെ അവിടെ പൂവൻകോഴി കയറിയെങ്കിലേ മുട്ടയിടൂ; ഇവിടൊക്കെ ലോറി കയറിയിറങ്ങിയാലും മതിയോ?''

കേശവന്റെ വ്യാഖ്യാനം കേട്ടപ്പോൾ പങ്കജാക്ഷി പൊട്ടിച്ചിരിച്ചുപോയി. അതുകണ്ടു കേശവനും [illegible]പിരിച്ചു. എന്നിട്ടു് ചോദിച്ചു:

''നമ്മൾ പറഞ്ഞുവന്നതു് ഉഷയുടെ കാര്യമല്ലേ? അവൾ നമ്മുടെ ഏമ്മാന്റെ വീട്ടിൽ പോകാറുണ്ടോ?''

''അവിടെയും ദിവസത്തിലൊരിക്കൽ പോകും.''

''അതായിരിക്കും ഏമ്മാനു് അവളോടിത്ര സ്നേഹം; അല്ലേ?''

''വെറും സ്നേഹംമാത്രമേ ഉള്ളോ?... എങ്കിൽ തരക്കേടില്ലായിരുന്നു!''

''പിന്നെ, അതിൽക്കൂടുതലായി വല്ലതും...''

''അതു ഞാൻ പറഞ്ഞെന്നു വേണ്ടാ. കുറച്ചു കഴിയുമ്പോൾ നമുക്കു കേൾക്കാം.''

## 5. 2980

മക്ദലിശാ പോത്തച്ചന്റെ പിതാവു് ചാക്കോപിള്ള മരിച്ചു. മരിക്കുമ്പോൾ അദ്ദേഹത്തിനു് എൺപതു വയസ്സുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മരണം ഇപ്രകാരമായിരുന്നു. ഒരുദിവസം കുമ്മായവ്യവസായം കഴിഞ്ഞു വീട്ടിലെത്തി. കുളിയും അത്താഴവും കഴിഞ്ഞു കിടക്കമുറിയിൽ പ്രവേശിച്ചു. രാത്രി രണ്ടുമണിയായപ്പോൾ 'എടാ കുഞ്ഞുപോത്തച്ചാ' എന്നു് രണ്ടുമൂന്നുവട്ടം വിളിച്ചു. പോത്തച്ചൻ വിളികേട്ടുണർന്നു് ഓടിച്ചെന്നു. അപ്പോൾ ചാക്കോപിള്ള മകന്റെ കൈയ്ക്കു പിടിച്ചു. അദ്ദേഹത്തിന്റെ സംസാരശക്തി വളരെ ക്ഷയിച്ചിരുന്നു. എങ്കിലും നേരിയ സ്വരത്തിൽ പറഞ്ഞു: ''എടാ, ഒരാൾ ഒരെട്ടു്, ഒരാൾ ഒരേഴു്; ഒരാൾ ഒരഞ്ചു്...'' അത്രയും കഷ്ടിച്ചു് പറഞ്ഞവസാനിപ്പിച്ചു. പിന്നെയും ഏതാണ്ടു പറയണ

മെന്നുണ്ടായിരുന്നു. [illegible]അതിനുമുമ്പേ ശ്വാസമങ്ങു നിലച്ചു പോയി. എന്തു[illegible]യ്യാം.

മക്കദിശ[illegible] പോത്തച്ചനറിയാം കച്ചവടമിടപാടിൽ തന്റെ പി[illegible]താവിനു പലരും പണം കൊടുക്കാനുണ്ടെന്നു്. പക്ഷേ, [illegible] അതിനൊരു കണക്കും കാര്യവുമൊന്നും പിതാവു സൂക്ഷ[illegible]ിച്ചിരുന്നില്ല. അതുകൊണ്ടു് ആരൊക്കെയാണു് [illegible] കൊടുക്കാനുള്ളതെന്നോ എന്തെന്തുതുകയാണു് ലഭിക്കാനുള്ളതെന്നോ പോത്തച്ചനറിഞ്ഞുകൂടാ. ഒരാൾ എട്ടെന്നും, വേറൊരാൾ ഏഴെന്നും മറ്റൊരാൾ അഞ്ചെന്നും പറഞ്ഞപ്പോൾ, ഇവയൊക്കെ എണ്ണായിരവും ഏഴായിരവും അയ്യായിരവും ആണോ അതോ വെറും എണ്ണൂറും എഴുനൂറും അഞ്ഞൂറുമാണോ എന്നൊരു സംശയം പോത്തച്ചനുണ്ടായി. രണ്ടായാലും പണമാണു്. എങ്ങനെ ഉപേക്ഷിക്കും? തന്നിമിത്തം പണമിടപാടിൽ പിതാവുമായി കൂടുതൽ ബന്ധമുള്ളവരെ കണ്ടു പോത്തച്ചൻ ചില വേലകളിറക്കിനോക്കി. അവർ എല്ലാ അടവുകളും പഠിച്ചവരായിരുന്നു. അതുകൊണ്ടു് പോത്തച്ചന്റെ വേല അവരുടെയടുക്കൽ വിലപ്പോയില്ല.

ചാക്കോപിള്ളയുടെ പതിനാറടിയന്തിരം ഭംഗിയായി നടത്തി. അതിനു നാട്ടുകാരെയും അണ്ടിയാപ്പീസുകാരെയും ഒന്നടങ്കം ക്ഷണിച്ചിരുന്നു. സദ്യയ്ക്കു് ഇറച്ചിയെന്നു പറഞ്ഞ ഒരൈറ്റം ഇല്ലായിരുന്നു; പരിപ്പും പപ്പടവുമായിരുന്നു. അകത്തെ സദ്യ കഴിഞ്ഞപ്പോൾ പുറത്തുള്ളവർക്കായി വിളമ്പൽ. വിളമ്പലിൽ ഒന്നാമതിരുന്ന ഒരു കാക്കാനു് ഒരു വല്ലംകുട്ട നിറയെ ചോറു കിട്ടി. അത്രയും ചോറു് അവനായുസ്സിൽ ആദ്യമായി കിട്ടുകയാണു്. സന്തോഷംകൊണ്ടവൻ തുള്ളിച്ചാടി. എണീറ്റു് ദൂരെനിന്ന അവന്റെ കാക്കാത്തിയെ അതൊന്നു പിടിച്ചു തലയിൽ കയററുവാൻ അവനുറക്കെ വിളിച്ചു. അവൾ വന്നു് അവനെ സഹായിച്ചു ചുമടു തലയിൽ കയറിയെന്നു കണ്ടപ്പോൾ അവൻ നെഞ്ചുവിരിച്ചുനിന്നുകൊണ്ടു കാക്കാത്തിയോടു പറയുകയാണു്: ''എടീ, ചാകുവാണേൽ ഇങ്ങനു



ള്ളാൻ ചാവണം; ഓരോരുത്തനൊക്കെ ചാകുവാ—എന്തിനാ?...''

പോത്തച്ചൻ സ്വപിതാവു മരിച്ചശേഷം എല്ലാ ഞായറാഴ്ചയും ദേവാലയത്തിൽ പോകും. കാരണമുണ്ടു്: പോയാൽ പിതാവിനെ അടക്കിയ സുന്ദരമായ കല്ലറ കാണാം; ആരാധനയും കേൾക്കാം. പള്ളിയിൽ ചെന്നാൽ മദ്ബഹായിക്കു തൊട്ടേ പോത്തച്ചനിരിക്കൂ. അവിടെയിരുന്നുകൊണ്ടു് ആരാധനയ്ക്കുള്ള മിക്ക ഗാനങ്ങളും പ്രതിവാക്യങ്ങളും സുറിയാനിയിൽ ചൊല്ലും. താൻ പുണ്യനാടു സന്ദർശിച്ചതാണെന്നും അവിടെവച്ചു സുറിയാനി പഠിച്ചതാണെന്നും ജനങ്ങൾ മനസ്സിലാക്കാൻകൂടിയാണു് സുറിയാനിയിൽ ചൊല്ലുന്നതു്. ഒരുമാതിരി നിർവൃതിയിലാണ്ടപോലെ കണ്ണുമടച്ചങ്ങനെയിരുന്നാണു് സുറിയാനി ഗീതം ചൊല്ലുക. അപ്പോൾ താനുമില്ല; വൈദികനുമില്ല; പള്ളിയിൽ നില്ക്കുന്ന വിശ്വാസികളുടെ കൂട്ടവുമില്ല! ഒരുമാതിരി സുഗന്ധനിർഝരി മാത്രം—

റോസാപ്പൂവിന്റെ, പിച്ചിപ്പൂവിന്റെ, സാമ്പ്രാണിയുടെ, ചന്ദനത്തിരിയുടെ, മണിക്കുന്തുരുക്കത്തിന്റെ.

എല്ലാം കഴിഞ്ഞു പോത്തച്ചൻ കണ്ണിമവെട്ടിച്ചു തുറക്കുമ്പോൾ കാണുന്നതു് ഒരു പുതിയ ലോകമാണു്. കോടിമദ്ധ്യാഹ്നസൂര്യന്റെ കാന്തിപ്രചുരിമയെ വെല്ലുന്ന അംശവസ്ത്രങ്ങളണിഞ്ഞുകൊണ്ടു് വൈദികൻ അണിയണിയായി നിരന്നുനില്ക്കുന്ന വിശ്വാസികൾക്കു ദിവ്യകാരുണ്യം നല്കുന്നു! പോത്തച്ചനും ആ അണിയിലേക്കു മാറിനിന്നു ദിവ്യകാരുണ്യം സ്വീകരിക്കുയായി. ദിവ്യകാരുണ്യസ്വീകരണം കഴിഞ്ഞാൽ വൈദികൻ മദ്ബഹായിൽനിന്നും ഇറങ്ങിവരുന്നതുവരെ അവിടെയിരുന്നു് സർവ്വജഗന്നിയന്താവു് തനിക്കു ചെയ്തിട്ടുള്ള സകലവിധ നന്മകൾക്കുംവേണ്ടി ഉപകാരസ്മരണാസ്തോത്രം നടത്തും. അതു നടത്തുന്നതു് സുറിയാനിയിലത്രെ.

''ല്‌യാമൊദ റഹമസ്സു് ഹോയാറിനോ—
ഈഹീദോയോ ആലോഹോ—ദസ്ഗീ ഹൗബായ്—
വാശെൻ ബൃസോറായ്...''

www.malankaralibrary.com

(കരുണക്കടലേ! ഞാൻ നോക്കും
ദേവാ തനയാ എൻപാപം പെരുകീ പിഴകൾ—
വദ്ധിച്ചുയ്യോ!)

മേല്പറഞ്ഞ സ്തോത്രഗീതം മുഴുവൻ പോത്തച്ചൻ ചൊല്ലിത്തീക്കും. അപ്പോഴേക്കും വൈദികൻ അംശവസ്ത്രങ്ങളെല്ലാം അഴിച്ചിട്ടിട്ട് പോത്തച്ചന്റെ അടുക്കലേക്കു വരും. പോത്തച്ചൻ ആദരപൂർവ്വം എണീല്ക്കും. അപ്പോൾ വൈദികൻ പറയും:

"തേബ്ബൂൻ നീ പോത്തച്ചാ! ആറായ്ശ്ലോമൂലക്കൂൻ?"
(ഇരിക്കു പോത്തച്ചാ. എന്താ സുഖമാണോ?)
"ഈൗൻ കൊഹനോ. ശ്ലോമൂലീ."
(അതേച്ചാ, എനിക്കു സുഖംതന്നെ.)
"വൈക്കാൻ കുറഹോനോദ്ബർസോ ദീലക്കൂൻ?"
(നിങ്ങളുടെ മകളുടെ സുഖക്കേട് എങ്ങനെ?)
"ബ്തൈബ്ബൂ ദാലോഹോ, ഈൗസ് ലോഹ് കാലീൽ ഹൽമോനോ?"

(ദൈവകൃപയാൽ അവൾക്കു അല്പം സുഖമുണ്ടു.)
"മോനോവേ, കുറഹോനോ, ദാബ്ബൂക്കൂൻ?"
(പോത്തച്ചന്റെ പിതാവിനു എന്തായിരുന്നു അസുഖം.)

"ലൈത്താവ് വോ സോക്കു കുറഹോ നോ. വോ സോബ്ബൂസോ തൊബ്ബ്സോ?"

(സുഖക്കേടൊന്നുമില്ലായിരുന്നു. വളരെ വാദ്ധക്യമായിരുന്നു.)

"ലോ സോക്ക് തെബ്ബക്കൂൻ. ഏസാലേ ഹലോപ്പൈക്കൂൻ ക്കുല്ല്സുബാൻ."

(ഒട്ടും വിഷമിക്കേണ്ട. ഞാൻ എല്ലായ്പോഴും നിങ്ങൾക്കുവേണ്ടി പ്രാത്ഥിക്കാം.)

പോത്തച്ചനും വൈദികനും മേല്പറഞ്ഞതുപോലെ സുറിയാനിയിൽ സംഭാഷണംചെയ്തശേഷം പോത്തച്ചൻ വൈദികനു സ്തുതിപറഞ്ഞെണീററു. അയാൾ നേരേ ശവക്കോട്ടയിലേക്കാണു പോയതു്. അവിടെച്ചെന്നു സ്വപിതാവിന്റെ കല്ലറയ്ക്കൽ ഒരു മെഴുകുതിരി കത്തിച്ചുവച്ചു.





മകരത്തിലെ മണലിൽ മലരുപൊരിയുന്ന ചൂടു്. സൂര്യൻ മുട്ടയും വഹിച്ചിഴയുന്ന ഒരു വലിയ പുലിച്ചിലന്തിയെപ്പോലെ ആകാശമദ്ധ്യത്തിലെത്താറായി. കഷണ്ടിത്തലയ്ക്കു ചൂടേല്ക്കാത്തവണ്ണം തലേക്കെട്ട് അങ്ങോട്ടുമിങ്ങോട്ടും മാററിവച്ചുകൊണ്ടു പോത്തച്ചനും ഇഴഞ്ഞിഴഞ്ഞു നടന്നു തന്റെ ബംഗ്ലാവിലെത്തി.

അപ്പോൾ ഉഷ അവിടെയുണ്ടായിരുന്നു. ഗ്രേസിയുമായി സംസാരിച്ചുകഴിഞ്ഞശേഷം പോകാൻ തുടങ്ങുകയായിരുന്നു അവൾ. ഉഷയെ കണ്ടപ്പോൾ പോത്തച്ചൻ സന്തോഷിച്ചു. തന്റെ വളർത്തച്ഛനായ വാസുപിള്ളയെ കൂട്ടിക്കൊണ്ടുവരാൻ അവളോടു പറഞ്ഞു. ഉഷയെ സംബന്ധിച്ച ചില കാര്യങ്ങൾ ചോദിച്ചറിയുന്നതിനാണ് കൂട്ടിക്കൊണ്ടുവരാൻ പറഞ്ഞതു്. ഉഷ താരുണ്യത്തിലേക്കു കാലൂന്നിയിരിക്കുന്ന ഒരു പെൺകുട്ടിയല്ലേ? അവളുടെ കാര്യം പച്ചയ്ക്കങ്ങനെ അവളോടുതന്നെ ചോദിക്കും? ഉഷ വളർത്തച്ഛനെ കൂട്ടിക്കൊണ്ടുവന്നു. പോത്തച്ചൻ അയാളോടു ചോദിച്ചു:

"ഇത്രതവരെ ഇങ്ങോട്ടൊന്നു കടന്നില്ലല്ലോ! എന്താണതു്?"

"അടിയന്തിരത്തിനു വന്നിരുന്നു."

"ഓ, അതൊരു വരവാണോ? അന്നു വന്നാൽ വല്ലതും സംസാരിക്കാനൊക്കുമോ?"

"അതേപ്പററി പറഞ്ഞാൽ മനസ്സില്ലാഞ്ഞിട്ടല്ല, ഏമാന്നേ. എനിക്കിപ്പോൾ തീരെ നടക്കാൻ മേലാ. വയസ്സ് എൺപതോളമായി. മിക്കവാറും കുടിലിൽ കുത്തിയിരിപ്പാണു ജോലി. പിന്നെ അല്പസ്വല്പം ജ്യോതിഷവും കൈനോട്ടവുമറിയാം. ഭാവിഫലമറിയാൻ ചിലരൊക്കെ അവിടെക്കയറിവരും. ഞങ്ങളേറെനാൾ ബോംബെയിലും മദ്രാസിലുമൊക്കെയായിരുന്നു."

"അപ്പോൾ ഉഷയ്ക്കും ജ്യോതിഷം അറിയാമായിരിക്കുമല്ലോ?"

www.malankaralibrary.com

''അറിയാമെന്നോ? അവൾക്കാണു് എന്നേക്കാൾ നിശ്ചയം. മുഖലക്ഷണം നോക്കിപ്പറയാൻ അവളാണു മിടുക്കി.''

''അവൾതന്നെ നല്ല മുഖലക്ഷണമൊത്തവളല്ലേ? പിന്നെ മററുള്ളവരുടേതു പറയാൻ എന്താ പ്രയാസം? എന്താ ഉഷേ, ഞാൻ പറഞ്ഞതു ശരിയല്ലേ?''

ഉഷ അവളുടെ ചുവന്ന കഴുത്തു മലർത്തി മേലോട്ടു നോക്കിയിരുന്നു ചിരിക്കുക മാത്രം ചെയ്തു. പോത്തച്ചൻ തുടർന്നു:

''നിനക്കു ഷെല്ലിംഗ് അല്പം പ്രയാസമാണെന്നു് എനിക്കറിയാം. അതുകൊണ്ടു നിനക്കു് ഗ്രേഡിംഗിലേക്കു പ്രമോഷൻ തന്നിരിക്കുന്നു. ഇനി കേശവനുമായി മല്ലുപിടിക്കയും വേണ്ട. എന്താ നിനക്കു സന്തോഷമായോ? ആയോന്നു്? ഞാൻ ഗ്രേഡിംഗുവകുപ്പിലെ മേശരിയെക്കണ്ടു പറഞ്ഞോളാം. പിന്നെ നിന്റെ അച്ഛൻ കുറച്ചു കഴിഞ്ഞിട്ടു വരും. ഒററയ്ക്കിരുന്നാൽ വല്ല ഉമ്മാക്കിയും വന്നു പിടിച്ചുകൊണ്ടു പോകുമെന്നു നിനക്കു പേടിയുണ്ടോ? ഉണ്ടെങ്കിൽ വീട്ടിൽ പോകണമെന്നില്ല; ഇവിടെങ്ങാനും ഇരിക്കാം.''

''എനിക്കു പേടിയില്ല.''

ഉഷ തല കുനിച്ചു ചിരിച്ചുകൊണ്ടു പറഞ്ഞു.

''എന്നാൽ നിനക്കു പോകാം.''

ഉഷ മാനേജരെ തൊഴുതു വിടവാങ്ങി. പോത്തച്ചൻ ആസ്ത്മാ ഇൻഹെയിലർ അണ്ണാക്കിലോട്ടു വച്ചു് നാലഞ്ചുവട്ടം ചാമ്പിയശേഷം വാസുപിള്ളയോടു ചോദിച്ചു:

''എന്റെ ഭാവിയെപ്പററി എന്തെങ്കിലും ഒന്നു പറ; കേൾക്കട്ടെ.''

''ഏമ്മാന്നിപ്പോൾ എത്ര വയസ്സുണ്ടു്?''

''നാല്പത്തഞ്ചു്.''

''നാളറിയാമോ?''

''അറിയാം; പൂരം.''

''കൊള്ളാം. പൂരം പൊടിപൂരമായിരിക്കണമല്ലോ.''



''എന്നു പറഞ്ഞാൽ?''

''പൂരംനാളിൽ ജനിക്കുന്ന ഒരാളിനു് ജീവിതത്തിന്റെ എല്ലാ സൗഭാഗ്യങ്ങളും കൈവന്നുചേരണം. ഏമ്മാന്നിപ്പോൾ രാഹുർദശയാണു്. നാല്പത്തഞ്ചും ആറും അൻപത്തൊന്നു്. ഇനിയും ആറുവർഷംകൂടിയുണ്ടു് ആ ദശ. മൂന്നു മടങ്ങാണു് രാഹുറു്. ഓരോ മടങ്ങും ആറുവർഷം വീതം. ഇതിലേതെങ്കിലും ഒരു മടങ്ങേ ദോഷംചെയ്യൂ. മുപ്പത്തിമൂന്നുമുതൽ മുപ്പത്തൊൻപതു വരെ ഏമ്മാന്നു് എങ്ങനെയിരുന്നു?''

''വല്യ ദുരിതവും പ്രയാസവുമായിരുന്നു.''

''എന്നാലിനി ഒരു ചുക്കും പേടിക്കാനില്ല. ധൈര്യമായിട്ടങ്ങു ജീവിച്ചോണ്ടാട്ടു്. പുണർതം വിശാഖം പൂരുരുട്ടാതി വ്യാഴം പതിനാറു്. അൻപത്തൊന്നാം വയസ്സിൽ ഏമ്മാന്നു് വ്യാഴം കേറിയേൾക്കുകയാണു്. ഈ വ്യാഴം അങ്ങോട്ടു കേറിയേറ്റാൽപ്പിന്നെ എന്തോന്നു പറയാനാ!''

''അതെന്താ വ്യാഴത്തിനിത്രകണ്ടു ഗുണം?''

''ഗുണമോ? അവൻ അങ്ങോട്ടു കേറിയേററാൽപ്പിന്നെ സകലവിധസൗഭാഗ്യങ്ങളും വന്നുകവിഞ്ഞിട്ടു് മനോസുഖം അങ്ങോട്ടു വർദ്ധിക്കയൊ. അതു വർദ്ധിച്ചുവന്നാൽപ്പിന്നെ നിലത്തെങ്ങും നില്ക്കുകയില്ല. അതും ഒന്നോ രണ്ടോ വർഷത്തേക്കാണോ? തുടർച്ചയായി പതിനാറു വർഷത്തേക്കു് എന്നു പറഞ്ഞാൽ, ഏമ്മാന്റെ 67–ാമത്തെ വയസ്സുവരെ. പിന്നൊരു കാര്യം: അവൻ കേറിയേററു് പൂർണ്ണനിലാവുപോലെ മുററിമുഴുത്തങ്ങനെ നില്ക്കുമ്പോഴായിരിക്കും ഏമ്മാന്റെ മരണം. അറുപത്തിയേഴിനപ്പുറമങ്ങോട്ടിരിക്കണമെന്നുണ്ടോ ഏമ്മാന്നു്? വേണേൽ ഇരുത്താം. ഓ—എന്തിനാ?—ന—ര—ക—മാ!''

'നരകമാ' എന്ന വാക്കു് വളരെ നിറുത്തിയും പരത്തിയുമാണു് വാസുപിള്ള പറഞ്ഞതു്. മനസ്സോടെയല്ലെങ്കിലും ആ വാക്കു് പോത്തച്ചനും ഏററു പറഞ്ഞുപോയി.

ഉഷ സ്ത്രീകളിൽ പത്മിനിയാണു്. റോസപ്പൂവിന്റെ നിറവും വെൽവെററിന്റെ പതുപതുപ്പുമുണ്ടു് അവളുടെ കളേബരത്തിനു്. അവളുടെ നീണ്ടിടംപെട്ട നീലമിഴിക

www.malankaralibrary.com

ളും അസാധാരണമായ കുചയുഗ്മവും അയാളെ എപ്പോഴും അസ്വസ്ഥചിത്തനാക്കാറുണ്ട്. ഉഷയെ മനസ്സിന്റെ നാവത്തിട്ടു നുണച്ചുകൊണ്ടയാൾ ചോദിച്ചു:

‘‘ഞാൻ കുറച്ചുനാളായി മനസ്സിലൊരു കാര്യം ഉന്നിവരികയാണ്. അതു സാധിക്കുമോ എന്നറിഞ്ഞാൽ കൊള്ളാം.’’

‘‘എമ്മാൻ ഒരു കണക്കു പറയണം.’’

‘‘2980.’’

വാസുപിള്ള മേൽപ്പറഞ്ഞ സംഖ്യയോടുകൂടി വേറെയും ചില സംഖ്യകൾ കൈയിൽനിന്നുമിട്ട് ഗുണിക്കയും ഹരിക്കയുമൊക്കെ ചെയ്തു. എന്നിട്ടു കുറെനേരം മൗനം അവലംബിച്ചശേഷം പറഞ്ഞു:

‘‘ധനാശ, പെണ്ണാശ ഇങ്ങനെ രണ്ടാശകളാണു പുരുഷന്മാർക്കുള്ളത്. എമ്മാന്നു ഞാൻ നോക്കിയിട്ട് പെണ്ണാശയാണു മുന്തിനില്ക്കുന്നത്. മനസ്സിൽക്കണ്ട കാര്യം സാധിക്കാവുന്ന ഒന്നാണ്. പക്ഷേ, ധാരാളം തടസ്സവും ഈശ്വരകോപവും മുന്നിട്ടുനില്ക്കുന്നു.’’

‘‘ഈശ്വരകോപം കള. കാര്യം സാധിക്കുമോ?’’

‘‘കാര്യം സാധിക്കും. പക്ഷെങ്കിലിതാണ്.’’

‘‘ഏതാണ്?’’

‘‘ഇപ്പറഞ്ഞതാണ്.’’

എങ്ങും പിടികിട്ടാത്തമട്ടിൽ വാസുപിള്ള ആ ചോദ്യത്തിൽനിന്ന് അങ്ങനെ ഒഴിഞ്ഞുമാറിനിന്നു. വീണ്ടും ചോദിച്ചു ശല്യപ്പെടുത്തുന്നത് അനുചിതമാണെന്നു പോത്തച്ചനും തോന്നി. അതുകൊണ്ട് അയാൾ വേറെ വിഷയത്തിലേക്കു കടന്നു.

‘‘എവിടെയാ വാസുപിള്ളച്ചേട്ടന്റെ നാട്?’’

‘‘നാട് ചെങ്ങന്നൂരിനു പടിഞ്ഞാറ് മാന്നാർ എന്നു പറയും.’’

‘‘ബോംബെയിൽനിന്ന് അടൂർ വന്നിട്ടെത്ര നാളായി?’’

‘‘ഒരു കൊല്ലം.’’



‘‘ഉഷക്കു ജോലികിട്ടുന്നതിനുമുൻപ് ഇവിടെങ്ങനെ കഴിഞ്ഞു?’’

‘‘ജ്യോത്സ്യം പറഞ്ഞു കഴിഞ്ഞു.’’

‘‘പിന്നെന്താ ആ പണിതന്നെ തുടരാഞ്ഞത്?’’

‘‘ഓ, ഇവിടെ ജ്യോത്സ്യംകൊണ്ടു ജീവിക്കാൻ വളരെ പ്രയാസം! ജ്യോതിഷക്കാരുടെയും കൈനോട്ടക്കാരുടെയും കൂടാണിവിടം. ബോംബെയിലും കൽക്കട്ടായിലും ഇത്തൊഴിലുകാർ വളരെ കുറവായിരുന്നു. ഞങ്ങൾക്ക് അവിടെ സുഖവുമായിരുന്നു.’’

‘‘പിന്നെന്താ അവിടംവിട്ടിങ്ങു പോന്നത്?’’

‘‘എന്റേമ്മാന്നേ, അതു പറഞ്ഞാൽ ഒരു നീണ്ട ചരിത്രമാ. എമ്മാന്നതു കേൾക്കാൻ നേരമുണ്ടോ? ഉണ്ടെങ്കിൽ പറയാം.’’

ഉഷസ്സുപോലെ വെണ്മയുള്ളവളും ഉദയാർക്കനെപ്പോലെ ശോഭനിറഞ്ഞവളുമായ ഉഷയുടെ ജീവചരിത്രം പോത്തച്ചനറിയണം. അതിനുവേണ്ടി മാത്രമാണ് വാസുപിള്ളയെ ബംഗ്ലാവിൽ വരുത്തിയിരിക്കുന്നത്. തന്മൂലം പോത്തച്ചൻ അത്യുത്സാഹത്തോടെ പറഞ്ഞു:

‘‘പറഞ്ഞോളൂ; പറഞ്ഞോളൂ; എനിക്കു ധാരാളം സമയമുണ്ട്. ഇന്നവധിദിവസമാകകൊണ്ടു വിശേഷിച്ച് ജോലിയൊന്നുമില്ലതാനും.’’

‘‘ഞങ്ങൾ ബോംബെ വിടാൻ കാരണമെന്തെന്നല്ലേ അറിയേണ്ടത്?’’

‘‘അതേ.’’

‘‘ബോംബെയിൽ വിഷൂചികയുടെയും പിന്നെ ശിവസേനയുടെയും ശല്യമുണ്ടായി.’’

‘‘ശിവസേനക്കാർ എന്തിനാണു ശല്യമുണ്ടാക്കുന്നത്?’’

‘‘അവർ ആ നാട്ടിലെ ഒരു പാവപ്പെട്ട വർഗ്ഗമാണ്. ഒരു കുടിലു കെട്ടാനോ ഒരു വ്യവസായം തുടങ്ങാനോ അവിടത്തെ മുതലാളിമാർ അവരെ അനുവദിക്കയില്ല. അതുകൊണ്ട് മുതലാളിമാരുടെനേരെ അവർ എതിർത്തു തുടങ്ങി.’’

www.malankaralibrary.com


‘‘വാസുപിള്ളച്ചേട്ടൻ സ്വദേശത്തെങ്ങും പോകാറില്ലേ?’’

‘‘ഇല്ല. സ്വദേശത്തിപ്പോൾ സ്വന്തക്കാർ ആരുമില്ല. അവരെല്ലാം ഇപ്പോൾ മലബാറിലാണു താമസം.’’

‘‘ഭാര്യ ജീവിച്ചിരുപ്പുണ്ടോ?’’

‘‘ഉണ്ടായിരുന്നു. ഇപ്പഴുണ്ടോന്നു് എനിക്കു നിശ്ചയം പോരാ. എൻെറ നല്ലപ്രായത്തിൽത്തന്നെ അവളെന്നെ ഉപേക്ഷിച്ചിട്ടു പോയി.’’

‘‘ഉപേക്ഷിക്കാനെന്താ കാരണം?’’

‘‘അതു പറഞ്ഞാൽ കുറെ തോന്നെയുണ്ടു്. ഗോമതി എന്നായിരുന്നു എൻെറ ഭാര്യയുടെ പേരു്. അവളെ ഞാൻ സംബന്ധംചെയ്തപ്പോൾ എനിക്കു സ്ത്രീധനമായി കിട്ടിയതു് 25 സെൻറു വസ്തുവായിരുന്നു. ഗോമതിക്കും അവളുടെ ഇളയ രണ്ടു സഹോദരികൾക്കും അച്ഛനില്ല; മരിച്ചുപോയി. അമ്മയുണ്ടു്. വസുമതിയെന്നാണു് അമ്മയുടെ പേരു്. അച്ഛനില്ലായ്കയാൽ ഞാൻ അവരുടെകൂടെ താമസിക്കണമെന്നായിരുന്നു വസുമതിയുടെ നിർബ്ബന്ധം.

‘‘ഞാൻ ഏതാനുംനാൾ അവിടെച്ചെന്നു താമസിച്ചുനോക്കി. എനിക്കു തൊഴിൽ ജ്യോത്സ്യമാകയാൽ ഗ്രന്ഥങ്ങൾ അടിക്കടി നോക്കണം. ജ്യോത്സ്യംപറയാൻ അല്പം ദൂരെയൊക്കെ സഞ്ചരിക്കയുംവേണം. തന്നിമിത്തം ഒരു സ്ഥിരതാമസം എന്നെക്കൊണ്ടു് അവിടെ പറ്റാതെവന്നു. ഞാൻ ഗോമതിയോടു പറഞ്ഞു എൻെറ വീട്ടിൽ വന്നു താമസിക്കാൻ. ഞാൻ ആ പറഞ്ഞതു് അവൾക്കൊട്ടും പിടിച്ചില്ലെന്നു മാത്രമല്ല; ദൂരെയെങ്ങും പൊയ്ക്കൂടെന്നു് എനിക്കൊരു താക്കീതും നല്കി. ഞാൻ അവളെ കുററംവിധിക്കുന്നില്ല. അവളുടെ പ്രയാസം അവൾക്കേ അറിയാവൂ. അത്രയ്ക്കു രക്തക്കൊഴുപ്പാണവൾക്കു്. അവളുടെ ചുണ്ടിൽനിന്നും കവിളിൽനിന്നും ചോരയൊപ്പിയെടുക്കാം. എപ്പോഴും ജഡത്തിൻെറ ചിന്തയാണവൾക്കു്. എനിക്കാണെങ്കിൽ ദേശസഞ്ചാരവും.

‘‘ജ്യോതിഷഗ്രന്ഥം വായിച്ചുമനസ്സിലാക്കണമെങ്കിൽ കുറച്ചൊക്കെ ഏകാന്തതയും മനഃസ്വാസ്ഥ്യതയും വേണം. ഇതു രണ്ടും ആ വീട്ടിൽ താമസിച്ചാൽ ഒരിക്കലും കിട്ടുകയില്ല. ആണുങ്ങളുടെ പൊടിപോലുമില്ലാതെ നാലു സ്ത്രീകൾ മാത്രം കഴിഞ്ഞുവരുന്ന ഒരു വീടാണതു്. അതും യൗവനയുക്തകളായ നാലു സ്ത്രീകൾ!

‘‘ഒരുദിവസം ഞാൻ ഗോമതിയോടു പറഞ്ഞു, നമുക്കു വീട്ടിൽ പോകാമെന്നു്. അവൾ തീർത്തുപറഞ്ഞു, മരിച്ചാലും വരുന്നില്ലെന്നു്. അവളുടെ ദുശ്ശാഠ്യം കൂട്ടാക്കാതെ ഞാൻ എൻെറ വീട്ടിലേക്കു പോന്നു. എന്നിട്ടു പലവട്ടം ഞാൻ അവൾക്കു് ആളയച്ചു. ചെന്നവരോടെല്ലാം അവൾ പറഞ്ഞയച്ചു, അവൾ വരുന്നില്ലെന്നും, മനസ്സുണ്ടെങ്കിൽ അവിടെച്ചെന്നു താമസിക്കണമെന്നും.’’

‘‘എന്താണവൾ വരാൻ മടിച്ചതു്? വേറെ നല്ല ചുണയുള്ള ആണുങ്ങൾ അവളുടെ കസ്റ്റഡിയിൽ കണ്ടേക്കാം.’’ പോത്തച്ചൻ ഇടയ്ക്കുകയറി പറഞ്ഞു.

## 6. ഗോമതിയെന്ന സ്ത്രീ

വാസുപിള്ള തുടർന്നു:

‘‘ഓ, അതൊന്നുമില്ല. ഹിന്ദുക്കളായ ഞങ്ങളുടെയിടയിൽ, കല്യാണംകഴിഞ്ഞാൽ ചിലപ്പോൾ പുരുഷൻ സ്ത്രീയുടെ വീട്ടിൽ ചെന്നുതാമസിക്കയാണു പതിവു്. ആ പതിവുവച്ചുകൊണ്ടു് അവൾ പറഞ്ഞെന്നേ ഞാൻ ആദ്യമൊക്കെ വിചാരിച്ചുള്ളു.’’

‘‘കുറെക്കഴിഞ്ഞെന്തോ മനസ്സിലായി?’’

‘‘കുറെ കഴിഞ്ഞാണു് എനിക്കു കാര്യം പിടികിട്ടിയതു്. എന്നേക്കാൾ ചെറുപ്പവും അതേസമയം അവളുമായി കിടയ്ക്കുകിട നില്ക്കാൻ കഴിയുന്നവനുമായ ഒരു ചെറുപ്പക്കാരനെ അവൾ കൈവശപ്പെടുത്തിയെന്നു്.’’

‘‘അതുതന്നെയാണു ഞാനും പറഞ്ഞതു്. എന്താണയാളുടെ പേരു്?’’

‘‘നീലാണ്ടൻ എന്നു പറയും. ഗോമതിയുടെ അമ്മയായ വസുമതിയുടെ പേരിൽ ആകെപ്പാടെ ഒരേക്കർ

www.malankaralibrary.com

വസ്തുവേ ഉണ്ടായിരുന്നുള്ളു. അതിൽ നാലിലൊന്നാണു് എനിക്കെഴുതിത്തന്നതു്. ആ ഒരേക്കർ വസ്തു, തന്റേയും ഗോമതിയുടേയും പേർക്കു് എഴുതിക്കൊടുക്കാമെങ്കിൽ താൻ അവിടെ സ്ഥിരമായി താമസിച്ചുകൊള്ളാമെന്നും ഗോമതിയുടെ ഇളയ രണ്ടു സഹോദരികളേയും യഥാവിധി വിവാഹംചെയ്തയച്ചുകൊള്ളാമെന്നും നീലാണ്ടൻ സമ്മതിച്ചു. വസുമതിക്കും ഗോമതിക്കുമെല്ലാം അതു വളരെ ഇഷ്ടമായിരുന്നു. നീലാണ്ടൻ പറഞ്ഞപ്രകാരം വസുമതി വസ്തുക്കളും മുഴുവനും എഴുതിക്കൊടുക്കയും അയാളും ഗോമതിയെ വിവാഹംകഴിക്കയും ചെയ്തു.''

''അപ്പോൾ നീലാണ്ടൻ ഗോമതിയെ കൈക്കലാക്കിയോ?''

പോത്തച്ചന്റെ ആവേശം തിങ്ങിയ ഒരു ചോദ്യമായിരുന്നു അതു്. ഇത്ര ലാവണ്യവതിയും ദൃഢഗാത്രയുമായ ഒരു സ്ത്രീയെ നീലകണ്ഠനു ലഭിച്ചതിൽ പോത്തച്ചനു് അയാളോടു് എന്തെന്നില്ലാത്ത ഒരു അസൂയയും വെറുപ്പും മനസ്സിൽ തോന്നി

വാസുപിള്ള സങ്കടത്തോടെ പറഞ്ഞു:

''കൈ—ക്ക—ലാക്കി.''

അതു പറഞ്ഞപ്പോൾ വാസുപിള്ളയുടെ കണ്ഠമിടറുകയും കണ്ണുരണ്ടും നിറയുകയുംചെയ്തു. പോത്തച്ചൻ വീണ്ടും ചോദിച്ചു:

''എന്നിട്ടു് ഈ വിവരമൊന്നും അവർ നിങ്ങളെ അറിയിച്ചില്ലേ?''

''ഇല്ലേമ്മാന്നേ; എനിക്കതാണു വലിയ സങ്കടം. കാരണം ഗോമതിയെന്നുവച്ചാൽ എനിക്കു ജീവനായിരുന്നു.''

വാസുപിള്ള മൂക്കു പിഴിയുകയും കണ്ണീർ തുടയ്ക്കുകയും ചെയ്തു. അനന്തരം കണ്ഠശുദ്ധി വരുത്തിക്കൊണ്ടു് അയാൾ വീണ്ടും തുടർന്നു:

''നല്ല വയനാടൻമഞ്ഞളിൽ നോക്കിയപോലാണവളുടെ നിറം. അവളുടെ തുടുത്തുചുവന്ന കവിളിന്റെ മാർദ്ദവത്തെപ്പററി എന്തോ പറയാനാ! തക്കാളിപ്പഴവും തോറ്റു



പോകും, ഏമ്മാന്നേ. അതെല്ലാം പോകട്ടെ. ഞാനവളെ കല്യാണംകഴിച്ചതിനു് എനിക്കു് ആയിരം രൂപയാണു ചെലവായതു്. അതിന്റെ കടം ഇപ്പോഴും തീർന്നിട്ടില്ലേമ്മാന്നേ.''

''നിങ്ങളായിട്ടാണു് അത്ര നല്ലൊരു സ്ത്രീയെ കളഞ്ഞുകുളിച്ചതു്.''

''ശരിയാ ഏമ്മാന്നേ. അങ്ങനെ വന്നുപോയാൽ പിന്നെന്തു ചെയ്യും?''

''എന്തു ചെയ്യുമെന്നോ? നല്ല ശേലായിപ്പോയി! സ്വന്തം ഭാര്യയെ വേറൊരുത്തൻ മോഷ്ടിച്ചോണ്ടുപോയാൽ എന്തു ചെയ്യുമെന്നോ? സീതയെ രാവണൻ കട്ടോണ്ടുപോയപ്പോൾ ശ്രീരാമൻ എന്താണു ചെയ്തതു്? ഹനുമാനെ വിട്ടു് ലങ്കമുഴുവൻ ദഹിപ്പിച്ചിട്ടു സീതയെ വീണ്ടു കൊണ്ടുപോരികയായിരുന്നു. അതുപോലെ ഗോമതിയെ തിരിച്ചുകിട്ടാൻ നിങ്ങൾ പഠിച്ച പണിയെല്ലാം നോക്കേണ്ടതായിരുന്നു.''

''പഠിച്ച പണി പതിനെട്ടും ഞാൻ നോക്കി; പക്ഷേ, ഫലിച്ചില്ലെന്നു മാത്രം.''

''എന്തോ കോക്കി?''

പോത്തച്ചനു് വാസുപിള്ളയുടെ നേരെ അരിശം വന്നു. അതു് അയാളുടെ മുഖത്തും പദപ്രയോഗത്തിലും പ്രകടമായിത്തുടങ്ങി. വാസുപിള്ള തുടർന്നു:

''അതു പറഞ്ഞാൽ എനിക്കുതന്നെയാണു നാണക്കേടു്.''

''അവനവന്റെ നഷ്ടപ്പെട്ട ഭാര്യയെ തിരിച്ചുകിട്ടാൻ ശ്രമിക്കുന്നതു് ഒരു നാണക്കേടാണെന്നോ? അതു് എന്നെ സംബന്ധിച്ചിടത്തോളം ഒരു പുതിയ അറിവാണു്.''

വാസുപിള്ളയുടെ ചരിത്രം തുടക്കംമുതൽ കേട്ടുകൊണ്ടു് മകൻ ജോണി അവന്റെ പഠനമുറിയിലും ഭാര്യ കുഞ്ഞമ്മ ഇടയ്ക്കിടെ ജനൽക്കർട്ടന്റെ അടുക്കലും ഇരിക്കയായിരുന്നു. വാസുപിള്ള അയാളുടെ കഥ തുടർന്നു:

''അന്നൊരു ചന്തദിവസമായിരുന്നു. എല്ലാ ബുധനാഴ്ചയും ഗോമതി ചന്തയ്ക്കു പോവും. ഗോമതിയുടെ വി

www.malankaralibrary.com

ട്ടിൽ പശുക്കറവയുണ്ട്. തൈരുംകൊണ്ടാണ് അവൾ ചന്തയ്ക്കു പോവുക. സാമാന്യം ഒരു വലിയ കുട്ടയിൽ മുഖം ചെത്തിയ പാളയ്ക്കകത്ത് തൈര് അടക്കിവച്ചുംകൊണ്ടാണ് അവളുടെ പോക്ക്. അങ്ങനെ അവൾ എല്ലാ ബുധനാഴ്ചയും ചന്തയ്ക്കു പോകുന്നുണ്ടെന്ന് എനിക്കറിയാമായിരുന്നു.

''ഒരുദിവസം അവൾ തൈരെല്ലാം വിറ്റുംവച്ച് മടങ്ങിവരികയാണ്. സമയം ഉച്ചതിരിഞ്ഞ് രണ്ടുമണിയായിക്കാണും. ഞാനൊരു ഇടവഴിയിൽ അവളേയും കാത്തുപാത്തുനിന്നു. ഗോമതി നടന്നുനടന്ന് ഞാനിരുന്ന ഇടവഴിയുടെ നേരെയുള്ള റോഡിലായി. അവൾ എന്റെ നേരെയുള്ള റോഡിലായെന്നു കണ്ടയുടനെ, ഞാൻ എടുത്തവളുടെ മുമ്പിൽ ചാടി; കേറി അവളെ പിടിച്ചു. 'ആരു പറഞ്ഞെടീ നീലാണ്ടന്റെകൂടെപ്പോവാൻ? വാടീ എന്റെ വീട്ടിലേക്ക്,' എന്ന് അവളുടെ കൈക്കു പിടിച്ചുവലിച്ചുകൊണ്ട് ഞാൻ അലറി. പെട്ടെന്ന് അവൾ തലയിലിരുന്ന കുട്ട താഴെ കളഞ്ഞിട്ട റോഡിന്റെ നടുവിൽ, നിന്നനിലയിൽത്തന്നെ താണിരുന്നു.

''റോഡിലൂടെ പൊയ്ക്കൊണ്ടിരുന്ന ആളുകൾ എന്നെയും അവളെയും മാറിമാറി തുറിച്ചുനോക്കി. കാൽമുട്ടിനു ചുറ്റും കൈകൊണ്ടു വളയംകെട്ടിയാണ് അവൾ കുത്തിയിരുന്നത്. അതേ ഇരുപ്പിൽ ഞാനവളെ എടുത്തുംകൊണ്ടോടി. അപ്പോൾ 'അയ്യോ, എന്നെ കൊല്ലുന്നേ, ഓടിവരിനോ,' എന്ന് അവൾ ഉറക്കെ നിലവിളിക്കാൻ തുടങ്ങി.''

സംഗതികളുടെ പോക്ക് സൂക്ഷ്മമായി ശ്രദ്ധിച്ചുകൊണ്ടിരുന്ന പോത്തച്ചൻ പെട്ടെന്നു കയറിച്ചോദിച്ചു:

''എന്താണവളുടെ വായിൽ കുറെ തുണി കുത്തിച്ചെലുത്താഞ്ഞത്?''

''എന്റേമ്മാന്നേ, അവളെ എടുത്തോണ്ടല്പദൂരം ഓടിപ്പോയതോർത്താൽത്തന്നെ കാര്യം കടുകട്ടിയാ. ഇരുമ്പുചക്കിനെന്തോയിരിക്കുന്ന ഭാരം? എമ്മാന്നെ വേണമെങ്കിൽ ഒരു പൂപോലവൾ എടുത്തോണ്ടോടും.''



''ഭാരമായതുകൊണ്ടു താനവളെ അങ്ങു വിട്ടയച്ചതായിരിക്കും, അല്ലേ?''

''ഛായ്, ഇല്ലില്ല, ഒരുനാളുമില്ല. ഞാൻ പിടിവിടാതെ അവളേയുംകൊണ്ടോടിക്കൊണ്ടിരുന്നു. അപ്പോൾ അവളെന്നെ അള്ളുകയും നുള്ളുകയും കടിക്കുകയും ഒക്കെ ചെയ്തു.''

ബംഗ്ലാവിന്റെ ജനൽക്കർട്ടനരികിൽ മറഞ്ഞുനിന്ന കുഞ്ഞമ്മയും ജോണിയും ഇതെല്ലാം കേട്ട് വന്ന ചിരി അമർത്തിപ്പിടിച്ചെങ്കിലും കുറെയൊക്കെ മാലപ്പടക്കം മാതിരി പുറത്തേക്കു ചീറ്റിപ്പോയി. പോത്തച്ചനും ഇതൊക്കെ കേട്ടു ചിരി വന്നുവെങ്കിലും ഉള്ളിലമർത്തിക്കൊണ്ടു വാസുപിള്ളയോടു ചോദിച്ചു:

''ഗോമതി കൊണ്ടുവന്ന തൈരുകുട്ട വലുതായിരുന്നോ?''

''ആയിരുന്നു.''

''അതവിടെ ചുമ്മാതെ റോഡിൽ കിടക്കുകയല്ലായിരുന്നോ?''

''ആയിരുന്നു.''

''അതിൽ അവളെ എടുത്തുവച്ച് ചുമന്നിരുന്നെങ്കിൽ ഈ അള്ളും കടിയുമൊന്നും ഏല്ക്കാതെകഴിയാമായിരുന്നല്ലോ!''

''അവളെന്നെ കടിച്ചതിലൊന്നും എനിക്കു സങ്കടമില്ലേമ്മാന്നേ. അതെനിക്കമൃതായിരുന്നു.''

''പിന്നേതിലാണു തനിക്കു സങ്കടം?''

''അതാണു പറഞ്ഞുവരുന്നത്.''

''എന്നാൽ പറ; കേൾക്കട്ടെ.''

''അവളുടെ നിലവിളി കേട്ട് റോഡിലൂടെ വന്നവരെല്ലാം എന്റെ പുറകെ ഓടിത്തുടങ്ങി. 'ദാ, പെണ്ണുകള്ളൻ വരുന്നേ; പിടിച്ചോളിൻ,' എന്നു ചിലർ ഉറക്കെ വിളിച്ചുപറയുന്നത് ഞാൻ കേട്ടു. ഓടിവന്ന ജനമെല്ലാം കൂടി ഞങ്ങളെ വളഞ്ഞു. ചുറ്റും കൂടിയവരിൽ ഒരാൾ പറഞ്ഞു; മനസ്സില്ലാത്ത പെണ്ണിനെ ബലാല്ക്കാരം എടുത്തുകൊണ്ടുപോകുന്നതു ശരിയല്ലെന്ന്. 'ഞാൻ കല്യാണം

 www.malankaralibrary.com

കഴിച്ച സ്ത്രീയെ എടുക്കുകയല്ല, തലയിൽ വച്ചു ചുമന്നു ണ്ടുപോകും; ആർക്കാണു നഷ്ടം?' എന്നു ഞാൻ ചോദിച്ചു അതിനു് 'ഇന്നാടാ, ഇതുംകൂടിച്ചുമന്നോ,' എന്നു പു കിൽ നിന്നുകൊണ്ടു് ആരോ പറകയും അതിൻെറകൂടെ എൻെറ നട്ടപ്പുറത്തു് ഒരു 'താങ്ങ്'മാണെനിക്കു കിട്ടിയ ഉത്തരം.

‘‘ഞാൻ തിരിഞ്ഞുനോക്കിയപ്പോൾ പുലിപോലെ രു യുവാവു് തുള്ളിച്ചീറി, വീണ്ടും കൈയും ഓങ്ങിക്കൊണ്ട ങ്ങനെ നില്ക്കുന്നു! മുൻപു് ഞാൻ കണ്ടിട്ടില്ലെങ്കിലും നില്പു ഭാവവുംകൊണ്ടു് എനിക്കു മനസ്സിലായി, അതു ഗോമതി യുടെ ഭർത്താവായ നീലാണ്ടനാണെന്നു്. നീലാണ്ടനെ ഞാൻ ഒന്നേ നോക്കിയുള്ളു. കുറേക്കഴിഞ്ഞു ഞാൻ എന്നെ ത്തന്നെ തഞ്ചമായിട്ടൊന്നു നോക്കി. ഒട്ടും ആൾസഞ്ചാ മില്ലാത്ത ഒരു ഇടുക്കൻവഴിയിൽ ഞാനുണ്ടു് മേല്ക്കീ വലിച്ചുകൊണ്ടങ്ങനെ നില്ക്കുന്നു! നീലാണ്ടനെ കണ്ടി ത്തുനിന്നും കുറഞ്ഞതു് ഒരൊന്നരമൈലെങ്കിലും ദൂര കാണും ഞാനപ്പോൾ നിന്ന സ്ഥലം! ദേഹത്തു കിടന്ന ഉടുപ്പു് പലേടവും വലിഞ്ഞുകീറിയിരുന്നു. ആ ജനക്കൂ ത്തിനുള്ളിൽനിന്നും ഞാൻ രക്ഷപ്പെട്ട കാര്യം എനിക്കി പ്പോഴും ഒരത്ഭുതമായിട്ടിരിക്കയാണു്.’’

ഇതെല്ലാം കേട്ടു് ബംഗ്ലാവിൻെറ കർട്ടനു സമീപ വീണ്ടും കിലുകിലാരവം മുഴങ്ങി. പോത്തച്ചനും മനസ്സു ലുറിച്ചിരിച്ചു. അയാൾ വാസുപിള്ളയോടു പറഞ്ഞു:

‘‘താൻ ഗോമതിയെ കേറിപ്പിടിച്ചനിലയ്ക്കു് ഒ നാളും അവളെ വിട്ടുകൂടായിരുന്നു. ഞാനായിരുന്നെങ്കിൽ ഒന്നുകിൽ ഗോമതി, അല്ലെങ്കിൽ എൻെറ ജീവൻ—രണ്ടി ലൊന്നു ശേഷിക്കുന്നതുവരെ പൊരുതിയേനെ.’’

‘‘എമ്മാന്നിതൊക്കെ ഇവിടിരുന്നോണ്ടു പറയാം. നീലാണ്ടനെ അപ്പോഴൊന്നു കാണേണ്ടതായിരുന്നു. കു ഞ്ഞെടുത്ത വീട്ടിത്തടിപോലുള്ള അവൻെറ കൈ കണ്ട പ്പൊഴേ, നേരങ്ങു പറയാമല്ലോ ഞാനങ്ങു രണ്ടും കഴിച്ചു പോയി.’’



‘‘ശരി, ആ കഥ വിടു. എനിക്കിനി അതു കേൾക്കണ്ടോ. അതിനുശേഷം വാസുപിള്ള ആരെയാണു വിവാഹംകഴിച്ചതു്?’’

‘‘ആരെയും കഴിച്ചില്ല.’’

‘‘അപ്പോൾ പിന്നെ ഉഷയോ? മകളെന്നായിരുന്നു എൻെറ ധാരണ.’’

‘‘എനിക്കു പിറന്ന മകളല്ല അവൾ. എങ്കിലും ഒരു മകളെപ്പോലെ ഞാൻ വളർത്തിക്കൊണ്ടുവരികയാണു്.’’

‘‘വല്ല അനാഥശാലയിൽനിന്നും കിട്ടിയതായിരിക്കും?’’

‘‘അല്ല, അങ്ങനെയൊന്നുമല്ല അവളുടെ കാര്യം. അതു ഞാനിനി ഒരുദിവസം പറയാം.’’

‘‘ഇനിയൊരുദിവസമാക്കേണ്ട. തുടരെപ്പറഞ്ഞില്ലെങ്കിൽ എല്ലാം ഞാൻ മറന്നുപോവും. അതുകൊണ്ടു് നാളെ ഉച്ചതിരിഞ്ഞു വരൂ. വരുമോ?’’

‘‘എമ്മാന്നു് അതിനു് ആപ്പീസിൽ പോകേണ്ടേ?’’

‘‘ഞാൻ നാളെ ഉച്ചവരെ മാത്രമേ ആപ്പീസിലിരിക്കൂ. അതുകഴിഞ്ഞു ഞാനിവിടെക്കാണും.’’

‘‘ശരി, എന്നാൽ നാളെ വരാം.’’

തൻെറ ഭാവിഫലങ്ങളെപ്പററി പറഞ്ഞതിനും മററുമായി പോത്തച്ചൻ വാസുപിള്ളയ്ക്കു് അഞ്ചുരൂപാ കൊടുത്തു. അയാൾ വളരെ ആദരവോടെ അതു വാങ്ങിപ്പോവുകയുംചെയ്തു.

വാസുപിള്ള പോയയുടനെ പോത്തച്ചൻ ചിന്തിച്ചു: അയാൾ പറഞ്ഞതെന്താണു്? ഉഷ അയാളുടെ മകളുമല്ല; അനാഥപ്പെൺകുട്ടിയുമല്ല. പിന്നിവൾ ആരാണു്? വല്ല പാർസിപ്പെൺകുട്ടിയുമായിരിക്കുമോ? അയാൾ ഏറെനാൾ വടക്കേഇൻഡ്യയിലായിരുന്നെന്നു പറഞ്ഞല്ലോ. ജ്യോതിഷത്തിൻെറകൂടെ ഇയാൾക്കു മന്ത്രവാദവും അറിയാമോ? ഉഷ ചെറുതായിരുന്നപ്പോൾ അവളുടെ അഴകു കണ്ടു് വല്ല പൊടിയോ മറേറാ നുള്ളിയിട്ടു് വശീകരിച്ചെടുത്തതല്ലെന്നു് ആർക്കറിയാം? എന്തൊരു കാന്തശക്തി

www.malankaralibrary.com

യാണവളുടെ മിഴികൾക്കു്? എന്തൊരു മിനുസവും മിറ
ക്കവുമാണവളുടെ കവിളിണകൾക്കു്!

ഉഷയേയും വാസുപിള്ളയേയും ഇവിടെ താമസിപ്പ
ല്ലാലെന്താണു്? എത്രയോ മുറികൾ ഇവിടെ ചുക്കില
പിടിച്ചു ചുമ്മാതെ കിടക്കുന്നു!

## 7. ഞാനീ നാട്ടുകാരന

ഉഷയ്ക്കു് ഇവിടെനിന്നും അണ്ടിയാപ്പീസിൽ പേ
കാം. അല്ലാത്ത സമയം കുഞ്ഞമ്മയെ സഹായിക്കാം
ഓ! അങ്ങനെവന്നാൽ എൻെറ എല്ലാ ആഗ്രഹവും സഫ
ലമായി!

അത്രടംവരെ ഉഷയെന്ന ഗ്യാസ്മിഠായി ആത്മ
വിൻെറ അധരത്തിലിട്ടു നുണച്ചപ്പോഴത്രെ വേറൊര
പ്രശ്നം പോത്തച്ചനെ ഗ്രസിച്ചതു്. ഉഷ ഉമാദേവിയെ
അടുക്കളക്കാര്യത്തിൽ സഹായിച്ചുകൊണ്ടിരിക്കയല്ലേ
അവരുടെ വസ്തുവിലല്ലേ ഉഷയുടെ താമസം? ഉഷയെ
തൻെറ കെട്ടിടത്തിൽ വിളിച്ചു താമസിപ്പിച്ചാൽ അതവ
ക്കു് ഇഷ്ടപ്പെട്ടെന്നുവരുമോ? തൻെറ പ്രവൃത്തി അവക്കി
ഷ്ടപ്പെടാതെവന്നാൽ, തനിക്കതു ഭാവിയിൽ കുഴപ്പമല്ലേ
എന്തെന്നാൽ, അവരുടെ വസ്തുവിലല്ലേ തൻെറ ആപ്പീസ
നിലകൊള്ളുന്നതു്? വസ്തു ഒഴിഞ്ഞുകൊടുക്കണമെന്നു് അ
വരാവശ്യപ്പെട്ടാൽ താൻ ആകപ്പാടെ വട്ടത്തിലാകുകയ
ല്ലേ? ഏതായാലും ഉഷയുടെ ജീവചരിത്രം മുഴുവനും വാസു
പിള്ളയിൽനിന്നും കേൾക്കാം. കേട്ടുകഴിഞ്ഞു് അപ്പോ
ത്തെ സൗകര്യംപോലെ എല്ലാം ചെയ്തുകൊള്ളാം. ഒ
വിൽ പോത്തച്ചൻ അങ്ങനെ സമാധാനപ്പെട്ടു.

പറഞ്ഞപ്രകാരം വാസുപിള്ള പിറേറന്നുച്ചതിരി
ഞ്ഞു വന്നു. അപ്പോൾ വാസുപിള്ള പോത്തച്ചനോട
ചോദിച്ചു:



FRANCIS SALES LIBRARY
SACRED HEART COLLEGE
THEVARA.
14384

''ഞാൻ ഇന്നലെ എവിടെവരെയാണു കഥപറഞ്ഞു നിറുത്തിയതു്? വയസ്സായതുകൊണ്ടു് അസ്സാരം ഓർമ്മക്കുറവുണ്ടു്.''

''ഉഷയുടെ കാര്യം തുടങ്ങിവച്ചു. ഭാര്യ ഗോമതി കളിപ്പിച്ചിട്ടുപോയതാണു് പറഞ്ഞുനിറുത്തിയതു്.''

''ശരി, ഞാനിപ്പോൾ ഓക്കുന്നുണ്ടു്. ഗോമതി കൈമോശംവന്ന നാണക്കേടു തീക്കാൻ ഉടനെ ഒരു വിവാഹംകഴിക്കാൻ ഞാൻ നന്നാ ആശിച്ചു. ഒരു പെണ്ണിനെ ചട്ടംകെട്ടിത്തരാൻ പലരോടും ശുപാശ്ചെയ്തു. കേട്ടവരെല്ലാം എന്നോടു പറഞ്ഞതു്, തന്നെക്കൊണ്ടു് ഒരു പെണ്ണിനെ നിത്താൻ പിടിപ്പില്ലെന്നാണു്. അതുകൊണ്ടു നാടുവിടാൻതന്നെ ഞാൻ തീരുമാനിച്ചു.''

''ഒരു പെണ്ണിനുവേണ്ടിയാണോ നാടുവിടാൻ തീരുമാനിച്ചതു്?''

''പെണ്ണിനുവേണ്ടി മാത്രമെന്നു തീത്തു പറഞ്ഞുകൂടാ. ജീവിക്കാനുള്ള പ്രയാസവുമുണ്ടായിരുന്നു.''

''അതെന്താ? വീട്ടിൽ വസ്തുവകകളൊന്നുമില്ലായിരുന്നോ?''

''ഞാനെൻെറ അച്ഛൻെറ ആദ്യവിവാഹത്തിലെ മകനാണു്. രണ്ടാംവിവാഹത്തിൽ അച്ഛനു് ആറു മക്കളുണ്ടായി. ഞങ്ങൾ ഏഴു മക്കൾക്കുംകൂടിയുള്ളതു് ആകെ ഇരുപതു സെൻറാണു്. വീതിച്ചാൽ എനിക്കു കിട്ടുന്നതു് കഷ്ടിച്ചു മൂന്നു സെൻറായിരിക്കും. അതുകൊണ്ടുംകൂടിയാണു് നാടുവിട്ടുകളയാമെന്നുവച്ചതു്.''

''നാടേതാണെന്നാണു പറഞ്ഞതു്? ഞാനങ്ങു മറന്നുപോയല്ലോ!''

''മാന്നാർ, മാന്നാർ.''

''ഓഹോ മാന്നാറാണോ? അതു തിരുവല്ലാഴിനു തെക്കല്ലേ? ഞാൻ അതിലേ പലവട്ടം പോയിട്ടുണ്ടു്. നാടുവിട്ടു് വാസുപിള്ളച്ചേട്ടൻ എങ്ങോട്ടാണു പോയതു്?''

''മദ്രാസിലേക്കു്.''

''അവിടെയെങ്ങനെ ജീവിച്ചു?''

''ജ്യോതിഷം, കൈനോട്ടം ഇ

S H COLLEGE

www.malankaralibrary.com

‘‘മദ്രാസിൽനിന്നും കിട്ടിയതാണോ ഉഷയെ?’’

‘‘അല്ലല്ല, അവൾ ഈ നാട്ടുകാരിതന്നെയാണ്. ഞാനതെല്ലാം വിശദമായിപ്പറയാം. ഏമ്മാൻ ഇടയ്ക്കുകയറിച്ചോദിക്കാതിരുന്നാൽ മതി. ചോദിച്ചാലുണ്ടല്ലോ, എനിക്ക് അടിപടലേയങ്ങു തെററിപ്പോവും.’’

ഉഷ ഞങ്ങളെപ്പോലെ ഒരു മലയാളിയാണെന്നറിഞ്ഞപ്പോൾ പോത്തച്ചനും ജനലരുപററിനിന്ന ജോണിയും വളരെ സന്തോഷിച്ചു. പോത്തച്ചൻ ചിരിച്ചു സ്വർണ്ണപ്പല്ലു കാട്ടിക്കൊണ്ടു പറഞ്ഞു:

‘‘ശരി ശരി, ഇനിയൊന്നും ചോദിച്ചു ബുദ്ധിമുട്ടിപ്പിക്കയില്ല. സുഖമായിട്ടിരുന്നു പറഞ്ഞോളൂ. പിന്നെ ബീഡിയോമററോ വേണോ?’’

‘‘വേണ്ടാ. ബീഡി എന്റെ കൈയിലുണ്ട്.’’

‘‘ശരി, ഉറച്ചിരുന്നു സുഖമായി പറഞ്ഞോളൂ.’’

‘‘ഞാൻ മദ്രാസിലും ബോംബെയിലുമൊക്കെ എന്റെ തൊഴിലുമായി കറങ്ങിയശേഷം, മൂന്നും നാലും വർഷംകൂടുമ്പോൾ നാട്ടിലേക്കൊന്നു വരും. സ്വന്തക്കാർ പലരുമുണ്ട് അന്നു നാട്ടിൽ. വന്നാൽ അവരുടെ വീടുകളിൽ താമസിക്കും. ഒരുത്തന്റേയും വീട്ടിൽ ഒരാഴ്ചയിൽ കൂടുതൽ താമസിക്കയില്ല. കൂടുതൽ താമസിച്ചാലാക്കും മുഷിവാണ്. അങ്ങനെ ആരെയും മുഷിപ്പിക്കുന്ന സ്വഭാവം എനിക്കില്ല. അതുകൊണ്ട് രണ്ടു രണ്ടരമാസം നാട്ടിൽ താമസിച്ചിട്ടു വീണ്ടും തിരിച്ചുപോകും.

‘‘ഒരുതവണ ഞാൻ അങ്ങനെ നാട്ടിൽ വന്നു. നാട്ടിൽവന്ന് ഒന്നുരണ്ടാഴ്ച കഴിഞ്ഞപ്പോൾ ഒരുദിവസം ഉച്ചതിരിഞ്ഞു നാടൊന്നു ചുററിനടക്കാനിറങ്ങി. നടന്നുനടന്ന് നാലുമണിസമയത്തോടെ ആ വീട്ടിൽ വന്നുകയറി.

‘‘ഒരു ചെറിയ മൺവീട്. മുററത്ത് ചുററും കാടുപിടിച്ച ഒരു കിണറ്. കിണററിനടുത്ത് നാലഞ്ചു പാളേൻകോടൻ വാഴകൾ. വീടിന്റെ മുൻവശത്തും പരിസരത്തും നോക്കിയിട്ട് ആരെയും കണ്ടില്ല. ഒരു മുറിബെഞ്ച് വീടിന്റെ വരാന്തയിൽ കിടക്കുന്നു. കിണററിങ്കരെ വെള്ളം കോരുന്ന ഒരു പാളയും. ഇത്രയും കണ്ടപ്പോൾ ഞാൻ തീ



ർച്ചയാക്കി; അതൊരു ആൾതാമസമുള്ള വീടാണെന്ന്. ഞാനാ ബെഞ്ചിൽക്കയറി കാലിന്മേൽ കാൽവച്ചിരുന്നു. എന്റെ തല മുഴുവനും നരച്ചതായിരുന്നതുകൊണ്ട് ഒരു തലേക്കെട്ടു ഞാൻ കെട്ടിയിരുന്നു. ഏമ്മാനെപ്പോലെയാണു ഞാൻ. ആരേക്കണ്ടാലും തലേക്കെട്ട് എടുക്കുമായിരുന്നില്ല. എന്റെ സംസാരത്തിന് അന്നിതിലും വടിവും ചൊടിയുമുണ്ടായിരുന്നു.

‘‘മാന്തോപ്പിലായ ആ വീട്ടിൽ ബെഞ്ചിൽക്കയറി ഞാനല്പനേരമിരുന്നു. ആരെയും അവിടെങ്ങും കണ്ടില്ല. അതുകൊണ്ടു ഞാൻ നീട്ടിച്ചോദിച്ചു, ഇവിടാരുമില്ലേ എന്ന്. ചോദ്യം കേട്ടുകൊണ്ട് ആ വീട്ടിലെ ഗൃഹനായിക സുഭദ്ര ഇറങ്ങിവന്നു. അവൾക്കൊരു നാല്പതുവയസ്സു പ്രായം കാണും. കാഴ്ചയ്ക്കു വലിയ തെററില്ലാത്ത ഒരു സ്ത്രീ. ഉടുത്തിരുന്ന മുണ്ടും ബ്ലൗസും കീറിയിരുന്നു. ദാരിദ്ര്യാധിക്യം കൊണ്ടാണതെന്ന് എനിക്കു മനസ്സിലായി.

‘ഇതെവിടുന്നു വരികയാ?’

സുഭദ്ര എന്നോടു ചോദിച്ചു. ഞാനൊരു സുപരിചിതനെപ്പോലെ മറുപടി പറഞ്ഞു:

‘വിശേഷിച്ചെങ്ങുനിന്നും വരികയല്ല; ഞാനീ നാട്ടുകാരൻതന്നെയാണ്. കൂടിയാൽ പതിനഞ്ചുവർഷമായിക്കാണും ഞാനിവിടില്ലാതായിട്ട്. വല്ലപ്പോഴും വരും; ഒരുമാസം താമസിക്കും; തിരിച്ചങ്ങു പോവും.’

‘എവിടെയാ ഈ തിരിച്ചുപോന്നെ?’

‘ബോംബെയിൽ.’

‘സൊന്തം വീട് ഇവിടെയാന്നല്ലേ പറഞ്ഞത്? ഇവിടെ വീട്ടുപേരെന്താ പറേം?’

‘കീരിക്കാട്ട്. ഈ വീട്ടിൽ വേറാരുമില്ലേ?’

‘ഒണ്ട്. അപ്പൊറത്തൊണ്ട്. ഇപ്പം വരും.’

സുഭദ്രയുടെ ഭർത്താവ് ബാലകൃഷ്ണൻ വീടിന്റെ പിൻവശത്തു ചരിപ്പിൽ നില്ക്കുന്ന പശുവിനെ പിഴിയുകയാണ്. സുഭദ്രയാണതിനെ പിഴിഞ്ഞുവന്നത്. ഈയിടെ അതു കാലുനാലും പറിച്ചെറിയുകയാണ്. തന്മൂലം ബാലകൃഷ്ണനാണിപ്പോൾ ആ പണി ചെയ്യുക. മൂത്തമകൾ

www.malankaralibrary.com


സരോജിനി ആ പശുവിൻെറ മുക്ക ചൊറിഞ്ഞുകൊ[ണ്ടു നി]ക്കും. സുഭദ്ര അതിനു ചുററും ചുററിപ്പററി നില്ലും; ബാലകൃഷ്ണൻ പിഴിയും.

'കീരിക്കാട്ടെ പലചരക്കവ്യാപാരംരാമക്കുറുപ്പി[ൻെറ ...] ആരാണു നിങ്ങൾ?'

പശുവിനെ പിഴിഞ്ഞുകഴിഞ്ഞു് മൊന്തയിൽ പാലുമായി തിണ്ണയിലെത്തിയ ബാലകൃഷ്ണനാണതു ചോദിച്ചതു്.

ഞാൻ പറഞ്ഞു:

'എൻെറ അമ്മാവൻെറ മൂത്ത മകനാണു് അവൻ.'

'നിങ്ങൾക്ക ബോംബെയിലെന്താണു ജോലി?'

എൻെറ ജോലിയുടെ വിവരം ചോദിച്ചപ്പോൾ ഞാൻ ബാലകൃഷ്ണൻെറയും അയാളുടെ ഭാര്യയുടെയും മുഖത്തു സൂക്ഷിച്ചൊന്നു നോക്കി. എന്നിട്ടു പറഞ്ഞു:

'എൻെറ ജോലിയുടെ കാര്യം പറഞ്ഞാൽ ജ്യോതിഷവൃത്തിയാണു്. കൈനോട്ടം, മഷിനോട്ടം, മുഖലക്ഷണം ഇതൊക്കെ അതിൽപ്പെടും.'

'അതുകൊണ്ടുവല്ലതും ഈ വന്നകാലം ബോംബെയിൽ ജീവിക്കാനൊക്കമോ ചേട്ടാ?'

സുഭദ്രയാണതു ചോദിച്ചതു്. ബോംബെയിലെ സ[ഭാ]ഗതികളെല്ലാം നല്ല നിശ്ചയമുള്ള മട്ടിലായിരുന്നു, ത[ല]മുടികെട്ടു് അഴിച്ചുകെട്ടിക്കൊണ്ടു് അവരുടെ ആ ചോദ്യം. എനിക്കു് ആ ചോദ്യം അത്ര രസിച്ചില്ല. ഞാൻ പറഞ്ഞു:

'കുഞ്ഞേ, നിനക്കു് എന്നെപ്പററി എന്തറിയാം? അല്ലെങ്കിൽ ബോംബെയെപ്പററി എന്തറിയാം? ഇതൊ[ക്കെ] പട്ടിക്കാടായതുകൊണ്ടു് ഇവിടെ ഇട്ടാവട്ടത്തിലുള്ള കാര്യമേ നിനക്കറിയാവൂ. ബോംബെയാണെങ്കിൽ 45 ലക്ഷം ജനം തിങ്ങിത്താമസിക്കുന്ന ഒരു മഹാ വലിയ പട്ടണമാണെന്നറിയണം.

ഞാൻ അത്രവലിയ പഠിത്തമൊന്നും പഠിച്ചിട്ടില്ല കേട്ടോ? പഴയ മലയാളം ഏഴാംക്ലാസ്സേ പഠിച്ചിട്ടുള്ളൂ. ആ എനിക്കിപ്പോൾ ആ ഭാഷ പോയിട്ടു് ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, ഉറുദു ആദിയായ പല ഭാഷകളുമറിയാം. ഇവിടെ ഒരു ബി. ഏ.ക്കാരനു് എന്തുണ്ടു ശമ്പളം? കൂടിവന്നാൽ നാനൂററുരൂപ്പികയല്ലേ കിട്ടു? എനിക്കാണെങ്കിൽ പ്രതിമാസം കുറഞ്ഞതു് 700 റുപ്പികയാണു വരവു്. 1000 റുപ്പിക കിട്ടുന്ന മാസങ്ങളുമുണ്ടു്. അതാണു് എൻെറ തൊഴിലിൻെറ ഗുണം. ഇപ്പോൾത്തന്നെ എൻെറ തൊഴിലിൻെറ രീതി ഞാനിവിടെ പ്രയോഗിച്ചു കാണിച്ചുതരാം. നിങ്ങളുടെ രണ്ടുപേരുടെയും മുഖലക്ഷണം കണ്ടുകൊണ്ടു മാത്രം പറയുന്നതാണു്. പറയുന്നതു വിഷമമെങ്കിൽ, പറയുന്നമില്ല കേട്ടോ?'

'അയ്യോ! യാതൊരു വൈഷമ്യമോമില്ല, പറഞ്ഞാട്ടെ; പറഞ്ഞാട്ടെ.'

ഭാര്യയും ഭർത്താവുംകൂടി ചേർന്നു പറഞ്ഞു. അവരുടെ മൂത്തമകൾ സരോജിനിക്കു് ഉദ്ദേശം പതിനെട്ടു വയസ്സു വരും. കണ്ടാൽ കുന്നിനിലാവു് ഉദിച്ചുവരുന്നതുപോലൊരു പെൺകുട്ടി. എൻെറ സംസാരം കേട്ടുകൊണ്ടു് അതുവരെ തൊട്ടുമുറിയുടെ ജനൽപ്പടിയിൽ കൈയൂന്നി നില്ലുയായിരുന്നു അവൾ. ഞാൻ മുഖലക്ഷണം പറയാൻ പോവുന്നുവെന്നു കേട്ടമാത്രയിൽ പെട്ടെന്നു് അവൾ തല ഉള്ളിലേക്കു വലിച്ചുകളഞ്ഞു.

അവളുടെ ആ തലവലി ഒരവലക്ഷണമായി എനിക്കു തോന്നി. ഉടനെ ഞാൻ ഇങ്ങനെ പറഞ്ഞു:

'നിങ്ങളുടെ കുടുംബത്തിനു കുറച്ചിലും മാനഹാനിയുമുള്ള എന്തോ ഒന്നിവിടെ സംഭവിച്ചിട്ടുണ്ടു്.'

ഞാൻ കുറെ സ്ഫുടമായും കനമായുമാണു് ഈ വാചകം തട്ടിവിട്ടതു്. അതു കേൾക്കകയാൽ സരോജിനിയുടെ അച്ഛനമ്മമാർ അല്പനേരം പരസ്പരം കണ്ണിൽക്കണ്ണിൽ നോക്കിനിന്നു. എന്നിട്ടു് സുഭദ്രേ ഇങ്ങനെ പറഞ്ഞുതുടങ്ങി:

'കേട്ടോ, വാസുപിള്ളച്ചേട്ടാ, നിങ്ങൾ പറഞ്ഞതു വളരെ ശരിയാണു്. നിങ്ങൾ മനസ്സിൽ കണ്ടകാര്യം ഇവിടെ പാട്ടായിത്തീർന്നിരിക്കയുമാണു്. പിന്നെ ഞങ്ങളെന്തിനു മറച്ചുപിടിക്കുന്നു? ഈ ജനലുടക്കൽ നിന്ന പെങ്കൊച്ചൊണ്ടല്ലോ, അവളാണു് എൻെറ പെണ്മക്കളിൽ

www.malankaralibrary.com

മൂത്തമോരം. അവരംക്കാണു് ഈ കൊറച്ചില്ല പററിയിര ക്കുന്നതു്. സരോജിനി എന്നാണു് അവളുടെ പേരു്.'

'അപ്പോരം ഞാൻ പറയാൻ ഭാവിച്ചതു ശരിയ ണല്ലോ!'

ഞാൻ ഇടയ്ക്കുകയറി എന്റെ ഭവിഷ്യൽഫലം പ യാനുള്ള കഴിവുകാണിച്ചു. മൺഭിത്തിയിൽ ചാരിനിന്ന രുന്ന സുഭദ്ര താണിരുന്നു. എന്നിട്ടു പറഞ്ഞു:

''വാസുപിള്ളച്ചേട്ടൻ പറഞ്ഞതും പറയാൻവന്നതു മെല്ലാം ശരിയാണു്. ഞാൻതന്നെ മുഴുവൻ കാര്യങ്ങളു പറഞ്ഞുകേരംപ്പിക്കാം. സരോജിനിക്കു് മൂത്ത ഒരാണുണ്ടു് സദാശിവൻ. ചെങ്ങന്നൂർ ബസ്സ്സ്റ്റാൻഡിൽ ചുമടെടു പ്പാണു് അവന്റെ ജോലി. ഞങ്ങളിത്രകണ്ടു് അധഃപതിച്ചി ട്ടു് അഞ്ചാറു വർഷമേ ആയൊള്ളു. കച്ചവടത്തിലാണു കെട്ടു പോയതു്. എല്ലാം കടംകേറി തുത്തുവാരിക്കൊണ്ടുപോ യി. ഞങ്ങരംക്കിപ്പോരം ഉണ്ടെന്നു പറയാൻ ഈ പു നില്ക്കുന്ന മുപ്പത്തുസെൻറു വസ്തുവേയൊള്ളു. ഇവിടത്തെ പിള്ളേരുടെ അച്ഛനു് പറയത്തക്ക വേലയൊന്നും ചെ യ്യാൻ വയ്യാ. രണ്ടുവർഷം മുൻപു് മരത്തിൽ കേറിയിറങ്ങ മ്പോരം നടു അടിച്ചൊന്നു വീണതാണു കാരണം. നേര പറഞ്ഞാൽ സദാശിവനാണു് ഈ വീടു് വീഴാതെ ത ങ്ങിനിത്തിക്കൊണ്ടുപോവുന്നതു്. നേരം വെളുത്താൽ അവനിറങ്ങി ബസ്സ്സ്റ്റാൻഡുവഴിയിൽ പോവും. വഴി യാണു ഞങ്ങരംക്കുള്ള ആഹാരം തരുന്നതു്. ഓരോ ദിവ സവും എട്ടും പത്തും രൂപാ വഴിയിൽനിന്നു് അവനു കിട്ടും. നല്ല ചുമടെടുപ്പുകാരനാണവൻ. കണ്ടിട്ടൊണ്ടോ? ഒന്നു കണ്ടിട്ടൊള്ളവർ അവനെ പിന്നൊരിക്കലും മറക്കു കേലാ. നല്ല ഒരു തക്കിടിമുണ്ടൻ! എന്റെ ഗുരുവായൂ രപ്പാ! എന്റെ കുഞ്ഞിനു നല്ല ബലവും ശക്തിയും നീ കൊടുക്കണേ!'''

# 8. ഉഷയുടെ ജനനം

''മേല്പറഞ്ഞ ജപം ചൊല്ലിയപ്പോരം സുഭദ്രയുടെ കണ്ണു നിറഞ്ഞു. അവരം കൈകൂപ്പിപ്പിടിച്ചു് ഇരുന്നയിരി പ്പിൽത്തന്നെ വടക്കോട്ടു തിരിഞ്ഞു ഗുരുവായൂരപ്പനെ തൊഴുതു. എന്നിട്ടു തുടന്നു:

'അങ്ങനെ ഞങ്ങരം പെരുവഴിയിൽനിന്നും കിട്ടുന്ന ആഹാരംകൊണ്ടു വയറു നിറഞ്ഞും നിറയാതെയും കഴി ഞ്ഞുവരുമ്പോളാണു് സരോജിനിയെ ഒരു വീട്ടിൽ വേല യ്ക്കു നില്ക്കാൻ ഒരാരം വന്നു വിളിക്കുന്നതു്. അവരം എട്ടാം ക്ലാസ്സിൽ ജയിച്ചതാണു്. പണത്തിന്റെ ആധിക്യംകൊ ണ്ടു പഠിപ്പിക്കാൻ നിവ്ൃത്തിയില്ലാഞ്ഞു് വീട്ടിൽ അവരം ചുമ്മാതെ നില്ക്കുയായിരുന്നു. (സുഭദ്രയുടെ ഭാഷയിൽ 'ആധിക്യം' എന്നു പറഞ്ഞാൽ 'കുറവു്' എന്നാണ ത്ഥം). എനിക്കു പെമ്പിള്ളാരു നാലാണു്. ഒന്നിനേയും ഈ നാഴികവരെ വേലയ്ക്കങ്ങും വിട്ടിട്ടില്ല. അതുവല്ലതും ഇപ്പോരം പറഞ്ഞാൽ പററുമോ വാസുപിള്ളച്ചേട്ടാ?'

'അപ്പോരം സരോജിനിയെ വേലയ്ക്കു വിട്ടോ?'

സരോജിനിയുടെ സംഗതിയിൽ ഞാൻ കൂടുതൽ ജിജ്ഞാസ പ്രകടിപ്പിച്ചു. സുഭദ്ര മൊഴിഞ്ഞു:

'വിട്ടു.'

'എവിടാണു വിട്ടതു്?'

'അതാണു പറഞ്ഞുവരുന്നതു്. ഇവിടെനിന്നും ആറേഴു മൈൽ അകലെ ഒരു വീട്ടിലാണു്. വീട്ടുപേരു ഞാനിപ്പോരം പറയുന്നില്ല. വല്യവല്യ സ്വത്തുകാരാണു് അവർ. അവിടത്തെ മുതലാളിക്കു രവീന്ദ്രൻ എന്നു പേരു ള്ള ഒരു മകൻ എം. ഏ.യ്ക്കു വായിക്കുന്നുണ്ടുപോലും! എന്തോന്നാ ചേട്ടാ, ഇവന്മാരൊക്കെ കോളെജിൽ വായി ക്കുന്നതു്? ഇവനൊക്കെ വായിച്ചു വായിച്ചു നാടു മുടിഞ്ഞു. അവനു് സിഗ്രെററു കൊളുത്താൻ ഇപ്പോഴൊരു ''കിണാ പ്പു്'' ഉണ്ടല്ലോ; തള്ളവിരലുകൊണ്ടു മുന്നാലുതവണ തട്ടു മ്പോരം തീകത്തുന്ന ഒരു സാധനമേ—(സിഗരററുലൈ ററർ എന്നു ഞാൻ പറഞ്ഞുകൊടുത്തു) എന്തൊരു കന്തമോ—

www.malankaralibrary.com



ഇതിന്റെയൊക്കെ പേരു പറവാൻ ഇരുനാഴി പാല നാലു മൊട്ടേം ദിവസോം തിന്നാലും എന്നെക്കൊണ്ടു പറ കേലാ—അതു് അവന്റെ കൈയിലുണ്ടു്. പോരെങ്കി തീപ്പെട്ടി അവന്റെ മേശപ്പുറത്തുമുണ്ടു്. എന്നിരുന്നാല അടുക്കളയിൽ ചെന്നു സരോജിനിയെക്കൊണ്ടു തീക്കൊ ള്ളിയെടുപ്പിച്ചേ അവൻ സിഗ്രെററു കത്തിക്കൂ. തീക്കൊ ള്ളിയ്ക്കു പിടിക്കാൻ അവൾ എത്രതന്നെ ഇട വിട്ടുകൊ ത്താലും അവൻ അവളുടെ കൈയ്ക്കുചേർത്തേ പിടിക്കൂ. അ ങ്ങനെ അവൻ വേണ്ടുന്നിടത്തും വേണ്ടാത്തിടത്തുമെല്ലാ പിടിച്ചുപിടിച്ചു് അവളെ പെഴപ്പിച്ചു. കല്യാണം കഴ ച്ചുകൊള്ളാമെന്നും കണ്ണില്ലാത്തതെല്ലാം പൊന്നാക്കിക്കൊ ടുക്കാമെന്നും പറഞ്ഞാണു് അവൻ അവളോടു് അടുത്തു ടിയതു്. ഇപ്പോൾ അവനു് അവളെ വേണ്ടാ. അഞ്ച മാസം അവൾ ഗർഭിണിയാണെന്നറിഞ്ഞപ്പോൾ അവ ന്റെ അച്ഛനും അമ്മയും അവൾ ചീത്തയാണെന്നും പ ഞ്ഞു് അടിച്ചു പുറത്താക്കി. അവൾ വല്യവായിലെ ക ഞ്ഞുകൊണ്ടാണു് ഇവിടെ കേറിവന്നതു്. ഞങ്ങൾക്ക അവളെ കളയാനൊക്കുമോ? ഒക്കുമോ? പറ, വാസുപിള്ള ച്ചേട്ടാ?'

'അതെങ്ങനൊക്കും?... അവിടെ എത്രകൊല്ലം വേ ലയ്ക്കു നിന്നു?' ഞാൻ ചോദിച്ചു.

'രണ്ടു കൊല്ലം.'

'ശമ്പളമൊന്നും തരാനില്ലായിരുന്നോ?'

'അതിവിടെ മാസംതോറും ചെന്നു നേരത്തേ പറ ക്കൊണ്ടു പോന്നു.'

'എന്തായിരുന്നു ശമ്പളം?'

'ഇരുപതു രൂപാ.'

'അവളെ ചീത്തയാക്കിയതിനെപ്പററി അവന അവന്റെ മാതാപിതാക്കളും എന്തു പറയുന്നു?'

'ഓ, അതവൾ ദുർമ്മാർഗ്ഗിയാണെന്നും അങ്ങനെ ചീത്തയായതാണെന്നുമാണു് അവരുടെ പറച്ചിൽ. അവ ളെ സംബന്ധംചെയ്യിക്കാൻ കുറേ പൈസാ ചെന്നു ചോ ദിക്കാൻ ചിലരൊക്കെ ഞങ്ങളെ നിർബ്ബന്ധിച്ചു. അതനു സരിച്ചു നാലഞ്ചുതവണ ഇവിടുന്നു് അവിടെപ്പോവുകയും ഒരു ദിവസം മുഴുവൻ അവിടെ കാത്തുകെട്ടിക്കിടക്കുകയും ചെയ്തു.'

'എന്നിട്ടു പൈസാ വല്ലതും കിട്ടിയോ?'

'ഒരു പകൽ മുഴുവൻ അവിടെ കുത്തിപ്പിടിച്ചു നിന്നി ട്ടു് അന്നന്നു വെള്ളം വേണോ എന്നാരും ചോദിച്ചില്ല. പിന്നല്ലേ പൈസാ!'

'ഞാനൊരു കാര്യമങ്ങു തുറന്നുപറയാം. പറയുന്നതു കൊണ്ടു് ഒന്നും തോന്നുകയുമരുതു്. നിങ്ങൾ ഈ പെൺ കുട്ടിയെ ഇങ്ങനെ നിറുത്തിക്കൊണ്ടു നില്ക്കരുതു്. അപക ടമാണു്.'

'അതു ഞങ്ങൾക്കുമറിയാം. പക്ഷേങ്കിലു് ഞങ്ങളെ ന്തു ചെയ്യും? വാസുപിള്ളച്ചേട്ടൻതന്നെ പറ.'

'നിങ്ങൾക്കു സമ്മതമെങ്കിൽ ഈ പെങ്കൊച്ചിനെ ഞാൻ എന്റെകൂടെ നിറുത്തിക്കൊള്ളാം. പൊന്നുപോലെ നോക്കിക്കൊള്ളുകയും ചെയ്യാം. ബോംബെയിൽ ഞാനൊ രു ഹോട്ടലിലാണു ചാപ്പാടു്. ചാപ്പാടു് ഹോട്ടലിലായതു കൊണ്ടു് പൈസ ഒത്തിരിയാകുന്നുമുണ്ടു്. എനിക്കു വല്ലതും അനത്തിത്തരാൻ ഒരാളു വേണം. അതിനാണു നിങ്ങളുടെ മകൾ. നിങ്ങളുടെ മകളെ എന്റെകൂടെ അയച്ചാൽ നിങ്ങ ളുടെ വിഷമത്തിനൊരു പരിഹാരമായി; എനിക്കൊരു ഉപകാരവുമായി. ഞാൻ കൂടെക്കൂടെ നാട്ടിൽ വരും. അ പ്പോഴെല്ലാം നിങ്ങളുടെ മകളെക്കൊണ്ടുവന്നു നിങ്ങളെ കാണിക്കയും, മാസം കുറഞ്ഞതു് ഒരൻപതു രൂപാ നി ങ്ങൾക്കു് അയച്ചുതരികയും ചെയ്യാം.''

പോത്തച്ചൻ കസേരയിൽ ചാരിക്കിടന്നു തന്റെ കഷണ്ടിത്തല തലോടിക്കൊണ്ടു് വാസുപിള്ളയുടെ കഥ ദത്താവധാനനായി കേൾക്കുകയായിരുന്നു. കഥയിത്രട മായപ്പോൾ പോത്തച്ചൻ കടന്നുചോദിച്ചു:

''പ്രതിമാസം അൻപതു രൂപാ അവൾക്കു കൊടുക്കാ മെന്നു പറഞ്ഞല്ലോ. അപ്പോൾ വാസുപിള്ളച്ചേട്ടനു്

www.malankaralibrary.com

ബോംബെയിൽ അതിനുമാത്രം വരുമാനമുണ്ടായിരുന്നോ?''

''വരുമാനമുണ്ടായിരുന്നോന്നു്! ചില മാസങ്ങളിൽ ആയിരവും രണ്ടായിരവും കിട്ടിയിട്ടുണ്ടു്. ചിലരുടെ കൈനോക്കി ഫലംപറഞ്ഞാൽ തരുന്നതു നൂറുരൂപായുടെ ഒരു നോട്ടാണു്. അങ്ങനെ ഇരുപതു പേരു തന്നാൽ രണ്ടായിരംരൂപയാവുകയില്ലേ? അതൊക്കെ എന്തിനാ ഏമ്മാന്നേ ഇനിയുമിപ്പോൾ പറയുന്നതു്. ആ നല്ലകാലമൊക്കെ പൊയ്പ്പോയി!''

''എങ്ങനെ പൊയ്പ്പോയി?''

''അതാണു ഞാൻ പറഞ്ഞുവരുന്നതു്. സരോജിനിയെ ഞാൻ കൊണ്ടുപോകുന്നതിൽ അവൾക്കും മാതാപിതാക്കൾക്കും സമ്മതമായി. സമ്മതത്തിന്റെ മുൻകൂറിയെന്നവണ്ണം അവൾ അടിക്കടി ജനലിങ്കൽ പ്രത്യക്ഷപ്പെടുകയും എന്നെ നോക്കി ചിരിക്കയുംചെയ്തു. ഒരു പൂർണ്ണചന്ദ്രബിംബം ഉദിച്ചുവരുമ്പോലിരുന്നു അവളെ കണ്ടാൽ. ഞാൻ അവൾക്കു സൂര്യപടംകൊണ്ടുള്ള ഒരു ബ്ലൗസും ഒരു ടെറീകോട്ടൺ സാരിയും വാങ്ങിക്കൊടുത്തു. അതുമുടുത്തു് ഒരു സിന്ദൂരപ്പൊട്ടും തൊട്ടപ്പോൾ ഹൗ! എന്റെ സരോജിനിയെത്ര സുന്ദരിയായിരുന്നെന്നോ!... ഞാൻ അവളേയുംകൊണ്ടു ബോംബെയ്ക്കു പോകുന്ന ദിവസം, എന്നെ ഉപേക്ഷിച്ചു പോയ ഗോമതിയുടെ പടിക്കൽക്കൂടിയും എനിക്കു ഭാര്യയെ ഒരിക്കലും കിട്ടുകില്ലെന്നു വീരവാദം പറഞ്ഞ ചില ദരിദ്രവാസികളുടെ മുമ്പിൽക്കൂടിയുമാണു് ഞാൻ എന്റെ സരോജിനിയെ അണിഞ്ഞൊരുക്കി നടത്തിക്കൊണ്ടുപോയതു്.''

''അതൊക്കെ എന്തിനായിരുന്നു?''

''എന്തിനായിരുന്നെന്നോ? അവരെല്ലാം ഒന്നു കണ്ടു വെള്ളംവിഴുങ്ങിക്കൊള്ളട്ടെയെന്നു കരുതി.''

അതു കേട്ടു പോത്തച്ചൻ തന്റെ ഉണ്ണിക്കുടവയറിളക്കിച്ചിരിച്ചു. ജനൽക്കർട്ടനരികിൽ നില്ക്കുകയായിരുന്ന കുഞ്ഞമ്മ അതു കണ്ടു ചിരിച്ചു. ജോണി അവന്റെ കട്ടിലിൽ കിടന്നുകൊണ്ടു കാലിട്ടടിച്ചു ചിരിച്ചു. ചിരിയുടെ



ചുളിവു മുഖത്തു് ഓളംവെട്ടിനില്ക്കെ പോത്തച്ചൻ വീണ്ടും ചോദിച്ചു:

''സരോജിനിയെ അണിഞ്ഞൊരുക്കിയെന്നു പറഞ്ഞല്ലോ. എങ്ങനെയൊക്കെ അണിഞ്ഞൊരുക്കി?''

''അവൾക്കു കാലിലിടാൻ ഹൈഹീൽഡ് ഷൂസ്, ശരീരത്തിടാൻ ബോട്ട്നെക്ക് വെൽവെററ് ബ്ലൗസ്, കൈത്തണ്ടയിൽ തൂക്കാൻ വാനിററി ബാഗ്, കാതിലണിയാൻ റിംഗുഞാത്തു്. എന്നുവേണ്ട, ഇക്കാലത്തു് ഒരു സ്ത്രീക്കു വേണ്ടതെല്ലാം കൊടുത്തു് അവളെ ഒരുക്കി.''

''എന്നിട്ടു് സരോജിനിയെ ബോംബെയിൽ കൊണ്ടുപോയോ?''

''കൊണ്ടുപോയോന്നു്! കൊള്ളാം, ഞാനവളെ വിമാനത്തിൽ കേററി പറപ്പിച്ചോണ്ടല്ല്യോ പോയതു്!''

പോത്തച്ചനു വീണ്ടും ചിരിപൊട്ടി.

കുഞ്ഞമ്മയ്ക്കു ചിരിയുടെകൂടെ പിടിച്ചിരുന്ന ജനൽക്കർട്ടനും പൊട്ടി. ജോണി കട്ടിലിൽക്കിടന്നു കുടുകുടെ ചിരിച്ചു് ഉരുണ്ടു തറയിൽ വീണു. പോത്തച്ചൻ വാസുപിള്ളയോടു ചോദിച്ചു:

''എന്നിട്ടു്?''

''സരോജിനിയും ഞാനും പിന്നെ ഒരുവർഷം കഴിഞ്ഞാണു നാട്ടിൽ വന്നതു്. നാട്ടിൽനിന്നും പോയി അഞ്ചുമാസം കഴിഞ്ഞപ്പോൾ സരോജിനി ഉഷയെ പ്രസവിച്ചു. അങ്ങനെ ഉണ്ടായതാണു് ഉഷ. കുഞ്ഞുന്നാളിൽ എങ്ങനിരുന്നു അവളെക്കണ്ടാൽ!... ചുവന്നചുവന്ന ചെമ്പരത്തിപ്പൂപോലെ. തുടുത്ത കവിളുകളും കറുത്ത വട്ടക്കണ്ണുകളും. അന്നാരു കണ്ടാലും അവളെ ഒന്നെടുത്തുമ്മവെയ്ക്കും.''

'ഇന്നും അതിനാരും മടിക്കുമെന്നു തോന്നുന്നില്ല.' എന്നു പറയാൻ പോത്തച്ചന്റെ മനസ്സിൽ തോന്നിയതാണു്. എങ്കിലും പറഞ്ഞില്ല. അതിനുപകരം അയാൾ ഇങ്ങനെ ചോദിച്ചു:

''കുഞ്ഞും തള്ളയുമായി നിങ്ങൾ നാട്ടിൽ വന്നപ്പോൾ നിങ്ങളെയാരും കളിയാക്കിയില്ലേ?''

www.malankaralibrary.com



"കളിയാക്കിയവരാണധികവും. എനിക്കതിലൊരു ദുഃഖം തോന്നിയില്ല. കാരണം, ഈ ഊശിയാക്കുകയും കുററംപറകയും ചെയ്യുന്നവരുടെ പൂർവ്വചരിത്രമൊക്കെ എനിക്കറിയില്ലേ? ഞാനും ഈ നാട്ടിലല്ലേ ജനിച്ചുവളർന്നതു്?"

"വന്നശേഷം നിങ്ങൾ ബോംബെയിൽ പോയില്ലേ?"

"പോയി, പോയി. ഒരു മാസം നാട്ടിൽ താമസിച്ചശേഷം ഞങ്ങൾ വീണ്ടും ബോംബെയ്ക്കു പോയി. പക്ഷേ, അവിടെച്ചെന്നു കുറെ കഴിഞ്ഞപ്പോൾ ശിവസേനയുടെ ശല്യവും വിഷൂചികയുടെ വിളയാട്ടവും തുടങ്ങി. തന്നിമിത്തം ഞങ്ങൾ അവിടംവിട്ടു മദ്രാസിൽ വന്നു. മദ്രാസിൽ ഞങ്ങൾ വളരെവർഷം കഴിച്ചുകൂട്ടി. അവിടെ അങ്ങനെ കഴിച്ചുകൂട്ടിയെന്നല്ലാതെ ജീവിതനേട്ടമൊന്നും ഉണ്ടായില്ല. അതുകൊണ്ടു ഞങ്ങൾ അവിടവുംവിട്ടു്, ഈ നാട്ടിന്റെ കിഴക്കേ അതിർത്തിയായ 'ആര്യങ്കാവു്' എന്നു പറയുന്ന സ്ഥലത്തു വന്നു. അപ്പോഴേക്കും ഉഷയ്ക്കു പതിനഞ്ചു വയസ്സായിരുന്നു."

## 9. സരോജിനിയുടെ അന്ത്യം

"ആര്യങ്കാവിൽ ഞങ്ങൾ ഒരു വീടു് കൂലിക്കെടുത്തു താമസമാക്കി. അവിടം റിസർവ്വ്വനത്തിന്റെ മുറിയാണു്. തന്മൂലം അവിടൊരു വീടു കിട്ടാൻ വളരെ പണിപ്പെട്ടു. അപ്പോൾ ഞങ്ങൾക്കു് ആകെ സമ്പാദ്യമായിട്ടുണ്ടെന്നു പറവാൻ സരോജിനിക്കും ഉഷയ്ക്കും കുറെ ആഭരണവും ഒരായിരം രൂപയുമായിരുന്നു. അങ്ങനെ ഞങ്ങൾ ആര്യങ്കാവിൽ താമസിക്കവേ, സരോജിനിക്കൊരു ബുദ്ധിമോശം പററി."

"അതെന്താണു്?"

"ആര്യങ്കാവുവനത്തിന്റെ മുറിയെന്നു ഞാൻ പറഞ്ഞല്ലോ. അവിടെയുണ്ടെന്നു പറവാൻ ഒരു ചൗക്കയും ഏതാനും കാപ്പിക്കടകളുമാണു്; പിന്നെ മനോഹരമായ ഒരു ഭഗവതീക്ഷേത്രവും. ആര്യങ്കാവുകൊണ്ടുമാത്രം എനിക്കു ജീവിക്കാൻ കഴിയാതെവന്നു. തന്മൂലം ഞാൻ മിക്കവാറും ചെങ്കോട്ടയിൽ പൊയ്ക്കൊണ്ടിരുന്നു. പോയാൽ ചിലപ്പോൾ ഒരു മാസം കഴിഞ്ഞേ ഞാൻ ആര്യങ്കാവിൽ മടങ്ങിവരൂ. അങ്ങനെ ഞാൻ കഴിഞ്ഞുകൂടവേ, തെന്മലക്കാരനായ ഒരു യുവാവു് ഗോപിനാഥൻ എന്നു പറയും, കൂടെക്കൂടെ ആര്യങ്കാവിലുള്ള ഞങ്ങളുടെ കുടിലിൽ വന്നുകൊണ്ടിരുന്നു."

"എന്തിനാണു് അവൻ വന്നുകൊണ്ടിരുന്നതു്?"

"അവൻ ഉഷയെ സംബന്ധം ചെയ്യാനാഗ്രഹിച്ചു. അവളെ സംബന്ധംചെയ്തുകൊള്ളാമെന്നു് അവൻ അവളുടെ അമ്മയോടു പറകയും ചെയ്തു. അവനൊരു വ്യാപാരിയാണു്. അന്നവനു മരച്ചീനിയായിരുന്നു വ്യാപാരം. തെന്മല ഒരു ഹോട്ടലിൽ താമസിച്ചുകൊണ്ടായിരുന്നു അവൻ വ്യാപാരം നടത്തിയിരുന്നതു്. ഞാൻ അവനെ കണ്ടിട്ടേയില്ല. അവൻ ഞങ്ങളുടെ താമസസ്ഥലത്തു വരുമ്പോൾ ഞാൻ ചെങ്കോട്ടയിലോ തെങ്കാശിയിലോ ആയിരിക്കും."

"എന്നിട്ടു് ഉഷയെ അവന്റെകൂടെ വിവാഹംചെയ്തയച്ചോ?"

"ഇല്ല. അതാണു പറയാൻപോകുന്നതു്. എന്റെ തൊഴിലിനു മുമ്പത്തെപ്പോലെ ആദായമില്ലെന്നു വന്നപ്പോൾ, ഞാൻ വീട്ടുകാര്യമൊന്നും നോക്കാതെ വെറും ഒരലസനായി നടക്കുന്നവനാണെന്നു് സരോജിനിക്കൊരു തോന്നൽ. ഉഷയല്ലാതെ മററു മക്കളൊന്നും ഞങ്ങൾക്കില്ലാതിരുന്നതിനാൽ, ആ തോന്നൽ അവൾക്കു വർദ്ധിച്ചുവരികയുമായിരുന്നു. തന്നിമിത്തം ചില കാര്യങ്ങളൊക്കെ എന്നോടാലോചിക്കാതെ അവൾ സ്വയം ചെയ്തുവന്നു. ഗോപിനാഥൻ ഉഷയുമായുള്ള വിവാഹം നടക്കുംമുമ്പേ, കച്ചവടത്തിനായി അഞ്ഞൂറുറുപ്പിക സരോജിനിയോടാവശ്യപ്പെട്ടു. വിവാഹംകഴിക്കാനിരിക്കുന്ന ആളാണല്ലോ എന്നു് അവൾ അവനെ വിശ്വസിച്ചു. അടുത്തുകൂടുന്ന ആ

www.malankaralibrary.com

രെയും കലവറയില്ലാതെ വിശ്വസിക്കുന്ന ഒരു പ്രകൃതക്കാരിയാണു സരോജിനി. അവൾ അഞ്ഞൂറുറുപ്പികയെടുത്തു് ഗോപിക്കു കൊടുത്തു. റുപ്പിക വാങ്ങിയശേഷം പിന്നവനെ ആ വഴിക്കു കണ്ടിട്ടുപോലുമില്ല. എന്നോടാലോചിക്കാതെ സരോജിനി നടത്തിയ കൊടുക്കൽവാങ്ങലാണിതു്.''

''നിങ്ങളുടെ ഭാര്യ സരോജിനി എത്ര മണ്ടിയായിട്ടാണു് ചുമ്മാ വഴിയേകേറിവന്നവന്റെ കൈയിൽ 500 രൂപയെടുത്തു കൊടുത്തതു്? ആർക്കായാലും മടത്തനം ഒന്നേ പററാവു. ഇതൊന്നല്ല, രണ്ടല്ല, എത്രയാണു പററിയിരിക്കുന്നതു്!''

സരോജിനിക്കു് ഒന്നിൽ കൂടുതൽ അമളിപററിയെന്നു പോത്തച്ചൻ ഹിൻറ്മാത്രമായിട്ടേ പറഞ്ഞുള്ളു. എം. ഏ. ക്കാരൻ രവീന്ദ്രൻ അവളെ ചതിച്ചതും സവ്വോപരി പടുകിഴവനായ വാസുപിള്ളയെ ഭർത്താവായി സ്വീകരിച്ചതുമായിരുന്നു അതു പറഞ്ഞപ്പോൾ അയാളുടെ മനസ്സിൽ.

പോത്തച്ചൻ പറഞ്ഞതേപ്പററി വാസുപിള്ള അത്രയൊന്നും ചുഴിഞ്ഞുനോക്കാൻപോയില്ല. എങ്കിലും സ്വന്തം ഭാര്യ മണ്ടത്തരമാണു് കാണിച്ചതെന്നു പോത്തച്ചൻ പറഞ്ഞതു് വാസുപിള്ളയ്ക്കൊട്ടും രസിച്ചില്ല. അയാൾ പറഞ്ഞു:

''ഏമ്മാന്നേ, ഈ ലോകത്തിൽ അമളിപിണഞ്ഞിട്ടില്ലാത്തതു് ആർക്കാണു്? എല്ലാർക്കും പിണഞ്ഞുകാണും. ഒന്നല്ല ഒൻപതു പിണഞ്ഞാലും, പിന്നെയുംചെന്നു് അതിനേക്കാൾ വല്യ അബദ്ധത്തിൽ ചാടീട്ടുള്ളവരാണു് ഈ ബുദ്ധിമാന്മാരെന്നു നടിച്ചു നടക്കുന്നവരിൽ അധികവും. അങ്ങനെയെങ്കിൽ വല്യ പഠിത്തമൊന്നുമില്ലാത്ത സരോജിനിക്കു തെററുപററിയതിൽ എന്തത്ഭുതപ്പെടാനിരിക്കുന്നു?''

''ശരി, അതുപോകട്ടെ. നമുക്കു പറഞ്ഞതു തുടരാം. എന്നിട്ടാ ഗോപിനാഥനെ തേടി ആരും പോയില്ലേ?''



''അവിടംതൊട്ടങ്ങോട്ടുള്ള സംഭവങ്ങൾ പറയാൻ എനിക്കു കരുത്തുപോരാ.''

അതു പറഞ്ഞപ്പോൾ വാസുപിള്ളയുടെ കണ്ണുകളിൽ കണ്ണീരു പൊടിഞ്ഞു. ശബ്ദമിടറി. അയാൾ കണ്ണീരൊപ്പിയശേഷം കഥയാരംഭിച്ചു:

''എന്നോടു ചോദിക്കാതെ ഗോപിക്കു് അഞ്ഞൂറുരൂപാ കൊടുത്തതുകൊണ്ടു ഞാനറിഞ്ഞാൽ കുററപ്പെടുത്തുമെന്നു് അവൾ നിരൂപിച്ചു. അങ്ങനെ എന്നോടു പറയാതെ രണ്ടുമൂന്നാഴ്ച, ആ സംഗതി അവൾ മനസ്സിൽ ഒളിച്ചുവച്ചുകൊണ്ടു നടന്നു. ഒരു ദിവസം ഞാൻ അവിടില്ലാത്ത തക്കം നോക്കി ഉഷയെ വീട്ടുകാവലേല്പിച്ചിട്ടു വൈകിട്ടു് അഞ്ചുമണിയോടുകൂടി സരോജിനി തെന്മലയ്ക്കു പോയി. ഗോപിയെ തേടിയാണു് അവൾ തെന്മലയ്ക്കു പോയതു്.

''ഗോപിനാഥൻ താമസിക്കുന്ന ഹോട്ടലിൽ രാത്രി ഒരു പത്തുമണിയോടുകൂടി സരോജിനി ചെന്നുചേർന്നു. അപ്പോൾമാത്രമേ അയാൾ അയാളുടെ മരച്ചീനിവ്യാപാരമൊക്കെ കഴിഞ്ഞു് ആ ഹോട്ടലിൽ വന്നുചേരുകയുള്ളുവെന്നും അവൾക്കറിയാമായിരുന്നു. സരോജിനി ഗോപിയെ കണ്ടു് 'ഒന്നുകിൽ എന്റെ രൂപാ തരണം. അല്ലെങ്കിൽ മകളെ സംബന്ധംചെയ്യണം' എന്നു നിബ്ബന്ധിച്ചു പറഞ്ഞു. ഗോപി ഇതു രണ്ടും നിഷേധിച്ചു. അതിൽ സരോജിനി അത്യധികം ചൂടായി. രണ്ടുപേരും പരസ്പരം വാഗ്വാദം തുടങ്ങി. ആ ഹോട്ടലിലെ ജീവനക്കാരെല്ലാം ഗോപിനാഥന്റെ വശംപിടിച്ചു. എന്നിട്ടു് അവരെല്ലാവരുംകൂടി സരോജിനിയെ അതുമിതും പറഞ്ഞു് ഒത്തിരി പരിഹസിച്ചു. സരോജിനിയും ഒട്ടും കുറയ്ക്കാൻ പോയില്ല. അങ്ങനെ വഴക്കു വളരെ മൂത്തു. രാത്രിയും വളരെയായി. അവർ സരോജിനിയെ വളരെ ദേഹോപദ്രവമേല്പിച്ചു. എന്തിനധികം, അവർ അവളെ തല്ലിക്കൊന്നു. അവിടെനിന്നും ഒരു മൈലകലെ ആര്യങ്കാവിലേക്കു പോരുംവഴി ഒരു പൊട്ടക്കിണറുണ്ടു്. അവളെ അവർ അതിൽക്കൊണ്ടിട്ടു.''

''എന്നിട്ടതിനു കേസ്സൊന്നുമില്ലായിരുന്നോ?''

www.malankaralibrary.com

''ഗവണ്മെൻറ് കേസ്സെടുത്തു. അക്കാര്യത്തിൽ സർക്കാരിന്റെഭാഗത്തു യാതൊരു കുററവുമില്ല. തെന്മല, ഹോട്ടൽജീവനക്കാരുടെ സെൻററാണെന്നോർക്കണം. സരോജിനി തന്നെത്താൻ കിണററിൽ ചാടി മരിച്ചതാണെന്നു ഹോട്ടലുകാരെല്ലാം ഒന്നുപോലെ മൊഴികൊടുത്തു. തെളിവില്ലാതെ സർക്കാർ എന്തുചെയ്യും? അവർ കേസ്സ് റഫറെഴുതിത്തള്ളിക്കളഞ്ഞു.''

''ഗോപിനാഥൻ!'' പോത്തച്ചൻ ആ നാമധേയം രണ്ടു വട്ടം നിർത്തിപ്പറഞ്ഞു. എന്നിട്ടു തുടർന്നു:

''എന്തൊരു പരിപാവനമായ പേരാണ്! അവൻ ആ പാവപ്പെട്ട സ്ത്രീയുടെ പണം അപഹരിച്ചതോ അങ്ങേയറ്റത്തെ ആത്മവഞ്ചന. അതിനുംപുറമേ അവളുടെ ആത്മാവിനെക്കൂടി അപഹരിച്ചെടുത്തതു് എന്തു കഷ്ടമാണ്!''

''ഏമ്മാന്നേ, ഞാനൊന്നു ചോദിച്ചോട്ടേ. ഈ പേരിലോ, പ്രസംഗത്തിലോ ഇക്കാലത്തു വല്ല അർത്ഥവുമുണ്ടോ?''

''അതെന്താ, പ്രസംഗത്തിൽ അർത്ഥമൊന്നുമില്ലെന്നു പറഞ്ഞതു്?''

''അയ്യോ! ഈ നല്ലകാര്യം പ്രസംഗിക്കുന്നവരിലധികപങ്കും അതു കഴിഞ്ഞാലുടൻ ചെയ്യുന്നതെന്താണെന്നു് അറിയാമോ? വ്യഭിചാരവും കള്ളക്കമ്മട്ടവും കഴുത്തറുക്കലും. ഈ സുപ്രഭാഷണത്തിനു് ഈയിടെ ഒരു നല്ല പര്യായപദം ഇറങ്ങിയിട്ടുണ്ടു്.''

''അതെന്താണു്?''

''ബോറൻ വിടുവാ.''

''എന്നു പറഞ്ഞാൽ?''

''പ്രസംഗവേദിയിൽ കയറിനിന്നു മനുഷ്യൻ തന്റെ ജീവിതത്തിൽ കൊണ്ടുവരേണ്ട ആദ്ധ്യാത്മികമൂല്യങ്ങളും, മാനുഷികമൂല്യങ്ങളും എന്നിവയെപ്പററി സുന്ദരമായി തകൃത്തുപ്രസംഗിക്കുക. അതേസമയം ആ പ്രസംഗകനിൽ ആവക ഗുണങ്ങളുടെ ലാഞ്ഛനപോലും കാണാതിരിക്കുക. ഇതിനാണു് 'ബോറൻ വിടുവാ' എന്നു പറയുന്നതു്.''



''പ്രസംഗിക്കുന്ന ആളിൽ ഈവക നല്ല ഗുണങ്ങളൊന്നും ഇല്ലെങ്കിൽ അയാൾ പിന്നെന്തിനാണു് ഈ മെനക്കേടിനു് ഇറങ്ങിത്തിരിക്കുന്നതു്?''

''അതെല്ലാം ഒരു ചടങ്ങുനിർവ്വഹണത്തിനുവേണ്ടി മാത്രം.''

''എങ്കിലും ഇന്നത്തെ പ്രസംഗം കേൾക്കാനും ആളുകൾ കണ്ടമാനം കൂടുന്നുണ്ടല്ലോ; അതാണതിശയം!''

''ഏമ്മാന്നേ, ഈ വന്നകാലത്തു മനുഷ്യർക്കാണോ പഞ്ഞം? അതു പറഞ്ഞപ്പോൾ ഒരു സംഭവം എന്റെ ഓർമ്മയിൽ വരുന്നു. ഒരു പ്രൊഫസ്സർ കുട്ടികളെ പഠിപ്പിക്കുകയായിരുന്നു. ലത്തീനിലാണു പഠിപ്പിച്ചതു്. അപ്പോൾ അദ്ദേഹം ബ്ലാക്ക്ബോർഡിൽ ഒരു മനുഷ്യന്റെ പടം വരച്ചു. വെറും വരകൊണ്ടുള്ള ഒരു മനുഷ്യന്റെ കോലം. എന്നിട്ടു വിദ്യാർത്ഥികളോടു പറയുകയാണു്: 'വിദേത്തിസ് സ്തുദേന്തെസ്, ഇല്ലേ ഹോമോ, നോൺ പൊത്തെസ്റ്റ് ലിബെരാരെ, സേദ് പൊത്തെസ്റ്റ് പ്രൊക്രെയരെ, വിചേസിമും ഫീലിയോസ്.' (നോക്കിൻ കുട്ടികളെ. ആ മനുഷ്യനെ നോക്കൂ. അവനു ജോലിചെയ്യാൻ കഴിവില്ല. എല്ലും തൊലിയുമേയുള്ള എന്നർത്ഥം. എന്നിരിക്കിലും ഇരുപതു മക്കളെ ജനിപ്പിക്കാൻ അവനു കഴിയും.) അപ്പോൾ മനുഷ്യർക്കെന്താണു പഞ്ഞം?''

''ആകട്ടെ, ഈ മനുഷ്യരെക്കൊണ്ടു വല്ല പ്രയോജനവുമുണ്ടോ?''

''ഉണ്ടെന്നും ഇല്ലെന്നും പറയാം. എന്തെന്നാൽ നോക്കുന്നിടത്തെല്ലാം വെള്ളം. കുടിക്കാൻ കൊള്ളാവുന്ന വെള്ളം വളരെ കുറവാണു്. എന്നു പറഞ്ഞപോലെ മനുഷ്യരുണ്ടു്; എന്നാൽ മനുഷ്യരില്ല. ബസ്സുണ്ടു്; ബസ്സില്ല. കോളേജുണ്ടു്; കോളേജില്ല. ഇലക്ട്രിസിററിയുണ്ടു്; ഇലക്ട്രിസിററിയില്ല.''

www.malankaralibrary.com


''അതു പോകട്ടെ, നമുക്കു വിഷയത്തിലേക്കു കടക്കാം. സരോജിനി നഷ്ടപ്പെട്ടതിൽപ്പിന്നെ നിങ്ങൾ ആര്യങ്കാവിൽ താമസിച്ചില്ലേ?''

വാസുപിള്ള തുടർന്നു:

''ഇല്ല. ഭാര്യയും നഷ്ടപ്പെട്ടു് തൊഴിലുകൊണ്ടു് ഗുണവും ഇല്ലാതായിത്തീർന്നപ്പോൾ ഞങ്ങൾ നേരെ ഇങ്ങോട്ടു പോന്നു. ഇവിടെ വന്നതിനുശേഷവും വളരെനാൾ കൈനോട്ടവും ജ്യോതിഷവുംകൊണ്ടു് ചുമ്മാതെ കറങ്ങിനടക്കുകയായിരുന്നു.''

''ഇവിടെ വന്നപ്പോൾ കൈയിൽ പൈസയൊന്നുമില്ലായിരുന്നോ?''

''കഷ്ടിച്ചു വന്നുചേരാനുള്ള പൈസയേ ഉണ്ടായിരുന്നുള്ളു.''

''പിന്നിതുവരെ എങ്ങനെ ജീവിച്ചു?''

''ഉഷയ്ക്കു കുറെ ആഭരണങ്ങൾ ഉണ്ടായിരുന്നു. അതു വിററുതിന്നു ജീവിച്ചു.''

''കൊള്ളാം! ഉഷയുടെ കഥകേട്ടിട്ടു് വളരെ സംഭവബഹുലമായിരിക്കുന്നല്ലോ!''

''ഇത്രയുമൊന്നുമല്ല. പിന്നെ ഏമാന്നു സമയക്കുറവായതുകൊണ്ടു് ഞാൻ വളരെ ചുരുക്കിപ്പറഞ്ഞതാണു്.''

''ശരി, ആ ഗോപിനാഥനെപ്പററി പിന്നെ യാതൊരു വിവരവുമില്ലേ? എവിടെയാണവന്റെ സ്വദേശം?''

''കൊട്ടാരക്കരെയ്ക്കു് അടുത്താണെന്നാണു പറയുന്നതു്. അവൻ സർവ്വത്ര ചതിയനാണെന്നേ! ഏമ്മാന്നെ ചതിക്കാൻ ചിലപ്പോൾ ഇവിടെയും വന്നേക്കാം.''

''വാസുപിള്ളച്ചേട്ടനു് അവനെ കണ്ടാലറിയാമോ?''

''എനിക്കറിഞ്ഞുകൂടാ? ഉഷയ്ക്കുറിയാം.''

''ശരി; ബാക്കിയുള്ള സംഗതി നമുക്കു ഹിന്ദിയിൽ സംസാരിക്കാം. എനിക്കു ഹിന്ദിയിൽ സംസാരിക്കുന്നതു വളരെ ഇഷ്ടമാണു്. ഹിന്ദിയും ഇംഗ്ലീഷുമൊക്കെ വാസുപിള്ളച്ചേട്ടനു നല്ല വശമാണെന്നല്ലേ പറഞ്ഞതു്? സുറിയാനിഭാഷ അറിയാമോ?''

''ഹിന്ദി മാലൂം ഹൈ. സുറിയാനി ബിൽകുൽ നഹിം. ക്യാ ഹുസൂർ കൊ അച്ഛീത്തരഹ് ഹിന്ദി മാലൂം ഹൈ?''

''അച്ഛീത്തരഹ് നഹിം. ഥോഡാ ഥോഡാ മാലൂം. അച്ഛാ! ഉഷാ സേ തുംകൊ കഹ്നാ ഹൈ കി, അഗർ ഗോപിനാഥൻ ഇധർ കഹിം ആവെ തോ മുഝേ സമഝാനാ ഹൈ. ഉഷാ സെ കഹ്നാ ഹൈ കി വഹ് രോസ് സബേരേ ആകർ മുഝ്സേ മിലേ. ഗ്രേഡിംഗ് മെ ആനേ പർ വഹ് ഖുഷ് ഹേനാ?''

''ഹുസൂർ കി കൃപാ സേ...''

''ബഹുത്തു് അച്ഛാ, ദേർ ബഹുത്തു് ഹോ ഗയീ. തും ജാവോ. കഹ്നാ ഹൈ കി, ഉഷാ കൊ സത്വർ ആനാ ചാഹിയെ. ഭൂൽ നാ മത്തു്. യഹ് രുപ്പിയാ ഭീ രഖ്ലോ.''

അതു പറഞ്ഞിട്ടു പോത്തച്ചൻ പേഴ്സ് തുറന്നു് ഒരഞ്ചു രുപ്പികകൂടി എടുത്തു വാസുപിള്ളയ്ക്കു കൊടുത്തു. അയാൾ പോത്തച്ചനെ വണങ്ങി യാത്രയായി.

## 10. പുഴക്കുത്തുപണിക്കാർ

ഒരണ്ടിയാപ്പീസിൽ ഷെല്ലിംഗ് (തല്ലൽ), പീലിംഗ് (തൊലികളയൽ), ഗ്രേഡിംഗ് (തരംതിരിക്കൽ) ഇങ്ങനെ അനുക്രമം മൂന്നു വകുപ്പുകളാണുള്ളതു്. ഇവയിൽ ഗ്രേഡിംഗാണു് ഏററവും ഉയർന്ന വകുപ്പു്. പ്രസ്തുത വകുപ്പിൽ, തല്ലിയെടുത്തു് തൊലികളഞ്ഞു കിട്ടുന്ന അണ്ടിപ്പരിപ്പു്, വലിപ്പച്ചെറുപ്പവും നൽപ്പതിൽപ്പുമനുസരിച്ചു്, വിദേശവിപണികളിലയയ്ക്കത്തക്കവണ്ണം തരംതിരിച്ചു് ശരിപ്പെടുത്തുന്നു.

ഗ്രേഡിംഗിൽ ഉദ്ദേശം 200 സ്ത്രീകൾ വേലചെയ്യുന്നുണ്ടു്. ഷെല്ലിംഗിലോ പീലിംഗിലോ വേലചെയ്യുന്ന സ്ത്രീകളെപ്പോലൊന്നുമല്ല ഗ്രേഡിംഗിലെ സ്ത്രീകൾ. അവരുടെ ഡ്രെയിഡും ഗമയും ഒന്നു വേറെയാണു്. തല്ലി

www.malankaralibrary.com

തൊലികളഞ്ഞ നല്ല മുല്ലമൊട്ടുപോലിരിക്കുന്ന ശുദ്ധവെള്ളപ്പരിപ്പാണു് അവർ കൈകാര്യംചെയ്യുന്നതെന്നു് അറിഞ്ഞിരിക്കണം. അതനുസരിച്ചിരിക്കും അവരുടെ വസ്ത്രധാരണവും വേഷസംവിധാനവും. നെററിയിൽ സിന്ദൂരപ്പൊട്ടിട്ടു്, കണ്ണിൽ സുറുമയെഴുതി കണ്ഠത്തിൽ നവീനഫാഷനിലുള്ള സ്വർണ്ണമാലയും അണിഞ്ഞു്, കഴുത്തുവിസ്താരമുള്ള ബ്ലൗസ്സും ധരിച്ചാണു് അവരുടെ ഇരുപ്പു്. അവരിലധികംപേരും അവിവാഹിതരും പതിനാറിനും ഇരുപത്തിയഞ്ചിനും മദ്ധ്യേ പ്രായമുള്ളവരുമായിരിക്കും.

ഷെല്ലിംഗുകാരും പീലിംഗുകാരും ഇരുന്നു ജോലിചെയ്യുന്നതു് തറയിടിഞ്ഞു കന്നുകാലിത്തൊഴുത്തുമാതിരി കിടക്കുന്ന ഷെഡ്ഡിലാണു്. അവരുപയോഗിക്കുന്ന വട്ടി, കുട്ട, മുറം ഇവയൊക്കെ ഈററൽപ്പൊളികൊണ്ടുണ്ടാക്കിയതുമാണു്. പ്രത്യുത ഗ്രേഡിംഗുകാർ ഇരിക്കുന്നിടമോ? അവർ ഇരിക്കുന്നിടം വെടിപ്പുള്ളതും വൃത്തിയുള്ളതും ഒന്നാന്തരമായി സിമൻറുചെയ്യപ്പെട്ടതുമാണു്. അവർ കൈകാര്യംചെയ്യുന്ന കുട്ട, വട്ടി തുടങ്ങിയവ അലൂമിനിയംകൊണ്ടു നിർമ്മിക്കപ്പെട്ടവയത്രെ.

ഗ്രേഡിംഗിൽ വെള്ളപ്പരിപ്പുമാത്രം തിരിയുന്നവർ എൺപതോളംപേർ വരും. അതിലാണു് ഉഷ. വെള്ളപ്പരിപ്പു് നൂററിയറുപതുപൗണ്ടാണു് ഒരു തൊഴിലാളിയുടെ വക്കു്ലോഡു്. ഒരുദിവസം ഒരാളവനുസരിച്ചു ജോലിചെയ്യാൻ കൊടുക്കുന്ന പരിപ്പിനാണു് വക്കു്ലോഡു് എന്നു പറയുന്നതു്. 210, 240, 320, 450 ഇങ്ങനെ നാലു സൈസായി തിരിഞ്ഞു് നാലു വട്ടിയിലാക്കണം. ഏററവും ഒന്നാംതരമായ കശുവണ്ടിപ്പരിപ്പിനാണു് 210 എന്നു നമ്പരിട്ടിരിക്കുന്നതു്. ഏററവും മുഴുത്ത പരിപ്പും അതാണു്. ഒന്നാംതരത്തിനു് 210 എന്നു പേരിടാൻ കാരണം: ആ പരിപ്പിൽനിന്നും ഒരുറാത്തൽ പരിപ്പു തൂക്കി വേറെ മാററിയിട്ടു് എണ്ണിനോക്കിയാൽ ഇരുനൂററിപ്പത്തല്ലാതെ ഒരെണ്ണം അധികമോ കുറവോ കാണുകയില്ല.

അതുപോലെതന്നെയായിരിക്കും ബാക്കിയുള്ള പരിപ്പുകളും തൂക്കി എണ്ണിനോക്കിയാൽ. അങ്ങോട്ടോ ഇങ്ങോട്ടോ, ഒരൊററ പരിപ്പിനു വ്യത്യാസം വരില്ല; തീർച്ച. ഇതിൽനിന്നുമാണു മനസ്സിലാക്കേണ്ടതു് ഗ്രേഡിംഗുകാരുടെ വിശേഷത.



കശുവണ്ടി രണ്ടുതരത്തിൽ വറുക്കുന്നുണ്ടു്. ഒന്നു് ഓയിൽബാത്തു് റോസ്റ്റിങ്ങു്: പുഴുങ്ങിവറുപ്പു് എന്നു പറയും. തിളച്ചുകിടക്കുന്ന തോട്ടെണ്ണയ്ക്കകത്താണു് മേൽപ്പറഞ്ഞ വറുപ്പു നടത്തുന്നതു്. മൂന്നു മിനിട്ടുനേരമേ എണ്ണയ്ക്കകത്തു കിടത്തുകയുള്ളു. എണ്ണയ്ക്കകത്തു വറുക്കുന്ന അണ്ടിയുടെ നിറം ബ്രൗണായിരിക്കും. മറെറാന്നു് ഡ്രം റോസ്റ്റിങ്ങു്. കരിച്ചു വറുപ്പെന്നാണു് അതിനു പറയുക. കരിച്ചുവറുപ്പിലെ കശുവണ്ടിപ്പരിപ്പിനായിരിക്കും കൂടുതൽ രുചി.

വറുത്തെടുക്കുമ്പോൾ കുറച്ചൊക്കെ കരിഞ്ഞുപോകും. ആ കരിവിനു് എസ്സ്. ഡബ്ലിയു. എന്നാണു പറയുക. മൂർച്ചയുള്ള പിച്ചാത്തികൊണ്ടു ചുരണ്ടികളഞ്ഞാൽ അതു വെള്ളപ്പരിപ്പായി.

പീലിംഗ്വകുപ്പിൽനിന്നു് തൊലികളഞ്ഞും സാമാന്യം തരംതിരിച്ചും ലഭ്യമാകുന്ന പത്തിനം പരിപ്പിന്മേലാണു് ഗ്രേഡിംഗുകാർ പണിചെയ്യുന്നതു്. പണി എത്തിനത്തിന്മേൽ ചെയ്താലും കൂലി ഒരുദിവസം രണ്ടുറുപ്പികഅൻപതുപൈസ കിട്ടും. അളന്നുകൊടുക്കുന്ന വക്കു്ലോഡു് മുഴുവനും ചെയ്തുതീർത്താ മേല്പറഞ്ഞ കൂലി കിട്ടൂ.

കുറഞ്ഞ തൂക്കമുള്ള പരിപ്പുകൾ ശരിപ്പെടുത്തിയെടുക്കുവാനാണു് ഏറെപ്പണി. ഒററപ്പുഴക്കളും ഇരുപ്പുഴക്കളും പൊടിപ്പുഴക്കളുമാണു് ഏററവും കുറഞ്ഞ തൂക്കമുള്ള പരിപ്പുകൾ. അവയ്ക്കു് വി. കെ. എന്നാണു പേരു്.

പുഴക്കളുള്ള മുഴുവൻപരിപ്പിൻെറ കുറപ്പടയാളമുള്ളിടം വേറെ, പിളർപ്പു വലുതായിട്ടെടുക്കാമെങ്കിൽ അതു വേറെ, പിച്ചാത്തികൊണ്ടു ചീകിയാൽ മാറുന്ന പുഴക്കളാണെങ്കിൽ ചീകിയെടുത്ത പരിപ്പു വേറെ, അതിൻെറ പൊടി വേറെ, ഇങ്ങനെ ഇരുപതോളം വട്ടികൾ ചുററും നിരത്തിവച്ചുകൊണ്ടാണു് വി. കെ. വക്കു്ലോഡായി സ്വീകരിക്കുന്നവർ പണിചെയ്യുവരുന്നതു്.

www.malankaralibrary.com

പുഴക്കുത്തുപണിക്കാരുടെ കൈയിൽ പുഴക്കുത്തുള്ള വേലത്തരങ്ങൾ എമ്പാടും ഇരിപ്പുണ്ട്. മേസ്തിരിമാർ കൂടെ നിന്നില്ലെങ്കിൽ അവർ പരിപ്പുകളെല്ലാം അരിഞ്ഞരിഞ്ഞു പൊടിയാക്കിക്കളയും. കാരണം, ഓരോ പുഴക്കുത്തുമുള്ള പരിപ്പെടുത്ത് പ്രത്യേകം പ്രത്യേകം തരംതിരിക്കുകയെന്നു പറഞ്ഞാൽ അതല്പം ചങ്കിൽക്കൊള്ളുന്ന പണിയാണ്. അരിഞ്ഞരിഞ്ഞു പൊടിയാക്കിയാൽ ആ പൊടിപ്പരിപ്പിനു മറ്റെല്ലാ പരിപ്പുകളേക്കാൾ മാർക്കറ്റിൽ തുലോം വില കുറവായിരിക്കും.

എല്ലാ അണ്ടിയാപ്പീസിലും ആൺമേസ്തിരിമാരും പെൺമേസ്തിരിമാരും ഉള്ളതുപോലെ പോത്തച്ചന്റെ ആപ്പീസിലുമുണ്ട് ഇരുകൂട്ടരും. മേസ്തിരിമാർ മാസശമ്പളക്കാരാണ്; അവർക്കു പ്രതിമാസം നൂറ്റിഇരുപതു റുപ്പിക ശമ്പളമുണ്ട്. ശമ്പളത്തിനുപുറമെ, തൊഴിലാളികളിൽനിന്നും. കൈക്കൂലിയിനത്തിൽ അല്പസ്വല്പം വല്ലതും കിട്ടിക്കൊണ്ടിരിക്കയും ചെയ്യും.

ഇടയ്ക്കിടെ ആൺമേസ്തിരിമാരുടെ ചങ്ങാത്തം പറ്റിപ്പിടിച്ചു നടക്കുന്ന തൊഴിലാളിസ്ത്രീകൾ ഇക്കൂട്ടത്തിൽ ധാരാളമുണ്ട്. ചിലർ വീട്ടിൽനിന്നു പാലുകാച്ചി കുപ്പിയിലടച്ച് മേസ്തിരിമാർക്കു കൊണ്ടുവന്നു കൊടുക്കും. അതിനു വശമില്ലാത്തവർ കാപ്പിക്കടകളിൽനിന്നും കാപ്പി വാങ്ങിക്കൊണ്ടുവന്നു കൊടുക്കും. അതിനുംപുറമെ ആഴ്ചതോറും പണം കിട്ടുമ്പോൾ ഒരു രൂപയുടെ പൈസയെങ്കിലും കൊടുക്കും. ഗ്രേഡിംഗിൽ ജോലിചെയ്യുന്ന ഒരു സ്ത്രീ തന്റെ മേലധികാരിയായ മേസ്തിരിക്ക് ഇങ്ങനെയൊക്കെ നന്മചെയ്താൽ അവൾക്കു വർക്ക് "ലോഡ്" കുറച്ചുകൊടുക്കും. പുഴക്കുത്തുപരിപ്പ് അരിഞ്ഞു പൊടിയാക്കുന്നതു കണ്ടാൽ കണ്ണടച്ചുകളയും. അതുപോലെ മുഴുവൻപരിപ്പിൽ കത്തിപ്പാട് കണ്ടാൽ കണ്ടില്ലെന്നുവയ്ക്കും. മുഴുവൻപരിപ്പിൽ കത്തിയുടെ പാട് ലേശംപോലും കണ്ടുകൂടാത്തതാണ്.

ഒരുദിവസം ഉഷ തന്റെ സഖിയായ ഗ്രേസിയെ കാണാൻ പോയി. അവളെ അവളുടെ മുറിയിൽ നോക്കി.



അവിടെങ്ങും കണ്ടില്ല. ഉഷ ഭഗ്നാശയായി തിരിച്ചു നടന്ന് ആ വിശാലമായ വസ്തുവിന്റെ വടക്കുവശമുള്ള ഗേറ്റിനെ സമീപിച്ചു. അപ്പോൾ 'ഉഷേ, ഉഷേ' എന്നൊരു വിളി തെല്ലകലെ കേട്ടു. ഉഷ ചുറ്റുപാടും നോക്കി. കേട്ട ശബ്ദം ഗ്രേസിയുടേതാണെന്നു മനസ്സിലായി. പക്ഷേ, അങ്ങനെ ഒരാളെ അവിടെങ്ങും കാണ്മാനില്ല. ഒടുവിൽ അങ്ങകലെ കടപുഴകിക്കിടക്കുന്ന ഒരു പടപ്പൻ പറങ്കിമാവിന്റെ ചില ശിഖരങ്ങൾ ശക്തിയായി ചലിക്കുന്നതു കണ്ടു. അവൾ അങ്ങോട്ടു നടന്നടുത്തു. നടന്നപ്പോൾ കണ്ടത് ഒരു പതിനഞ്ചടി ഉയരത്തിൽ പറങ്കിമാവിന്റെ കൊമ്പിൽ കയറി നില്ക്കുന്ന ഗ്രേസിയെയാണ്. ഉഷ ഗ്രേസിക്കു കാണത്തക്കവണ്ണം വന്നുനിന്നു മൂക്കത്തു വിരൽ വച്ചുകൊണ്ട് ഇങ്ങനെ ചോദിച്ചു:

''എന്റീശ്വരാ, ഇതെന്തൊരു വേലയാണ്? ഇതു വല്ലവരും കണ്ടാലെന്തു പറയും?''

''ആരെന്തോ പറയാനാടീ? ഞാനെന്റെ പറങ്കിമാവിലാണു കേറിനില്ക്കുന്നത്? അതും എന്റെ പറമ്പിൽ. ആർക്കാണതിലിത്ര നഷ്ടം?''

''ആർക്കും നഷ്ടമൊന്നുമില്ല ചേച്ചീ! നഷ്ടമില്ലെന്നു കരുതി പെണ്ണുങ്ങൾ മരത്തിന്മേൽ കയറാറുണ്ടോ?''

''ഓഹോ, നൂറുവട്ടം കയറും. പക്ഷേ, ഞാനിവിടെ കയറി നില്ക്കുന്നത് ചുമ്മാതൊന്നുമല്ല, ചന്ദ്രനിലേക്കു പോകാനാ. എന്നെ കൊണ്ടുപോകാനിപ്പോൾ വിമാനം വരും. നീയുംകൂടി പോരു്. പോരുന്നോ?''

''വേണ്ടാ, വേണ്ടാ. ഞാൻ വരുന്നില്ല ചേച്ചീ! എനിക്കൊരു സ്റ്റൂളിൽ കയറി നിന്നാൽ മതി, തലകറങ്ങി താഴെ വീഴും. ചേച്ചിയിറങ്ങിവാ. എന്റെ പൊന്നു ചേച്ചിയല്ല്യോ.''

ഉഷയുടെ സ്നേഹംനിറഞ്ഞ പെരുമാറ്റം ഗ്രേസിയെ കശുമാവിൽനിന്നും താഴെയിറക്കി. അനന്തരം അവളെ അവളുടെ മുറിയിൽ കൊണ്ടാക്കുകയും ചെയ്തു.

ഇൻഡ്യയിൽ സുമാർ നൂറ്റിയെഴുപതു കശുവണ്ടി ഫാക്ടറികളാണുള്ളത്. അതിൽ സ്ഥായിയായ കശുവ

www.malankaralibrary.com

ണ്ടിയുടമസ്ഥർ ഓരോരുത്തരും പെട്ടെന്നു് എഴെട്ടു കുടി
വറുപ്പുഷെഡ്ഡുകൾ താൽക്കാലികമായി സ്ഥാപിച്ചു. അവ
ടെല്ലാം അണ്ടിവറുപ്പും അണ്ടിതല്ലുമൊക്കെ ക്രമപ്പെടുത്ത
നിലവിലിരിക്കുന്ന ഫാക്ടറികളിൽ ജോലി നടന്നു
ണ്ടിരിക്കവേയാണു് ഇവരിങ്ങനെ പ്രവർത്തനം ആരം
ച്ചതു്.

ഈ കുടിവറുപ്പുമൂലം അവിടെ അണ്ടിതല്ലാനും തൊ
ലികളയാനും പുതുതായി പ്രവേശിപ്പിക്കുന്ന പെണ്ണുങ്ങ
ക്കു് എന്തെങ്കിലും കൂലി കൊടുത്താൽ മതിയാവും. അ
ക്കു് വാർഷികബോണസ്, പ്രസവവേതനം ആദിയാ
വയൊന്നും കൊടുക്കേണ്ട കാര്യവുമില്ല. തൊഴിലുടമകള
നിലവിലിരിക്കുന്ന ഫാക്ടറികളെ അപേക്ഷിച്ചു് ഇ
കുടിവറുപ്പുമൂലം അവർക്കു് ഓരോ ചാക്ക കശുവണ്ടിയിലു
കുറഞ്ഞതു് പതിനഞ്ചുറുപ്പിക ലാഭമുണ്ടാക്കാൻ കഴിയു

വാർഷികബോണസ്സും പ്രസവവേതനവും ലഭി
കൊണ്ടിരിക്കുന്ന തൊഴിലാളികൾക്കു് മേൽപ്പറഞ്ഞ കു
വറുപ്പു് ഒരു കനത്ത ആഘാതമായി ഭവിച്ചു. അവരൊ
ടങ്കമിളകി. കുടിവറുപ്പു് നിരോധിക്കണമെന്നു ഗവ
ൺറിന്റെ അടുക്കൽ അവർ പരാതിപ്പെട്ടു. ഗവണ്മെൻ
ഒരു ഓർഡിനൻസ്മൂലം കുടിവറുപ്പു നിരോധിച്ചു;
ങ്കിലും എല്ലാവരും അതു കൈക്കൊണ്ടില്ല.

കശുവണ്ടിത്തൊഴിലാളികൾ തുടങ്ങിയ സമ
മിനിമംവേജസ് സംബന്ധിച്ചുണ്ടായ ഒത്തുതീർപ്പ
സ്ഥാനത്തിലാണു് പിൻവലിക്കപ്പെട്ടതു്. ഏതാണ
ഇരുപത്തിയഞ്ചുദിവസം പണിമുടക്കിൽത്തന്നെ സക
ഫാക്ടറികളും അടച്ചിടേണ്ടിവന്നു.

ഒടുവിൽ കുടിവറുപ്പു് പരിപൂർണ്ണമായി നിറുത്തപ്പെ
മൊത്തം തൊഴിലാളികളുടെയും ശമ്പളത്തിൽ ചില വ
നവുകൾ വരുത്തി. ഷെല്ലിങ്ങിൽ ഒരു കിലോ പരിപ്പി
ഇരുപതുപൈസ കൂലിയുണ്ടായിരുന്നതു നാല്പതാക്ക
പീലിങ്ങിൽ ഇരുപത്തിനാലു് ആയിരുന്നതു് നാല്പത
യെട്ടാക്കി.



അണ്ടിയാപ്പീസിൽ പണിമുടക്കം വന്നപ്പോൾ ഉഷയ്ക്കു ജോലിയില്ലാതെവന്നു. അവൾ ഉമാദേവിയുടെ വീട്ടിൽ ജോലിക്കു നില്ക്കാൻ തുടങ്ങി. രാവിലെ എട്ടുമണിക്കു പോകും; വൈകിട്ടു് അഞ്ചുമണിക്കു തിരികെ വരും.

ഉമാദേവിക്കു പുലബന്ധമുള്ള ഒരു വീടു് കുറച്ചു വടക്കുമാറി ഉണ്ടു്. ഒരുദിവസം രാവിലെ അവർ അങ്ങോട്ടുപോയി. സാധാരണ എങ്ങും യാത്രയില്ല; പിന്നെ യാദൃച്ഛികമായി അങ്ങനെയൊന്നു സംഭവിച്ചെന്നു മാത്രം. വൈകിട്ടു തിരിച്ചുവരുമെന്നും പറഞ്ഞാണു പോയതു്. ഉമാദേവിയുടെ അച്ഛൻ രാമൻപിള്ളയും രാമകുമാറും മാത്രമേ വീട്ടിലുള്ളു. ഉഷ അടുക്കളയിൽ ഏതോ പണിയിലാണു്.

രാമകുമാർ അതിസുഭഗനും സൽസ്വഭാവിയുമായ ഒരു യുവാവാണു്. അവധിദിവസങ്ങളിൽ ഉഷ അടുക്കളയിൽ ജോലി ചെയ്യുന്നതും നോക്കി അവൻ അങ്ങനെയിരിക്കും. ആ സമയത്തു് അവനെ വിളിക്കയോ അവനോടു സംസാരിക്കയോ ചെയ്തുകൂടാത്തതാകുന്നു.

ഉഷ ഇപ്പോൾ നല്ല ഒരു യുവതിയായി രൂപംകൊണ്ടിരിക്കയാണു്. അവൾ അറിയാതിരിക്കുകയല്ല, രാമകുമാർ തന്നെ സ്നേഹിക്കുന്നുണ്ടെന്നും ശ്രദ്ധിക്കുന്നുണ്ടെന്നും. എന്നാൽ തന്റെ നില മറന്നു പ്രവർത്തിക്കുന്നതു് ഒരിക്കലും ശരിയല്ലെന്നുള്ള അഭിപ്രായക്കാരിയാണു് ഉഷ. താൻ വെറുമൊരു വേലക്കാരി! ഈ വിശാലമായ ലോകത്തിൽ ഒരു സെൻറു് ഭൂമിയില്ലാത്തവൾ! അന്യന്റെ കരുണയിൽ മാത്രം ജീവിക്കുന്നവൾ! തന്റെ ഉയച്ചുയ്യ നിദാനമായ ഒരു വീട്ടിൽ ചെന്നു് കൊള്ളരുതായ്ക കാണിച്ചാൽ പിന്നെ എന്തൊക്കെ സംഭവിച്ചുകൂടാ? ആദ്യം കിടപ്പിടത്തിൽനിന്നു് ഇറങ്ങേണ്ടിവരും. പിന്നെ ജോലി ഇല്ലാതാവും. അച്ഛന്റെ കൈക്കു പിടിച്ചുകൊണ്ടു് വഴിനീളെ തെണ്ടി നടക്കേണ്ടിവരും. ഇക്കാരണത്താൽ ഉഷ രാമകുമാറിനു മുഖംകൊടുക്കാതെ ജീവിച്ചുവരികയാണു്. എന്നാൽ അവളുടെ ഉള്ളുനിറയെ രാമകുമാറായിരുന്നു.

www.malankaralibrary.com

രാമകുമാറിന്റെ അമ്മ ഉമാദേവി സ്ഥലത്തെ ഒ
വലിയ ജന്മിയും ധനാഢ്യയുമാണ്. ഭർത്താവായ രാ
ക്കുറുപ്പ് ഒരു കുടിലനും ദുർബ്ബുദ്ധിയുമാകകാരണം ഉമ
ദേവി അയാളെ ഉപേക്ഷിച്ചു; രാമകുമാറിനെ ഗർഭമുള്ള
പ്പോൾ. തന്നിമിത്തം ചെറുപ്പംതൊട്ടേ വളരെ ചിട്ടയില
അനുസരണയിലുമാണ് ഉമാദേവി രാമകുമാറിനെ വ
ത്തിക്കൊണ്ടുവന്നിട്ടുള്ളതു്. തന്മൂലം അവനു് അവന്റെ
അമ്മയെ വളരെ ഭയമാണ്.

ഒരുദിവസം ഉഷ ഉമാദേവിയുടെ വീട്ടിൽ അടുക്ക
യിൽ പണിചെയ്തുകൊണ്ടിരിക്കയായിരുന്നു. അവ
അടുപ്പിൻകരെ കുനിഞ്ഞുനിന്നു തീയൂതിക്കത്തിക്കാ
തുടങ്ങി. ഉണങ്ങാത്ത വിറകു്. തീ കത്തുന്നില്ല. മു
ആകെ പുക.

രാമകുമാർ ഉഷയുടെ പിന്നിലൂടെ ചെന്നു. ചെന്നതേ
വളരെ പതുക്കെ. എന്നിട്ട് അവളുടെ കറുത്ത മിഴികൾ
രണ്ടും അമർത്തിപ്പൊത്തി. അപ്പോൾ ഉഷ പറഞ്ഞു: ''വി
ഗൗരീ വിടു്. രാമേട്ടനു കഞ്ഞി കൊടുക്കാൻ നേരമായി.''

അവിടെ വെള്ളം കോരിക്കൊടുക്കാൻ വരുന്ന ഗൗരി
യെന്നു പേരുള്ള ഒരു പെൺകുട്ടിയുണ്ടു്. അവളാണെന്നു
ണു് ഉഷയുടെ ധാരണ.

തന്നെ ഗൗരിയാക്കിയതിൽ രാമകുമാറിനു് ഉള്ളി
ചിരിപൊട്ടി. അയാൾ കഴിവതും ഒരു സ്ത്രീയുടെ സ്വ
ത്തിൽ ഉത്തരം കൊടുത്തു:

''വിടാനിപ്പം മനസ്സില്ല ചേച്ചീ! എന്താ രാമേ
നോടിത്ര വല്യ കനിവു്?''

സ്വരത്തിലെ വ്യത്യാസം. മുഖത്തു പതിഞ്ഞിരി
ക്കുന്ന വിരലുകളുടെ ദാർഢ്യം. ഇവ ഗ്രഹിച്ചപ്പോൾ ഉഷ
യ്ക്കു മനസ്സിലായി, അതു രാമകുമാർതന്നെയാണെന്നു്
അവൾ പെട്ടെന്നു പറഞ്ഞു:

''ആളെ എനിക്കു പിടികിട്ടി. എന്നെ വിടു്.''

''എനിക്കും പിടികിട്ടി; ആളാരാ പറ?''

''പറഞ്ഞ വിടുവോ?''

''അതെ.''



''രാമേട്ടൻ.''

''ശരിയായി പറഞ്ഞു.''

''എന്നാലിനിയും വിട്ടു.''

''വിട്ടാൽ ഓടിപ്പൊയ്ക്കളഞ്ഞെങ്കിലോ?''

''എവിടേക്കു്?''

''ഉഷയുടെ വീട്ടിലേക്കു്.''

''വിടണം. ഞാനോടിപ്പോകുകയില്ല.''

''തീർച്ചയായും?''

''തീർച്ചയായും.''

രാമകുമാർ ഉഷയുടെ മുഖത്തുനിന്നും കൈയെടുത്തു.

അവൾ ഇമ വെട്ടിച്ചുവെട്ടിച്ച് തുറന്നു വിടന്ന കണ്ണു
കളോടെ രാമകുമാറിനെ നോക്കി പുഞ്ചിരിച്ചു. എന്നിട്ടു
പറഞ്ഞു:

''ഹല്ല, എന്തൊരു വേലയാ ഈ കാണിച്ചതു്? വല്ല
വരും കണ്ടാലെന്തു പറയും?''

''കണ്ണിൽ പുകകേറാതിരിക്കാൻ പൊത്തിപ്പിടിച്ച
താണെന്നു പറയും.''

''എന്റെ കണ്ണിൽ പുകകയറിയാൽ രാമേട്ടനെ
ന്തു്?''

''ഒന്നുമില്ലല്ലേ? കൊള്ളായിപ്പോയി! നിന്റെ
കണ്ണെന്നു പറഞ്ഞാൽ എന്താ?''

''പറയൂ?''

''എന്റെ കരളാ.''

''അത്രയും എന്നെ സ്നേഹിക്കേണ്ടാ.''

''സ്നേഹിച്ചുപോയി; ഇനി എന്തുചെയ്യും?''

''അല്പാല്പമായി പിൻവലിക്കണം.''

''അതെന്താണു് അങ്ങനെ പറഞ്ഞതു്?''

''നമ്മൾ രണ്ടുപേരുടെയും നില അതായതുകൊ
ണ്ടു്.''

''ഏതായതുകൊണ്ടു്?''

''ഞാനാണെങ്കിൽ ഒരണ്ടിപ്പെണ്ണു്. ചേട്ടനാണെ
ങ്കിൽ ലക്ഷപ്രഭു.''

www.malankaralibrary.com

"പ്രഭുക്കളൊരും മനുഷ്യരല്ലേ? അവർ മനുഷ്യരെ സ്നേഹിച്ചുകൂടേ?"

"അതിനു തക്കവരെ സ്നേഹിക്കണം."

രാമകുമാർ അവിടെക്കിടന്ന ഒരു ചെറുബെഞ്ചിൽ ഇരുന്നു. ഉഷയുംകൂടി ഇരിക്കുവാൻ നിർബ്ബന്ധിച്ചു. അവൾ ഇരുന്നില്ല. അവൻ അവളെ അവന്റെയടുക്കൽ ബലമായി പിടിച്ചിരുത്തി. എന്നിട്ടു ചോദിച്ചു:

"ആരെ ഉദ്ദേശിച്ചാണ് നീ ഈ പറയുന്നത്?"

"പണമുള്ള വല്യ കോളേജുകുമാരികളേയും..."

"എനിക്കു കോളേജുകുമാരിയെ വേണ്ടാ. നിന്നെ മതി. ശരി, ഞാനൊന്നു ചോദിക്കട്ടെ: നിനക്ക് എന്നോടു സ്നേഹമുണ്ടോ?"

ഉണ്ടെന്നുമില്ലെന്നും പറയാതെ ഉഷ മുഖംകുനിച്ചിരുന്നു. രാമകുമാർ അവളുടെ താടി പിടിച്ചുയർത്തിക്കൊണ്ടു വീണ്ടും ചോദിച്ചു:

"ഉണ്ടോന്ന്?"

"ഉം."

"വിവാഹം കഴിക്കത്തക്കവണ്ണം?"

"ഇപ്പോൾ എന്റെ മനസ്സിൽ വിവാഹമെന്ന ഒരു പ്രശ്നമേയില്ല."

"അതെന്താ?"

ശബ്ദം താഴ്ത്തി യാന്ത്രികമായി അങ്ങനൊന്നു ചോദിച്ചശേഷം രാമകുമാർ ഉഷയെ ആകമാനം ഒന്നു തറച്ചുനോക്കി. നല്ല ഒഴുക്കൻ ശരീരം. നൂറുവയസ്സുള്ളവനിലും അദമ്യമായ കാമവികാരമുദ്ദീപിപ്പിക്കാൻ പോരുന്ന ഉയർന്ന മാറിടം. അകത്തു ബോഡീസൊന്നുമിടാതെ നൈലോൺബ്ലൗസിനുള്ളിൽ തുറിച്ചുനോക്കി നില്ക്കുന്ന മുലക്കണ്ണുകൾ. കണ്ണെഴുതിയ കറുത്ത മിഴികൾ. രാമകുമാർ ഒന്നുകൂടി ഒട്ടിയിരുന്നു. എന്നിട്ടു വീണ്ടും ചോദിച്ചു:

"ആട്ടെ, വിവാഹത്തിന്റെ വികാരത്തള്ളലുണ്ടാകുമ്പോൾ എന്നെ വിവാഹംകഴിക്കുമോ?"

ഉഷ അല്പം നീരസം ഭാവിച്ചുകൊണ്ടും ബെഞ്ചിൽ അല്പം അകന്നിരുന്നുകൊണ്ടും പറഞ്ഞു:



"ഈ രാമേട്ടനെന്താ? ഇപ്പൊഴേ ഇതൊക്കെ അറിഞ്ഞിട്ടെന്തുവേണം?"

"ഉഷേ, നീ ഇതൊരു തമാശയായിട്ടെടുക്കരുത്. ഞാൻ ഇതു വളരെനാൾകൊണ്ടു ചോദിക്കണമെന്നു വിചാരിക്കയാണ്. ഈ സമയം കഴിഞ്ഞാൽ ഇതുപോലെ ഒരു സൗകര്യം ഈ വീട്ടിലുണ്ടായെന്നുവരില്ല"

"അതെന്താ, നമ്മൾ രണ്ടും നാളെക്കു ചത്തുപോമോ?"

"അതു കളയൂ! അതല്ല പ്രശ്നം. ഇവിടുത്തെ അമ്മ ഒരിടത്തും യാത്രപോകുക പതിവില്ല. ഇപ്പോൾ അമ്മ വന്നുകേറിയാൽ സർവ്വും തീർന്നു...! അതുകൊണ്ടാണ് ഞാനിതൊക്കെ ചോദിക്കുന്നത്."

"എന്നാൽ ഞാൻ തീർത്തുപറയാം. ഞാൻ വിവാഹം കഴിക്കുന്നെങ്കിൽ രാമേട്ടനെത്തന്നെ വിവാഹം കഴിച്ചോളാം. എന്താ തൃപ്തിയായോ?"

"തൃപ്തിയായെന്നു പറയാം; ഒരു സംഗതികൂടി നടന്നാൽ."

"അതെന്താ?"

"അതൊരു നിസ്സാരകാര്യമാണ്."

"എങ്കിലും കേൾക്കട്ടെ?"

"വെറുമൊരു നിസ്സാരകാര്യം. ഒരു ചുംബനം."

"ഓ, അതാണോ? അതാണെങ്കിൽ പ്രയാസം."

"വെറുമൊരു സിനിമാച്ചുംബനം മതി."

"എന്നുവെച്ചാൽ?"

"ഒരഭിനയംമാത്രം."

"അതുകൊണ്ടുള്ള ഗുണം?"

"അക്കാര്യം പറഞ്ഞാൽ കാക്കാശിനു ഗുണമുള്ള കാര്യമല്ല; പിന്നെ സ്നേഹത്തിന്റെ ഒരു ബാഹ്യപ്രകടനം മാത്രം."

അണയാറാകുന്ന വിളക്ക് ആളിക്കത്തുംപോലെ ഉഷ ആദ്യം എതിർമനോഭാവം പുറമെ കാണിച്ചെങ്കിലും ഉള്ളിലെ വേരു മുഴവനും അററുവരികയായിരുന്നു. അവൾ കടപുഴകിത്തളർന്ന് രാമകുമാറിന്റെ മാറിടത്തിലേക്കു

www.malankaralibrary.com

ചാഞ്ഞു. അവർ പരസ്പരം ആലിംഗനബദ്ധരായി. ചുട്ട ചുംബനങ്ങൾകൊണ്ടു പൊതിഞ്ഞു.

കുറേക്കഴിഞ്ഞു് ഉഷ അടുപ്പത്തിരുന്ന കഞ്ഞി കോരിനോക്കിയപ്പോളുണ്ടു് അതു മുഴുവനും വെന്തുകലങ്ങിയിരിക്കുന്നു! എന്തൊരു പ്രകൃതമായിരുന്നു ഈ രാമേട്ടന്റേതു്! എന്നെ ഞെരിച്ചു കശക്കിക്കളഞ്ഞില്ലേ! ഓ, കലങ്ങിയ കഞ്ഞിതന്നെ ഇന്നു കുടിക്കട്ടെ.

## 11. മടിതപ്പുകാരി അന്നക്കുട്ടി

ഉഷ ഗ്രേഡിംഗിൽ പ്രവേശിച്ചപ്പോൾ അവൾക്കു് ഒരുത്തമസഖിയെ ലഭിച്ചു; റിബേക്ക. ഉഷയേക്കാൾ രണ്ടു വയസ്സു പ്രായക്കൂടുതലേ വരൂ, റിബേക്കയ്ക്കു്.

റിബേക്ക എന്ന പേരു് ഉച്ചരിക്കാനുള്ള പ്രയാസംകൊണ്ടു പലരും അവളെ 'എറുപ്പക്കാ' എന്നാണു വിളിക്കാറു്. ചിലർക്കു് ഈ പേരു് ആദ്യത്തെ പേരിനേക്കാൾ ദുരിതം വരുത്തിവച്ചു. അങ്ങനെയുള്ളവർ 'റൗക്ക' എന്നു് അവളെ വിളിച്ചുവന്നു. റിബേക്കയുടെ സഹായംകൊണ്ടു് രണ്ടാഴ്ചയ്ക്കകം ഗ്രേഡിംഗിലെ ജോലിയെല്ലാം ഉഷ വശമാക്കി.

ഉഷയുടെ ഗ്രേഡിംഗിലേക്കുള്ള ഈ ഡബിൾപ്രൊമോഷനെപ്പറ്റി കശുവണ്ടിയാപ്പീസു് ആകമാനം അമർത്തിപ്പിടിച്ച കശുകശുപ്പും പിറുപിറുപ്പുമുണ്ടായി. നീക്കോലികേശവനും മറ്റുമായിരുന്നു അതിന്റെ ചരടുവലിക്കാർ.

"ഈ വന്നകാലം തൊലിവെളുത്ത പെണ്ണുങ്ങൾക്കേ രക്ഷയുള്ളു."

"രക്ഷ ദൈവത്തിന്റെ ദാനമത്രെ; അവിടെ തൊലിയുടെ നിറവ്യത്യാസം നോട്ടമില്ല."

ഇതു പറഞ്ഞതു റൗക്കയാണു്. ഒരു സുവിശേഷപ്രവർത്തകകൂടിയാണു് അവൾ.

"എങ്കിലും ഗ്രേഡിംഗിൽ അങ്ങോട്ടു കേറിയതേയുള്ളല്ലോ. അപ്പോഴേക്കും ഉഷയുടെ ഒരു ഭാഷകണ്ടോ!"



"അവൾ അവളുടെ അച്ഛന്റെ ഭാഷയാണു്."

"അവൾ ഇട്ടിരിക്കുന്ന ബ്ലൗസിന്റെ തുണി എന്തൊരു തുണിയാണു്!"

"ആ കുന്തപ്പിനാണ്ടിയുടെ പേരു് എനിക്കറിഞ്ഞുകൂടാ."

"ഞാമ്പറയാം. ടെറീവൂൾ, ടെറീവൂൾ."

"പണമുണ്ടെങ്കിൽ ആന പര്യത്തു്. ഏമ്മാൻ കൈയിലുണ്ടോ; പവൻനിറത്തിയ ബ്ലൗസു വേണമെങ്കിലും കിട്ടും."

"ഏമ്മാനുമായി അടുത്തതീൽപ്പിന്നെ പെണ്ണു കേറിയൊന്നു വളർന്നിട്ടുണ്ടു്."

"മാനേജരുടെ അണ്ടിയാപ്പീസു്, മാനേജർക്കു് ഇഷ്ടമുള്ളവർക്കു പ്രമോഷൻ; അതിൽ നിങ്ങൾക്കെന്താ ഹേ, ഇത്ര കണ്ണുകടി?"

ആറുകവിഞ്ഞാൽ ജലം തോടുകളിലേക്കു് എന്നതുപോലെ ആപ്പീസിനുള്ളിൽ നടന്ന ഇത്തരം വർത്തമാനങ്ങൾ ആപ്പീസും കവിഞ്ഞിപ്പോൾ റോഡരുകിലുള്ള കടകളിലെല്ലാം വ്യാപിച്ചിരിക്കയാണു്.

എല്ലാ ദിവസവും വൈകിട്ടു് അഞ്ചുമണിക്കാണു് കശുവണ്ടിത്തൊഴിലാളികളെ ആപ്പീസിൽനിന്നും വിടുക. ജോലികഴിഞ്ഞു വീട്ടിലേക്കു വരുമ്പോൾ അവർ അണ്ടിപ്പരിപ്പു വാരി മടിയിലൊളിച്ചുവച്ചുകൊണ്ടു് പോരാൻ സാധ്യതയുണ്ടു്. അതുകൊണ്ടു് എല്ലാവരേയും ഒന്നു പരിശോധിച്ചേ പുറത്തേക്കു പറഞ്ഞയയ്ക്കൂ. അങ്ങനെ പരിശോധിക്കാൻ പുരുഷനു പുരുഷനും, സ്ത്രീക്കു സ്ത്രീയുമുണ്ടു്. സ്ത്രീകളെ പരിശോധിക്കുന്നതിൽ അഗ്രഗണ്യയാണു മടിതപ്പുകാരി അന്നക്കുട്ടി.

അന്നക്കുട്ടിക്കു് കഷ്ടിച്ചു നാല്പതുവയസ്സേ പ്രായം കാണൂ. സുറിയാനിക്രിസ്ത്യാനികളുടെ ചട്ടയും കിഴക്കൻ തലോത്തിയുമാണു വേഷം. നല്ല മൈസൂർചന്ദനത്തിന്റെ നിറം. അല്പം സ്ഥൂലിച്ചതെങ്കിലും ഉരുക്കുപോലെ ഉറച്ച ശരീരം. ധരിക്കുന്ന ചട്ട ഒരു ബനിയൻമാതിരി ശരീരത്തെപ്പോഴും ഒട്ടിപ്പിടിച്ചുകിടക്കും. അതു് ഉടലിന്റെ

www.malankaralibrary.com

ആകൃതി മുഴുവൻ പൊന്തിച്ചുകാണിക്കുവാനാണു്. ആക മെങ്കിൽ വാ, അരക്കൈ നോക്കിക്കളയാം എന്നമട്ടിലാ ണു് അന്നക്കുട്ടിയുടെ നെഞ്ചുതള്ളിച്ചുള്ള നടപ്പു്. മടി തപ്പുംവേളയിൽ ആരെങ്കിലും കയർത്താൽ ഒരു പൊട്ടി ക്കൽ കൊടുക്കാനും അന്നക്കുട്ടി മടിക്കുന്ന കൂട്ടത്തിലല്ല

ആപ്പീസിൽ കശുവണ്ടിയുടെ ജോലി നിറുത്തുമ്പോൾ മണിയടിക്കും. മണി അടിച്ചുകഴിഞ്ഞാൽ എല്ലാവരും ആപ്പീസു് മുററത്തു 'ക്യൂ' നില്ക്കണം. സ്ത്രീകളെ ലൈനായി നിറുത്തുവാൻ ആപ്പീസിലുള്ള ക്ലാർക്കുമാർ, മേസ്തിരിമാർ തുടങ്ങിയ ഉദ്യോഗസ്ഥന്മാർ മുന്നോട്ടു വരും.

ആപ്പീസിനുചുററും ഉയരമുള്ള മതിലുണ്ടു്. ആ മതിലിനൊരു പ്രധാന ഗേററുണ്ടു്. ആ ഗേററിലൂടെ പുറത്തിറങ്ങിയാൽ പബ്ലിക്കു് റോഡായി. ഗേററിനടുത്തു് ഒന്നുരണ്ടു് ഇടുക്കുമുറികളും ഉണ്ടു്. ഇടക്കേടുള്ള പശുവിനെ കറക്കാൻ കെട്ടുന്ന ഇടുക്കുമാതിരിയായിരിക്കും അവ. മേൽക്കൂരയില്ല അവയ്ക്കു്.

പ്രസ്തുത ഇടുക്കുമുറിയിൽക്കൂടിവേണം ഓരോ സ്ത്രീയും കടന്നുപോവാൻ. അതിൽ മടിതപ്പുകാരി അന്നക്കുട്ടി നില്പുണ്ടായിരിക്കും, ഒരു ഗുസ്തിക്കാരിയെപ്പോലെ തയ്യാറെടുത്തു്. അവിടെവച്ചാണു് അവർ ഓരോരുത്തരേയും തപ്പിപരിശോധിച്ചു വിടുക.

'മടിത്തപ്പുകാരി' എന്നു പറഞ്ഞതുകൊണ്ടു മടിമാത്രമേ പരിശോധിക്കാൻ അധികാരമുള്ളുവെന്നു കരുതേണ്ട. കസ്റ്റംസിലെ ഉദ്യോഗസ്ഥന്മാരെപ്പോലെ ശരീരം മുഴുവനും പരിശോധിക്കാനുള്ള അവകാശം അവർക്കുണ്ടു്.

ഉഷസ്സു് ഉമാദേവിയുടെ വീട്ടിൽ എന്നും വൈകിട്ടു് ഒരു മണിക്കൂറെങ്കിലും ജോലിചെയ്യണം. അതുകഴിഞ്ഞു് അവളുടെ കുടിലിൽപ്പോയി വളർത്തച്ഛനു് എന്തെങ്കിലും പാചകംചെയ്തു കൊടുക്കണം. തന്നിമിത്തം 'ക്യൂ' നിറുത്തുമ്പോൾ അവളെ മുൻനിരയിൽ നിറുത്തുകയും അന്നക്കുട്ടി പെട്ടെന്നു പരിശോധിച്ചു പറഞ്ഞയയ്ക്കുകയും ചെയ്യും. അങ്ങനെ അവൾക്കുമാത്രം ഒരു പരിഗണന ലഭിച്ചിരുന്നതു പോത്തച്ഛന്റെ നിർദ്ദേശപ്രകാരമാണു്. മടിതപ്പുന്നതി



നിടയിൽ അന്നക്കുട്ടിക്കു വേറൊരു പണികൂടിയുണ്ടു്. അതു പോത്തച്ഛനുവേണ്ടി സ്ത്രീകളെ സ്വാധീനപ്പെടുത്തുകയെന്നുള്ളതാണു്.

മടി തപ്പുമെന്നറിയാം എന്നതു...കൊണ്ടു പരിപ്പു് ഒരു തുണ്ടുതുണിയിൽ ഒരു കിഴിപോലെ കെട്ടി ഉടുതുണിയുടെ അടിയിലൂടെ കീഴോട്ടു ഞാത്തിയിട്ടു് ...ത്രത്തിൽ കടന്നുപോകാൻ ശ്രമിക്കുന്ന പലേ പെണ്ണുങ്ങളുമുണ്ടു്. അങ്ങനെയുള്ളവരുടെ മടി മാത്രം തപ്പിയാൽ പോരെന്നു...ിപ്പുക്കുട്ടിക്കറിയാം. ചിലർ കറുത്ത തുവാലയിൽ പ...പ്പു വാരിക്കെട്ടി തലമുടിക്കകത്തു വെച്ചു ചുററിക്കൊണ്ടു ...ട്ടെന്നു കടന്നുകളയുവാൻ ശ്രമിക്കും. അങ്ങനെയുള്ളവരേയും പിടിച്ചു വെളിച്ചത്തു കൊണ്ടുവന്നിട്ടുണ്ടു് അന്നക്കുട്ടി.

ഒരിക്കൽ നാരായണി എന്നു പേരുള്ള ഒരു പീലിംഗുകാരിയുടെ മടി അന്നക്കുട്ടി പരിശോധിച്ചപ്പോൾ ഉടുമുണ്ടിന്റെ ഉള്ളിലൂടെ എന്തോ താഴോട്ടു തൂങ്ങിക്കിടക്കുന്നതായി അന്നക്കുട്ടിക്കു തോന്നി. അവർ സഗൗരവം ചോദിച്ചു:

''എന്തെടീ ശവമെ, നീയിപ്പാത്തുവച്ചിരിക്കുന്നതു്?''

''അയ്യോ കുഞ്ഞേ, അതു മറെറാന്നുമല്ല. എന്റെ വെററു്ലപ്പെട്ടിയാ.''

''വെറ്റ്ലപ്പെട്ടിയോ? എടുക്കെടീ പുറത്തു വേഗം.''

അതു പറകയും അന്നക്കുട്ടി നാരായണിയുടെ മാംസളമായ വയററിൽ മുഷ്ടിചുരുട്ടി മൂന്നാലു കുത്തുകുത്തുകയുമായിരുന്നു. ഇടിക്കുട്ടെവച്ചിടിക്കുന്നതിനേക്കാൾ നാരായണിക്കു നൊന്തു. അവൾ നിലവിളിച്ചു:

''അയ്യോ, എനിക്കു വല്ലാതെ നോവുന്നേ, ഞാനിപ്പം ചാവുമേ!''

''എന്നാപ്പിന്നെ ഇതെന്താന്നു പറ.''

''അതൊരു തോൽസഞ്ചിയാ.''

''വെററു്ലപ്പെട്ടി പോയി തോൽസഞ്ചിയായോ? കള്ളറാസ്കൽ!... വെക്കം പുറത്തെടുക്കെടീ? അല്ലെങ്കിലിപ്പം നിന്നെ ഞാൻ...''

www.malankaralibrary.com

അന്നക്കുട്ടി വീണ്ടും ശക്തിയായ രണ്ടു കുത്തു കുത്തി. നാരായണി കിടന്നു മുറവിളികൂട്ടി:

''അയ്യോ! എന്നെ കൊല്ലുന്നേ!...''

''നിന്നോടല്ലേ പറഞ്ഞതു വേഗമിങ്ങെടുക്കാൻ!''

നാരായണി ഏങ്ങലടിച്ചു കരഞ്ഞും വളരെ മടിച്ചും മുണ്ടു കീഴോട്ടാക്കി അതിനകത്തിരുന്ന പൊതിയെടുത്തു തന്റെ കൈവെള്ളയിൽ വച്ചു.

ഒരു നല്ല ഓമയ്ക്കായുടെ വലിപ്പംവരുന്ന ഒരു മാംസപിണ്ഡം.

''ഇതെന്താണു നാരായണീ? ഇതു കണ്ടിട്ട് ഒരു രൂപവും കിട്ടുന്നില്ലല്ലോ!''

അന്നക്കുട്ടി സ്ത്രീസഹജമായ സഹതാപം പ്രകടിപ്പിച്ചുകൊണ്ടു ചോദിച്ചു.

''ഞാൻ എത്ര പറഞ്ഞിട്ടും നിങ്ങൾക്കു വിശ്വാസം വരുന്നില്ലല്ലോ. ഇപ്പോൾ ചൊവ്വേ കണ്ടോട്ട്.''

നാരായണി ആ സാധനം കൈവെള്ളയിൽ വച്ച് ആട്ടിക്കൊണ്ടു പറഞ്ഞു. അന്നക്കുട്ടി വീണ്ടും ചോദിച്ചു:

''എങ്കിലും ഇതെന്താണെന്നു നീയങ്ങു പറ.''

''ഇതെന്റെ പുക്കിളാ.''

''ഇതിങ്ങനെവരാൻ കാരണം?''

''കാരണം പറഞ്ഞാൽ വളരെ ചെറുതാണ്. ഒരിക്കൽ ഞാനും എന്റെ ഭർത്താവുംകൂടി ഒരു വഴക്കുണ്ടായി. അപ്പോൾ അയാൾ ഒരു വലിയ ചൂരൽവടിയെടുത്ത് എന്റെ വയറിനിട്ടൊരു കുത്തു തന്നു. ആ കുത്തു കൊണ്ടപ്പോൾ ഞാൻ വിചാരിച്ചു എന്റെ പൊക്കിൾ കിഴിഞ്ഞുപോയെന്ന്. കാരണമെന്നു പറയാൻ ഞാനിതേ ഓർക്കുന്നുള്ളു. അന്നുതൊട്ട് എന്റെ പൊക്കിൾ മുഴച്ചുമുഴച്ചു വരുന്നതായിട്ട് എനിക്കു തോന്നി. അങ്ങനെ വന്നുവന്ന് അതിപ്പോൾ ഇത്രയുമായി.''

''ഇതിനു ചികിത്സയൊന്നും ചെയ്തില്ലേ?''

''ഒത്തിരി ചികിത്സേം ചെയ്തതാണ്. എന്നിട്ടു യാതൊരു ഗുണവും ഉണ്ടായില്ല.''

''നിനക്കെത്ര മക്കളുണ്ട്?''





''ഏഴ്.''

''മുഴയുണ്ടായതെപ്പോഴാണ്? മക്കളുണ്ടാവുന്നതിനു മുമ്പോ പിൻപോ?''

''മുമ്പ്.''

''അപ്പോൾ നീ പിള്ളാർക്കു പാലുകൊടുത്തതെങ്ങനെ? വകതപ്പു പററിക്കാണുമല്ലോ.''

''കാണുമോന്ന്! എന്റെ ഇപ്പോഴത്തെ മക്കൾ രണ്ടും ഇരട്ടയാണ്. എൻറീശ്വരാ! അതുങ്ങളെ വളർത്താൻ ഞാൻ പെട്ട പാട്!... അവർ മുലകുടിക്കാൻ വരുമ്പോൾ ഞാൻ എന്റെ പുക്കിൾ മുണ്ടിനടിയിലിട്ട് ഉടുത്തുകളയും.''

''ഓ, നിനക്ക് ഇരട്ടയല്ല, മുപ്രസവമായാലും വിഷമംവരികയില്ല മക്കളെ വളർത്താൻ.''

''അതെന്താണ്?''

''തടിയൻകായ്പോലെ മൂന്നു സാധനമല്ലേ നിനക്കുള്ളത്?''

''കുഞ്ഞു' അപ്പറഞ്ഞതു ശരിയാ.''

''ശരി, എന്നാൽ നീ പൊയ്ക്കോ. പുക്കിളാണെന്നും പറഞ്ഞു പരിപ്പിൽ തൊട്ടുകളിച്ചേക്കരുത്. നേരത്തേ പറഞ്ഞേക്കാം.''

''എന്റെ കുഞ്ഞേ, എന്നെ അങ്ങനെ സംശയിക്കേണ്ട ആവശ്യമില്ല.''

''ശരി, ശരി. പൊയ്ക്കോ.''

നാരായണി ഗേററിനു വെളിയിലിറങ്ങി തെക്കോട്ടു പോയി. അവൾ പോയിക്കഴിഞ്ഞിട്ടും അടുപ്പുകല്ലു കൂട്ടിയതുപോലെ അവളുടെ നെഞ്ചത്തു കണ്ട കാഴ്ച അന്നക്കുട്ടിയുടെ മനസ്സിൽ പച്ചച്ചങ്ങനെ നില്ക്കുന്നുണ്ടായിരുന്നു.

'എന്തുകൊണ്ടു സ്ത്രീകളുടെമാത്രം മടി തപ്പുന്നു. പുരുഷന്മാരുടെ തപ്പുന്നില്ല?' എന്നൊരു ചോദ്യം സ്ത്രീകളുടെയിടയിലുയർന്നു. അതേപ്പററി സ്ത്രീത്തൊഴിലാളികളും പുരുഷത്തൊഴിലാളികളുംതമ്മിൽ വാദപ്രതിവാദമുണ്ടായി. പുരുഷന്മാർ പറഞ്ഞു, തങ്ങൾക്കു പരിപ്പൊളിച്ചുവയ്ക്കാൻ സ്ത്രീകളെപ്പോലെ സൗകര്യപ്രദമായ മടിയോ സാരിവസ്ത്രങ്ങളോ ഇല്ലെന്ന്. തങ്ങളുടെ വേഷം വെറും 'സിമ്പിളാ'

www.malankaralibrary.com

ണെന്നു്. വെറുതെ കുറേ സമയം പാഴാക്കാമെന്നല്ലാതെ തങ്ങളെ പരിശോധനയ്ക്കു വിധേയരാക്കുന്നതിൽ അർത്ഥമില്ലെന്നു്. പുരുഷന്മാരുടെ നേതാവു് ഗ്രേഡിംഗിൽ ജോലിചെയ്യുന്ന 'വേലു' എന്ന ഒരു യുവാവായിരുന്നു. ഈ വാദഗതി അവിടംകൊണ്ടവസാനിച്ചില്ല. മാനേജരുടേയും മേസ്ത്രിമാരുടേയും മുമ്പിലെത്തി. പോത്തച്ചൻ സ്ത്രീകളോട് എല്ലാപ്പോഴും അനുകമ്പാഹൃദയനാണു്. തന്മൂലം സ്ത്രീകളുടെ ഭാഗം ജയിച്ചു. പുരുഷന്മാരുടെയും മടി തപ്പണമെന്ന നിയമം ഐകകണ്ഠ്യന പാസ്സാക്കപ്പെട്ടു.

പുരുഷന്മാർക്കു മടിയില്ല; ഒന്നിനും മടിയില്ല; മടി തപ്പുന്നതിൽ വിരോധവുമില്ല. പക്ഷേ, വീട്ടിൽ പെണ്ണെത്തി വല്ല ജോലിയുംചെയ്യേണ്ടുന്ന സമയം വെറുതെ ക്യൂ നിന്നു കളയുന്നതിലാണു് അവർക്കുള്ള സങ്കടം.

നിയമമുണ്ടായശേഷം എല്ലാ ദിവസവും വൈകിട്ട ജോലികഴിഞ്ഞിറങ്ങുമ്പോൾ പുരുഷന്മാരേയും പരിശോധിച്ചുകൊണ്ടിരുന്നു. മേസ്ത്രിമാരാണു് ഈ പരിശോധനക്കാർ. വേലുവിനു് ഈ തപ്പും പരിശോധനയും തീരെ ഇഷ്ടമായിരുന്നില്ല. രാവിലെ എട്ടുമണിക്കു് ആപ്പീസിൽ കയറിയാൽ വൈകിട്ടു് അഞ്ചുമണിവരെയാണു് ഒരേയിരുപ്പിൽ ഇരുന്നുള്ള ജോലി. അതുകഴിഞ്ഞു് ഒന്നു ശ്വാസം വിടണം. അതിനുപകരം ക്യൂ നില്ക്കുകയെന്നുവന്നാൽ...

ഒരുദിവസം കുട്ടൻമേസ്ത്രിയായിരുന്നു മടിതപ്പുകാരൻ. അന്നു വേലു കരുതിക്കൂട്ടിയാണു ചെന്നതു്. വേലുവിന്റെ മടിയിൽ ഒരു വലിയ പൊതി പരത്തിക്കെട്ടിവച്ചിരുന്നു. വേലു ചെന്നപ്പോൾ കുട്ടൻമേസ്ത്രി അയാളെ പരിശോധിച്ചു് പൊതി പുറത്തെടുത്തു. അതിന്മേൽ വേലുവിന്റെ നമ്പർ പതിച്ചശേഷം അയാളെ പറഞ്ഞയച്ചു.

പരിശോധനയെല്ലാം കഴിഞ്ഞു പിടിച്ചെടുത്ത പൊതികൾ ആപ്പീസ്മുറിയിൽവച്ചു് അഴിക്കപ്പെട്ടു. ഹനുമാന്റെ വാലിൽ തുണി ചുററിയപ്പോൾ വാലു നീണ്ടുവന്നതുപോലെ വേലുവിന്റെ പൊതി അഴിക്കുംതോറും കടലാസ്സുതുണ്ടുകൾ കൂടിക്കൂടിവന്നു. അതു് അടുക്കിവച്ചപ്പോൾ



ഒരു കുന്നുമാതിരിയായി. അവസാനത്തെ കടലാസു് നീക്കിയപ്പോഴുണ്ടു് ഒരു കുട്ടമാക്രി എടുത്തൊരു ചാട്ടം. അതു കണ്ടപ്പോൾ ചുററും നിന്ന മേസ്ത്രിമാരെല്ലാം ചിരിച്ചുപോയി. കുട്ടൻമേസ്ത്രിയുടെ മുഖം മാത്രം മ്ലാനമാവുകയും ചെയ്തു. അതിനു കാരണമുണ്ടു്. അയാളുടെ 'നിക്കു്നെയിം' കുട്ടമാക്രി എന്നാണു്. കുട്ടൻമേസ്ത്രി തന്നെ ആക്ഷേപിച്ചതായി മാനേജർ പോത്തച്ചന്റെയടുക്കൽ പരാതി സമർപ്പിച്ചു. അതിനെ ആധാരമാക്കി വേലുവിനെ ജോലിയിൽനിന്നും ഒരു മാസത്തേക്കു സസ്പെൻറു ചെയ്തു.

ഒരുദിവസം കുട്ടൻമേസ്ത്രി അണ്ടിയാപ്പീസിലെ പണികഴിഞ്ഞു വയലിലുള്ള നടവരമ്പിലൂടെ തന്റെ വീട്ടിലേക്കു പോകുകയായിരുന്നു. പുറകെ കുറെ തൊഴിലാളിസ്ത്രീകളും. അപ്പോൾ വേലു അതേവരമ്പുവഴി എതിരേ വന്നു. അയാളെ കണ്ടപ്പോൾ കുട്ടൻമേസ്ത്രി ആകെപ്പാടെയൊന്നു തത്രിച്ചു. വേലുവിന്റെ ശരീരം അത്രയ്ക്കു നല്ല ചട്ടക്കൂട്ടാണു്. അയാൾ അടുത്തുവന്നപ്പോൾ കുട്ടൻമേസ്ത്രിയെ ഒന്നു തൊഴുതു. മേസ്ത്രിയും മറുപടിതൊഴൽ നടത്തി. അനന്തരം വേലു ചോദിച്ചതിങ്ങനെയാണു്:

''പൊതിയഴിച്ചിട്ടെന്തു കിട്ടി?''

കുട്ടൻമേസ്ത്രിയുടെ ഇല്ലാപ്പേരു് അയാളെക്കൊണ്ടുതന്നെ പറയിക്കുന്നതിനാണു വേലു അങ്ങനെ ചോദിച്ചതു്. ആ ചോദ്യം മേസ്ത്രിയുടെ ചങ്കിൽ നല്ലവണ്ണം തറച്ചു. അയാളും അതനുസരിച്ചു് ഒരു ചുട്ട മറുപടി കൊടുത്തു:

''സസ്പെൻഷനുദ്യോഗം.''

''എന്നാൽ അതിനൊരു കൈമടക്കു് ഇതിരിക്കട്ടെ.''

വേലു അതു പറയുകയും മേസ്ത്രിയുടെ കുന്നത്തു തീർത്തൊരടിയും പിടലിക്കു പിടിച്ചു കണ്ടത്തിലേക്കു് ഒരേറുമായിരുന്നു. പെണ്ണുങ്ങളെല്ലാം ഇതു കണ്ടു പകച്ചുനിന്നു. വേലു വാണംവിട്ടപോലെ അവന്റെ വഴിക്കു പോയി. കുറച്ചുകഴിഞ്ഞു് സ്ത്രീകളെല്ലാംകൂടി കണ്ടത്തിലിറങ്ങി മേസ്ത്രിയെ വലിച്ചിഴച്ചു കൊണ്ടുവന്നു വരമ്പത്തു കിട

www.malankaralibrary.com

ത്തി. അപ്പോഠം അയാഠംക്കു ബോധമില്ലായിരുന്നു. അല്പം കഴിഞ്ഞപ്പോഠം ബോധം വീണു. മേസ്ത്രി എഴുന്നേററു് അയാളുടെ വീട്ടിലേക്കു പോകുകയുംചെയ്തു.

## 12. സൈക്കിൾവേല

വെള്ളക്കാരനേയും നീഗ്രോയേയും ഒന്നിടയിട്ടു നിറുത്തിയാലെന്നതുപോലെ ദിനരാത്രങ്ങഠം കടന്നുപോയി. വെള്ളക്കാരനു നീളംകൂടിയിരുന്നതുപോലെ ചില പകലുകഠംക്കു നീളംകൂടിയുമിരുന്നു.

വേലു സസ്പെൻഷൻ കഴിഞ്ഞു ജോലിയിൽ പ്രവേശിച്ചു. വേലുവിൻെറ സസ്പെൻഷൻ ഒരുമാസമേ നീണ്ടുനിന്നുള്ളു. എന്നാൽ രണ്ടുമാസം നീണ്ടുനിന്നു, കുട്ടൻമേസ്ത്രിയെടുത്ത അവധി. അവധിയുടെ കാരണം അപേക്ഷയിൽ പറഞ്ഞിരുന്നതു്, ഭാര്യ ഭയങ്കരമായ ടൈഫോയിഡു് പിടിപെട്ടു് ആശുപത്രിയിലാണെന്നും അതുസംബന്ധിച്ചു താൻ വളരെ ബദ്ധപ്പാടിലായതിനാൽ രണ്ടുമാസത്തെ അവധി വേണമെന്നുമായിരുന്നു. പക്ഷേ, ശരിയായ കാരണം അതായിരുന്നില്ല. കന്നത്തേററ പ്രഹരംമൂലമുണ്ടായ നീരും പല്ലുവേദനയും മനുഷ്യരുടെ മുഖത്തു നോക്കാനുള്ള ലജ്ജയുമായിരുന്നു.

ശക്തിയായ എതിർപ്പുമൂലം പുരുഷന്മാരുടെ മടിതപ്പൽ അധികനാഠം നീണ്ടുനിന്നില്ല; മൊട്ടിൽത്തന്നെ കൊഴിഞ്ഞുപോയി. ആ എതിർപ്പിൽ പങ്കജാക്ഷി പുരുഷന്മാരുടെ വശത്തായിരുന്നു. പങ്കജാക്ഷി അങ്ങനെ നില്ക്കാൻ കാരണം, വേലു തൻെറ ഭർത്താവായ നാരായണൻെറ അനുജനായതുകൊണ്ടാണു്. അനുജനോടായിരുന്നു അവഠംക്കു കൂടുതൽ മതിപ്പു്. കാരണം, അനുജൻ സമർത്ഥനും നല്ല തൻേറടിയുമായിരുന്നു. വേലു എത്രകണ്ടു സമർത്ഥനായിരുന്നോ അത്രകണ്ടു് ഒരു 'പഴംവിഴുങ്ങി' ആയിരുന്നു നാരായണൻ.



ഒന്നുരണ്ടു വട്ടം പങ്കജാക്ഷി നാരായണനു് ഷെല്ലിംഗിൽ ജോലിവാങ്ങിക്കൊടുത്തതാണു്. അയാഠംക്കു് അതൊരു 'കില്ലിംഗ്' ആയിത്തോന്നിയതിനാൽ ഇട്ടെറിഞ്ഞുംവച്ചു തിരിച്ചുപോന്നു. ഒരു ജോലിയും അയാളെക്കൊണ്ടു നടപ്പില്ല; തന്നെയുമല്ല, ഏതു ജോലി ഏല്പിച്ചാലും പൂർണ്ണമായിട്ടു ചെയ്യുകയുമില്ല. ആളൊരു കൊന്നത്തടിയനാണു്. പങ്കജാക്ഷി വല്ലതും അന്വേഷിച്ചു കൊണ്ടുകൊടുത്താൽ അതടുപ്പിൻെറ മൂട്ടിലിരുന്നു പാചകപ്പെടുത്തും. പിള്ളേരെ കുളിപ്പിക്കും. പങ്കജാക്ഷിയുടെ കീറിയ ബ്ലൗസും മററും തയിച്ചുകൊടുക്കും. അവഠംക്കു് ആഴ്ചക്കാശു കിട്ടുന്ന ദിവസമെല്ലാം ഒരു അകമ്പടിസേവകനായി അവളുടെകൂടെ അണ്ടിയാപ്പീസിൽ പോവും. അപ്പോഠം പങ്കജാക്ഷിക്കു് ഒരു ഉദ്യോഗസ്ഥയുടെ ഗമയുണ്ടു്. ദിവസവും ഷെല്ലിംഗിൽ 2 രൂ. 36 പൈസയുടെ ജോലിചെയ്യുന്ന ഉദ്യോഗസ്ഥയാണവഠം.

നാരായണൻ തിരിച്ചുപോരുമ്പോഠം ഗോപാലപിള്ള എന്ന ആളിൻെറ കാപ്പിക്കടയിൽ കയറും. അവിടെ കുറെനേരം ചായയ്ക്കു തീയിട്ടുകൊടുക്കും. അതിനു പ്രതിഫലമായി ഗോപാലപിള്ള, ചായയടിച്ച തേയിലപ്പിശടിൽ ഒരിടങ്ങഴി ചൂടുവെള്ളമൂററി അല്പം പഞ്ചസാരയിട്ടു കൊടുക്കും. അതു കുടിച്ചുശേഷം അവിടെ കെട്ടിത്തൂക്കി നിത്തിയിരിക്കുന്ന പാളയൻകോടൻകുലകളിൽനിന്നും നാലഞ്ചു മാന്നിക്കായു് നാരായണൻ ഉരിഞ്ഞു തിന്നും. അതു ഗോപാലപിള്ള കൊടുക്കുന്നതല്ല; നാരായണൻ ആധികാരികമായി ചെയ്യുന്നതാണു്.

പങ്കജാക്ഷിയും നാരായണനുമായി മിക്കവാറും ശണ്ഠയുണ്ടാവുക പതിവാണു്. വെന്തുവാങ്ങി വെച്ച ചോററിനെപ്പററിയായിരിക്കും ശണ്ഠ. ചോറുവയ്ക്കുന്നതു് നാരായണൻ. എല്ലാവൎക്കും വിളമ്പിക്കൊടുക്കുന്നതു പങ്കജാക്ഷി. ഒരുദിവസം വിളമ്പാൻ ചെന്നപ്പോഠം കലത്തിൽ വളരെ ചോറു കുറവായിട്ടാണു കണ്ടതു്. പങ്കജാക്ഷി നാരായണനോടു് ഔദ്യോഗികനിലയിൽ ചോദിച്ചു:

''ഇന്നെത്ര അരിവെച്ചു?''

www.malankaralibrary.com

"അഞ്ഞാഴി."

"ഇതു് ഇരുനാഴിയരിയുടെ ചോറുപോലുമില്ലല്ലോ! ബാക്കിയെവിടെപ്പോയി?"

"എനിക്കു വിശന്നു. ഞാൻ കുറച്ചെടുത്തുണ്ടു."

"നിങ്ങൾക്കു കുറച്ചു കടന്ന വിശപ്പാണു്. അതെനിക്കറിയാം. അതിനു നാലഞ്ചു് ആനപ്പിണ്ടമടിക്കണം."

നാരായണന്റെ വയറുമാത്രമല്ല, പാൻറുമാതിരി കാലുകളും പൊള്ളയാണു്.

പങ്കജാക്ഷിയുടെ മകൻ മാതേവനും കാപ്പിക്കട ഗോപാലപിള്ളയുടെ മകൻ അപ്പുക്കുട്ടനും വലിയ ചങ്ങാതികളാണു്. മാതേവനു പതിനാറും അപ്പുക്കുട്ടനു പതിനഞ്ചും വയസ്സുണ്ടു്. അണ്ടിയാപ്പീസിന്റെ മുമ്പിൽ വരുന്ന ബസ്സിൽ വല്ല പെട്ടിയോ സാമാനമോ ഉണ്ടെങ്കിൽ അതു കയറ്റുകയോ ഇറക്കുകയോ ആയിരിക്കും ഇവരുടെ ജോലി.

ജോലിയൊന്നുമില്ലാത്തപ്പോൾ മാതേവൻ നല്ല കഥകളൊക്കെ അപ്പുക്കുട്ടനെ പറഞ്ഞു കേൾപ്പിക്കും. വെറും കഥകളല്ല; സംഭവകഥകൾ. ഒരിക്കൽ അവൻ കശുവണ്ടിയെപ്പറ്റി ഒരു കഥപറഞ്ഞു; അതിതാണു്.

"എന്റെ അമ്മൂമ്മയുടെ കാലത്തു നടന്ന സംഭവമാണു്. അന്നു് ഈ സ്ഥലമെല്ലാം പറങ്കിമാവുകൊണ്ടു നിറഞ്ഞ വലിയ വനമായിരുന്നു. അന്നു പറങ്കിമാവിൽ പറങ്കിയണ്ടിയോ പഴമോ ഉണ്ടായാൽ ആർക്കും വേണ്ടാ. പറങ്കിയണ്ടിയിൽ ഒരുമാതിരി കറ. അതു ദേഹത്തു പുരണ്ടാൽ പൊള്ളും. അതുകൊണ്ടു് ചാരുമരംപോലെ അതിനെ എല്ലാവരും വെറുത്തിരുന്നു."

"അപ്പോൾ പഴം പിന്നാരു തിന്നും മാതേട്ടാ?"

"വല്ല കാക്കയോ കിളിയോ തിന്നുംവച്ചു പോം."

"അണ്ടിയോ?"

"അതു് അവിടെയും ഇവിടെയുമൊക്കെ വീണുകിടന്നു കിളിക്കും. മനുഷ്യരും കന്നുകാലികളും ചവുട്ടിത്തേച്ചുകളകയും ചെയ്യും."



"പിന്നെന്നാണു് ഇതു തിന്നാൻകൊള്ളാവുന്ന സാധനമാണെന്നു കണ്ടുപിടിച്ചതു്?"

"അതാണു പറഞ്ഞുവരുന്നതു്. ഇടയ്ക്കുകയറി നീയൊന്നും ചോദിക്കരുതു്!"

"ഇല്ല, ചോദിക്കുന്നില്ല."

മാതേവൻ തുടർന്നു:

"ഒരിക്കൽ അമ്മൂമ്മ മുററത്തടുപ്പുകൂട്ടി വല്യ കുട്ടകത്തിൽ നെല്ലു പുഴുങ്ങുകയായിരുന്നു. പുഴുങ്ങാൻ വിറകായിട്ടുപയോഗിച്ചതു് കശുമാവിന്റെ ഉണങ്ങിയ ളുപ്പായിരുന്നു. ആ ളുപ്പിന്മേൽ പച്ചണ്ടിയുണങ്ങിയതു ധാരാളമുണ്ടായിരുന്നു. അമ്മൂമ്മ ആ അണ്ടിയോടൊപ്പം ളുപ്പൊടിച്ചു് അടുപ്പിൽ വച്ചു. അന്നു് അമ്മൂമ്മ ചെറുപ്പമായിരുന്നു; പത്തിരുപതു വയസ്സേ ഉണ്ടായിരുന്നുള്ളു. ളുപ്പിനു തീപിടിച്ചു കുറച്ചു കഴിഞ്ഞപ്പോൾ ഒന്നുരണ്ടു് അണ്ടികൾ അമ്മൂമ്മയുടെ കൈയുടെ പുത്തിപ്പുറത്തേക്കു് ഒരു ചീറ്റുവച്ചുകൊടുത്തു. നോക്കിയപ്പോൾ വെള്ളത്തുകൊഴുത്തു് എന്തോ കൈയിന്മേൽ ഒട്ടിപ്പിടിച്ചിരിക്കുന്നു! ഒട്ടിപ്പിടിച്ചിടത്തു് അസഹ്യമായ വേദനയും ചൂടും അനുഭവപ്പെട്ടു. അമ്മൂമ്മ പെട്ടെന്നു് അവിടം നാക്കുകൊണ്ടു നക്കി വൃത്തിയാക്കി. അപ്പോൾ വേദന മാറിയതു മാത്രമല്ല; വായിൽച്ചെന്ന സാധനത്തിനു നല്ല രുചിയും സ്വാദും തോന്നി. അങ്ങനെയാണു് കശുവണ്ടി തിന്നാൻകൊള്ളാവുന്ന സാധനമാണെന്നു മനസ്സിലായതു്. അമ്മൂമ്മമുഖാന്തരം ആ വാർത്ത നാടെങ്ങും പരന്നു. നിനക്കറിയാമോ? കശുവണ്ടി ശരീരത്തിനു വളരെ നല്ലതാണു്. കമലാ സർക്കസ്സിലെ സാൻഡോ ആയ മിസ്റ്റർ ലൂയിററു് ദിവസേന ഇരുനൂററമ്പതു ഗ്രാം കശുവണ്ടിപ്പരിപ്പു തിന്നും. അതുകൊണ്ടാണു് എണ്പതു വയസ്സുള്ള അയാൾ ഒരാനയെ ദിവസവും രണ്ടുംമൂന്നും തവണ സർക്കസ്സിൽ നെഞ്ചത്തുകൂടി കയററിയിറക്കുന്നതു്. പക്ഷേ, കശുവണ്ടിപ്പരിപ്പിനു വലിയ വിലയാണു്."

"അപ്പോൾ അരിയേക്കാൾ വിലയാണോ മാതേട്ടാ, ഈ പരിപ്പിനു്?"

www.malankaralibrary.com

''വിലയാണോന്നു്! അരിക്കെന്തോ വിലയിരിക്കുന്നു! കുത്തുവണ്ടിപ്പരിപ്പു് ഒന്നാംതരത്തിനു് കിലോയ്ക്കു് ഇരുപത്തൊറപ്പിക്കയെങ്കിലും കൊടുക്കണം.''

''അങ്ങനെയാണെങ്കിൽ എനിക്കു പരിപ്പു തിന്നണ്ടാ. ഞങ്ങളുടെ മാവിൻചുവട്ടിൽ ദിവസവും നാലും അഞ്ചും അണ്ടികൾ വച്ചാൽ കൊണ്ടുവന്നിടും; എനിക്കതു മതി. ഞാൻ അതിൻെറ മൂക്കു ഭിത്തിമേലുരച്ചു് അതിലെ പരിപ്പെടുത്തു തിന്നും; കേട്ടോ.''

സെൻട്രൽ പാർട്ടിയുടെ സെക്രട്ടറിയാണു്, ശിശുപാലൻ. അയാൾ മിക്കവാറും ആപ്പീസിൻെറ മുൻപിൽ കാണും. ഉഷ പലപ്പോഴും മാനേജരുടെ ബംഗ്ലാവിൽ പോയിവരുന്നതു് ശിശുപാലൻ കണ്ടിട്ടുണ്ടു്. അതു നോക്കിയിരിക്കുകയാണു് അയാളുടെ മുഖ്യമായ ജോലി. അവൾ മാനേജരുമായി വളരെ അടുപ്പത്തിലാണെന്നും ചീത്തയാണെന്നും, പ്രേരിപ്പിച്ചാൽ വശപ്പെടുന്നവളാണെന്നും അയാൾ ധരിച്ചുവച്ചിരിക്കുകയാണു്.

ഒരുദിവസം സമയം നട്ടുച്ച. ആപ്പീസു് വിട്ടപ്പോൾ ഉഷ റോഡിലേക്കിറങ്ങി. ഇറങ്ങിയതു് ഒരുഗ്ലാസ്സു് ചായ വാങ്ങി കുടിക്കുവാനാണു്. അപ്പോൾ ശിശുപാലനുണ്ടു് ഒരു പൂർണ്ണനിലാവിൻെറ പുഞ്ചിരിയുമായി അവളുടെ മുൻപിൽ നില്ക്കുന്നു! അവൾ ഒഴിഞ്ഞു നടക്കാൻ ഭാവിച്ചു. അപ്പോൾ ശിശുപാലൻ ചോദിച്ചു:

''എന്താ, ഒഴിഞ്ഞുപോകാൻ തുടങ്ങുന്നതു്? എന്നെ അറിയുകയില്ലേ?''

ശിശുപാലൻെറ ആ ചോദ്യവും ഭാവവും കണ്ടാൽ തോന്നും, ആൾ അത്രയ്ക്കു കേൾവികേട്ടവനാണെന്നും എല്ലാവരും അയാളെ നിർബ്ബന്ധമായി അറിഞ്ഞിരിക്കണമെന്നും. ഉഷ മുഖംകൊടുക്കാതെ ഒരു പൂപോലെ മറുപടി പറഞ്ഞു:

''അറിയത്തില്ല; അതുകൊണ്ടുതന്നെ.''

''ഞാനാണു ശിശുപാലൻ; സെൻട്രൽ പാർട്ടിയുടെ സെക്രട്ടറി. ഉഷയറിയും, ഇപ്പോൾ ഓർക്കുന്നില്ലെന്നേയുള്ളു. ഉഷയ്ക്കു് അണ്ടിയാപ്പീസിൽ പ്രവേശനം, അതുകഴി



ഞ്ഞു പ്രമോഷൻ, ഇവ കിട്ടിയപ്പോൾ ഇവിടത്തെ അണ്ടിത്തൊഴിലാളികൾ ഒന്നടങ്കം ഉഷയ്ക്കെതിരായിരുന്നു. അന്നു് ഉഷയ്ക്കെതിരായി എൻെറടുക്കൽ പരാതി വന്നതിനു് ഒരു കൈയുംകണക്കുമില്ല. ഞാനാണു് അവരെയെല്ലാം സമാധാനപ്പെടുത്തി പറഞ്ഞയച്ചതു്.''

''അങ്ങനെ ചെയ്യേ കഴിയൂ എന്നില്ലായിരുന്നു.''

''അല്ല, ആവശ്യപ്പെടാതെതന്നെ ഞാനൊരുപകാരം ചെയ്തുവെന്നു പറക.''

''കൊള്ളാം, നിങ്ങളുടെ ഉപകാരത്തിനു വളരെ നന്ദി!''

ഉഷ തിരിഞ്ഞു നടക്കാൻ ഭാവിച്ചു. അപ്പോൾ ശിശുപാലൻ വീണ്ടും പറഞ്ഞു: ''നന്ദി വാകൊണ്ടുമാത്രം പറഞ്ഞാൽ പോരാ.''

''പിന്നെങ്ങനെ വേണം?''

''പ്രവൃത്തിയിലും കാണണം.''

''എന്തോന്നു പ്രവൃത്തി?''

അതു പറഞ്ഞിട്ടു് അവൾ പെട്ടെന്നു തിരിഞ്ഞുനടന്നു.

പാലുപോലെ നിലാവൊഴുകിക്കൊണ്ടിരിക്കുന്ന സന്ധ്യ. ആ നറുനിലാവിൻെറ മാദകത്വം കണ്ടാൽ തോന്നും, പരിചയമുള്ള ഏതു തരുണിയെയും വിളിക്കുന്നതായാൽ നിശ്ചയിച്ച സ്ഥാനത്തു് അവൾ വന്നുചേരുമെന്നു്. ആ തോന്നൽതന്നെ ശിശുപാലനുമുണ്ടായി, ഉഷയെ സംബന്ധിച്ചു്. പക്ഷേ, മനസ്സിൽചക്കര മധുരിക്കയില്ലല്ലോ. അതിനൊരു വിദ്യ ശിശുപാലൻ കണ്ടുപിടിച്ചു. ആ വിദ്യ ഇതായിരുന്നു: മാനേജരും ഉഷയുമായി വളരെ അടുപ്പത്തിലാണു്. അതുകൊണ്ടു് മാനേജരുടേതായി ഒരെഴുത്തു് ഉഷയ്ക്കെഴുതി ആരുടെവശമെങ്കിലും കൊടുത്തയച്ചാൽ അവൾ ഈ രാത്രിതന്നെ ഈവഴി മാനേജരുടെ ബംഗ്ലാവിലേക്കു പോകും. അപ്പോൾ അവളെ കൈവശപ്പെടുത്താം. ഈ ഉന്നം മനസ്സിൽവച്ചുകൊണ്ടു് ശിശുപാലൻ ഉഷയ്ക്കു് ഇങ്ങനെയെഴുതി:

www.malankaralibrary.com

ഗ്രേസ്‌വില്ലാ
24—2—'74

ഏററം സ്നേഹമുള്ള ഉഷേ!

ആപ്പീസ്സംബന്ധിച്ച ചില സംഗതികൾ നിന്നെ മുഖദാവിൽ കണ്ടു സംസാരിപ്പാനുണ്ടു്. ആപ്പീസ് പിരിഞ്ഞപ്പോൾ പറയണമെന്നുണ്ടായിരുന്നു. നേരം കിട്ടിയില്ല. ഇപ്പോൾ നേരം അല്പം വൈകിപ്പോയെങ്കിലും രാത്രിയിൽ നല്ല നിലാവുണ്ടല്ലോ. മുഖദാവിൽ കണ്ടു് അത്യാവശ്യമായിപ്പറയേണ്ട സംഗതിയാകകൊണ്ടു് ഈ എഴുത്തിലൊന്നും കുറിക്കുന്നില്ല. ഉപേക്ഷ വിചാരിക്കരുതു്. അത്യാവശ്യമായും വരണം. ഇപ്പോൾ സമയം ഏഴുമണി. ഒൻപതിനു മുമ്പു തിരിച്ചുപോകാം. ആളെക്കൂട്ടി വിടുകയുംചെയ്യാം.

എന്നു്,
മാനേജർ
(ഒപ്പു്)

ശിശുപാലൻ കത്തു മടക്കി മാതേവനേയും അപ്പുക്കുട്ടനേയും വിളിച്ചേല്പിച്ചു. എന്നിട്ടു പറഞ്ഞു: ''ഈ കത്തു് ഉഷയുടെ കൈയിൽ കൊണ്ടുക്കൊടുക്കണം. ഞാൻ തന്നയച്ചതാണെന്നു മിണ്ടിപ്പോവരുതു്. അവിടൊരു മൂപ്പീന്നു വായിനോക്കിയിരുപ്പുണ്ടു്. അയാൾ ഇതൊന്നും അറിയരുതു്! ഇതാ, ഈ പത്തുരൂപാക്കൂടെ അവളെ ഏല്പിക്കണം. ഈ രൂപായും എഴുത്തും മാനേജർ തന്നയച്ചതാണെന്നു പറയണം. തിരിയെ പോരുമ്പോൾ മാനേജർ ഒരൻപതുരൂപാകൂടി തരുമെന്നും പറഞ്ഞേക്കണം.''

അപ്പോൾ മാതേവൻ പറഞ്ഞു:

''ഈ നുണയെല്ലാം പറഞ്ഞുകൂട്ടുന്നതിനു ഞങ്ങൾക്കെന്താ കൂലി?''

''കൂലിയൊക്കെത്തരാമെടാ, നീ പോയിട്ടു വാ.''

''സാറെ, ഞങ്ങൾക്കു വല്ലാതെ വിശക്കുന്നു. എന്തെങ്കിലും കാപ്പി കുടിക്കാൻ വേണം.''



''നിങ്ങൾ രണ്ടും അപ്പുക്കുട്ടന്റെ അച്ഛന്റെ കടയിൽ കേറി എന്റെ പററിൽ ഒരു രൂപയ്ക്കു കാപ്പി കുടിച്ചിട്ടു പോ.''

''ഇവിടെനിന്നു് ഒന്നരമൈലുണ്ടു് ഉഷേടെ വീട്ടിലേക്കു്. ഞങ്ങളു കൂലിക്കൊരു സൈക്കിളു്...''

''സൈക്കിളും ആ കടയിൽനിന്നെടുത്തോ. നിങ്ങളൊട്ടും താമസിക്കരുതു്.''

''ഇല്ല സാറെ, ഇല്ല. ഞങ്ങളിതാ വന്നുകഴിഞ്ഞു.''

അവർ കാപ്പി കുടിച്ചിട്ടു് സൈക്കിളെടുത്തു. മാതേവൻ സൈക്കിൾ ചവിട്ടി. അപ്പുക്കുട്ടനു സൈക്കിളറിഞ്ഞുകൂടാ. അവൻ കയറി സൈക്കിളിന്റെ പിന്നിലിരുന്നു. ചായക്കട മറഞ്ഞപ്പോൾ അപ്പുക്കുട്ടനു സൈക്കിൾ പഠിക്കണമെന്നൊരു നിർബ്ബന്ധം. അവൻ നോക്കിയപ്പോൾ പൂപോലുള്ള ചന്ദ്രിക; സൈക്കിൾ പഠിക്കാൻ നല്ല അവസരം!

മാതേവൻ അപ്പുക്കുട്ടനെ സൈക്കിളിലിരുത്തി ഉന്തി പഠിപ്പിക്കാൻ തുടങ്ങി. ചിലേടത്തു് അപ്പുക്കുട്ടൻ മറിഞ്ഞു വീണു. മററുചിലേടത്തു് അപ്പുക്കുട്ടനും മാതേവനുംകൂടി വീണു. ഒടുക്കം അപ്പുക്കുട്ടൻ മാതേവനോടു പറഞ്ഞു, തനിക്കു ബാലൻസ് കിട്ടിയോന്നു സ്വയമൊന്നു പരിശോധിച്ചുനോക്കട്ടെയെന്നു്. അങ്ങനെ അപ്പുക്കുട്ടൻ ബാക്കുവീലിന്റെ ഫോക്കിൽ ചവിട്ടി കവച്ചുനിന്നു് സൈക്കിൾ തള്ളിവിട്ടു തത്തിത്തത്തിച്ചാടി ബാലൻസ് നോക്കി.

അപ്രകാരം ബാലൻസ് നോക്കവേ, അപ്പുക്കുട്ടന്റെ ഇടത്തുകാലു് എങ്ങനെയോ ബാക്ക്‌വീലിന്റെ ഫോക്കിനിടയിലായി. ചെയിൻകേസില്ലാത്ത വണ്ടിയായിരുന്നു അതു്. തന്മൂലം കാലു ഫോക്കിനിടയിലാകുവാൻ വളരെ എളുപ്പമായിരുന്നു. അപ്പുക്കുട്ടൻ കാലു വലിച്ചൂരാൻ നോക്കി; ഒരുവിധത്തിലും പററുന്നില്ല. ഇടത്തുകാലിന്റെ കണ്ണിന്റെ മേൽഭാഗംവരെ ഫ്രെയിമിനുള്ളിൽ ആയിപ്പോയി.

മാതേവനും കഴിവതു പരിശ്രമിച്ചുനോക്കി; അപ്പുക്കുട്ടന്റെ കാലു രക്ഷപ്പെടുത്തിയെടുക്കാൻ. ശ്രമിക്കുന്തോറും

 www.malankaralibrary.com

കാലിന്റെ ഇരുവശങ്ങളിലെ തൊലിയുരിഞ്ഞുപോവുകയും വേദന വർദ്ധിക്കുകയുമാണ്. അവർ ആകെപ്പാടെ കരഞ്ഞു. സമയവും രാത്രി പത്തുമണിയായി.

ഉഷയുടെ പടിക്കൽ ഏകദേശം അടുത്തപ്പോഴാണ് ഈ സംഭവം. അപ്പുക്കുട്ടന്റെ പാദം സൈക്കിളിന്റെ ഇടസ്സിരിക്കെ മാതേവൻ സൈക്കിളുരുട്ടി ഉഷയുടെ വീടിന്റെ മുററത്ത് ഒരുവിധത്തിലെത്തി.

എന്നും നേരത്തേ ഉറങ്ങുന്ന ഉഷയും അവളുടെ അച്ഛനും അന്നുറങ്ങിയില്ല. കാരണം, അന്നേക്ക് അവക്കൊരു അതിഥിയുണ്ടായിരുന്നു. ഉഷയുടെ അമ്മാവൻ സദാശിവൻ. നല്ല ദൃഢഘടിതകായനായ ഒരു യുവാവ്! ഇലക്ട്രിക്ക് പോസ്റ്റിനു റോഡരുകിൽ കൊണ്ടിട്ടിരിക്കുന്ന തേക്കുംകഴകൾപോലെയാണ് അയാളുടെ കരങ്ങൾ!

മാതേവൻ മടിയിൽനിന്നു കത്തും പത്തു രൂപയുമെടുത്ത് ഉഷയ്ക്കു വച്ചുനീട്ടി. പക്ഷേ, അതു വാങ്ങിയത് സദാശിവനാണ്. കൂടാതെ മാതേവൻ കൂടുതൽ വിവരങ്ങൾ, ശിശുപാലൻ പറഞ്ഞയച്ചതുപോലൊക്കെ അവിടെ പറയുകയും ചെയ്തു.

എഴുത്തിലെ വാചകത്തിന്റെ പോക്കും, മാതേവന്റെ വിശദീകരണവും, പുറമെ പത്തു രൂപയുംകൂടി കണ്ടപ്പോൾ സദാശിവന് ഒരു സംശയം. അയാൾ അല്പനേരം ഒന്നും മിണ്ടാതെ മൗനമായി നിന്നു.

## 13. മോതിരംകൊടുക്കൽ

സദാശിവൻ അകലെ വച്ചിരുന്ന സൈക്കിളെടുത്ത് പുരയ്ക്കകത്തു വെക്കാൻ ഭാവിച്ചു. അപ്പോഴാണ് അതിൽ ഒരുവൻ കുരുങ്ങിക്കിടക്കുന്നതു കാണുക.

സദാശിവൻ ചെങ്ങന്നൂർ ബസ്സ്സ്റ്റാൻഡിലെ നമ്പർ വൺ ചുമടെടുപ്പുകാരനാണ്. അയാൾക്കു രണ്ടു സിമിന്റു ചാക്ക്, രണ്ടു കുഷ്യൻ കക്ഷത്തിലിടുക്കിവച്ചുകൊണ്ടു പോ



കുന്നതുപോലുള്ള ബുദ്ധിമുട്ടേയുള്ളൂ. അയാൾ തൂങ്ങിക്കിടക്കുന്ന അപ്പുക്കുട്ടനെയുൾപ്പെടെ സൈക്കിൾ പൊക്കിയെടുത്തു തന്റെ മുറിയിൽ കയററിവച്ചു. മാതേവനേയും പിടികൂടി. അന്നവരെ അവിടെ പാർപ്പിച്ചു; തടങ്കൽപ്പുള്ളികളെപ്പോലെ.

തലേന്നു രാത്രി മുഴുവനും ഒരു തടങ്കൽപ്പുള്ളിയായി കഴിഞ്ഞുവന്ന സൂര്യഭഗവാൻ, പിറേറന്നു രാവിലെ കിഴക്ക് വൃക്ഷക്കൊമ്പുകളുടെ ഇടയിലൂടെ ഒളിഞ്ഞുനോക്കിത്തുടങ്ങി. അപ്പോൾ മാതേവനേയും അപ്പുക്കുട്ടനേയും ഉഷയുടെ അച്ഛനെ ഏല്പിച്ചിട്ട് സദാശിവൻ എഴുത്തുമായി നേരെ മാനേജരുടെ വീട്ടിലേക്കു പോയി. കത്തു തന്റേതല്ലെന്നു മാനേജർ നിഷേധിച്ചു; അതേപ്പററി തനിക്കൊന്നും അറിഞ്ഞുകൂടെന്നും പറഞ്ഞു.

തിരിച്ചുവരുംവഴി സദാശിവൻ ശിശുപാലനെ പാർട്ടിയാപ്പീസിൽ തിരക്കി. തിരക്കിയത് അയാളെ ചെറുതായിട്ടൊന്നു തടവിവിടാനാണ്. പക്ഷേ, അയാളുടെ പൊടിപോലും അവിടെങ്ങും കണ്ടില്ല. തന്മൂലം സദാശിവൻ വിവരം പോലീസിലറിയിച്ചു. അപ്പോഴേക്കും സമയം പിറേറന്ന് ഉച്ചതിരിഞ്ഞിരുന്നു. പോലീസ് ഇൻസ്പെക്ടരും പാർട്ടിയും ഒരു വാൻ നിറയെ ഉഷയുടെ പടിക്കൽ വന്നു.

ആമത്തിലിട്ടപോലെ അപ്പുക്കുട്ടനപ്പോഴും സൈക്കിളിൽ കുരുങ്ങിക്കിടക്കയാണ്. അടുത്തുള്ള ഒരു കൊല്ലപ്പണിക്കനെ വരുത്തി, അപ്പുക്കുട്ടന്റെ കാല് പോലീസുകാർ സ്വതന്ത്രമാക്കി. ശിശുപാലനെ പോലീസുകാർ ആസ്ഥലമായ സ്ഥലമത്രയും അന്വേഷിച്ചു; എന്നാൽ കണ്ടെത്തിയില്ല. തന്നിമിത്തം അവർ ആ രണ്ടു പിള്ളേരെയും കൂട്ടിക്കൊണ്ടു സൈക്കിളുമായി സ്റ്റേഷനിലേക്കു പോയി.

മാതേവനേയും അപ്പുക്കുട്ടനേയും പോലീസു കൊണ്ടുപോയതിൽ ശിശുപാലനത്രകണ്ടു വിഷമമൊന്നുമില്ല. പിന്നെ ഒരു കാര്യത്തിൽ അല്പം വിഷമമുണ്ട്—സൈക്കിൾ കൊണ്ടുപോയതിൽ.

www.malankaralibrary.com

അടുത്തുള്ള എസ്. എൻ. വി. പ്രൈമറി സ്കൂൾ ടീച്ചറായ കുമാരപിള്ളയുടെ വകയാണു് ആ ചവിട്ടുവണ്ടി. ആ അദ്ധ്യാപകൻെറ ജന്മസ്ഥലം ചായക്കടെ ഗോപാലപിള്ളയുടെ കടയിൽനിന്നും ഏഴു മൈൽ തെക്കു് 'പട്ടാഴി' എന്ന സ്ഥലത്താണു്. ആ വഴിയെങ്ങും ഇന്നോളം ബസ്സർവ്വീസ് തുടങ്ങീട്ടില്ല.

കുമാരപിള്ളസ്സാറെന്നും ഭാര്യവീട്ടിൽനിന്നു കുണ്ടും കുഴിയുംനിറഞ്ഞ ആ ആറടിപ്പാത ചവുട്ടി ഗോപാലപിള്ളയുടെ ചായക്കടെയിൽ വരും. അവിടെ കയറി ഒരു ചായ കടുപ്പിച്ചു കുടിക്കും. അവിടെനിന്നും മൂന്നുമൈൽകൂടി പോവണം സാറിനു തൻെറ സ്കൂളിലെത്താൻ. സ്കൂൾപ്പടിക്കൽക്കൂടി എപ്പോഴും ബസ്സുണ്ടു്. ആദ്യമൊക്കെ സാറു് ചായ കുടിച്ചിട്ടു വീണ്ടും സൈക്കിൾ ചവിട്ടി സ്കൂളിൽ പോവുകയായിരുന്നു പതിവു്. പിന്നെപ്പിന്നെ, ഏഴുമൈൽ ചവിട്ടിയിട്ടു് വീണ്ടും മൂന്നു മൈൽകൂടി ചവിട്ടുകയെന്നതു് ഒരു മുഷിഞ്ഞ ഏർപ്പാടായിത്തോന്നി. ചായ കുടിക്കാൻ വരുന്നവർ കളിയാക്കിയതുകൊണ്ടും കൂടിയായിരിക്കണം അങ്ങനെ തോന്നാൻ കാരണം. ഇരുപതു പൈസാ ചെലവഴിച്ചാൽ സ്കൂളിൻെറ നടയിലിറങ്ങാം. ഒടുവിൽ അത്രയും ദൂരം ബസ്സിൽ പോകാമെന്നു വച്ചു. അപ്പോൾ വേറൊരു പ്രശ്നം. സൈക്കിൾ ആരെ ഏല്പിക്കും?

രാവിലെ ഒൻപതുമണിമുതൽ വൈകിട്ടു നാലരവരെ തൻെറ ചവിട്ടുവണ്ടി സുരക്ഷിതമായി സൂക്ഷിക്കാൻ ആ ഭാഗത്തൊരാളുണ്ടാവണം. കുമാരപിള്ളസ്സാർ ശിശുപാലനോടു ചോദിച്ചതാണു്. താനെപ്പോഴും സ്ഥലത്തു കാണുകയില്ലെന്നും ചായക്കടെക്കാരൻ ഗോപാലപിള്ളയെ ഏല്പിച്ചാൽ മതിയെന്നും അന്നു താൻ നിർദ്ദേശിച്ചതാണു്. താൻ നിർദ്ദേശിച്ചതിനെ നിമിത്തീകരിച്ചാണു് സാർ തൻെറ സൈക്കിൾ ഗോപാലപിള്ളയെ ഏല്പിച്ചതു്.

കുമാരപിള്ളസ്സാർ സ്കൂളിലേക്കു പുറപ്പെട്ടുകഴിഞ്ഞാലുടൻ സൈക്കിൾ കൂലിക്കു കൊടുക്കലാണു് ചായക്കടെ



ഗോപാലപിള്ളയുടെ ജോലി. സാർ ഒരാഴ്ചകൊണ്ടു് ചായക്കടെയിലാണു താമസം. അയാൾ എങ്ങനെ വീട്ടിൽ പോവും? സൈക്കിൾ പോലീസ്സ്റ്റേഷനിൽ ഇരിക്കയാണു്.

ശിശുപാലൻ തൻെറ ആപ്പീസ് തുറന്നിട്ടു് ഒരാഴ്ചയായി. പോലീസ് അയാളെ അടിക്കടി തിരക്കുകയാണു്. ചില പെണ്ണുങ്ങൾ പുതുതായി പാർട്ടിയിൽ ചേരാൻ വരുന്നുണ്ടു്. ചിലക്കു കാഷ്വൽലീവിനപേക്ഷിക്കണം; മററു ചിലക്കു പ്രസവാവധിക്കും. ഈ അപേക്ഷകളൊക്കെ ശരിപ്പെടുത്തിക്കൊടുക്കേണ്ടതു് ശിശുപാലനാണു്.

പോലീസ്സ്റ്റേഷനിൽനിന്നും മാതേവനും അപ്പുക്കുട്ടനും അന്നുതന്നെ തിരിച്ചുപോന്നു. സൈക്കിൾ പോന്നതു്, കൊണ്ടുപോയതിൻെറ മുപ്പത്താംപക്കമാണു്. ഒരു ചക്കടാവണ്ടിയുടെ മുകളിൽ മലർത്തിവച്ചു കെട്ടിക്കൊണ്ടുപോരികയായിരുന്നു സൈക്കിൾ. അതിൻെറ വീലുകൾ തിരിച്ചാൽ കറങ്ങുകയില്ല; ബെല്ലടിച്ചാൽ സ്വരമില്ല. ഇതിനെല്ലാം പുറമെ അതിന്മേലിരുന്ന പമ്പും കാണാനില്ല.

ഉഷയെ ചുററിപ്പററിയാണു് മേൽപ്പറഞ്ഞ സംഭവങ്ങളെല്ലാം ഉണ്ടായതു്. തന്നിമിത്തം ഉഷ ചീത്തയാണെന്ന വാർത്ത ആ നാടെങ്ങും പരന്നു. പങ്കജാക്ഷിയും കേശവനും പാർവ്വതിയും നാണിയുമൊക്കെ കൈകൊട്ടിച്ചിരിച്ചു. ഉഷ ആപ്പീസിൽ ചെല്ലുമ്പോഴെല്ലാം അവിടെ ജോലിചെയ്യുന്ന പെണ്ണുങ്ങളെല്ലാം അവളെപ്പററി അന്യോന്യം പറഞ്ഞു പരിഹസിച്ചു.

ഇതുകൊണ്ടൊന്നും ഉഷ കൂസിയില്ല. അവളുടെ മനഃസാക്ഷി നിർമ്മലമാണു്. ആരെന്തു പറഞ്ഞാലും തനിക്കൊന്നുമില്ല; ഇതായിരുന്നു ഉഷയുടെ മനഃസ്ഥിതി.

അന്നൊരുദിവസം അണ്ടിയാപ്പീസിനു് അവധിയായിരുന്നു. തൻെറനേർക്കുണ്ടായ അപവാദത്തെപ്പററി ഉമാദേവി വല്ലതും ചോദിച്ചു കുററപ്പെടുത്തിയേക്കുമോയെന്നു കരുതി ഉഷ, ഉമാദേവിയുടെ വീട്ടിൽ പോയില്ല. ഉഷ

www.malankaralibrary.com



തന്റെ കുടിലിലെ പണികൾ ചെയ്തുകൊണ്ടേയിരുന്നു. ഉഷയെ കാണാഞ്ഞതു കാരണം രാമകുമാർ അല്പം വിഷമിച്ചു. അയാൾ അണ്ടിയാപ്പീസ് കവലയിലേക്കിറങ്ങി, താൻ സാധാരണ ചെന്നിരിക്കാറുള്ള ജവുളിക്കടയിൽ ചെന്നു. അപ്പോൾ മോഹനകുമാർ ഉഷയെപ്പററി കേട്ട ചില കാര്യങ്ങൾ രാമകുമാറിനോടു പറഞ്ഞു. മോഹനകുമാർ ജവുളിക്കടയുടമസ്ഥൻ മാധവക്കുറുപ്പിന്റെ മകനും രാമകുമാറിന്റെ ഒരുററചങ്ങാതിയുമാണു്. ഉഷയെപ്പററിയുള്ള അപവാദം കേട്ടപ്പോൾ രാമകുമാറിനു് അവിടെ ഇരുപ്പുറച്ചില്ല. അയാൾ ഉടനെ ഉഷയുടെ കുടിലിലേക്കു യാത്രയായി. അപ്പോൾ സമയം ആറുമണിയായിരുന്നു.

ഉഷ അപ്പോൾ രണ്ടു മരച്ചീനിക്കിഴങ്ങു ചുട്ടെടുത്തു കരിവെല്ലാം ചുരണ്ടിക്കളഞ്ഞിട്ടു തിന്നാൻ ഭാവിക്കയായിരുന്നു. രാമകുമാറിനെ പതിവില്ലാത്തവിധം കണ്ടപ്പോൾ അവൾ അമ്പരന്നുപോയി. പൊങ്ങിയ ഇരിപ്പിടമൊന്നും അവിടെയില്ലായിരുന്നു. അവിടെക്കിടന്നിരുന്ന ഉരലിനകത്തു് ഒരു പലകക്കഷണം അവൾ വച്ചുകൊടുത്തിട്ടു് ഇങ്ങനെ ചോദിച്ചു:

''അല്ല; വഴി പിശകിയിങ്ങോട്ടു വന്നതായിരിക്കും?''

''അതെന്താണു് അങ്ങനെ ചോദിച്ചതു്?''

''ഇതിനു മുമ്പു് ഈ വഴിക്കെങ്ങും കണ്ടിട്ടില്ല. അതുകൊണ്ടു ചോദിച്ചതാണു്.''

''ആവശ്യം വല്ലതുമുണ്ടെങ്കിൽ വരും. ചുമ്മാതെന്തിനാ വരുന്നതു്?''

''അപ്പറഞ്ഞതു ശരിയാ. സ്ത്രീകളൊററയ്ക്കു താമസിക്കുന്നിടത്തു വന്നാൽ വല്ല പഴിദോഷവും കിട്ടും.''

''എന്തോ പഴിദോഷമാണു്?''

''അതു പിന്നെപ്പറയാം. ചുട്ട മരച്ചീനിക്കിഴങ്ങിലൊരെണ്ണം തിന്നുന്നോ?''

''തിന്നാം, കൊണ്ടുവരൂ.''

ഉഷ ചുട്ട മരച്ചീനിയും ഉപ്പുനീരിൽ നല്ല കാന്താരിയുടച്ചതും ഒരുഗ്ലാസ്സ് പച്ചവെള്ളവും കൊണ്ടുകൊടുത്തു.





രാമകുമാർ അതു വളരെ സംതൃപ്തിയോടെ ഭക്ഷിക്കാൻ തുടങ്ങി. ഉഷയും ഒരു കരിഞ്ഞ കിഴങ്ങു മുറിച്ചു തിന്നു. ഭക്ഷിക്കുന്നതിനിടയിൽ അയാൾ ചോദിച്ചു:

''പഴിദോഷത്തിന്റെ കാര്യം പറഞ്ഞല്ലോ, അതെന്താണു്?''

''രാമേട്ടൻ ഈ നാട്ടിലെങ്ങുമല്ലേ? ഈ ആക്ഷേപമൊന്നും കേട്ടില്ലേ?''

''ആരെപ്പററി?''

''എന്നെപ്പററി.''

''അല്പമൊക്കെ കേട്ടു. അതിനെന്താണു്?''

''അങ്ങനെ ആക്ഷേപം സമ്പാദിച്ചിരിക്കുന്ന ഒരാളുടെ വീട്ടിൽ രാമേട്ടൻ വന്നാൽ, രാമേട്ടനും അതിന്റെ പങ്കുകാരനാകും.'' അതു പറഞ്ഞപ്പോൾ ഉഷയുടെ നേത്രങ്ങൾ അശ്രുപൂർണ്ണങ്ങളായി.

അപ്പോൾ രാമകുമാർ പറഞ്ഞു:

''അല്ല, ഉഷ കരയാൻ ഭാവിക്കയാണോ? മനുഷ്യരുടെ വാമൂടിക്കെട്ടാനൊക്കുമോ? അവർ അവരുടെ ഇഷ്ടംപോലെ പറയട്ടെ; നമുക്കെന്താ ചേതം? ഇതെല്ലാം അറിഞ്ഞുകൊണ്ടു് ഉഷയെ ആശ്വസിപ്പിക്കാനാണു് ഞാൻ വന്നതു്. ലോകത്തിലാരെല്ലാം സംശയിച്ചാലും ഞാൻ സംശയിച്ചെങ്കിലല്ലേയുള്ളു ഉഷയ്ക്കു വിഷമം? എനിക്കു് ഉഷയെപ്പററി അല്പംപോലും സംശയമില്ല, കേട്ടോ? പിന്നെ വേറൊരു കാര്യമുണ്ടു്.''

''അതെന്താ?'' ഉഷ മുഖം തുടച്ചു് ഒരു പ്രസന്നഭാവം മുഖത്തു വരുത്തിക്കൊണ്ടു ചോദിച്ചു.

രാമകുമാർ പറഞ്ഞു:

''ഉഷ അന്നെന്നെ വിവാഹംകഴിക്കാമെന്നു പറഞ്ഞിരുന്നെങ്കിൽ ഇന്നു് ഈ വിഷമം വരത്തില്ലായിരുന്നു.''

''അതെന്താണു്?''

''ഞാൻ ഈ നാട്ടുകാരനല്ലേ? ഞാൻ വിവാഹംകഴിക്കാനിരിക്കുന്ന പെണ്ണാണു് ഉഷയെന്നു് ഈ നാട്ടുകാരറിഞ്ഞാൽ പിന്നവർ മിണ്ടുമോ?''

www.malankaralibrary.com

''മിണ്ടിയാലെന്തുചെയ്യും?''

''ഏഴുദിവസത്തെ കുളിരും പനിയുമുണ്ടാകും.''

''ശരി. എന്നാൽ ഞാനീ കല്യാണത്തിനു സമ്മതിച്ചുവെന്നുതന്നെ വെക്കുക. വീട്ടിൽ രാമേട്ടന്റെ അമ്മ സമ്മതിക്കുമോ?''

''സമ്മതിക്കും. സമ്മതിച്ചില്ലെങ്കിൽ ഞാൻ സമ്മതിപ്പിക്കും.''

''ശരിയാ, ശരിയാ. അമ്മയുടെ തലവെട്ടം കാണുമ്പോൾ ഓടിയൊളിക്കുന്ന ആളല്ലേ ഇപ്പറയുന്നതു്?''

''അതൊക്കെ ഉഷ അന്നേരം കണ്ടോ!''

''രവീന്ദ്രനമ്മാവനോ?''

''അമ്മാവൻ ആയിരംവട്ടം സമ്മതിക്കും.''

''എന്നു വിവാഹം നടത്താനാണു പ്ലാൻ?''

''ഈ വർഷത്തെ പഠിത്തം കഴിഞ്ഞാലുടൻ.''

''അതിനിനി എത്ര മാസമുണ്ടു്?''

''ആറു മാസം.''

''എന്നെ വിവാഹംകഴിക്കുമ്പോൾ എന്റെ അച്ഛന്റെ കാര്യമോ?''

''അച്ഛന്റെ കാര്യവും ഞാൻ നോക്കിക്കൊള്ളാം.''

''എന്നാൽ ഞാൻ സമ്മതിച്ചിരിക്കുന്നു.''

വിവാഹത്തിന്റെ പ്രഥമപടിയായി തന്റെ അണിവിരലിൽക്കിടന്ന മോതിരം രാമകുമാർ ഊരി ഉഷയെ അണിയിച്ചു. അതോടൊപ്പം അവരിരുവരും ആലിംഗനബന്ധിതരായി. രാമകുമാർ യാത്രചോദിച്ചു തന്റെ വീട്ടിലേക്കു പോവുകയും ചെയ്തു.

## 14. മൂന്നു കയറിൽ തൊണ്ണൂറു തൊട്ടികൾ

തന്നെ പോലീസ്സിൽ പിടിപ്പിക്കാൻ പോത്തച്ചൻ സഹകരിച്ചുവെന്നാണു് ശിശുപാലന്റെ മനസ്സിലിരുപ്പു്. തന്നിമിത്തം പോത്തച്ചനെ പൊതുജനങ്ങളുടെയിടയിൽ



ഒന്നു താഴ്ത്തിക്കെട്ടണമെന്നുള്ള ഏകവിചാരത്തിൽ നടക്കയാണു് ശിശുപാലൻ.

ശിശുപാലന്റെ കേസു് കഴിയാനിരുന്നു ആപ്പീസിനകത്തൊരൊച്ചപ്പാടുണ്ടാവാൻ. പീലിങ്ങിലെ നിർമ്മല ഗർഭിണിയാണെന്നുള്ള കുശുകുശുപ്പായിരുന്നു അതു്. നിർമ്മല ചെറുപ്പമാണു്. വയസ്സു മുപ്പതുവരും. വിവാഹംകഴിച്ചു കുട്ടികളില്ലാതെ ഭർത്താവു മരിച്ചുപോയതാണു്. സഹോദരൻ പാച്ചുവിന്റെകൂടെയാണു് ഇപ്പോൾ താമസം. പാച്ചുവിനു് എട്ടു മക്കളും ഭാര്യയുമുണ്ടു്. വളരെ ദാരിദ്ര്യത്തിലാണു ജീവിതം.

നിർമ്മല കൃശാംഗിയും ദൃഢശരീരിയുമാണു്. ശാരീരികരീതി കണ്ടാൽ ഒരു പുരുഷനാണെന്നേ പറയൂ. വലിയപപ്പടംമാതിരി പരത്തിയും നീട്ടിയുമാണു സംസാരം. തുടങ്ങിയാൽ ഇടവപ്പാതികണക്കേ നില്ക്കും.

മാനേജർ പോത്തച്ചനാണു് നിർമ്മലയെ കുഴപ്പത്തിലാക്കിയതെന്നാണു് നിർമ്മലയുടെയും ശിശുപാലന്റെയും മററും പറച്ചിൽ. നിർമ്മല ഒരു വ്യഭിചാരിണിയായിരിക്കുന്ന സ്ഥിതിക്കു് അതെങ്ങനെ സൂക്ഷ്മമായി നിർണ്ണയിക്കാനാവും?... പോത്തച്ചന്റെ അനുഭാവികൾ നിർമ്മലപ്രഭൃതികളുടെ അഭിപ്രായത്തെ ഖണ്ഡിച്ചുവന്നിരുന്നു.

നിർമ്മല മൂന്നുനാലുമാസം അവളെത്തന്നെ മറച്ചുവച്ചു് ആപ്പീസിൽ ജോലിചെയ്തുവന്നു. അങ്ങനെ മറച്ചുവച്ചതു് മാനേജരുടെ മാനം സംരക്ഷിക്കുവാനെന്ന ഭാവേനയാണു്; തദ്വാരാ അയാളുടെ പ്രീതി സമ്പാദിക്കുന്നതിനും. പക്ഷേ, മാനേജർ അതൊന്നും കൂട്ടാക്കാൻപോയില്ല. അങ്ങനെവന്നപ്പോൾ തന്നോടു ചോദിക്കുന്നവരോടെല്ലാം നിർമ്മല കാര്യങ്ങൾ തുറന്നടിച്ചുതുടങ്ങി. മടിതപ്പുകാരി അന്നക്കുട്ടി അവളെ മാനേജർക്കുവേണ്ടി സ്വാധീനപ്പെടുത്തിയെന്നു്, അവൾ പലേ രാത്രികൾ അന്നക്കുട്ടിയുടെ വീട്ടിൽ താമസിച്ചുവെന്നു്, മാനേജർ അവിടെച്ചെന്നുവെന്നു്, അവളെയും മാനേജരേയും അന്നക്കുട്ടി ഒരു മുറി

യിലിട്ടു കതകടച്ചുവെന്നു്—ഇങ്ങനെ നിർമ്മല കണ്ണിൽ കണ്ടവരോടെല്ലാം പറഞ്ഞുതുടങ്ങി.

ചില പെണ്ണുങ്ങൾ നിർമ്മലയെ ഉപദേശിച്ചു, അണ്ടിയാപ്പീസിന്റെ മുൻപിൽ കൊടിപിടിച്ചു് സത്യഗ്രഹമിരിക്കാൻ. ചിലർ പറഞ്ഞു, ആപ്പീസിന്റെ മുൻപിലല്ല, മാനേജരുടെ പടിക്കൽ കുത്തിയിരിക്കാൻ. വേറെ ചിലർ പറഞ്ഞുകൊടുത്തതു് ഇതു രണ്ടുമല്ല; ആ പോത്തൻമാനേജർ ആപ്പീസിൽ വരുമ്പോൾ അയാളുടെ കഴുത്തിൽ കൈകോർത്തു ഞാന്നുകിടക്കുവാനാണു്.

ഇതെല്ലാമായിട്ടും മാനേജർ ഇരുമ്പുചക്കിനു കാററു പിടിച്ചപോലെ അനങ്ങാതിരുന്നതേയുള്ളു. അതു കണ്ടപ്പോൾ നിർമ്മല ശിശുപാലന്റെപക്കൽ നിവേദനം സമർപ്പിച്ചു. ശിശുപാലൻ നിർമ്മലയെ വിളിച്ചു രഹസ്യമായി പറഞ്ഞു:

''മാനേജർ നിനക്കു് ആയിരം രൂപാ പിഴയായി തരണം. അത്രയും രൂപാ തന്നാൽ, നീ സത്യഗ്രഹത്തിനൊന്നും പോവണ്ടാ. ഒന്നുകിൽ ആയിരം രൂപാ, അല്ലെങ്കിൽ സത്യഗ്രഹം, എന്നു നീ പാഞ്ഞങ്ങു പരത്തണം. എന്നിട്ടു് ആ പോത്തൻമാനേജരുടെ പോക്കു് എങ്ങനെയെന്നു കാണട്ടെ. രൂപാ തരാൻ ഭാവമില്ലെങ്കിൽ ഇവിടെ വാ. അപ്പോൾ സത്യഗ്രഹത്തിനിരിക്കാനുള്ള കൊടിയുമൊക്കെ ഞാൻ തരാം.''

അപ്പോൾ നിർമ്മല, ശിശുപാലൻ പറഞ്ഞതിലും രഹസ്യമായി അങ്ങോട്ടൊരു ചോദ്യമിട്ടു:

''ആയിരം രൂഭാ ശോദിച്ചാ മതിയോ?''

''പിന്നെത്ര ചോദിക്കണമെന്നാണു നിന്റെ അഭിപ്രായം?''

''ഒരു രണ്ടായിരമോ അയ്യായിരമോ ശോദിച്ചാലെന്താ?''

''എത്ര വേണമെങ്കിലും ചോദിക്കാം; പക്ഷേങ്കില് കിട്ടത്തില്ലെന്നുമാത്രം.''

''അതെന്താ? അവരൊക്കെ വല്യവല്യ മൊതലാളിമാരല്ല്യോ?''



''മൊളനാ...ഴി! കള! ഇന്നത്തെ പുത്തൻമടിശ്ശീലത്തെണ്ടികൾ!...''

''അപ്പം ആയിരം രൂഭയെന്നു പറഞ്ഞാ മതിയോ?''

''ധാരാളം മതി. അത്രയും കിട്ടിയാൽ വല്യ ഭാഗ്യം.''

പുതിയ പത്തുരൂപാനോട്ടുകളുടെ വർണ്ണപ്പകിട്ടു മനസ്സിൽ കണ്ടാനന്ദിച്ചുകൊണ്ടു് നിർമ്മല അണ്ടിയാപ്പീസിലേക്കു പോയി.

സ്വന്തം കുററത്താൽ വന്ന അബദ്ധം ഒരന്തസ്സായി നിർമ്മല എടുത്തിരിക്കയാണിപ്പോൾ. ആപ്പീസുപടിക്കൽ സത്യഗ്രഹമിരിക്കാൻപോകയാണെന്നു കണ്ണിൽ കണ്ടവരോടെല്ലാം അവൾ പറഞ്ഞുപരത്തി. ആ വിവരം മാനേജരുടെ കാതിലുമെത്തി. അയാൾ നടാടെ മടിതപ്പുകാരി അന്നക്കുട്ടിയെ വിളിച്ചാലോചിച്ചു. അവൾ ഒരു വളിച്ച ചിരി ചിരിച്ചുകാണിച്ചു. എന്നിട്ടു് ഇറുകിക്കിടന്ന ചട്ടയുടെ കീഴ്ത്തുമ്പു വലിച്ചുപിടിച്ചു് നെഞ്ചു ഞെളിച്ചും കൈ മലർത്തിയും കാട്ടി.

അന്നക്കുട്ടിയിൽനിന്നും സമാധാനം കിട്ടാതെവന്നപ്പോൾ പോത്തച്ചൻ അസിസ്റ്റന്റ് മാനേജർ ഇട്ടിയരായുമായി തലകൊടുത്താലോചിച്ചു. അയാൾ പറഞ്ഞു, ഈ ഇരുതലയും മുറിച്ചു നടക്കുന്ന ജന്തുക്കളെയൊക്കെ സത്യഗ്രഹത്തിനു വിടാതെ വല്ലതും കളഞ്ഞു തുലയ്ക്കുന്നതാണു നല്ലതെന്നു്. അതിനു ശിശുപാലനെ പിടിച്ചാൽ കാര്യം നേരെയാവുമെന്നു്.

പോത്തച്ചൻ ശിശുപാലനു് ആളയച്ചു. ഇത്ര വലിയ ഒരാൾ തന്റെ കാലുപിടിക്കുന്നതു കണ്ടപ്പോൾ ശിശുപാലൻ പഴയ വിരോധമെല്ലാമങ്ങു മറന്നു. ഒരു സ്വാഭിമാനമാണു് അയാൾക്കപ്പോൾ തോന്നിയതു്, പോത്തച്ചന്റെ നല്ലകാലംകൊണ്ടു്.

നിർമ്മലയെ സത്യഗ്രഹത്തിനയയ്ക്കാതെ ശിശുപാലൻ അവളെ വിളിച്ചു് അഞ്ഞൂറുരൂപയ്ക്കു സമ്മതിപ്പിച്ചു. അയാൾ നിർമ്മലയ്ക്കുവേണ്ടി ഇടനിലനിന്നു് അഞ്ഞൂറു രൂപ കൈപ്പററി. അതിൽ ഒരു നൂറു രൂപ തന്റെ പ്രയത്ന

www.malankaralibrary.com

ക്കൂലിയെടുത്തിട്ടു് ബാക്കി നാനൂറു രൂപയാണു് അയാൾ നിർമ്മലയെ ഏല്പിച്ചതു്.

പിന്നെയും നിർമ്മലയ്ക്കു ചെലവുണ്ടായി. അണ്ടിയാപ്പീസിൽ ജോലിചെയ്യാൻ വരുന്ന തള്ളമാർ അവരുടെ കൈക്കുഞ്ഞുങ്ങളെക്കൂടി ആപ്പീസിൽ കൊണ്ടുവരും. ആ കുഞ്ഞുങ്ങളെ സൂക്ഷിക്കുന്ന മൂന്നു നേഴ്സുമാരുണ്ടവിടെ; ചെല്ലമ്മ, റോസമ്മ, കല്യാണി. താനും പ്രസവിക്കും; ഗർഭിണിയായാൽ പ്രസവിക്കുകയേ തരമുള്ളു. അപ്പോൾ തന്റെ കുഞ്ഞിനെ ആപ്പീസിൽ കൊണ്ടുവരുമ്പോൾ സൂക്ഷിക്കേണ്ടതു് ഈ നേഴ്സുമാരാണു്. അവരെ അവഗണിക്കുക വയ്യാ. നിർമ്മല അവർക്കും കൊടുത്തു പത്തുപത്തു രൂപ.

പിന്നെയുമുണ്ടായ്‌വന്നു നിർമ്മലയ്ക്കു ചെലവുകൾ. കുഴപ്പംപററിയെങ്കിലും അതിനുള്ള സാഹചര്യം സൃഷ്ടിച്ചുകൊടുത്ത മടിതപ്പുകാരി അന്നക്കുട്ടി, മാനേജരുടെ പടിക്കൽ സത്യഗ്രഹമിരിക്കണമെന്നു പ്രേരിപ്പിച്ച പൊന്നമ്മ, സെക്രട്ടറിയുടെ അടുക്കൽ അടിക്കടി പോയി അയാളെ പിരിമുറുക്കിയ കേശവന്റെ ഭാര്യ നാണി, എന്നുവേണ്ട അതിനുവേണ്ടി ഒത്തുപിടിച്ചവർക്കെല്ലാം ഏറെയല്ലെങ്കിലും കുറേശ്ശെ പൈസാ കൊടുക്കേണ്ടിവന്നു നിർമ്മലയ്ക്കു്. ''ഈ പൈസാ നിനക്കു ചുമ്മാകിട്ടിയതല്ലേ? പ്രസവക്കാശ്ശു് ഇനിയും പ്രസവിക്കുമ്പോൾ ആപ്പീസിൽനിന്നും കിട്ടത്തില്ലേ?'' എന്നും പറഞ്ഞായിരുന്നു ഓരോരുത്തരും നിർമ്മലയുടെ അരികിൽ അടുത്തുകൂടിയതു്. എല്ലാവർക്കും വീതംവെച്ചശേഷം ഒടുവിൽ അവളുടെ കൈയിൽ ശേഷിച്ചതു്, ഇരുന്നൂറു രൂപമാത്രമാണു്. അതവൾ സഹോദരൻ പാച്ചുവിനെ ഏല്പിച്ചു. പാവം! വളരെ പ്രാരബ്ധത്തിലല്ലേ? തന്റെ പണംകൊണ്ടു് ഒരു രണ്ടുമാസമെങ്കിലും സഹോദരൻ സുഖമായി ജീവിച്ചുകൊള്ളട്ടെ എന്നു് അവൾ വിചാരിച്ചു.

അണ്ടിയാപ്പീസിൽ വിശാലമായ ഒരു ഹോൾ ഉണ്ടു്; മുപ്പതടി വീതി, എഴുപതടി നീളം. ആപ്പീസിൽ ജോലിചെയ്യുന്ന കൈക്കുഞ്ഞുങ്ങളുള്ള സ്ത്രീകളുണ്ടെങ്കിൽ



അവർ രാവിലെ എട്ടുമണിക്കു് ആപ്പീസിൽ വരുമ്പോൾ അവരുടെ കൈക്കുഞ്ഞുങ്ങളെക്കൂടി കൊണ്ടുപോരും. ആ കുഞ്ഞുങ്ങളെ കിടത്താനും സൂക്ഷിക്കാനുമാണു് മേൽപ്പറഞ്ഞ കെട്ടിടം.

ഷെല്ലിങ്ങ്, പീലിങ്ങ്, ഗ്രേഡിങ്ങ് ഈ മൂന്നു വകുപ്പിലും ജോലിചെയ്യുന്ന സ്ത്രീകളുടെ കുഞ്ഞുങ്ങളുണ്ടതിൽ. തൊണ്ണൂറു കുഞ്ഞുങ്ങൾ വരും അങ്ങനെ. അവരെ വീട്ടിൽ ഇട്ടിട്ടു പോന്നാൽ അവിടെയാരും അന്വേഷിക്കാൻ കാണുകയില്ല.

കുഞ്ഞുങ്ങളെ ആപ്പീസിൽ കൊണ്ടുവന്നാൽ അതുങ്ങളെ മടിയിൽ വച്ചുകൊണ്ടു് അണ്ടിതല്ലാനും തൊലികളയാനും സാധ്യമല്ല. അങ്ങനെ ചെയ്തു് ഒന്നുരണ്ടു കുഞ്ഞുങ്ങൾ ശ്വാസംമുട്ടി മരിച്ചുപോയിട്ടുണ്ടു്. അതുകൊണ്ടാണു് അവർക്കു നേഴ്സിങ്ങ് ഹോം ഉണ്ടാക്കിയിരിക്കുന്നതു്.

കുഞ്ഞുങ്ങളെ രാവിലെ എട്ടുമണിക്കു കൊണ്ടുവന്നാൽ അവർ നേഴ്സുമാരെ ഏല്പിക്കും. നടക്കുന്നതോ കവിണ്ണുവീണു മുട്ടുകാലിൽ നീന്തുന്നതോ ആയ ശിശുക്കളെ നേഴ്സിങ്ങ് ഹോമിൽ കൊണ്ടുവന്നുകൂടാ. കൊണ്ടുവന്നാൽ നേഴ്സുമാർ അതിന്റെ ചുമതല ഏറെറടുക്കയില്ല.

കെട്ടിടത്തിന്റെ മുകളിലുള്ള തുലാങ്ങളിൽ ധാരാളം ഉരുളൻമുളകൾ പാകി ബലമായി ചക്കരക്കയറുകൊണ്ടു കെട്ടിയിട്ടുണ്ടു്. അതിൽനിന്നും തൊട്ടിലുകൾ കെട്ടാൻ കയറുകൾ കീഴോട്ടു തൂക്കിയിട്ടിരിപ്പുണ്ടു്.

ഓരോ മാതാവും അവരുടെ വീട്ടിൽനിന്നും വല്ല കയിലിയോ കച്ചമുറിയോ കൊണ്ടുവന്നു മടക്കി തൊട്ടിൽപോലെ ആ കയറിൽ കെട്ടും. ശിശുവിനെ അതിൽ കൊണ്ടുവന്നിടും. എന്നിട്ടു്, ''ഇതാ എന്റെ കുഞ്ഞു് തൊട്ടിലിൽ കിടക്കുന്നേ, കാര്യമായി നോക്കിക്കൊള്ളണേ'' എന്നു ചുമതലപ്പെട്ട നേഴ്സിനോടു പറയും.

മുപ്പതു ശിശുക്കൾക്കു് ഒരു നേഴ്സ് എന്നാണു വയ്പു്. അതനുസരിച്ചു് തൊണ്ണൂറു ശിശുക്കൾക്കു് മൂന്നു നേഴ്സ്. ഈ മുപ്പതു ശിശുക്കളുടെയും തൊട്ടിലുകൾ ഒരു കയറിൽ പിടിച്ചു വലിച്ചാൽ ഒന്നിച്ചു് ആടത്തക്കവണ്ണം കയറുകൾ

www.malankaralibrary.com

കൊണ്ടു് അന്യോന്യം ഒരുകാലത്തു ബന്ധിച്ചിരുന്നു. മൂന്നു നേഴ്സുമാർ മൂന്നു സ്ഥാനത്തു നിന്നു് മൂന്നു കയറുപിടിച്ചു വലിച്ചാൽ ഈ തൊണ്ണൂറുതൊട്ടിലും അന്നു് ഒന്നിച്ചു് ആടുമായിരുന്നു. പക്ഷേ, കാലാന്തരത്തിൽ ആ പതിവു് നിറുത്തപ്പെട്ടു. കാരണം, തൊട്ടിലുകൾതമ്മിൽ കൂട്ടിമുട്ടി ശിശുക്കൾക്കു മുറിവും ചതവും പററിവന്നിരുന്നു. തന്മൂലം ഇപ്പോൾ തൊട്ടിൽ വേറെവേറെയാണു് ആട്ടുക.

കുഞ്ഞുങ്ങൾ കരയാതെ തൊട്ടിലാട്ടുക, കണ്ടമാനം കരഞ്ഞാൽ അതിനെ കൈയിലെടുത്തു 'വാവോ'ചൊല്ലുക, അതുകൊണ്ടും നിന്നില്ലെങ്കിൽ അതതിന്റെ മാതാക്കളെ ജോലിസ്ഥലത്തുനിന്നും വിളിച്ചുകൊണ്ടുവന്നു പാലുകൊടുപ്പിക്കുക ഇവയൊക്കെയാണു് നേഴ്സുമാരുടെ ജോലി.

നിർമ്മല പ്രസവിച്ചു. കാർമേഘംപോലൊരു ആൺകുഞ്ഞു്. പ്രസവം കഴിഞ്ഞു ജോലിക്കു വന്നുതുടങ്ങിയ നാൾമുതൽ നിർമ്മലയുടെ കുഞ്ഞു് നേഴ്സിങ്ങ് ഹോമിലാണു്. അവൻ കവിണ്ണുവീണു് നീന്തൽപ്രായമായി. അപ്പോൾ നേഴ്സ് കല്യാണി പറഞ്ഞു, ഇനി അവനെ കൊണ്ടുവരരുതെന്നു്. നിർമ്മല അത്ര വകവച്ചില്ല. താൻ മാനേജരോടുവരെ പടപൊരുതി ജയിച്ചിരിക്കെ, നേഴ്സുമാർ സാരമില്ലെന്നമട്ടായിരുന്നു നിർമ്മലയ്ക്കു്.

തന്മൂലം ഒരുദിവസം സംഭവിച്ചതു് ഇതാണു്: നേഴ്സിങ്ങ് ഹോം പബ്ലിക് റോഡിനോടു വളരെ തൊട്ടാണു സ്ഥിതിചെയ്യുന്നതു്. അതിന്റെ ഒരു ഭിത്തി റോഡിന്റെ അതിരുമാണു്. കുഞ്ഞുങ്ങളുടെ മലമൂത്രാദികൾ ഒഴുകി, റോഡിലുള്ള കാനയിലേക്കു ചാടിക്കാൻ പ്രസ്തുത ഭിത്തിയുടെ ചുവട്ടിൽ തറനിരപ്പിൽ അങ്ങുമിങ്ങും ദ്വാരങ്ങളുണ്ടായിരുന്നു ആ ദ്വാരത്തിന്റെ വ്യാസം ഒരു മനുഷ്യന്റെ തല കടക്കാൻപോരുന്നതായിരുന്നു.

ഒരുദിവസം മഴ ചതച്ചുകുത്തി പെയ്തുകൊണ്ടിരുന്നു. നേരം ഉച്ച തിരിഞ്ഞു മൂന്നുമണി. നിർമ്മലയുടെ കുഞ്ഞു് നീന്തിവലിഞ്ഞു് ആ ദ്വാരത്തിലൂടെ പുറത്തുചാടി കാനയിൽ അകപ്പെട്ടു. കാനയിലൂടെ വെള്ളം കലങ്ങിമറി



ഞ്ഞും കുതിച്ചുപാഞ്ഞും ഒഴുകിക്കൊണ്ടേയിരുന്നു. കുഞ്ഞു് ആ കാനയിലൂടെ മുങ്ങിയും പൊങ്ങിയും താഴോട്ടൊഴുകി. നിർമ്മലയോ നഴ്സുമാരോ ഈ സംഭവം അറിയുന്നില്ല. ആ ശിശു ഏതാണ്ടു് നൂറടി അങ്ങനെ താഴോട്ടൊഴുകി.

തത്സമയം എതിർവശത്തു സ്ഥിതിചെയ്യുന്ന അണ്ടിത്തോടു കൂട്ടിയിരുന്ന ഷെഡ്ഡിൽ നില്ക്കുയായിരുന്നു ഉഷ. അവൾ ആകസ്മികമായി ഇതു കണ്ടു. പേമാരിയും കൊടുങ്കാററും വകവയ്ക്കാതെ അവൾ നനഞ്ഞു് ഇറങ്ങിയോടി കാനയിൽനിന്നും നിർമ്മലയുടെ കുഞ്ഞിനെ പിടിച്ചെടുത്തു നഴ്സുമാരെ ഏല്പിച്ചു. അവൾ അങ്ങനെ ചെയ്തില്ലായിരുന്നുവെങ്കിൽ ആ കുഞ്ഞു് നിശ്ചയമായും മരിച്ചുപോകുമായിരുന്നു.

## 15. ഗോപിനാഥൻ

ഉഷയെ കല്യാണംകഴിക്കാമെന്നും പറഞ്ഞു് അഞ്ഞൂറുറുപ്പിക കളിപ്പിച്ച ഗോപിനാഥൻ പല ബിസിനസ്സും തെന്മലെ ചെയ്തു. ചെയ്തതെല്ലാം പൊട്ടുകയായിരുന്നു. ഒടുവിൽ ചെയ്ത ബിസിനസ്സ് കാലിച്ചാക്കും കാലിപ്പാട്ടയുമാണു്. കാലിപ്പാട്ട സൈക്കിളിന്റെ പിന്നിൽ കലാസുഭഗമായി അടുക്കിക്കെട്ടി വരുന്നതു ദൂരെനിന്നു കണ്ടാൽ അതൊരു ടി. വി. എസ്. ബസ്സാണെന്നേ ആർക്കും തോന്നൂ. ആ ബിസിനസ്സും ഏറെക്കാലം നീണ്ടുമുററിയില്ല.

ഇതിനിടയ്ക്കു് ഗോപിനാഥൻ രണ്ടു വിവാഹംചെയ്തു; രണ്ടിനേയും ഉപേക്ഷിച്ചു. അങ്ങനെ വിഭാര്യനും തൊഴിൽരഹിതനുമായി വിഷമിച്ചുനില്ക്കവേ, ഒരുദിവസം അയാൾ ശിശുപാലനെ തെന്മലവച്ചു കണ്ടു അവർതമ്മിൽ അകന്ന ഒരു പുലബന്ധമുണ്ടു്. ഗോപിനാഥന്റെ ശോചനീയസ്ഥിതി ഗ്രഹിച്ച ശിശുപാലൻ അയാളെ കൂട്ടിക്കൊണ്ടു് അടൂർ വന്നു. അണ്ടിയാപ്പീസിനടുത്തു് ഒരു ചെറിയ കട കൂലിക്കെടുത്തു് അവിടെ അണ്ടിത്തോക്കാവ്യാപാരം ഗോപിനാഥനിട്ടുകൊടുത്തു.

www.malankaralibrary.com

ഇതിനു മുമ്പാണെങ്കിൽ ഓരോ അണ്ടിത്തൊഴിലാളിക്കും ആഴ്ചയിൽ ഓരോ വല്ലം(കുട്ട)വീതം അണ്ടിത്തോക്കാ ചുമ്മാതെ ലഭിക്കുമായിരുന്നു. ഇപ്പോൾ ആ പതിവ് നിർത്തൽചെയ്തിരിക്കയാണ്. കാരണം തോക്കായ്ക്ക് മാർക്കറ്റിൽ നല്ല വിലയുണ്ട്. തന്നിമിത്തം തോക്കാ(തോട്)യെല്ലാം മാനേജർ ഹോൾസെയിലായി പുറത്ത് ആരെയെങ്കിലും ഏല്പിച്ചുവരികയാണ്. അവിടെനിന്നും വാങ്ങി 'റീട്ടെയിൽ' കച്ചവടം സ്വന്തം വീട്ടിൽ നടത്തുന്നവർ ധാരാളമുണ്ട്. വിറകില്ലാത്തവർക്ക് അടുപ്പിൽ തീയെരിക്കാൻ മറ്റൊന്നുമില്ലെങ്കിൽ അണ്ടിത്തോക്കാ ഒന്നാന്തരമാണ്.

ഗോപിനാഥൻ വന്നു കച്ചവടം തുടങ്ങിയതോടൊപ്പം അണ്ടിയാപ്പീസിലുള്ള പലരെയും പരിചയപ്പെടാൻ തുടങ്ങി. പ്രഥമതഃ പരിചയപ്പെട്ടത് മടിതപ്പുകാരി അന്നക്കുട്ടിയെയാണ്. അവൾക്കു മടിതപ്പിനുംപുറമേ വേറൊരു ജോലികൂടിയുണ്ട്. അതിതാണ്:

അണ്ടിതല്ലുകാർ കൊണ്ടു കുമിക്കുന്ന അണ്ടിത്തോക്കായിൽ പരിപ്പിൻകഷണമോ മുഴുവനണ്ടിയോ കിടപ്പുണ്ടോ എന്നു ചികഞ്ഞുനോക്കുക. അക്കാരണത്താൽ അണ്ടിത്തോക്കാപ്പുരയിൽ തോക്കാ വാങ്ങാൻ ചെല്ലുന്നവർക്ക് അന്നക്കുട്ടിയെ സൗഗമ്യം പരിചയപ്പെടുവാൻ സാധിക്കുമായിരുന്നു. അവളെ പരിചയപ്പെട്ടുകഴിഞ്ഞാൽ നിർമ്മല, പാവ്വതി, പങ്കജാക്ഷി, നാണി ആദിയായ മേൽപ്പെട്ട സ്ത്രീകളുടെ പരിചയം സമ്പാദിക്കാൻ വളരെ എളുപ്പമാണ്. അവരുടെയും സ്നേഹപരിചയങ്ങൾ ഗോപിനാഥൻ നിഷ്പ്രയാസം സ്വായത്തമാക്കിക്കഴിഞ്ഞു. അവർ ഉഷയെ ദൂരെവച്ചു ചൂണ്ടിക്കാട്ടി അയാൾക്കു പരിചയപ്പെടുത്തിക്കൊടുത്തു.

ഉഷയുടെ കാഴ്ച ഗോപിനാഥനെ അത്ഭുതപ്പെടുത്തി. അയാൾ മൂക്കത്തു വിരൽവച്ചുകൊണ്ടിങ്ങനെ വിചാരിച്ചു: അമ്പേ! ഇവൾ ഇത്ര പെട്ടെന്ന് ഇത്രയും വളന്നോ? എന്തൊരാകാരഭംഗിയും നിറവുമാണിവൾക്ക്! പണ്ട് താൻ കണ്ടപ്പോൾ—തനിക്കു വിവാഹം പറഞ്ഞുവച്ചിരുന്നപ്പോൾ—തന്റെ എളിക്കൊപ്പം ഇല്ലായിരുന്നല്ലോ ഇവൾ! ഇരുന്നെഴുന്നേൽക്കുന്നപോലല്യോ കന്യാപ്പെണ്ണുങ്ങളുടെ വളർച്ച!... കന്യകയും കാഴങ്ങുവള്ളിയും നോക്കിനില്ക്കെ വളരും. അടുത്തു ചെന്ന് അരനിമിഷം നിന്നുപോയാൽ കാലിൽ കയറിച്ചുറ്റുകയും ചെയ്യും. താനൊരിക്കൽ ഇവളെ വിവാഹംചെയ്യാമെന്നും പറഞ്ഞ് അഞ്ഞൂറു രൂപ കളിപ്പിച്ചതല്ലേ? ഇവളുടെ അമ്മയെ താൻ തൊഴിച്ചുകൊന്നതല്ലേ? ഇനി ഇവളെ വിവാഹംചെയ്യാൻ സാദ്ധ്യമാണോ? ഒന്നു ശ്രമിച്ചുനോക്കുന്നതുകൊണ്ടു നഷ്ടമൊന്നും വരാനില്ലല്ലോ.



അണ്ടിത്തോക്കാപ്പുരയിൽവച്ച് ഒരിക്കൽ ഗോപിനാഥൻ അന്നക്കുട്ടിയോട് ഇങ്ങനെ ചോദിച്ചു:

‘‘ഉഷയിവിടെ ജോലിക്കു വന്നിട്ട് എത്ര കൊല്ലമായി?’’

‘‘ഒരു മൂന്നുകൊല്ലമായിക്കാണും.’’

അന്നക്കുട്ടി ചട്ടയുടെ കീഴ്ത്തുമ്പ് വലിച്ചുപിടിച്ചുകൊണ്ടു പറഞ്ഞു. ഗോപിനാഥൻ അപ്പോൾ കണക്കുകൂട്ടി, ആര്യങ്കാവിൽനിന്നും അവൾ നേരേ അടൂർ വന്നിരിക്കണമെന്ന്. അയാൾ ചോദ്യം തുടർന്നു:

‘‘അവളെവിടെത്താമസിക്കുന്നു?’’

‘‘സൂക്ഷ്മം എനിക്കറിയത്തില്ല. പങ്കജാക്ഷിയോടു ചോദിച്ചാലറിയാം.’’

‘‘ഇപ്പോഴും അവളുടെ അച്ഛൻ വാസുപിള്ളയുണ്ടോ?’’

‘‘അയാൾ ഇല്ലാണ്ടിരിക്കാനെന്താ?’’

‘‘അല്ല, വയസ്സനായതുകൊണ്ടു ചോദിച്ചതു്.’’

‘‘അയ്യോ, വയസ്സന്മാരല്യോ ഇപ്പോൾ ഉണങ്ങിയ മത്തിപോലെ എല്ലായിടത്തും ജീവിച്ചിരിക്കുന്നത്. ചെറുപ്പക്കാരെല്ലാം വേഗംവേഗം കടന്നുപോകയാ. നിങ്ങളറിയുമോ ആ മൂപ്പീന്നിനെ?’’

‘‘ഇല്ല, കേട്ടിട്ടുണ്ട്’’, അയാളുടെ മകൾ ഉഷയ്ക്കിവിടെന്താ പണി?’’

‘‘അണ്ടി സൈസ് തിരിക്കൽ.’’

‘‘എന്തോ ശമ്പളം കിട്ടും?’’

www.malankaralibrary.com



''രണ്ടുരൂപ എണ്ണത്തിരണ്ടു പൈസ.''

''ബോണസും അലവൻസുമൊക്കെയുണ്ടോ?''

''എല്ലാമുണ്ടു്.''

ഉഷയുടെ ദിനംപ്രതിയുള്ള ജോലിയിൽ രണ്ടുമൂന്നുരൂപ അടങ്ങുന്നുണ്ടെന്നും അങ്ങനെ ജോലിയും അതോടൊപ്പം സൗകുമാര്യവുമുള്ള ഒരു പെൺകുട്ടിയെ വിവാഹം കഴിക്കുന്നതു് എല്ലാംകൊണ്ടും ശ്രേയസ്കരമാണെന്നും ഗോപി തെല്ലിട ചിന്തിച്ചു നിന്നുപോയി. തല്ലുകാർ തോക്കാ കൊണ്ടിടാൻ വന്നതുകാരണം അന്നുകുട്ടിക്കു ജോലിയായി. തന്മൂലം ഗോപി അവിടെനിന്നും സ്വന്ത കടയിലേക്കു പോന്നു.

കടയിൽ നില്ക്കാനും ഗോപിനാഥനു കഞ്ഞിവച്ചു കൊടുക്കാനും പങ്കജാക്ഷിയുടെ മകൻ മാതേവനെ ശിശുപാലൻ ചട്ടംകെട്ടിക്കൊടുത്തു. രാത്രി എട്ടുമണിവരെ മാതേവൻ ജോലിചെയ്താൽ മതി. ആ കരാറിന്മേലാണു് അവൻ ജോലിക്കു നില്ക്കാമെന്നു സമ്മതിച്ചതു്. എന്തെന്നാൽ എട്ടുമണി കഴിഞ്ഞുള്ള സമയം അവനു സിനിമ കാണുന്നതിനു പോകണം.

സമയം ഉച്ചതിരിഞ്ഞാൽപ്പിന്നെ കടയിൽ അണ്ടിത്തോക്കാസ്സു് അത്ര വലിയ പിരിവൊന്നുമില്ല. പിന്നെ സന്ധ്യയാവുമ്പോഴാണു് നല്ല പിരിവു്.

ഒരുദിവസം ഗോപിനാഥൻ ഉച്ചതിരിഞ്ഞു് ഷർട്ടിന്റെ പോക്കററിൽനിന്നും ഒരു ബീഡിയെടുത്തു വലിച്ചു. വരാന്തയിലുള്ള ഒരു തൂണിൽ ചാരി നിന്നുകൊണ്ടാണു വലിച്ചതു്. പോക്കററു തിങ്ങി ബീഡി കിടപ്പുണ്ടു്. ആ പോക്കററിന്റെ ഒത്ത മദ്ധ്യത്തിൽ ഒരു ദ്വാരമുണ്ടു്. പണ്ടേതോ സമയത്തു് ബീഡിയുടെ തീപ്പൊരി വീണു കിഴിഞ്ഞതായിരിക്കണമതു്. ആ ദ്വാരത്തിലൂടെ ഒരു ബീഡി പകുതിയോളം ഞൊത്തു് പുറത്തേക്കു ചാടിനിന്നിരുന്നു. 'ഹൊറിസോണ്ടൽ പൊസിഷനി'ലായിരുന്നു അതിന്റെ നില്പു്. മാതേവൻ ഒററനോട്ടത്തിൽ ആ ബീഡി കണ്ടു. ബീഡി കണ്ടാൽ ബീഡി വലിക്കുന്നവർക്കു് ഒരെണ്ണം വലിച്ചേതീരൂ; അതേ ആഗ്രഹം മാതേ



വന്നുമുണ്ടായി. പക്ഷേ, അവന്റെ കൈയിൽ ബീഡിയില്ല; വാങ്ങിക്കാനൊട്ടു പൈസയുമില്ല. അവൻ എന്തു ചെയ്യു? ഗോപിനാഥൻ നിന്നിരുന്ന വരാന്തയുടെ അടിത്തിണ്ണയിലൂടെ ഒന്നു മിന്നി. പിന്നെ ആ ബീഡി അവിടെ കണ്ടില്ല; ഗോപിനാഥനൊട്ടറിഞ്ഞതുമില്ല.

മാതേവൻ അടുക്കളയിൽക്കേറി ആ ബീഡി കൊളുത്തി ഒന്നുരണ്ടു വലിച്ചു. നല്ല സ്വാദു്; നല്ല രുചി. വീണ്ടും വലിക്കാൻ അതു കെടുത്തി ചെവിപ്പുറകിൽ വച്ചിട്ടു് ഒന്നുമറിയാത്തമട്ടിൽ അവൻ വീണ്ടും വന്നു് വരാന്തയിൽ നിന്നു. അപ്പോഴും ഗോപി ബീഡി വലിച്ചുകൊണ്ടിരിക്കുന്നതേയുള്ളു. മാതേവൻ അയാളോടു ചോദിച്ചു:

''സാറു വലിക്കുന്നതു് എന്തിരു ബീഡിയാ സാർ?''

''കാജാബീഡി.''

''കാജാബീഡി നല്ല ബീഡിയാ സാർ.''

''അതു നിനക്കെങ്ങനെയറിയാം?''

''മണംകൊണ്ടറിയാം. കാജാബീഡിക്കു് കൂജാത്തീപ്പെട്ടിതന്നെ വേണം സാർ.''

''എന്താണതിനിത്ര വിശേഷം?''

''വിശേഷമോ? അതു് അണ്ടിത്തോക്കാപോലെ ചീററുകയും പൊട്ടിത്തെറിക്കുകയും ഒന്നും ചെയ്യത്തില്ല സാർ. നല്ല മത്താപ്പുപോലെ നിന്നെരിയും സാർ.''

''ആ തീപ്പെട്ടി എവിടെക്കിട്ടും?''

''ശൂരനാടു് എന്ന സ്ഥലത്തോമററോ ആണു് അതുണ്ടാക്കുന്നതു്. ഇവിടെ സുകുമാരന്റെ മാടക്കടയിൽ കിട്ടും. പൈസ തന്നാൽ ഇപ്പോഠം വാങ്ങിച്ചോണ്ടുവരാം സാർ.''

''വേണ്ടാ. പിന്നെ വാങ്ങിച്ചോളാം. എനിക്കു നിന്നോടു് ഒരു കാര്യം ചോദിച്ചറിയാനുണ്ടായിരുന്നു.''

''എന്താ സാർ? എനിക്കറിയാവുന്നതാണെങ്കിൽ ഞാമ്പറയാം സാർ.''

''നീ ഉഷയെന്ന സ്ത്രീയെ അറിയുമോ?''

www.malankaralibrary.com

''അറിയുമോന്നു്! ഒരു മുററം, രണ്ടു വീടു്. അങ്ങനെയാണു ഞങ്ങളുടെ താമസം.''

''നീ അവിടെ പോകാറുണ്ടോ?''

''എന്നും പോകാറില്ല; ചിലപ്പോൾ പോകും.''

''എന്താണവൾ?''

''ഒരു പരമരസികൻ പെണ്ണാ സാർ. സാറിനു് ചൊവ്വേ ചേരും.''

''ചേരുന്നതെല്ലാമങ്ങു വിട്ടു. ഇനി നീയവിടെ പോകുമ്പോൾ എന്നെപ്പററി ഒത്തിരിപ്പുകഴ്ത്തിപ്പറയണം. നല്ല കായബലം; അടിതടയറിയാം; വളരെ സമർത്ഥനാണു് എന്നൊക്കെ... പറയുമോ?''

''പറയാം സാർ; പറയാം.''

ശിശുപാലന്റെ എഴുത്തും രൂപയും ഉഷയുടെ കൈവശം കൊടുക്കാൻ പോയശേഷം ഇന്നേവരെ മാതേവൻ അവളുടെ പടിക്കൽക്കൂടിപ്പോലും പോയിട്ടില്ല. ആ വഴി കാണുന്നതുതന്നെ അവനു് 'അലർജി'യാണു്. ആ മാതേവനാണിപ്പോൾ ഏററിരിക്കുന്നതു്, സർവ്വവും ഉഷയോടു ചെന്നു പറയാമെന്നു്. എങ്കിൽ കാക്ക മലന്നു പറക്കും.

## 16. ആശയ്ക്കുമില്ലേ ഒരതിരു്?

ഉഷ ആപ്പീസു് കഴിഞ്ഞു വീട്ടിലേക്കു മടങ്ങുമ്പോൾ ഗോപി തന്റെ കടയിലിരിപ്പുണ്ടു്. അയാൾ അവളെ കണ്ണുപറിക്കാതെ നോക്കി; ഉഷ മുഖംകൊടുക്കാതെ പുറകോട്ടു ചിന്തിച്ചു. ഒടുവിൽ അവൾക്കു മനസ്സിലായി, അതു തന്നെ വിവാഹംകഴിക്കാൻ നടന്ന ഗോപിനാഥനാണെന്നു്. ഉഷ കാര്യമായി ചിന്തിച്ചു. ഇയാൾ ഇവിടെ എങ്ങനെ വന്നു? ശിശുപാലനും ഇയാളുംകൂടി സംസാരിക്കുന്നതു കണ്ടല്ലോ. തമ്മിലേതോ മുൻപരിചയമോ ബന്ധമോ കണ്ടേക്കാം. എന്തെങ്കിലും ഉണ്ടായിക്കൊള്ളട്ടെ; തനിക്കെന്തു ചേതം? പക്ഷേ, തന്റെ പൂർവ്വചരിത്രം ഈ മനുഷ്യൻ ഇവിടൊക്കെ പറഞ്ഞുപരത്തിയെങ്കിലോ? പരത്തുന്നെങ്കിൽ പരത്തിക്കൊള്ളട്ടെ ഈ മനുഷ്യനുമായി ഒരക്ഷരം ഉരിയാടുന്നതോ പോകട്ടെ, തമ്മിൽ നോക്കുന്നതിനുപോലും ഇടയാകല്ലേയെന്നു് അവൾ ആത്മനാ പ്രാർത്ഥിച്ചു. കൂടാതെ ഇയാൾ ഇവിടെ വന്നുചേർന്നതു തന്റെ കഷ്ടകാലംകൂടിയാണെന്നു് അവൾ അനുമാനിച്ചു



ഒരുദിവസം ഗോപിനാഥൻ ചായക്കടയിൽ നില്ക്കുന്ന അപ്പുക്കുട്ടനെ കൂട്ടിക്കൊണ്ടു് ഉഷയുടെ വീട്ടിൽ ചെന്നു. ഉഷ അപ്പോൾ അവിടെയില്ലായിരുന്നു; ആപ്പീസിലായിരുന്നു.

ഉഷയുടെ അച്ഛൻ വാസുപിള്ള മണ്ണുതിണ്ണയിൽ കാലുനീട്ടിയിരുന്നുകൊണ്ടു് പച്ചച്ചീനി അരിയുകയായിരുന്നു. പടിക്കൽനിന്നു രണ്ടുപേർ കയറിവരുന്നതു വാസുപിള്ള കണ്ടു. കണ്ണടയ്ക്കു പകരം ഇടതുകൈ പുരികത്തിനു സമം പിടിച്ചുകൊണ്ടു നോക്കി; എന്നിട്ടും ആളെ പിടികിട്ടിയില്ല. രണ്ടുപേരും മണ്ണുതിണ്ണയ്ക്കടുത്തു വന്നു നിന്നു. അപ്പോൾ അപ്പുക്കുട്ടനെ മനസ്സിലായി. വാസുപിള്ള എടുത്തവായ്ക്കു ചോദിച്ചു: ''ശ്ശെടാ, നീയല്ല്യോ രണ്ടാഴ്ചയ്ക്കു മുമ്പു് സൈക്കിളിൽ കുരുങ്ങി ഇവിടെ വന്നുകേറിയതു്? ഇപ്പോൾ സൈക്കിളില്ല്യോടാ? എടാ, നിന്റെ മറേറ കൂട്ടുകാരനെന്ത്യേടാ? അവനെക്കൂടെ വിളിച്ചോണ്ടുവരാമായിരുന്നല്ലോടാ അതോ, ഈ നില്ക്കുന്നവൻ ഇനി അവനാണോടാ?''

മൂപ്പീന്നിനു് അപ്പുക്കുട്ടനെ കണ്ടപ്പോൾ ശുണ്ഠികയറി. ചുമ്മാതെ നടക്കാൻ വിളിച്ചതുകൊണ്ടു മാത്രം ഗോപിനാഥന്റെകൂടെ ഇറങ്ങിത്തിരിച്ചതാണു് അപ്പുക്കുട്ടൻ. ഉഷയുടെ വീട്ടിലേക്കായിരുന്നുവെങ്കിൽ അവൻ വരികയില്ലായിരുന്നു, തീർച്ച!

ശിശുപാലൻ ഉഷയ്ക്കെഴുത്തുകൊടുത്തു് മാതേവനേയും അപ്പുക്കുട്ടനേയും വിട്ടതും അപ്പുക്കുട്ടന്റെ കാലു് സൈക്കിളിനിടയിൽപ്പെട്ടതുമായ കഥകളൊന്നും ഗോപിക്കറിഞ്ഞുകൂടാ. അയാളോടു പറയുന്നെങ്കിൽ, കൂടെ നില്ക്കുന്ന കുശിനിക്കാരൻ മാതേവൻ വേണം പറയാൻ. തനിക്കു പററിയ ഒരു തെററു് മററുള്ളവരോടു് ആരെങ്കിലും പറയുമോ?

www.malankaralibrary.com



അവിടേതോ പന്തികേടു പററിയിട്ടുണ്ടെന്നു മാത്രം വാസുപിള്ളയുടെ സംസാരത്തിൽനിന്നും ഗോപി ഗ്രഹിച്ചു.

സംഗതിയെന്തായാലും വാസുപിള്ളച്ചേട്ടനെ പിണക്കുന്നതു ശരിയല്ലെന്നു് ഗോപിനാഥനറിയാം. അതുകൊണ്ടു തേനൂറുംസ്വരത്തിൽ അയാൾ മൂന്നാലു് 'അമ്മാവനെവിളി' അങ്ങു പാസ്സാക്കി. എന്നിട്ടു വീണ്ടും പറഞ്ഞു:

''അമ്മാവാ, അമ്മാവനു് ആളു തെററിപ്പോയി. ഞാനീ പയ്യന്റെ കൂട്ടുകാരനൊന്നുമല്ല; എന്റെ നാടും ഇതല്ല.''

വാസുപിള്ള വീണ്ടും തന്റെ 'കൈക്കണ്ണട' വച്ചു് ഗോപിയെ ഒന്നുകൂടി കൂലങ്കഷമായി പരിശോധിച്ചു. എന്നിട്ടു പറഞ്ഞു:

''ഓഹോ, കുഞ്ഞാണോ! അയ്യോ! ഞാൻ വിചാരിച്ചു, ഈ ചെറുക്കന്റെ കൂട്ടുകാരൻ ആ അധികപ്രസംഗി മാതേവനാണെന്നു്. കുഞ്ഞു് ആ കിടക്കുന്ന തടുക്കപ്പായിലിരുന്നാട്ടെ. എവിടെയാ കുഞ്ഞിന്റെ സ്വദേശം?''

''എന്റെ സ്വദേശം ഗുരുവായൂരാണു്.''

സത്യത്തിൽ കൊട്ടാരക്കരയാണു് നാടു്. തന്നെസംബന്ധിച്ചു് ഒരെത്തുംപിടിയും അന്വേഷിച്ചാൽ കിട്ടരുതു്. അതിനുവേണ്ടി പച്ചക്കള്ളം തട്ടിമൂളിച്ചിരിക്കയാണു് ഗോപി. പിന്നെ ഗുരുവായൂർ ആണെന്നു പറഞ്ഞാൽ അവിടൊരു മഹാപുണ്യക്ഷേത്രമുണ്ടെന്നു് ഏവക്കുമറിയാം. ആ നാട്ടിൽ ജനിച്ചുവളർന്നവനാണെന്നു കേൾക്കുമ്പോൾ താനൊരു പുണ്യവാനാണെന്നു കേൾവിക്കാർ ധരിക്കയും ചെയ്യും.

''പേരെന്താ?''

''ശിവരാമൻ.''

''ഇവിടെന്തിനാ വന്നതു്?''

''ഒരു ബിസിനസ്സു്സംബന്ധിച്ചു്.''

''എന്താണു ബിസിനസ്സു്?''

''അണ്ടിത്തോക്കാ.''

''അതെവിടെനിന്നു കിട്ടും?''





''മാനേജരു കുഞ്ഞുപോത്തച്ചന്റെ ആപ്പീസിൽ നിന്നു്.''

''ഇവിടെ വന്നിട്ടെത്രനാളായി?''

''രണ്ടു മാസം.''

''ചാപ്പാടു്?''

''വെച്ചുണ്ണുകയാണു്. ഒരു പയ്യൻകൂടിയുണ്ടു്.''

''അവൻ എവിടുത്തുകാരനാണു്?''

''ചേപ്പാട്ടുകാരൻ.''

''പയ്യന്റെ പേരു്?''

''അയ്യപ്പൻ എന്നു പറയും.''

''അപ്പോൾ ചേപ്പാടയ്യപ്പൻ ചാപ്പാടാണെന്നു പറ. കൊള്ളാം! പിന്നെന്തിനാണു് ഇങ്ങോട്ടു കടന്നതു്? ആ കടയിൽനിന്നും അണ്ടിത്തോക്കാ വാങ്ങണമെന്നു പറയുന്നതിനായിരിക്കും?''

''അതെ. അതിന്റെകൂടെ വേറൊരു സംഗതികൂടിയുണ്ടു്. ആരോ പറഞ്ഞുകേട്ടു, നമുക്കൊരു മകൾ നില്ക്കുന്നെന്നു്. വിവാഹംകഴിച്ചു കൊടുക്കുന്നെങ്കിൽ അവൾക്കൊരു വിവാഹം ആലോചിക്കാമെന്നുംകൂടി കരുതി ഇങ്ങോട്ടു വന്നതാ.''

''ഭർത്താവു് എവിടുത്തുകാരനാ?''

''എന്റെ നാട്ടുകാരനാ.''

''വയസ്സെത്ര വരും?''

''എന്റത്രയും വരും.''

''പേരെന്താ?''

''പേരും എന്റെ പേരുതന്നെയാ.''

''ചിലപ്പോൾ കുഞ്ഞിനുവേണ്ടിത്തന്നെയായിരിക്കും ഈ ആലോചന, അല്ലേ?''

''അതെ, എനിക്കുതന്നെ. അമ്മാവനോടെങ്ങനെയാണു് നേരെയങ്ങു പറയുന്നതു്?''

''പണ്ടൊരിക്കൽ അവളെ കല്യാണംകഴിക്കാമെന്നും പറഞ്ഞു് ഒരുത്തൻ അടുത്തുകൂടി, അഞ്ഞൂറു രൂപാ അവളുടെ അമ്മയുടെ കൈയിൽനിന്നും കൈക്കലാക്കി. അതുംപോരാഞ്ഞു് അവളുടെ അമ്മയേയും കൊന്നു. അതിൽപ്പിന്നെ

www.malankaralibrary.com

കല്യാണത്തിനവൾക്കു മനസ്സുള്ളതായി തോന്നീട്ടില്ല. ഏതായാലും അവൾ വരുമ്പോൾ ഞാൻ ചോദിച്ചുനോക്കാം. പേരൊന്നുകൂടി പറയണം.''

''ശിവരാമൻ.''

''സ്വദേശം?''

''കൊട്ടാരക്കര.''

''മുമ്പേ പിന്നെ ഗുരുവായൂരാണെന്നു പറഞ്ഞതോ?''

''ഗുരുവായൂരാണു് ഞങ്ങൾ താമസം. അച്ഛന്റെ വീടു് കൊട്ടാരക്കരെയാ. അതുകൊണ്ടു പറഞ്ഞതാ.''

''വയസ്സെത്രയുണ്ടു്?''

''മുപ്പതു്.''

''അവൾക്കു പതിനെട്ടേയുള്ളു. ശരി, അവളുമായി സംസാരിച്ചുനോക്കട്ടെ. അവളുടെ അഭിപ്രായമറിയാതെ ഒന്നും പറവാൻ എനിക്കു നിവ്വാഹമില്ല.''

''അവളുടെ അഭിപ്രായം ഞാൻ എങ്ങനെ അറിയും? നാളെയിങ്ങോട്ടു വരട്ടോ?''

''വേണ്ടാ, വെറുതെ നടന്നു കാലിലെ തൊലികളയേണ്ടാ. ഈ പയ്യൻ രണ്ടു ദിവസം കഴിഞ്ഞിങ്ങോട്ടു വരട്ടു്. അപ്പോൾ വിവരം പറഞ്ഞയയ്ക്കാം.''

''ശരി, എന്നാൽ ഞാൻ ഇറങ്ങട്ടെ.''

''ആകട്ടെ.''

ഗോപിനാഥനും അപ്പുക്കുട്ടനും പടിക്കലിറങ്ങി വടക്കോട്ടു പോയി.

ആര്യങ്കാവിൽവച്ചു് ഉഷയെ വിവാഹംകഴിക്കാമെന്നും പറഞ്ഞു് ഗോപി പലവട്ടം അവിടെ വന്നെങ്കിലും അന്നൊന്നും അയാളെ കാണാൻ വാസുപിള്ളയ്ക്കു തരപ്പെട്ടില്ല. അന്നെല്ലാം വാസുപിള്ള ചെങ്കോട്ട, തെങ്കാശി ആദിയായ സ്ഥലങ്ങളിൽ കറങ്ങിനടക്കുകയായിരുന്നു. ഗോപിയെ പരിചയമില്ലാത്തതുകൊണ്ടാണു് അത്രയും മര്യാദയായി വാസുപിള്ള അയാളോടു സംസാരിച്ചതു്.

ഗോപി തിരിയെ പോവുമ്പോൾ ഇങ്ങനെ നിരൂപിച്ചു: മൂപ്പീന്നു തന്നെ തിരിച്ചറിയാഞ്ഞതുകൊണ്ടാണു് ഇത്രയും അനുകൂലമായി സംസാരിച്ചതു്. ഉഷ അറിയുമ്പോൾ എന്തു പറയും? ഇതിനകം ഉഷ തന്നെ തിരിച്ചറിഞ്ഞിരിക്കയില്ലേ? അവൾ ഈ വിവാഹത്തിനു വിസമ്മതിച്ചാലോ? അങ്ങനെവരാനേ തരമുള്ളു. അപ്പോൾ മൂപ്പീന്നിനെ പിരിമുറുക്കണം. സ്ത്രീധനമൊന്നും വേണ്ടായെന്നും രണ്ടായിരം രൂപയുടെ ആഭരണം അങ്ങോട്ടു തീർത്തിട്ടു് അവളെ കല്യാണംകഴിച്ചുകൊള്ളാമെന്നും പറയണം. അവളുടെ അമ്മ സരോജിനിയെ കൊന്നവനല്ലേ താനെന്നു ചോദിച്ചാലോ? താൻ അങ്ങനെയൊരു മഹാപാതകം ചെയ്തിട്ടില്ലെന്നു് സവ്വക്ഷേത്രത്തേയും പള്ളിയേയും പിടിച്ചാണയിട്ടു സത്യംചെയ്യണം.



ഏകദേശം ആറരമണിയായപ്പോൾ ഉഷ അണ്ടിയാപ്പീസിൽനിന്നും വീട്ടിൽ വന്നു. ഇത്ര താമസിക്കാൻ കാരണം, അവൾ പോത്തച്ചന്റെ ബംഗ്ലാവുവരെ പോയിരുന്നു. ഗ്രേസിയെ കാണാനാണു പോയതു്. എന്തെന്നാൽ അവർതമ്മിൽ കണ്ടിട്ടു് ഏറെനാളായിരുന്നു.

## 17. പ്രസവപ്പ്രൈസാ

ഉഷ വീട്ടിൽ വന്നപ്പോൾ ഗുരുവായൂർക്കാരൻ ശിവരാമൻ എന്നൊരാൾ അവിടെ വന്നിട്ടു പോയെന്നും, അയാൾക്കിപ്പോൾ ആപ്പീസുകവലയിൽ അണ്ടിത്തോക്കാ വ്യാപാരമാണെന്നും, ഉഷയ്ക്കു മനസ്സുണ്ടെങ്കിൽ അയാൾക്കു വിവാഹംചെയ്യാൻ സമ്മതമാണെന്നും പറഞ്ഞിട്ടു പോയതായി വാസുപിള്ള ഉഷയെ അറിയിച്ചു. ആ വാർത്ത കേട്ടപ്പോൾ ഉഷയൊന്നു നടുങ്ങി. എങ്കിലും ഉള്ളിലുണ്ടായ വിഷമം നിയന്ത്രിച്ചുകൊണ്ടു് അവൾ ചോദിച്ചു:

''എന്നിട്ടു് അച്ഛൻ അയാളോടു് എന്തോ പറഞ്ഞയച്ചു?''

''നിന്നോടു ചോദിച്ചിട്ടു പറയാമെന്നു്.''

''അപ്പോൾ ആ മനുഷ്യൻ വീണ്ടും ഇവിടെ വരുമോ?''

www.malankaralibrary.com

''വരാൻ ഞാൻ പറഞ്ഞില്ല; പയ്യനെ വിടാമെന്നു് ഇങ്ങോട്ടു പറഞ്ഞു.''

''ഏതു പയ്യൻ?''

അതു ചോദിച്ചപ്പോൾ ഉഷയുടെ പുരികക്കൊടികൾ ചുളിഞ്ഞു; മുഖകമലം വെറുപ്പും അമർഷവുംകൊണ്ടു നിറഞ്ഞു. വാസുപിള്ള തുടർന്നു:

''ഈ മൂധേവികളുടെ പേരൊക്കെ എനിക്കറിയാമോ? അന്നു ചവിട്ടുവണ്ടിയിൽ കുരങ്ങി വന്നവനുണ്ടല്ലോ, അവനാണു പയ്യൻ.''

''ആരാ, അപ്പുക്കുട്ടനോ?''

''അപ്പുക്കുട്ടനോ അമ്മുക്കുട്ടിയോ! എനിക്കറിഞ്ഞുകൂടാ.''

''അവനു നാണമില്ലായിരുന്നല്ലോ ഇവിടെ വരാൻ!''

''നാണം! വല്ലതും നാലണ കിട്ടുന്ന കേസാണോ, അപ്പോൾ നാണവും മാനവുമൊക്കെ പമ്പകടക്കും.''

''അതു പോട്ടെ, വന്ന ആൾ പിന്നെന്തൊക്കെ പറഞ്ഞു?''

''നിന്നെ കല്യാണംകഴിക്കാൻ മനസ്സാണെന്നു പറഞ്ഞു.''

''അതു് അച്ഛൻ പറഞ്ഞല്ലോ; പിന്നെ?''

''അയാളുടെ പേരു ശിവരാമൻ. സ്വദേശം ഗുരുവായൂർ, പിന്നെ കൊട്ടാരക്കര. മുപ്പതുവയസ്സു പ്രായം. നിറം കറുപ്പു്.''

''അപ്പോൾ രണ്ടു സ്വദേശമുണ്ടോ?''

''അയാൾ പറഞ്ഞതു് അങ്ങനെയാണു്. നിനക്കു് ആളെ മനസ്സിലായോ?''

''എനിക്കു നേരത്തെതന്നെ മനസ്സിലായി. വിശദമായ വിവരം അറിവാൻ ഒന്നുകൂടെ ചോദിച്ചെന്നേയുള്ളു. ഇവനാണു് ഇതിനുമുമ്പു് എന്നെ വിവാഹംചെയ്യാമെന്നും പറഞ്ഞു് അമ്മയോടു് അഞ്ഞൂറു രൂപാ വാങ്ങിയതും അമ്മയെ കൊന്ന...''



ഉഷ പറഞ്ഞുതീർന്നില്ല; അതിനുമുമ്പേ വാസുപിള്ള ഇരുന്നിടത്തുനിന്നും വിറച്ചുകൊണ്ടു ചാടിയെണീറ്റു. എന്നിട്ടു ഗർജ്ജിച്ചു:

''എന്താടീ, കേട്ടയുടനെ അവനെപ്പറ്റി നീ പറയാഞ്ഞതു്?''

''അതിനു് അച്ഛൻ അവനെ അറിയത്തില്ലായിരുന്നോ?''

''എന്തൊരു ചോദ്യമാടീ നീയിപ്പോൾ ചോദിക്കുന്നെ? ഞാൻ എങ്ങനെ അറിയുമെടീ അവനെ? ഞാൻ ചെങ്കോട്ടയിലോ തെങ്കാശിയിലോ കിടക്കുമ്പോൾ നീയും നിന്റമ്മയുംകൂടി വലിച്ചുകേററി മടിയിൽ വച്ചോണ്ടു നടന്നവനെ ഞാൻ എങ്ങനെ അറിയുമെടീ?''

വാസുപിള്ളയ്ക്കു് ചവിട്ടുന്നിടം ഉറയ്ക്കുന്നില്ല; കലികയറിത്തുള്ളുകയാണു് അയാൾ. ചെററത്തട്ടിയിൽനിന്നും ഒരടി ഉള്ളിലേക്കു മാററി ഒരഴ കെട്ടി, നനച്ചെടുത്ത മുണ്ടും തുണിയുമെല്ലാം ഉഷ വിരിച്ചിരുന്നു. അതിനടുത്തു നിന്നുകൊണ്ടായിരുന്നു വാസുപിള്ളയുടെ തുള്ളിച്ചാട്ടവും സംസാരവും. പഴയ ചെററത്തട്ടിയാണെന്നുകരുതി, ആ അഴയിൽ അയാൾ കടന്നുപിടിച്ചു. അഴ പൊട്ടി വിരിച്ചിരുന്ന തുണികളെല്ലാം താഴെ. അതോടൊപ്പം വാസുപിള്ളയും താഴെപ്പോരേണ്ടതായിരുന്നു. തൊട്ടപ്പുറത്തു തട്ടിനിന്നതുകൊണ്ടു് അയാൾ വീണില്ല. വേച്ചുവേച്ചുചെന്നു് അതിന്മേൽ അള്ളിപ്പിടിച്ചു നിന്നു. പ്രായംകൊണ്ടു ശരീരത്തിനല്പം കെല്പുക്ഷയം സംഭവിച്ചിട്ടുണ്ടെന്നതു ശരി, എങ്കിലും തന്റെ ജീവിതപങ്കാളിയായ സരോജിനിയെ കൊന്നവനെ വൃഥാ വിട്ടതിലുള്ള വൈരാഗ്യമാണു് അയാൾക്കു്. ഉഷ പറഞ്ഞു:

''അച്ഛനിപ്പോൾ ചെററക്കുഴിയിൽ വീണുപോകുമായിരുന്നല്ലോ!''

''ഞാനിങ്ങനെ ഇരിക്കുന്നെങ്കിലും അങ്ങനിങ്ങനെയൊന്നും വീഴത്തില്ലെടീ. നീ പറയുന്നതു കേട്ടല്ലേ, ഞാൻ അവനെ അറിയുമെന്നു്. അതിലാണെനിക്കു ദണ്ഡം. എങ്ങനെ അറിയും? നീ പറ.''

www.malankaralibrary.com

''അച്ഛൻ വല്യ കൈനോട്ടക്കാരനും മുഖലക്ഷണം പറയുന്നവനുമല്ലേ? അവന്റെ കറുത്ത നിറവും വട്ടക്കണ്ണും കൈവിരലുകളുടെ അറ്റം ഉണ്ടപോലിരിക്കുന്നതും കണ്ടാൽ അവനൊരു ക്രൂരനും വഞ്ചകനുമാണെന്നറിഞ്ഞുകൂടേ?''

വാസുപിള്ള മേലുകീഴ വലിച്ചുകൊണ്ടിരിക്കയായിരുന്നു. പിന്നെയും ചാടിയെണീററു. അയാൾ നടന്നു് വേച്ചും വിറച്ചുംകൊണ്ടു പറഞ്ഞു:

''എടീ പെണ്ണേ, ഞാൻ ദാ, ഇവിടിരിക്കുന്നു... അവൻ ദാ, അവിടെ നില്ക്കുന്നു... ഈ വെള്ളെഴുത്തുകണ്ണാടി അടുത്ത കാഴ്ചയ്ക്കു കൊള്ളാവു; ദൂരെക്കാഴ്ചയ്ക്കു കൊള്ളുകേലാ. അല്ലെങ്കിൽ നീയിതൊന്നു വച്ചുനോക്കു്. പോട്ടെ, അവൻ ദുഷ്ടനാണെന്നു ഞാൻ മനസ്സിലാക്കിയെന്നുവച്ചു്. എന്നാൽത്തന്നെയും അവൻ അഞ്ഞൂറുരൂപാ കളിപ്പിച്ചവനാണെന്നും നിന്റെ അമ്മയെ കൊന്നവനാണെന്നും ഞാനെങ്ങനെ മനസ്സിലാക്കും?''

''ഓ, അച്ഛനെ വല്ലാതെ വിറയ്ക്കുന്നു. അവിടെയിരുന്നാട്ടെ. ഈശ്വരാധീനംകൊണ്ടു മുമ്പേ വീണില്ലെന്നേയുള്ളു. ഇനി താഴെ വീഴും.''

വാസുപിള്ള അവിടെ ഇരുന്നു. അപ്പോൾ ഉഷ വീണ്ടും പറഞ്ഞു:

''ഏതായാലും അയാൾ ഇവിടെ വന്നുചേർന്നതു് നമുക്കു് ആപത്തുതന്നെയാണു്. അത്രയ്ക്കു മോശമാണു് അയാൾ.''

''എന്താപത്തെടീ? ഇനി അവൻ ഇവിടെങ്ങാനും വന്നുപോയാൽ, അറഞ്ഞവന്റെ മുട്ടു രണ്ടും തല്ലിയൊടിച്ചുവിടും; നീ നോക്കിക്കോ.''

''അച്ഛനധികം ഒച്ചവച്ചു സംസാരിക്കാതെ. വല്ലവനും കേൾക്കും. അയാളിപ്പോൾ വല്യ പണക്കാരനായിരിക്കുകയാ.''

''ഒന്നുമില്ലെടീ, ഒന്നും പേടിക്കാനില്ല. കുഴിയിൽ കാലുനീട്ടിയിരിക്കുന്ന എനിക്കിനി എന്തോ പേടിക്കാനാ? അവൻ ഈ സ്ഥലത്തു വന്നതല്ലേയുള്ളു? ഇത്ര വേഗം പണക്കാരനായതെങ്ങനെയാ?''



''ദുഷിച്ചവഴിയേ പോയാൽ ആർക്കാണു പണമുണ്ടാകാത്തതു്?''

''അതു നീ പറഞ്ഞതു ശരിയാ. നിന്റെ അമ്മയോടു് അഞ്ഞൂറുരൂപാ വാങ്ങിയതുതന്നെ വളഞ്ഞവഴിയിൽക്കൂടിയല്ലേ? ഇവിടെ വന്നു പണക്കാരനായതു് എങ്ങനെയെന്നു പറയു.''

ഈ സന്ദർഭത്തിൽ രാമകുമാറിന്റെ സ്നേഹിതനായ മോഹനകുമാർ അവിടെ വന്നു. ഇരുവരുടെയും സംഭാഷണം കേട്ടുകൊണ്ടാണു് അയാൾ കയറിവന്നതു്. അയാൾ പറഞ്ഞു:

''അമ്മാവൻ ചോദിച്ചതിനുത്തരം ഞാൻ പറയാം. കശുവണ്ടിഫാക്ടറിയുടെ മുൻപിലാണു ഞങ്ങളുടെ ജവുളിക്കട. അതുകൊണ്ടു ഫാക്ടറിയിലെയുംമററും കാര്യങ്ങൾ എനിക്കും ഏറെക്കുറെ അറിയാം. ഒരു കശുവണ്ടിത്തൊഴിലാളിസ്ത്രീക്കു് ദിവസക്കൂലി, ബോണസ്സ്, അലവൻസ് മുതലായവയ്ക്കു പുറമേ പ്രസവകാലവേതനവുമുണ്ടു്. ഓരോ പ്രസവത്തിനും എഴുപത്തിമൂന്നു റുപ്പിക വേതനമായി കിട്ടും. പ്രസവകാലവേതനമെന്നതു പത്രഭാഷയാണു്. 'പേററുകാശെ'ന്നാണു് അണ്ടിയാപ്പീസുഭാഷ.''

''അങ്ങനെയെങ്കിൽ പ്രസവിക്കാൻ ധാരാളം സ്ത്രീകൾ മുന്നോട്ടു വരുമല്ലോ?''

''വരുമോന്നു്! ആണ്ടിലാണ്ടിൽ പ്രസവിക്കുന്ന സ്ത്രീകളുമുണ്ടു്. എഴുപത്തിമൂന്നു റുപ്പിക കിട്ടുകയില്ലേ? അതൊരു കൊച്ചുതുകയാണോ? പങ്കജാക്ഷി എന്നൊരു സ്ത്രീക്കു് പതിനൊന്നു മക്കളുണ്ടു്. ഇപ്പോഴും ഗർഭിണിയാണെന്നാണു പറച്ചിൽ. പ്രസവക്കാശു വന്നപ്പോൾ മുൻപു് ഒരു സംഭവമുണ്ടായി.''

''അതെന്താണു്?''

''മച്ചിയായ ഒരു സ്ത്രീയും താൻ ഗർഭിണിയാണെന്നു കാണിച്ചു് അപേക്ഷിച്ചു.''

''എന്നിട്ടു്?''

''മെഡിക്കൽപരിശോധനയിൽ തള്ളിപ്പോയി.''

www.malankaralibrary.com

''ശരി,അണ്ടിത്തോക്കാ ഗോപി പണക്കാരനായതു് എങ്ങനെയെന്നറിയാമോ?''

''അറിയാം.''

''എങ്ങനെയാ?''

''ഭർത്താവില്ലാത്ത ചില വിധവസ്ത്രീകൾക്കു് ഭർത്താവായി കേറിയങ്ങു നിന്നപ്പോൾ.''

''എന്നു പറഞ്ഞാൽ മനസ്സിലായില്ല.''

''ചില വിധവസ്ത്രീകൾ ഗ്രഹപ്പിഴയ്ക്കു ഗർഭിണിയാവും. അവർ ഒൻപതാംമാസത്തിൽ അണ്ടിയാപ്പീസിൽ അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷയിൽ ഒപ്പിടാൻ ആരെങ്കിലും ഒരാൾ ഭർത്താവായി വേണം. അങ്ങനെ കേറി ഭർത്താവായി നില്ക്കുന്ന ഒരാളാണു് അമ്മാവൻ പറഞ്ഞ ഗോപി.''

''അതിനു വല്ല പ്രതിഫലവുമുണ്ടോ?''

''ഒരുരൂപാമുതൽ പത്തുരൂപാവരെ കിട്ടും.''

''അങ്ങനെ ഒരാൾക്കുതന്നെ പല സ്ത്രീകളുടെ ഭർത്താവായി നില്ക്കാമോ?''

''നില്ക്കാം, നില്ക്കാം.''

''ഗോപിക്കങ്ങനെയാണോ പണമുണ്ടായതു്?''

''അങ്ങനെയാണെന്നു് ആളുകൾ പറയുന്നു.''

''കുഞ്ഞേ, ഇവിടെല്ലാവരും അണ്ടിത്തോക്കായാണോ ഉപയോഗിക്കുന്നതു് തീയെരിക്കാൻ?''

''മുക്കാലുമാളുകൾ അണ്ടിത്തോക്കായാ. ചിലർ മാത്രം തടിവിറകും.''

''കുഞ്ഞിൻെറ വീട്ടിലോ?''

''ഞങ്ങളുടെ വീട്ടിൽ തടിവിറകാണു്.''

''അതെന്താ?''

''അണ്ടിത്തോക്കായിട്ടു കഞ്ഞിവച്ചാൽ കലത്തിൻെറ ചുവടു മുഴവനും കരിയാകും. തടിവിറകായാൽ അത്രയുമില്ല. അണ്ടിത്തോക്കായുടെ കരി തേച്ചുകഴുകിയാൽ പെട്ടെന്നു പോകുകയുമില്ല. മുഴവൻ എണ്ണമയമായിരിക്കും. കൈയിലോ കാലിലോ അതിൻെറ കരിപുരണ്ടാൽ സോപ്പിട്ടു



കഴുകിയേ പോവുകയുള്ളു. ചിലപ്പോൾ കലത്തിനകത്തും അതിൻെറ നേരിയ ചുവ കണ്ടെന്നുവരും.''

''ഏതിൻെറ? കരിയുടെയോ അണ്ടിക്കറയുടെയോ?''

''രണ്ടിൻേറയും. അണ്ടിക്കറയെന്നല്ല ആപ്പീസിൽ പറയുക. തോട്ടെണ്ണയെന്നാണു്.''

''അണ്ടിയെണ്ണയെന്നു പറഞ്ഞാലെന്താ?''

''അണ്ടിയെണ്ണയെന്നോ കശുവെണ്ണയെന്നോ പറയാം; തെററില്ല.''

''ശരി, ഈ തോട്ടെണ്ണ ആപ്പീസിൽ ശേഖരിക്കുന്നില്ലേ?''

''ശേഖരിക്കുന്നുണ്ടു്; ശേഖരിക്കാൻ വലിയ ടാങ്കുകളുമുണ്ടു്.''

''ഇതു ശേഖരിച്ചെന്തുചെയ്യും?''

''അണ്ടിവ്യവസായത്തിലെ ഒരു സുപ്രധാനഘടകമാണു് തോട്ടെണ്ണ. അതു് വലിയ വീപ്പകളിലാക്കി അന്യദേശങ്ങളിലേക്കയച്ചുകൊടുക്കും.''

''നല്ല വിലയുണ്ടോ ഇതിനു്?''

''ഒന്നാംതരം വിലയല്ലേ! 1.92 കോടി രൂപ്പികവിലയുള്ള പതിനോരായിരം ടൺ തോട്ടെണ്ണ കേരളത്തിൽനിന്നുതന്നെ ഒരു വഷം അയച്ചതായി പത്രത്തിൽ വായിച്ചു.''

മോഹനകുമാർ ആര്യങ്കാവു് റയിൽവേസ്റ്റേഷനിലെ ഒരുദ്യോഗസ്ഥനാണു്. രാമകുമാറിൻെറ ഒരുത്തമ സുഹൃത്തും. അയാൾ ഏതാനും ദിവസത്തെ അവധിക്കു വീട്ടിൽ വന്നതാണു്. രാമകുമാറിനെ അന്വേഷിച്ചിറങ്ങിയതാണു് അയാൾ. അവിടെ ചെന്നില്ലെന്നറിഞ്ഞപ്പോൾ അയാൾ വാസുപിള്ളയോടിങ്ങനെ പറഞ്ഞു:

''അമ്മാവാ, സമയം വളരെയായി. ഇനിയും ഞാൻ പോകട്ടെ. സമയമുള്ളപ്പോൾ വീണ്ടും വരാം.''

''കുഞ്ഞേ, കുഞ്ഞു് ഒരുപകാരം ചെയ്യണം.''

''എന്താണമ്മാവാ?''

www.malankaralibrary.com

“മറെറാന്നുമല്ല. ഞങ്ങൾക്കിവിടെ ആരുമോരുമില്ല. ഞങ്ങൾ പരദേശികളാണു്. ഞങ്ങളെ ഉപദ്രവിക്കാൻ നോക്കുന്നവരാണധികവും. ഞാൻ നടക്കാൻവയ്യാത്ത ഒരു പടുകിഴവനും ഇവളാണെങ്കിൽ ഒരനാഥപ്പെണ്ണുമാണു്. കുഞ്ഞു് ഈ നാട്ടുകാരനല്ലേ? അതുകൊണ്ടു് കുഞ്ഞു് ഞങ്ങൾക്കെന്നും ഒരു തുണയായിരിക്കണം.”

“അങ്ങനെയാവട്ടമ്മാവാ. എന്നെക്കൊണ്ടു കഴിവുള്ളതെല്ലാം ഞാൻ ചെയ്തുതരാം.”

മോഹനകുമാർ യാത്രപറഞ്ഞിറങ്ങി.

## 18. ബഹിഷ്കരണം

പങ്കജാക്ഷിയുടെ ഒരു സഖിയാണു് ആശാരി പാർവതി. അവൾ തല്ലുസെക്ഷനിലാണെങ്കിലും വളരെ വൃത്തിയായിട്ടും മോടിയായിട്ടുമേ നടക്കൂ. സംബന്ധം ചെയ്തുവച്ച വീട്ടിൽ സാധാരണ നില്ക്കുക പതിവില്ല. കാരണം, ഭർത്താവു് വെറുമൊരു തല്ലിപ്പൊളിയാണു്. മൂന്നു വയസ്സുള്ള ശശിയെന്ന ഒരാൺകുട്ടിയുണ്ടു് അവൾക്കു്.

ഭർത്താവായ രാഘവൻ യാതൊരു പണിയും ചെയ്യുകയില്ല. വല്ല കാപ്പിക്കടയിലോ ബീഡിക്കടയിലോ പോയിരുന്നിട്ടു് ഉച്ചയാവുമ്പോൾ വീട്ടിൽ വരും. അപ്പോൾ ശശി പാർവതിയുടെ മടിയിലിരിക്കുകയായിരിക്കും. അവൻ പറയും: “എടാ, തന്തക്കാമോനേ, നീ എവിടാരുന്നെടാ? നീ കണ്ടടത്തൊക്കെ കേറിനടന്നു് വല്ലവന്റേം വായിൽ നോക്കിയിരുന്നുംവച്ചു് വന്നിരിക്കയേല്യോടാ? ഞങ്ങക്കു ചെലവിനന്വേഷിച്ചു് തരണ്ടതാരാടാ?”

ഇതു ശശി പറയുമ്പോൾ മുററത്തു് മാനേജർ പോത്തച്ചന്റെ എരുമയെ നോക്കുന്ന തോമ്മാമാപ്പിള നില്പുണ്ടായിരുന്നു. അയാൾ പയ്യന്റെ ഈ വർത്തമാനം കേട്ടു് പാർവതിയെ നോക്കി ഊറിച്ചിരിച്ചു. അപ്പോൾ പാർവതി അയാളോടു പറയുകയാണു്:



“കണ്ടോ പുള്ളേച്ചാ, ഇവന്റെ ഒരു ബുദ്ധി! ഇവൻ കെടക്കുമോ...?”

ഭർത്താവൊന്നും അന്വേഷിക്കാത്തവനാകയാൽ പാർവതി സ്വന്തം വീട്ടിൽ പോന്നു. അവിടെ പിതാവായ രാമപ്പണിക്കൻ മാത്രമേയുള്ളു.

പാർവതി നന്നേ ചെറുപ്പമാണു്; കണ്ടാൽ ഒന്നു പ്രസവിച്ചതാണെന്നു് ആരും പറയുകയില്ല. പറങ്കിപ്പഴത്തിന്റെ നിറമുള്ള അവൾ കാഴ്ചയിൽ ഒരു സുന്ദരിതന്നെയായിരുന്നു.

തല്ലിൽ കിട്ടുന്ന ശമ്പളം ജീവിതവൃത്തിക്കു തികഞ്ഞു പററിയിരുന്നില്ല. അതുകൊണ്ടു് അല്പം വേശ്യാവൃത്തി അവലംബിച്ചിരുന്നു.

രാമപ്പണിക്കനാണെങ്കിൽ വയസ്സു് എഴുപതിനു മേൽ വരും. ഒരു എല്ലിച്ചുമെല്ലിച്ച മനുഷ്യൻ. എന്നും സന്ധ്യക്കു് അയാൾ നാലുംകൂട്ടുന്ന കവലയിലൊന്നിറങ്ങും. ഇറങ്ങുന്നതു് അല്പം കഴിക്കാനാണു്. കഴിച്ചിട്ടു വന്നാൽ മൂടിപ്പുതച്ചു കട്ടിലിൽ കിടന്നുകൊള്ളും.

ഒരു ദിവസം നല്ല കുററാക്കൂററിരുട്ടു്. ചറുപിറുന്നനെയുള്ള മഴ. ഗോപിനാഥനും ശിശുപാലനും ആലോചിച്ചുകൊണ്ടു് വേറാരും അറിയാതെ പാർവതിയുടെ ഭവനത്തിൽ വന്നു. ചായക്കടക്കാരൻ ഗോപാലപിള്ളയും കേശവനും തമ്മിൽ വലിയ കൂട്ടാണു്. അവരും വേറൊരു വഴി അതേസമയം ആ വീട്ടിലേക്കുതന്നെ ചെന്നു.

മഴയും തണുപ്പുംമൂലം രാമപ്പണിക്കൻ പതിവിലധികം അന്നു കുടിച്ചു. അയാൾ അത്താഴം കഴിക്കാൻ കൂട്ടാക്കാതെ കട്ടിലിൽ കയറിക്കിടന്നു. കിടന്നപാടേ അയാൾ ഉറക്കമായി.

സമയം നീട്ടിയാൽ പാർവതിയുടെ പാർശ്വവർത്തികളുടെ എണ്ണം കൂടിവരും. രാമപ്പണിക്കൻ തൊട്ടുമുറിയിൽ കിടന്നുറങ്ങുകയും ചെയ്യുന്നു! വല്ല ശബ്ദവുമുണ്ടായാൽ അയാൾ ഉണർന്നേക്കും. അതുകൊണ്ടു് അവിടെവച്ചൊന്നും വേണ്ടാ. പാർവതിയെ കട്ടിലോടെ ചുമന്നു് ആ പുരയിട

www.malankaralibrary.com

ത്തിന്റെ വല്ല മൂലയിലെങ്ങാനും കൊണ്ടുപോയി തങ്ങളുടെ അഭിലാഷം നിറവേററാമെന്ന് അവർ തീരുമാനിച്ചു.

ഗോപിനാഥനും ശിശുപാലനും കട്ടിലിന്റെ മുൻവശം പിടിച്ചു തോളിൽക്കൊണ്ടു. പിൻവശം ഗോപാലപിള്ളയും കേശവനും. അങ്ങനെ അവർ നടന്നു. ചീനി, ചേന തുടങ്ങിയ കൃഷിസ്ഥലം കടന്ന് ഏത്തവാഴ നില്ക്കുന്നിടത്തു പ്രവേശിച്ചു. അപ്പോൾ മഴ അല്പംകൂടി ശക്തിയായി പെയ്യാൻ തുടങ്ങി. ഏത്തവാഴവിളയുടെ മദ്ധ്യത്തിലായപ്പോൾ ''ഏതു പട്ടിക്കു പിറന്നവനാടാ ഈ തെമ്മാടിത്തം കാണിക്കുന്നത്? നിനക്കൊന്നും വേറെ വേലയില്ലെങ്കിൽ പോയി ക്ഷൗരംചെയ്യെടാ!'' എന്നു കട്ടിലിനുള്ളിൽനിന്നൊരു ശക്തിയായ ചോദ്യമുയർന്നു. അപ്പോഴാണ് അതു പാർവ്വതിയല്ല, കട്ടിലു മാറിപ്പോയി, പാർവ്വതിയുടെ അച്ഛൻ രാമപ്പണിക്കനാണെന്ന വസ്തുത മനസ്സിലായത്.

എല്ലാവരും രാമപ്പണിക്കനെ 'പൊത്തോന്ന്'' താഴെയിട്ടിട്ട് ഓടിക്കളഞ്ഞു. കട്ടിൽ പഴയ കയറുകട്ടിലായിരുന്നു. കയറു പൊട്ടി രാമപ്പണിക്കന്റെ നടുവു വന്നു തറയിലടിച്ചു. അയാൾ അവിടെക്കിടന്നുകൊണ്ടു കുറേ പുഴുത്ത ചീത്തകൂടി പറഞ്ഞു.

പിറേറന്നു നേരം പ്രഭാതമായപ്പോൾ രാമപ്പണിക്കൻ തന്റെ കൃഷിത്തോട്ടത്തിലിറങ്ങിയൊന്നു നോക്കി. അമ്പേ! ചേനയും ചീനിയും നട്ടിരുന്ന സ്ഥലങ്ങളിലൂടെ പട്ടാളക്കാരുടെ പീരങ്കിടാങ്കു പോയതുപോലെ ഒരു പാത! തന്നെ പണ്ടാരംകെട്ടിയെടുത്ത വഴിത്താരയാണിത്! എല്ലാം ചവിട്ടി നശിപ്പിച്ചിരിക്കുന്നു; എല്ലാം...! കള്ളറാസ്കലുകൾ!

ശിശുപാലൻ കത്തെഴുതിയതുമൂലം ഉഷയ്ക്കുണ്ടായ അപവാദം അപ്പോഴും അവിടവിടെ തളംകെട്ടിക്കിടക്കുന്നതേയുള്ളു. അതേപ്പററി ഉമാദേവി ചോദ്യംചെയ്യുമെന്നു ഭയന്ന് ഉഷ ഒരാഴ്ചയോളമായി അവിടെ പോകാതിരിക്കുകയാണ്. അങ്ങനെ പോകാതിരിക്കുന്നത് നന്ദികേടാണെന്നറിയാം. അതുകൊണ്ട് ഒരുദിവസം രണ്ടുംകല്പി



ച്ച് അവൾ പോയി. മനസ്സുനിറയെ സംശയമായിരുന്നു പോയപ്പോഴും. രാമകുമാർ തന്റെ താമസസ്ഥലത്തു വന്നതും തനിക്കു മോതിരം തന്നതും ഉമാദേവി അറിഞ്ഞിരിക്കുമോ? തന്നെ വീണ്ടും വിവാഹംകഴിക്കാൻ വന്നിരിക്കുന്ന ഗോപിനാഥനെപ്പററി വല്ലതും കേട്ടിരിക്കുമോ?

ഉഷയെ കണ്ടപ്പോൾ ഉമാദേവിയുടെ വദനം ഒരു വറുകലംപോലെ കോപംകൊണ്ടു കറുത്തു. മനസ്സിൽ വിചാരിച്ചതുപോലെ ഭവിച്ചല്ലോയെന്ന് ഉഷ അപ്പോൾ ഓർത്തു. എങ്കിലും തന്നെ അകമഴിഞ്ഞു സ്നേഹിക്കുന്ന ഒരാളെങ്കിലും— രാമകുമാർ— ആ വീട്ടിലുണ്ടല്ലോ എന്നുള്ള ഏക ആശ്വാസമായിരുന്നു അവൾക്ക്.

അടുക്കളയിൽ ഏതാനും ചില്ലറപ്പണികൾ ചെയ്തുതീർത്തശേഷം ഉഷ മുറികളെല്ലാം തൂത്തുവാരുന്ന ജോലിയിൽ വ്യാപൃതയായി. രാമകുമാറിന്റെ മുറി ഉഷ അടിച്ചുവാരുന്ന പതിവില്ല; അത് അടിച്ചുവാരുന്നത് സരസ എന്നു പേരുള്ള ഒരു പെൺകുട്ടിയാണ്. അവൾക്കു പത്തു വയസ്സു പ്രായമുള്ളു. വളരെനേരം കഴിഞ്ഞിട്ടും ഉഷ അടുക്കളയിൽ തിരികെച്ചെല്ലാഞ്ഞതിനാൽ ഉമാദേവി ഒരു പൂച്ചയുടെ പാദലാഘവത്തോടെ പയ്യെപ്പയ്യെ ഇറങ്ങിത്തിരിച്ചു. ചെന്നു നോക്കിയപ്പോഴുണ്ട് ഉഷ രാമകുമാറിന്റെ മുറിയിൽ നില്ക്കുകയും അയാളുമായി ചിരിക്കുകയും നിസ്സങ്കോചം സംഭാഷണം ചെയ്യുകയും ചെയ്യുന്നു! ഇടിത്തീയിറങ്ങാൻ ഇതിലധികം എന്തു വേണം?... ഉമാദേവിക്കു കലികയറി. അവർ ഗർജ്ജിച്ചു:

''നിന്നോടാരു പറഞ്ഞെടീ, ഈ മുറിയിൽകേറാൻ?''

''മുറിയടിച്ചുവാരാൻ പറഞ്ഞിട്ട്...''

''ആരു പറഞ്ഞു? ഞാൻ പറഞ്ഞോ?''

''രാമേട്ടൻ.''

രാമകുമാറിന്റെ പേര് ഇത്ര സുഖമായും സുഗമമായും ഉഷയിൽനിന്നു പുറപ്പെട്ടതു കേട്ടപ്പോൾ ഉമാദേവി കുറേക്കൂടി ചൂടായി. അവർ അയാളുടെനേരെ തിരിഞ്ഞു:

''നീ പറഞ്ഞോടാ, ഇവളോടു മുറി തൂത്തുവാരാൻ?''

www.malankaralibrary.com

‘‘പറഞ്ഞു.’’

‘‘അതിനു നിന്റെ മുറി തൂത്തുവാരുന്നതു സരസ്സുവല്ലേ?’’

‘‘അതെ.’’

‘‘പിന്നെ ഇപ്പോൾ?—’’

‘‘ഇപ്പോൾ ഉഷ തൂത്തുവാരി.’’

‘‘ഇവളെ മുറിയിലെങ്ങും കേററാൻ കൊള്ളുകയില്ലെന്നു നിനക്കറിഞ്ഞുകൂടേ?’’

‘‘അറിഞ്ഞുകൂടാ! അതെന്താ?’’

‘‘ഇവൾ സർവ്വത്ര ചീത്തയാണെന്നേ.’’

താൻ ചീത്തയാണെന്നു നേരിൽ കേട്ടപ്പോൾ ഉഷ വികാരവിജൃംഭിതയായി. അവൾ രാമകുമാറിന്റെ മുറിയിൽനിന്നും മെല്ലെ വരാന്തയിലേക്കിറങ്ങി. എന്നിട്ട് ശാന്തസ്വരത്തിൽ ഉമാദേവിയോടു ചോദിച്ചു:

‘‘അമ്മ എന്തോ കണ്ടു, ഞാൻ ചീത്തയാണെന്നു പറവാൻ?’’

‘‘ഈ രണ്ടു കണ്ണുംകൊണ്ടു നോക്കിയാൽ ഞാനെല്ലാം കണ്ടെന്നു വരുമോടീ? മനുഷ്യർ പറയുന്നതു കേട്ടാൽ ചെവി പൊത്തിപ്പിടിച്ചുപോകുമെടീ!’’

‘‘മനുഷ്യർ പറയുന്നതെല്ലാം ശരിയാണോമ്മേ?’’

‘‘എല്ലാം ശരിയാണെന്നു ഞാൻ പറയുന്നില്ല. ഒട്ടൊക്കെ ശരിയാകാതെവരുമോ?’’

‘‘ഒട്ടും ശരിയല്ലമ്മേ!’’

‘‘അതെങ്ങനെയാ? അല്പമെങ്കിലും ശരിയില്ലാതെ മനുഷ്യൻ ചുമ്മാതൊരു കാര്യം പറഞ്ഞുപരത്തുമോ?’’

‘‘പരത്തും.’’

‘‘എന്തിന്?’’

‘‘അവരുടെ അസൂയകൊണ്ട്. ക്രിസ്തുദേവനിൽ എന്തു കുററമുണ്ടായിരുന്നു? ഒരു കുററവും ഇല്ലായിരുന്നു. എന്നിട്ട് എന്തെല്ലാം കുററമാണ് അന്നത്തെ മനുഷ്യർ അദ്ദേഹത്തിന്റെമേൽ ചുമത്തിയത്!’’

സുവിശേഷപ്രവർത്തകയും തന്റെ സഖിയുമായ റൗക്കയിൽനിന്നും ഉഷയ്ക്കു കിട്ടിയ അറിവാണിത്.



‘‘എനിക്കു ബൈബിളിലെയും രാമായണത്തിലെയും കഥയൊന്നും കേൾക്കാൻ ഇപ്പോൾ നേരമില്ല. നീ നിന്റെ കാര്യം പറഞ്ഞാൽ മതി.’’

‘‘ഞാനെന്റെ കാര്യമാണു പറഞ്ഞത്.’’

‘‘അപ്പോൾ നീ കുററമററവളാണെന്നോ?’’

‘‘എന്നു ഞാൻ പറഞ്ഞില്ല.’’

‘‘പിന്നെ നീ പറഞ്ഞതോ?’’

‘‘ഇക്കാര്യത്തിൽ.’’

‘‘ഏതു കാര്യത്തിൽ?’’

‘‘മനുഷ്യരിപ്പോൾ എന്റെമേൽ ചുമത്തിയിരിക്കുന്ന കാര്യത്തിൽ.’’

‘‘അതിൽ നീ നിരപരാധിയാണെന്നോ?’’

‘‘അതെ.’’

‘‘ഇങ്ങനെ നീ കള്ളംപറയരുത്. നീ നില്ക്കുന്നിടം താണുപോകും. നീ ജീവിതത്തിന്റെ പതിനെട്ടടവുകളും പഠിച്ചവളാണെടീ! നിനക്കിപ്പോൾ എത്ര വയസ്സുണ്ട്?’’

ഉഷ വയസ്സു പറയാൻ മടിച്ചു.

അപ്പോൾ ഉമാദേവി ഒന്നുകൂടി ഗർജ്ജിച്ചു ചോദിച്ചു: ‘‘നിന്നോടാ ഈ ചോദിച്ചത്.’’

‘‘പതിനെട്ട്.’’

‘‘അപ്പോൾ ഞാൻ പറഞ്ഞതൊക്കെ ശരിയാ. ഒരു മഹാതേവിടിശ്ശിയും ഒരു മഹാ കള്ളിയുമാണു നീ. അതുകൊണ്ടു മേലാൽ നീയിവിടെ കയറിപ്പോകരുത്!’’

‘‘എന്താ കയറിയാൽ?’’

‘‘കയറണ്ടാ, അത്രതന്നെ.’’

ഉമാദേവി. ഉഷയെ എന്തൊക്കെ ആക്ഷേപിച്ചു വിളിച്ചതിലും അവൾക്കു സങ്കടമില്ല. അവിടെ കയറിപ്പോവരുതെന്നു പറഞ്ഞതിലാണ് അവൾക്കു സങ്കടം. ഒന്നാമത് രാമകുമാറുമായുള്ള അവളുടെ ഇരുപ്പ്. രണ്ടാമത് ഉമാദേവി തന്റെ വീട്ടിൽനിന്നും അടിച്ചിറക്കിയെന്നു വെളിയിലറിഞ്ഞാൽ ഉഷയ്ക്ക് ആ നാട്ടിൽ പിന്നെ യാതൊരു രക്ഷയുമില്ല. പോത്തച്ചനറിഞ്ഞാൽ അവളെ അണ്ടിയാപ്പീസിൽനിന്നു ബഹിഷ്കരിക്കും. അതിനുപോൽ

www.malankaralibrary.com

ബലകമായി ശിശുപാലനും പങ്കജാക്ഷിയും കേശവനും നാണിയുമെല്ലാം നില്ക്കും. ഈവക ചിന്തകൾ ഉഷയെ നന്നാ അലട്ടി. അവൾ നിറകണ്ണുകളോടും ഇടറിയ സ്വരത്തോടുംകൂടി ഉമാദേവിയോടു പറഞ്ഞു:

''അമ്മ എന്തുവേണമെങ്കിലും എന്നെ പറഞ്ഞോ; എന്നെ രണ്ടടിച്ചോ; ഞാൻ ഇവിടുത്തെ ചോറാണു്. പക്ഷേ, എന്റെ വഴിമുട്ടിക്കരുതു്.''

''നിന്റെ വഴിയാരു മുട്ടിച്ചു? ഇവിടെ വരരുതെന്നല്ലേ പറഞ്ഞുള്ളു? നിനക്കു് അണ്ടിയാപ്പീസിൽ പോകാം; ഇപ്പോൾ താമസിക്കുന്നിടത്തുതന്നെ തുടർന്നു താമസിക്കയും ചെയ്യാം. എന്നാൽ ഇവിടെ നിന്റെ തലവെട്ടം കണ്ടു പോവരുതു്; അത്രതന്നെ.''

''ഞാനിവിടെ കയറരുതെന്നു് അമ്മ പറഞ്ഞാൽ, ഞാൻ ചീത്തയാണെന്നു് അമ്മകൂടി മുദ്രയടിച്ചാൽ, എനിക്കും എന്റെ വയസ്സുചെന്ന അച്ഛനും ഈ നാട്ടിൽ പിന്നെന്താണു രക്ഷ? മാനേജർ അപ്പോഴേ എന്നെ അണ്ടിയാപ്പീസിൽനിന്നു തള്ളും. മറ്റുള്ള ചില തൊഴിലാളികൾ അതിനൊത്തു നില്ക്കയും ചെയ്യും.''

ഇതു പറയുമ്പോൾ ഉഷയുടെ കണ്ണു രണ്ടും മടവച്ചൊഴുകാൻ തുടങ്ങി. അവളുടെ കൈയിലിരുന്ന ചൂലു് താനേ വഴുതി തറയിൽ വീണു. രാമകുമാറിനു് ആ രംഗം നോക്കിനില്ക്കാൻ കെല്പില്ലാതെവന്നപ്പോൾ അയാൾ മുറിയിൽനിന്നും ഉമാദേവിയുടെ മുൻപിലൂടെ നടന്നു് മുറ്റത്തിറങ്ങി പടിഞ്ഞാറോട്ടു പോയി. അയാളുടെ നടപ്പും ഭാവവും ഉമാദേവിക്കു തീരെ രസിച്ചില്ല. ആ രസക്ഷയം ഉഷയുടെനേരെ കൂടുതൽ വൈരാഗ്യമായി രൂപാന്തരപ്പെട്ടു.

ഉമാദേവി തീർത്തു പറഞ്ഞു: ''ഇനി ഇവിടെ അരനിമിഷംപോലും നീ നിൽക്കേണ്ട. പോകൂ... പോകാനല്ലേ പറഞ്ഞതു്!...''

ഉഷ വരാന്തയിൽനിന്നു മുറ്റത്തിറങ്ങി. ഉടുത്തിരുന്ന കൈലിയുടെ കീഴ്ത്തുമ്പുയർത്തി മുഖം തുടച്ചു. എന്നിട്ടു പതുക്കെപ്പതുക്കെ നടന്നു കിഴക്കോട്ടു പോയി. നീന്തറിയാൻ





വശമില്ലാത്ത ഒരാൾ വലിയ ആഴമുള്ള ഒരു നദിയിൽപ്പെട്ടു് ഒരു കച്ചിത്തുരുമ്പുപോലും പിടികിട്ടാതെ ഏറ്റവും ഭഗ്നാശനായി താഴോട്ടു പോകുന്നതുപോലിരുന്നു ഉഷയുടെ ആ പോക്കു്.

## 19. നാടേ, നിനക്കു വിട!

രാമകുമാറും ഉഷയും സ്നേഹമാണെന്നതിന്റെ ലക്ഷണങ്ങൾ ഉമാദേവി മനസ്സിലാക്കീട്ടു് ഏറെദിവസങ്ങളായി. ചില നോട്ടംകൊണ്ടും പെരുമാറ്റംകൊണ്ടും അവർ അവരെ താക്കീതുചെയ്തുവരികയായിരുന്നു. എന്നിട്ടൊന്നും അതിനൊരു കുറവും കണ്ടില്ല. അതാണു് പെട്ടെന്നു് ഉഷയെ വീട്ടിൽനിന്നും ഇറക്കിവിടാൻ കാരണം.

രാമകുമാർ മുറ്റത്തിറങ്ങി പടിഞ്ഞാറോട്ടാണു പോയതെങ്കിലും ഉമാദേവിക്കു കണ്ണെത്താത്ത സ്ഥലത്തുകൂടി നടന്നു് അയാൾ ഉഷയോടൊപ്പം വന്നുചേർന്നു. ഉഷയുടെ കണ്ണുകൾ അപ്പോഴും കലങ്ങിക്കിടന്നിരുന്നു. തന്റെ അമ്മ പറഞ്ഞതൊന്നും കണക്കിലെടുക്കേണ്ടതില്ലെന്നും സമയം കിട്ടുമ്പോഴെല്ലാം വീട്ടിൽ വരണമെന്നും മറ്റും അയാൾ അവളെ പറഞ്ഞു സാന്ത്വനപ്പെടുത്തി. ഉഷ അതിനൊന്നും മറുപടി പറഞ്ഞില്ല. അവളുടെ മനസ്സു് അത്രയ്ക്കു ശിഥിലമായിരുന്നു.

ഉഷയെ വിവാഹത്തിനു ചോദിച്ചതിന്റെ മറുപടി കിട്ടാൻ ഗോപിനാഥൻ ഒരു ദിവസം അപ്പുക്കുട്ടനെ ഉഷയുടെ വീട്ടിലേക്കയച്ചു. ഉഷയും വാസുപിള്ളയും ആ വിവാഹം ഒരാട്ടാട്ടി നിരാകരിച്ചു. ഉഷയ്ക്കു് എഴുത്തു കൊടുത്തയച്ചതിൽ തന്നെ അപമാനിച്ചതുമൂലം ശിശുപാലനും ഉഷയോടു വലിയ നീരസത്തിൽ കഴിയുകയായിരുന്നു. ശിശുപാലന്റെയും ഗോപിയുടെയും ഹൃദയാഭിലാഷം സാധിക്കാതെവന്നതിനാൽ അവർ രണ്ടുപേരും ചേർന്നു് ഉഷയ്ക്കെതിരായി ഗൂഢാലോചന നടത്തി. ആ ആലോചനയുടെ തീരുമാനം ഉഷയേയും അവളുടെ അച്ഛനേയും ആ

 www.malankaralibrary.com 

നാട്ടിൽനിന്നു് ഓടിക്കണമെന്നായിരുന്നു. അതിനെന്താണു പോംവഴി എന്നു് അവർ വീണ്ടും ആലോചിച്ചു. അപ്പോൾ പങ്കജാക്ഷിയും നിർമ്മലയും വന്നു് അവരുടെ കാതിൽ മന്ത്രിച്ചു; ഉമാദേവി തന്റെ വീട്ടിൽനിന്നും ഉഷയെ അടിച്ചിറക്കിയിരിക്കയാണെന്നു്. അതു കേട്ടപ്പോൾ ഉഷയോടു് എന്തും ചെയ്യാമെന്നുള്ളമട്ടായി ഗോപിക്കും ശിശുപാലനും. അവർ നിശ്ചയിച്ചു, ഉഷയുടെ കുടിലിനു തീകൊളുത്തണമെന്നു്.

ഒരു ദിവസം ഗോപിയും ശിശുപാലനുംകൂടി ആ നീചകൃത്യംചെയ്തു. നല്ല നിലാവും ഉഷ്ണവുമുള്ള ഒരു രാത്രിയായിരുന്നു അതു്. തന്മൂലം ഉഷയ്ക്കും വാസുപിള്ളയ്ക്കും ശരിക്കുറക്കം വന്നില്ല. പുരയുടെ നാലഞ്ചു വാരി വെന്തയുടനെ അവർ ചാടിയെണീററു രക്ഷപ്പെട്ടു. അവരുടെ തുണികളെല്ലാം അവർ നുള്ളിപ്പെറുക്കി; ഉണ്ടായിരുന്ന അല്പം കാശും.

ഉഷയുടെ പുര വെന്തെരിയുന്നതു കണ്ടു് സഹായത്തിനെന്നവണ്ണം പങ്കജാക്ഷിയും നിർമ്മലയുംമററും ഓടിവന്നു. ഓടിവന്നതു് യഥാർത്ഥത്തിൽ സഹായിക്കുവാനല്ല. എല്ലാം വെണ്ണീറാകുന്നതു കണ്ടു സന്തോഷിക്കുവാനായിരുന്നു. വീടു വെണ്ണീറായപ്പോൾ അവർ തിരിച്ചുപോയി.

ഉഷയും വാസുപിള്ളയും നേരംവെളുക്കുംവരെ ആ വെന്തെരിഞ്ഞ വീടിന്റെ മുററത്തു ചിലപ്പോൾ കിടന്നും ചിലപ്പോൾ കുത്തിയിരുന്നും സമയം കഴിച്ചുകൂട്ടി. ബോംബെ വിട്ട നാൾമുതൽ അവരങ്ങനെ പലേടത്തും കഴിഞ്ഞുകൂടിയവരാണു്. അതുകൊണ്ടു് ഒരുവിധത്തിൽ പറഞ്ഞാൽ അവക്തിനു പ്രയാസമില്ലായിരുന്നു.

അന്നു പിന്നെ ഉഷയുടെ മാതാവു് സരോജിനികൂടിയുണ്ടായിരുന്നു; എല്ലാററിനും ഒരാശ്വാസകേന്ദ്രമായി. പ്രഭാതം മുകുളിക്കുംമുൻപേ ഉഷ വാസുപിള്ളയോടു പറഞ്ഞു:

‘‘നമ്മൾ ഇനിയും ഇവിടെ താമസിക്കുന്നതു ശരിയല്ലച്ഛാ. താമസിച്ചാൽ ഇതിലും വലിയ ഗ്രഹപ്പിഴ നേരിടും.’’

‘‘എന്റെ മനസ്സും അതുതന്നെ പറയുന്നു കുഞ്ഞേ. പിന്നൊരു പ്രയാസം. എനിക്കിപ്പോൾ കണ്ണു കാണാൻമേലാ. അല്ലെങ്കിൽ പഴയതുപോലെ കൈനോക്കിയോ മററോ ജീവിക്കാമായിരുന്നു.’’

‘‘അച്ഛൻ അതൊന്നും ചിന്തിച്ചു വിഷമിക്കേണ്ടാ. വാ കീറിയവൻ വയറിനും തരും. നമുക്കു നേരം വെളുക്കുംമുൻപേ ഇവിടം വിടണം.’’

‘‘പോകുന്നതിനുമുൻപേ നമുക്കു് ഉമാദേവിയെ ഒന്നു കാണേണ്ടേ?’’

‘‘വേണ്ട; ആവശ്യമില്ല.’’

‘‘മാനേജരെയോ?’’

‘‘ആരെയും നമുക്കു കാണേണ്ട. നേരം വെളുക്കുന്നതിനുമുൻപു സ്ഥലം വിടാം.’’

‘‘എന്റെ ഗ്രന്ഥമൊന്നും വെന്തുപോയില്ലല്ലോ?’’

‘‘ഇല്ല. എല്ലാമുണ്ടു്. അച്ഛനൊരുങ്ങു. നമുക്കിറങ്ങാം.’’

‘‘ഇത്ര വെളുപ്പിനേ പോയാൽ പുരയുടെകൂടെ നാമും ചാമ്പലായെന്നു വല്ലവരും ധരിച്ചെങ്കിലോ?’’

‘‘എങ്കിലെത്ര നന്നായിരുന്നു!... ഇങ്ങനിരുന്നു കുറേശ്ശക്കുറേശ്ശ നീറിപ്പൊടിയുന്നതിനേക്കാൾ...’’

‘‘കുഞ്ഞേ, നീയങ്ങനെ ചിന്തിക്കപോലുമരുതു്. ഈശ്വരനിട്ട ജീവൻ ഈശ്വരൻതന്നെ എടുക്കണം.’’

ഉഷ അതിനുശേഷം ഒന്നും പറയാൻപോയില്ല. വെട്ടംവീഴുംമുൻപേ, സ്ഥലംവിടണമെന്നുള്ളതാണു് അവളുടെ ആശ. പെട്ടെന്നു് അവൾ തുണികളെല്ലാം ഒരു ഭാണ്ഡമാക്കിക്കെട്ടി. വിഷാദകലുഷിതമായ ഹൃദയത്തോടും നിറഞ്ഞ നേത്രങ്ങളോടുംകൂടിയാണു് അവൾ തുണി വാരിക്കെട്ടിയതു്. തുണി വാരിക്കെട്ടിയപ്പോൾ അവൾ ഓർത്തു: ഒരാൾ വേറൊരാളെ ബഹുമാനിക്കുന്നതു് എന്തു കാര്യത്തിലാണു്? സ്വത്തിലാണോ? വിദ്യാഭ്യാസത്തിലാണോ? ഉദ്യോഗപ്രൗഢിയിലാണോ? സൗന്ദര്യത്തിലാണോ? അല്ല, ഒരിക്കലുമല്ല. അയാളുടെ സൽസ്വഭാവവും ജീവിതവിശുദ്ധിയും മനസ്സിലാക്കിയാണു്. ഒരു യുവതി

www.malankaralibrary.com

യുടെ ജീവിതവിശുദ്ധി സംരക്ഷിക്കാൻ എത്ര പ്രയാസം!... അതു സംരക്ഷിക്കാൻ അവളെ അനുവദിക്കില്ലെന്നു മാത്രമല്ല; അവമാനിക്കുകൂടി ചെയ്യുന്ന ഒരു ലോകമാണു് ഈ ലോകം. ഈ ലോകത്തിൽ ആന്തരികശുദ്ധിയോടുകൂടി — ജീവിതനൈർമ്മല്യത്തോടുകൂടി — ജീവിക്കാൻ എങ്ങനെ സാധിക്കും? സ്വന്തം വിശുദ്ധി നഷ്ടപ്പെടുത്തുന്നതിനേക്കാൾ സ്വയം മരിക്കുകയല്ലേ ഭേദം?...

ഉഷ നീട്ടിച്ചിന്തിക്കാൻ നിന്നില്ല. കാരണം, ഇതിനൊന്നും വിലകല്പിക്കുന്ന ലോകമല്ല, ഇന്നത്തെ ലോകം എന്നു് അവൾക്കറിയാം. അവൾ അച്ഛന്റെ വടിയെടുത്തു് അദ്ദേഹത്തിന്റെ കൈയിൽ കൊടുത്തു. ഒരു കൈകൊണ്ടു് ശിരസ്സിലെ ഭാണ്ഡക്കെട്ടും മറുകൈകൊണ്ടു് അച്ഛനെ താങ്ങിപ്പിടിച്ചും അവൾ പതുക്കെ നടന്നു. ആറടിപ്പാതയിലിറങ്ങി, അവർ മെയിൻറോഡിൽ കയറി കിഴക്കോട്ടു പോയി.

പിറേറന്നു നേരം പുലർന്നപ്പോൾ അട്ടർ മുഴുവനും ഉഷയെക്കുറിച്ചുള്ള സംസാരമായിരുന്നു. ഒരാൾ ചോദിച്ചു:

''അവൾ ഇതായിരുന്നോ?''

''ഏതു്?''

''ഗർഭിണി.''

''ഛായ്! ദൈവദോഷം പറയാതെ.''

''പിന്നെന്താണവൾ ആരോടും ഉരിയാടാതെ പൊയ്ക്കളഞ്ഞതു്?''

''നമ്മടെ നാടിന്റെ കൊണം.''

''നിങ്ങളെന്തൊക്കെപ്പറഞ്ഞാലും അവൾ ചീത്തയാണു്.''

''എങ്ങനറിയാം?''

''മാനേജരുമായി അവൾ വലിയ ചിട്ടയിലായിരുന്നു.''

''അവൾ അത്ര സാവിത്രിയായിരുന്നെങ്കിൽ ശിശുപാലൻ അവൾക്കു് എഴുത്തു കൊടുത്തയയ്ക്കുമോ?''



''ഗോപിനാഥൻ അവളെ വിവാഹംചെയ്തതായിരുന്നു; അവൾ ചീത്തയാണെന്നുകണ്ടു് ഉപേക്ഷിച്ചതാണു്.''

''എങ്കിലും എന്റെ ചേട്ടാ, ഇവളെ കെട്ടാൻ രാമകുമാർ നടന്നതിലാണു് എനിക്കത്ഭുതം! അതു ഞാൻ ഇന്നു രാവിലെയാണറിയുക.''

''ആരൊണ്ടെടാ ഈ ലോകത്തു നല്ലവർ? എല്ലാവരും പകൽദൈവങ്ങളാണു്; പകൽദൈവങ്ങൾ!''

''ഏതായാലും അവളെ ഒരുനോക്കുകൂടി കാണാൻ കഴിയാതെപോയല്ലോ. നമ്മുടെ ദേശത്തിനൊരു കെടാവിളക്കായിരുന്നു അവൾ.''

ഇങ്ങനെ പൊയ്ക്കൊണ്ടിരുന്നു ആപ്പീസ്തൊഴിലാളികളുടെയും അട്ടർ നിവാസികളുടെയും വർത്തമാനങ്ങൾ.

## 20. ഇരുണ്ട ദിവസങ്ങൾ

രവീന്ദ്രനും ഉമാദേവിയും കസിൻസാണു്. ഉമാദേവിയുടെ അച്ഛൻ രാമൻപിള്ളയുടെ മൂത്ത സഹോദരി ഗംഗാദേവിയുടെ ഏകമകനാണു് രവീന്ദ്രൻ.

ഉഷയുടെ മാതാവായ സരോജിനി രവീന്ദ്രന്റെ വീട്ടിൽ വേലയ്ക്കുനിന്നപ്പോൾ അയാൾ എം. എ.യ്ക്കു പഠിക്കുകയായിരുന്നു. സരോജിനിയെ വിവാഹംചെയ്തുകൊള്ളാമെന്നും പറഞ്ഞു് അടുത്തുകൂടി അവളെ പിഴപ്പിച്ചതു് ഈ രവീന്ദ്രനാണു്. ഇയാൾക്കു സരോജിനിയിൽ ഉണ്ടായ മകളാണു് ഉഷ.

രവീന്ദ്രൻ ഒരു കോളജിലെ ഇംഗ്ലീഷിന്റെ ചീഫ് പ്രൊഫസ്സറാണു്; വയസ്സു നാല്പതുവരും. ശ്യാമളാദേവിയെ അദ്ദേഹം വേളികഴിച്ചിട്ടു് ഏഴുവർഷമായി. ഇതുവരെ അവർക്കു സന്താനങ്ങളൊന്നുമുണ്ടായില്ല; ഉണ്ടാകുന്ന കാര്യം സംശയസ്ഥിതിയിലുമാണു്.

ഉമാദേവിയെപ്പോലെതന്നെ നല്ലൊരു സ്വത്തിന്റെ ഉടമസ്ഥാവകാശവും ബാങ്കിൽ വലിയ നിക്ഷേപവും

www.malankaralibrary.com

രവീന്ദ്രനുണ്ട്. പക്ഷേ, ഇതൊന്നുമനുഭവിക്കാൻ ഒരു പിഞ്ചുകാലുപോലും തന്റെ കുടുംബത്തിലില്ലല്ലോ എന്നോർക്കുമ്പോൾ അദ്ദേഹത്തിന്റെ ഹൃദയം ആളിപ്പോവുകയാണ്.

രവീന്ദ്രൻ ഇതിനുമുൻപും പലകുറി ഉമാദേവിയുടെ വീട്ടിൽ വന്നിട്ടുണ്ട്. അപ്പോൾ ഉഷ അവിടെയുണ്ടെങ്കിൽ അദ്ദേഹത്തിനു കാപ്പി കൊണ്ടുകൊടുക്കുന്നതുംമറ്റും അവളാണ്. അപ്പോഴെല്ലാം അദ്ദേഹം അവളെ വിടർന്ന കണ്ണുകളോടെ നോക്കുക പതിവാണ്. എവിടെവച്ചോ അവളെ മുൻപു കണ്ടിട്ടുള്ളതുപോലെ അദ്ദേഹത്തിനൊരു തോന്നൽ. വളരെ പരിചയം ജനിപ്പിക്കുന്ന ഒരു മുഖഭാവം; ഒരാന്തരിക ആകർഷണം. രവീന്ദ്രൻ ചാരുകസേരയിൽ ഇരുന്ന് ഒരു സിഗരറ്റ് കൊളുത്തി വലിച്ചുകൊണ്ട് വളരെനേരം പുറകോട്ടു ചിന്തിച്ചു; ഒരെത്തും പിടിയും കിട്ടുന്നില്ല.

ഇടത്തളത്തിൽ ചാരുകസേരയിൽ കിടക്കുകയായിരുന്ന അദ്ദേഹത്തെ തൊട്ടുതൊട്ടില്ലെന്നമട്ടിൽ പലവട്ടം കടന്നുപോകേണ്ടതായ സന്ദർഭങ്ങൾ ഉഷയ്ക്കു വന്നിട്ടുണ്ട്. അപ്പോഴെല്ലാം അവർ അങ്ങോട്ടുമിങ്ങോട്ടും നോക്കീട്ടുമുണ്ട്. ഒന്നുരണ്ടുപ്രാവശ്യം അവളോടു സംസാരിച്ചാലെന്താ എന്നുവരെ അദ്ദേഹത്തിനും ശക്തിയായ ആഗ്രഹം തോന്നിയതാണ്. പക്ഷേ, യൗവനം മുട്ടിമുഴങ്ങിനില്ക്കുന്ന ഒരു പെണ്ണിനോടു ചുമ്മാതെ വർത്തമാനംപറയുന്നതു ശരിയാണോ? അതും ആ വീട്ടിലെ വേലക്കാരിയായ ഒരു പെൺകുട്ടിയോട്? തന്റെ അന്തസ്സു വിട്ട് അങ്ങനെ സംസാരിക്കുന്നതു കണ്ടാൽ ഉമാദേവി എന്തു വിചാരിക്കും? അതുകൊണ്ട് അക്കാലത്ത് അദ്ദേഹം അവളോടു വല്ലതായിട്ടൊന്നും സംസാരിക്കയുണ്ടായില്ല.

ഉഷയും വാസുപിള്ളയും അവിടെനിന്നും പോയിക്കഴിഞ്ഞപ്പോൾ രവീന്ദ്രൻ തന്റെ അമ്മാവന്റെ വീട്ടിൽ വന്നു. അവിടെ വന്ന് ഒന്നുരണ്ടുദിവസം അയാൾ താമസിച്ചു. ഉഷയെ ആ വീട്ടിലും പരിസരങ്ങളിലും കാണായ്കയാൽ അയാൾ അവളെപ്പറ്റി ഉമാദേവിയോടു ചോദി



ക്കാൻ നിർബ്ബന്ധിതനായി. അന്തരാ സ്നേഹമുണ്ടെങ്കിലും വളരെ നിസ്സാരഭാവത്തിലാണു ചോദിച്ചത്. അവളും അവളുടെ അച്ഛനും സ്ഥലംവിട്ടിട്ട് ഒരാഴ്ചയായെന്നും, അവൾ സർവ്വത്ര ചീത്തയാണെന്നും തന്നോട് ഒരക്ഷരം ഉരിയാടാതെയാണ് അവൾ പോയതെന്നും, ആരോ അവരുടെ പുരയ്ക്കു തീവച്ചെന്നും മറ്റും അവർ രവീന്ദ്രനെ പറഞ്ഞുകേൾപ്പിച്ചു.

സ്നേഹിക്കപ്പെട്ട വ്യക്തിയെ കാണാതിരിക്കുമ്പോഴാണ് അമിതമായ സ്നേഹം. ഉമാദേവി ഉഷയെപ്പറ്റി എന്തൊക്കെ കുറ്റംപറഞ്ഞിട്ടും അതൊന്നും ഒരെള്ളിടപോലും രവീന്ദ്രന്റെ മനസ്സിലേശിയില്ല; മാത്രമല്ല ഒരു വാത്സല്യമകളുടെ ദൗർബ്ബല്യമെന്നപോലെ അതെല്ലാം അയാൾ പാടെ അവഗണിക്കയും ചെയ്തു.

ഉഷയുടെ പെട്ടെന്നുള്ള വിയോഗംനിമിത്തം ഉമാദേവിയുടെ പുത്രൻ രാമകുമാർ സമൂലം തകർന്നിരിക്കയാണ്. ഉഷയെ കാണാതായ ദിവസംമുതൽ അവൻ കോളജിൽ പോകുന്നില്ല. ഷേവിങ്ങും കുളിയും ഊണുമൊന്നുമില്ലാതെ മുറിയിൽ കയറി കതകടച്ച് ഒരേയൊരു കിടപ്പാണ്.

രാമകുമാറിനെ വിളിച്ചും ഗുണദോഷിച്ചും ഉമാദേവി മടുത്തു. അവന്റെ മനസ്സു തിരിക്കാൻ അവിടെ വരുന്നവരോടെല്ലാം ഉഷയുടെ കുറ്റം പറയുകയാണിപ്പോൾ ഉമാദേവിക്കു ജോലി.

“‘പിച്ചയ്ക്കു വന്നവൻ പെണ്ണുക്കു മാപ്പിള' എന്നു പറയുമ്പോലെ അലഞ്ഞുതിരിഞ്ഞു നടന്ന ആ പെണ്ണിവിടെ വന്നപ്പോൾ വലിയ ആളായിപ്പോയി. അവൾക്കു താമസിക്കാനിടംകൊടുത്തതു ഞാനാണ്. പുരവെയ്ക്കാൻ തൂണും ഇഴയും കഞ്ഞിവെയ്ക്കാൻ കലവും ചട്ടിയുമെല്ലാം കൊടുത്തതും ഞാനാണ്. അണ്ടിയാപ്പീസിൽ ഒരു ജോലി വാങ്ങിക്കൊടുത്തതും ഞാനാണ്. അവളുടെ കൈകൊണ്ട് ആരു പച്ചവെള്ളം കുടിക്കും?... അണ്ടിക്കറയല്ല്യോ, ആകെ അണ്ടിക്കറ!... ഇപ്പോൾ അണ്ടിക്കറയ്ക്കൊരു പുന്നാരപ്പേരു വന്നിരിക്കുന്നു; അണ്ടിനെയ്യ്! ആയുർവേദവൈദ്യ

www.malankaralibrary.com

ന്മാരുടെ അടുത്തെങ്ങും ഈ പേരിതുവരെ വന്നുചേരാഞ്ഞതു കാര്യമായി. വന്നുചേർന്നിരുന്നെങ്കിൽ ഇതു് 'അണ്ട്യോസവം' എന്നോ 'അണ്ടിസുധ' എന്നോ മാറിപ്പോവുമായിരുന്നു. എങ്കിലും അണ്ടിക്കറപിടിച്ച ഈ പെണ്ണിന്റെ വാലിൽ തൂങ്ങി നടക്കാനും ആളുണ്ടല്ലോ ശിവനേ!... അതിലാണെനിക്കത്ഭുതം!...''

സ്വപുത്രൻ ഉഷയിൽ ലീനനാണെന്നു കേൾവിക്കാർ ധരിക്കയുമരുതു്; എന്നാൽ പുത്രനിട്ടൊരു താക്കീതുമായിരിക്കണം എന്ന മട്ടിലായിരുന്നു കാണുന്നവരോടുള്ള ഉമാദേവിയുടെ വിമർശനം. എന്നാൽ ആ വിമർശനശാലയുടെ ഒരു മൂലമാത്രമേ ഉമാദേവി രവീന്ദ്രനെ അനാവരണംചെയ്തു കാണിച്ചുള്ളു.

രവീന്ദ്രൻ വന്നതിനുശേഷമാണു് രാമകുമാർ എണീറ്റു ഭക്ഷണംകഴിക്കയും കുളിക്കയുമൊക്കെ ചെയ്തതു്. അവനു രവീന്ദ്രനെന്നുവച്ചാൽ ജീവനാണു്; രവീന്ദ്രനു് രാമകുമാറും.

## 21. തിരക്കിയിറങ്ങൽ

രവീന്ദ്രനു് ഉഷയെപ്പറ്റി ചിന്തിക്കുന്തോറും ഇരുപ്പുറയ്ക്കാതെവന്നു. താനൊന്നു വെളിയിലേക്കു നടന്നിട്ടു വരട്ടെ എന്നു് ഉമാദേവിയോടു പറഞ്ഞിട്ടു് അയാൾ പുറത്തേക്കിറങ്ങി. ഉഷയെ സംബന്ധിച്ചു കൂടുതൽ വിവരങ്ങൾ അന്വേഷിച്ചറിയുവാനായിരുന്നു ആ പുറപ്പാടു്.

രവീന്ദ്രൻ നേരെ പോയതു് മാനേജർ പോത്തച്ചന്റെ ബംഗ്ലാവിലേക്കാണു്. ഉമാദേവിയുടെ കസിനും വിദ്യാസമ്പന്നനുമായ രവീന്ദ്രനെ കണ്ടപ്പോൾ മാനേജർ അദ്ദേഹത്തെ ആദരിച്ചിരുത്തി.

ഉഷയുടെ അച്ഛൻ മിക്കവാറും മാനേജരുടെ വീട്ടിൽ പോകുമായിരുന്നെന്നും തന്മൂലം ഉഷയുടെ പൂർവചരിത്രം വല്ലതും അറിയാമെങ്കിൽ ആയതു് മാനേജർക്കു മാത്രമാണെന്നും രവീന്ദ്രൻ ഇറങ്ങി അന്വേഷിച്ചപ്പോൾ മനസ്സി



ലാക്കിയിരുന്നു. ഹൃദയത്തിൽ അതു സംഗ്രഹിച്ചുകൊണ്ടു് രവീന്ദ്രൻ മാനേജരോടു് ഇങ്ങനെ സംഭാഷണം തുടങ്ങി:

''ഐ ഹാവ് കം റ്റു ആസ്ക് എ ഫേവർ. ഡു യു റിമെംബർ വൺ ഉഷാ ഹൂ വോസ് ഹിയർ? ഹൗ ലോങ് ഡിഡ് ഷി വർക്ക് വിത്ത് യു?''

ഉഷയുടെ നാമധേയം കേൾക്കുന്നതുതന്നെ മാനേജർക്കു് അപ്പോൾ വെറുപ്പായിരുന്നു. എങ്കിലും രവീന്ദ്രനോടുള്ള മതിപ്പിന്റെ പുറത്തു് അയാൾ കാര്യക്ഷമമായ മറുപടി കൊടുത്തു:

''യെസ്, ത്രീ ഇയേഴ്സ്.''

''ഡു യു റീക്കോൾ ദി നേച്ചർ ഓഫ് ഹേർ വർക്ക്?''

''ഗ്രെയ്ഡിങ്.''

''ഡിഡ് യു എവർ കം എക്രോസ് ദാറ്റ് ഓൾഡ് മാൻ ഹൂ വോസ് ലീവിങ് വിത്ത് ഹേർ?''

''യെസ്, ഒക്കേഷണലി.''

''ഡു യു ഹാവ് എനി ഐഡിയാ എബൗട്ട് ദെയർ റിലേഷൻഷിപ്പ്?''

''ഐ തിങ്ക് ഹി ഈസ് ഓൺളി ഹേർ സ്റ്റെപ്പ് ഫാദർ.''

''ഹിസ് നേറ്റീവ് പ്ലെയ്സ്?''

''ഹോപ് എ നേറ്റീവ് ഓഫ് മാന്നാർ. അപ്പെയരൻറ്ലി ഹി ലിവ്ഡ് ഇൻ ബോംബെ. ഹി സീംസ് റ്റു ഹാവ് ബീൻ ഗുഡ് അറ്റ് പാമിസ്ട്രി.''

''ഹൗ ഡിഡ് ഹി അഡോപ്റ്റ് ദിസ് ഗേൾ?''

''ദാറ്റ് ഈസ് എ ഗ്രേറ്റ് മിസ്റ്ററി. ഈവൺ ഉഷാ ഹേഴ്സെൽഫ് ഈസ് നോട്ട് അവെയർ ഓഫ് ദി ഹോൾ സ്റ്റോറി. ഹി റ്റോൾഡ് മി ഓൺളി ആഫ്റ്റർ മേക്കിങ് മി എ പ്രോമിസ് ദാറ്റ് ഐ വിൽ നെവർ റിവീൽ ദിസ് സീക്രട്ട് റ്റു എനിബഡി. ഐ ഹാവ് കെപ്റ്റ് ദാറ്റ് വേഡ് റ്റിൽ ദിസ് മോമെൻറ്. മേ ഐ ആസ്ക് യു, വൈ യു ആർ സോ ആങ്ഷ്യസ് എബൗട്ട് ദാറ്റ് ഗേൾ?''

www.malankaralibrary.com

"നോ. നോട്ട് അററ് ഓൾ. ഓഫൺ ഐ ഗോ ററു ഉമാദേവീസ് റെസിഡൻസ് ആൻഡ് ഐ യൂസ്ഡ് ററു സീ ഹേർ ദെയാർ. നൗ ഐ ഡു നോട്ട് സീ ഹേർ ഐ റെയിസ് ദി ക്വസ്റ്റ്യൻ ഔട്ട് ഓഫ് ക്യൂറിയോസിററി."

രവീന്ദ്രനു് ഉഷയുടെ സംഗതിയിൽ പ്രത്യേകതാൽപര്യമൊന്നുമില്ലെന്നു മനസ്സിലായപ്പോൾ പോത്തച്ചനു് കാര്യങ്ങൾ തുറന്നുപറയുവാൻ കുറച്ചുകൂടി ധൈര്യം കിട്ടി. അയാൾ പറഞ്ഞു:

"ദി പീപ്പിൾ ഓഫ് ദിസ് ലൊക്കാലിററി സേ ദാററ് ഷി ഈസ് ഇമ്മോറൽ. ഹേർ ഇമ്മോറാലിററി റൗസ്ഡ് ദി പീപ്പിൾ ററു സെററ് ഫയർ ററു ഹേർ ഹട്ട്. ഷി ഹാഡ് നോ അദർ ഗോ, ബട്ട് ററു ക്വിററ് ദി പ്ലെയ്സ്."

"ഡു യു നോ വാട്ട് ഹാപ്പെൻഡ് ററു ഹേർ? ഐ ഹാവ് ഹേഡ് കോൺഫ്ളിക്ടിങ് സ്റ്റോറീസ് ദാററ് ഷീ വോസ് ബേൺ ടു ഡെത്ത് ആൻഡ് ഷീ റാൻ എവേ."

"ഐ ആം നോട്ട് സേർട്ടെൻ. ഇററ് സീംസ് ഷി ഈസ് നോട്ട് ഡെഡ്; ഷീ വോസ് സീൻ ആഫ്ററർ ഫയാർ."

ബംഗ്ലാവിന്റെ മുററത്തു് കശുവണ്ടിത്തൊഴിലാളികൾ വട്ടംകൂടി നിന്നതുകൊണ്ടാണു് രവീന്ദ്രനും പോത്തച്ചനും അവരുടെ സംഭാഷണം ഇംഗ്ലീഷിലാക്കിയതും ഇത്രയും ദീർഘിപ്പിച്ചതും. അവർ സ്ഥലംവിട്ടുവെന്നു കണ്ടപ്പോൾ രവീന്ദ്രൻ മലയാളത്തിൽ ചോദ്യമാരംഭിച്ചു:

"ഈ പെൺകുട്ടി ആ കിഴവന്റെ മകളല്ലെങ്കിൽ പിന്നെ ആരാണു്?"

"ശരിക്കോർമ്മയില്ല; കിഴവൻ ഇവിടെ വന്നകാലത്തു പറഞ്ഞതാണു്. ആ പെൺകുട്ടിയുടെ അമ്മയുടെ പേരു് സരോജിനിയെന്നാണെന്നു തോന്നുന്നു. അവൾ എവിടെയോ ഒരു ധനികന്റെ വീട്ടിൽ വേലയ്ക്കു നിന്നുപോലും! അവിടെ കോളജിൽ പഠിച്ചുകൊണ്ടിരുന്ന ഒരു



യുവാവു് ആ സ്ത്രീയെ പിഴപ്പിച്ചു. എന്നിട്ടു് അവിടെനിന്നും അടിച്ചിറക്കി. ഗർഭിണിയായ സരോജിനി അവളുടെ വീട്ടിൽ പോയി പുറത്തെങ്ങും ഇറങ്ങാതെ കഴിച്ചുകൂട്ടി. അങ്ങനെ അവൾ കഴിഞ്ഞുകൂടവേ, കൈനോട്ടം വാസുപിള്ള വന്നു് സരോജിനിയെ ബോംബെയ്ക്കു കൊണ്ടുപോയി. അവിടെവച്ചു പിതാവില്ലാതെ ജനിച്ച പെൺകുട്ടിയാണു് ഉഷ."

മാനേജർ പോത്തച്ചൻ കോളജ് യുവാവെന്നും സരോജിനിയെന്നും പറഞ്ഞപ്പോൾത്തന്നെ ഓർമ്മയുടെ ചുരുളുകളെല്ലാം രവീന്ദ്രന്റെ മുൻപാകെ നിവർന്നുവന്നു. സരോജിനിയെ മാനഭംഗപ്പെടുത്തിയതു താനാണെന്നും ഉഷ തന്റെ മകളാണെന്നും നിസ്സംശയം അദ്ദേഹത്തിനു ബോദ്ധ്യമായി. അല്പം മ്ലാനത അദ്ദേഹത്തിന്റെ മുഖത്തു പരന്നുവെങ്കിലും അതു നിയന്ത്രിച്ചുകൊണ്ടു് ഒരു ചോദ്യംകൂടി ചോദിച്ചു:

"സരോജിനി അവരുടെകൂടെ ഇല്ലായിരുന്നോ?"

"ഇല്ലായിരുന്നു. ഉഷയെ ആരോ വിവാഹംകഴിക്കാൻ വന്നെന്നും അവനു് സരോജിനി അഞ്ഞൂറുറുപ്പിക കൊടുത്തെന്നും, അവൻ വിവാഹംകഴിച്ചില്ലെന്നും രൂപാ ചോദിക്കാൻ ചെന്ന സരോജിനിയെ അവൻ തൊഴിച്ചു കൊന്നെന്നും ഒക്കെയാണു് ആ മൂപ്പിലെ പറഞ്ഞതു്."

അക്കാര്യം കേട്ടപ്പോൾ രവീന്ദ്രന്റെ ഹൃദയം ദുഃഖസമ്പൂർണ്ണമായി. അയാൾ 'ഇറങ്ങട്ടെ' എന്നു ചോദിച്ചുകൊണ്ടു പടിക്കലിറങ്ങി ഉമാദേവിയുടെ ഭവനത്തിലേക്കു പോയി. ഉഷ ജീവിച്ചിരിപ്പുണ്ടോ...? ഉണ്ടോ...? ഉണ്ടോ...? ഉണ്ടെങ്കിൽ ഏതു രാജ്യത്തായാലും, എത്ര പണം ചെലവാക്കേണ്ടിവന്നാലും അവളെ തേടിപ്പിടിക്കണം—ഈ ചിന്തയോടുകൂടിയായിരുന്നു അയാൾ ഉമാദേവിയുടെ വീട്ടിലേക്കു കടന്നുചെന്നതു്.

രവീന്ദ്രൻ മാനേജരിൽനിന്നും കേട്ട വിവരം കലവറയില്ലാതെ ഉമാദേവിയെ ധരിപ്പിച്ചു. ഉമാദേവി അപ്പോൾ ഒരു ശിലാബിംബംകണക്കെ നിശ്ചേഷ്ടയായി നിന്നുപോയി. തന്റെ സ്വന്തം അമ്മാവിയുടെ മകന്റെ

www.malankaralibrary.com

മകളായ ഉഷയെ കേവലം ഒരു തെണ്ടിപ്പെണ്ണിനെപ്പോലെയും ദാസിയെപ്പോലെയും കരുതിയതിലും ഒടുവിൽ അവളെ അടിച്ചിറക്കി കണ്ണീരുകുടിപ്പിച്ചു വിട്ടതിലും അവക്കു് അഗാധമായ കുണ്ഠിതം തോന്നി.

ഉമാദേവി രവീന്ദ്രന്റെയും ഉഷയുടെയും മുഖച്ഛായ തമ്മിൽ തട്ടിച്ചുനോക്കി. ഹൗ! എന്തൊരു ചേച്ച്! രവീന്ദ്രന്റെ ചുവന്ന നിറവും വട്ടമുഖവും ചുരുളൻതലമുടിയുമെല്ലാം ആ മകളിൽ ഒത്തിണങ്ങിയിരിക്കുന്നു! ഉമാദേവി ഓത്തു: കഷ്ടം! മൂന്നുവഷക്കാലം വേലയ്ക്കുനിന്നു—കരിക്കലംതേച്ചു—ആ പെൺകുട്ടിയോടു് അവസാനനിമിഷം ഒരു നല്ലവാക്കു പറയാൻ തനിക്കു സാധിക്കാതെപോയല്ലോ! ഇനി അവളെ ജീവിതത്തിലൊന്നു കാണാൻ കഴിയുമോ?... കഴിഞ്ഞിരുന്നെങ്കിൽ അവളെയൊന്നു് ആശ്വസിപ്പിക്കയും രാമകുമാറിനെക്കൊണ്ടു വേളികഴിപ്പിക്കയും ചെയ്യാമായിരുന്നു. അതിനി സാദ്ധ്യമായി വരുമോ?... വരുമോ?...

രവീന്ദ്രനിൽനിന്നും ഉഷയെപ്പററിയുള്ള വിവരണമെല്ലാം കേട്ടപ്പോൾ, തനിക്കെത്രയും അനുയോജ്യയും അനുരൂപയുമായിരുന്നല്ലോ അവൾ എന്ന തീവ്രവിചാരം രാമകുമാറിനുമുണ്ടായി. അവൾ ജീവനോടിരിക്കുന്നുവോ മരിച്ചുവോ എന്നുള്ളതായിരുന്നു അവന്റെ ആത്യന്തികമായ ഉൽക്കണ്ഠ. അവൻ രവീന്ദ്രനെ നിബ്ബന്ധിച്ചു, ഉഷയെ തേടിയിറങ്ങണമെന്നു്. രവീന്ദ്രൻ അതിനു നേരത്തേതന്നെ മനസ്സുവച്ചിരിക്കയായിരുന്നു.

ഒരു മിഡ്സമ്മർ വെക്കേഷൻകാലത്തായിരുന്നു ഉഷയുടെ തിരോധാനം. തന്മൂലം ഒരു കോളജ് പ്രൊഫസ്സറായിരുന്ന രവീന്ദ്രനും ഒരു കോളജ്‌വിദ്യാത്ഥിയായിരുന്ന രാമകുമാറിനും ഉഷയെ അന്വേഷിച്ചു പുറപ്പെടാൻ സൗകര്യമായിരുന്നു. പക്ഷേ, എവിടെയാണു് ഉഷയെ അന്വേഷിക്കുക?... അന്വേഷിക്കാനിറങ്ങുന്നവർ കുബേരർ. എന്നാൽ ഉഷയോ?... കേവലം തെണ്ടിവഗ്ഗങ്ങളുടെ കൂട്ടത്തിൽ മാത്രം ജീവിക്കാനഹ്തയുള്ള ഒരു പെണ്ണു്!



അവധി രണ്ടു മാസക്കാലമുണ്ടു്. അതുകൊണ്ടു് രണ്ടു മാസത്തെ യാത്രയ്ക്കുള്ള സജ്ജീകരണത്തോടുകൂടി രവീന്ദ്രനും രാമകുമാറും യാത്രപുറപ്പെടാനൊരുങ്ങി. അതിനുവേണ്ട സർവ്വ ഒത്താശകളും ഉമാദേവിയും അകമഴിഞ്ഞു ചെയ്തുകൊടുത്തു. രവീന്ദ്രനു കാറുണ്ടു്; ഓടിക്കാനുമറിയാം. തന്നിമിത്തം കാറിലാണു് അവർ തിരിച്ചതു്.

ആദ്യമായി അവർ പുറപ്പെട്ടതു വാസുപിള്ളയുടെയും ഉഷയുടെയും ബന്ധുക്കളുടെ സ്ഥലമായ 'മാന്നാറി'ലേക്കാണു്. വാസുപിള്ളയുടെ ബന്ധുക്കളെന്നു പറയപ്പെടുന്നവരുടെ വീടുകളിലെല്ലാം ചെന്നു. അവിടെങ്ങും അവർ ചെന്നതായി അറിവു കിട്ടിയില്ല. അതുപോലെ ഉഷയുടെ സ്വന്തക്കാരുടെ വീടുകളിലും അവർ തിരക്കി. ആ തിരക്കലും ഫലശൂന്യമായി ഭവിച്ചു. അപ്പോൾ ഉഷയും വാസുപിള്ളയും എങ്ങോട്ടു പോയി? ആരോ അപ്പോൾ പറഞ്ഞുകേട്ടു; ഉഷ അവിടൊരു വീട്ടിൽ വേലക്കാരിയായി നില്ക്കുന്നെന്നു്. അതു കേട്ടയുടനെ രവീന്ദ്രനും രാമകുമാറും അവിടെ പറന്നുപററി. പക്ഷേ, അവിടെ ചെന്നപ്പോൾ കണ്ടതു് ഒരു ഉഷാ തയ്യൽയന്ത്രം മാത്രമായിരുന്നു. തന്മൂലം രവീന്ദ്രനും രാമകുമാറിനും അവിടെനിന്നും നിരാശരായി മടങ്ങേണ്ടിവന്നു.

അനന്തരം രവീന്ദ്രന്റെ ചിന്താമണ്ഡലം പ്രവത്തിച്ചതു് ഉഷയും വാസുപിള്ളയും ബോംബെയിൽ പോയിരിക്കണമെന്നായിരുന്നു.

## 22. പുനർസമാഗമം

രവീന്ദ്രനും രാമകുമാറും വിനാവിളംബം ബോംബെയ്ക്കു പുറപ്പെട്ടു. അവിടെയുള്ള ഹോട്ടലുകളിലും റസ്റ്റാറന്റുകളിലും അവരെ അന്വേഷിച്ചു. അതുകൊണ്ടു യാതൊരു ഫലവും കൈവന്നില്ല. പിന്നെ തിരക്കിയതു് വൃദ്ധമന്ദിരത്തിലും യാചകകേന്ദ്രത്തിലുമാണു്. അവിടെയും അവരെ കണ്ടുകിട്ടുകയുണ്ടായില്ല. അനന്തരം കൈനോട്ടക്കാ

www.malankaralibrary.com



രുടെയും ജ്യോതിഷക്കാരുടെയും കൂട്ടത്തിൽ അന്വേഷിച്ചു. അവിടെയും ഫലം തഥൈവ. അതിന്റെശേഷം അവർ കൽക്കട്ട, മദ്രാസ് തുടങ്ങിയ സ്ഥലങ്ങളിലും അവരെ തിരക്കി. എല്ലായിടത്തും നിഷ്ഫലമായിരുന്നു.

ഒടുവിൽ യാത്രചെയ്തു ക്ഷീണിച്ചു ഭഗ്നാശരായി അവർ വീട്ടിൽ മടങ്ങിവന്നു. ഉഷയുടെയും വാസുപിള്ളയുടെയും കാര്യം പത്രത്തിൽ പരസ്യംചെയ്താലെന്തെന്ന് അപ്പോൾ രാമകുമാറിന് ഒരു ബുദ്ധി തോന്നി. ഉഷ എന്നൊരു പെൺകുട്ടിയേയും കൂടെ ഒരു പടുകിഴവനേയും കാട്ടിക്കൊടുക്കുന്നവർക്ക് ആയിരം ഉറുപ്പിക പ്രതിഫലം നൽകുന്നതാണെന്ന് അവൻ എല്ലാ പത്രങ്ങളിലും പ്രസിദ്ധപ്പെടുത്തി. അതിനുശേഷം രവീന്ദ്രനും രാമകുമാറും ഓരോ ദിവസത്തെ വാർത്തയും നോക്കി കഴിയാൻ തുടങ്ങി.

നേരം വെളുത്തെന്നു വിചാരിച്ചാണ് ഉഷയും വാസുപിള്ളയും താമസസ്ഥലം വിട്ടത്. നാലുനാഴിക വെളുപ്പുണ്ടായിരുന്നു അപ്പോഴും.

അവർ മെയിൻറോഡിൽ കയറിയപ്പോൾ അങ്ങകലെ മലഞ്ചെരുവിൽ ഒരു വലിയ കുറുക്കനും ഏതാനും ചെറിയ കുറുക്കന്മാരും ഓരിയിടുന്നതു കേൾക്കാമായിരുന്നു. വലിയ കുറുക്കൻ 'ലോകം മുടിയാംപോന്നേ' എന്നു വിളിച്ചുകൂവുന്നതായും കുഞ്ഞുകുറുക്കന്മാർ 'എപ്പളായെപ്പളാ' എന്നു ചോദിക്കുന്നതായുമാണ് ഉഷയ്ക്ക് അപ്പോൾ ആശബ്ദം തോന്നിയത്.

ഉഷ നിനച്ചു: തന്റെ മാതാവായ സരോജിനി സ്വാനുഭവം വച്ചുകൊണ്ടും തന്റെ മകളുടെ കഷ്ടത കണ്ടുകൊണ്ടും ഒരു പെൺനരിയുടെ ആത്മാവിൽ കടന്നുകൂടി നിലവിളിച്ചതല്ലേ ഇത്? അമ്മയെ അന്നു പോസ്റ്റ്മോർട്ടം ചെയ്തു കഴിച്ചിട്ടത് ആര്യങ്കാവിൽ റെയിൽവേ ലൈനിനു സമീപമുള്ള ചുടലക്കാട്ടിലല്ലേ? ആര്യങ്കാവിലുള്ള ഭഗവതീക്ഷേത്രത്തിൽ ചെന്നു കുളിച്ചുതൊഴുത് അമ്മയുടെ കുഴിമാടത്തിൽ ഒരു റീത്തു സമർപ്പിച്ചാലെന്താണ്?...



താനും അമ്മയുംകൂടി ആ ക്ഷേത്രത്തിൽ എത്രവട്ടം പോയിരിക്കുന്നു!... ആര്യങ്കാവു ഭഗവതീക്ഷേത്രത്തിന്റെ ദർശനം പടിഞ്ഞാറോട്ടല്ലേ? അങ്ങനെയുള്ള ക്ഷേത്രങ്ങൾ ഭാരതത്തിൽ എത്രയോ കുറവാണ്! പടിഞ്ഞാറോട്ടു ദർശനമുള്ള ക്ഷേത്രങ്ങൾക്ക് എന്തൊരു ശക്തിയാണ്! എത്രയെത്ര സന്യാസിമാർ സദാനേരവും 'ബ്രഹ്മോഹം, ബ്രഹ്മോഹം' എന്നു ചൊല്ലിക്കൊണ്ട് ആ ഭഗവതീക്ഷേത്രത്തിനു ചുറ്റും പർണ്ണശാലകൾ കെട്ടി താമസിക്കുന്നു!... എത്രമാത്രം ഭഗവതീഭക്തന്മാർ ആ ക്ഷേത്രത്തിൽനിന്നും പ്രസാദം വാങ്ങി കണ്ണോടടുപ്പിച്ചശേഷം കുടിച്ചിട്ട് നനഞ്ഞ കൈ നിറുകയിലും നെററിയിലും തൂക്കുന്നു!... ചുടലക്കാടിനു ചുറ്റും റിസർവ്വുവനങ്ങളല്ലേ? അവിടെങ്ങാനും ചെന്ന് ഒരു കുടിലുകെട്ടിയാൽ അമ്മയെ കൂടെക്കൂടെ സന്ദർശിക്കാം; ജീവിക്കാം. എങ്ങനെ ജീവിക്കും?...

''നീയെന്താണ് ഉഷേ, ഒന്നും മിണ്ടാത്തത്? ഈ സ്ഥലത്തുതന്നെ നിനക്ക് ഇനിയും ജീവിക്കണമെന്നുണ്ടോ?''

ഉഷ സുഷുപ്തിയിൽനിന്നെന്നപോലെ ചിന്തയിൽനിന്നുണർന്നു. എന്നിട്ടു പറഞ്ഞു:

''ഇല്ല. ഞാനങ്ങനൊന്നും ചിന്തിച്ചതേയില്ല. അച്ഛനു വേണമെങ്കിൽ താമസിക്കാം. എനിക്കു വിരോധമില്ല. പക്ഷേ, അക്കൂട്ടത്തിൽ ഞാൻ കാണുകയില്ലെന്നു മാത്രം.''

''നീ മിണ്ടാതിരുന്നതുകൊണ്ടു മാത്രം ചോദിച്ചതാണ്. എനിക്കിവിടെ താമസിക്കണമെന്ന്, ലേശംപോലും ആഗ്രഹമില്ല.''

തരക്കേടില്ല. അച്ഛനു പിന്നെയും ഈ സ്ഥലത്തെപ്പററിയാണു വിചാരം. ഇവിടെ ജീവിക്കാമെന്ന് ഇനിയും സ്വപ്നേപി കരുതേണ്ടാ. ഉമാദേവിയമ്മയല്ലേ ഈ സ്ഥലത്തെ കിരീടം ചൂടാത്ത റാണി! അവർ വെറുത്താൽപ്പിന്നെ മാനേജർ വെറുത്തു. സ്ഥലവാസികൾ ആകമാനം വെറുത്തു. ആ പാവപ്പെട്ട രാമേട്ടനെ കേൾക്കെ ഒരു സംഹാരദുർഗ്ഗയെപ്പോലെ, ഒരു രക്തരക്ഷസ്സിനെപ്പോലെ

www.malankaralibrary.com



എന്തെല്ലാമാണവർ വിളിച്ചുപറഞ്ഞതു്! എന്നെ മുറിയിലെങ്ങും കയറാൻകൊള്ളുകയില്ലെന്നു്. മനുഷ്യർ എന്നെക്കുറിച്ചു പറയുന്നതു കേട്ടാൽ ചെവി രണ്ടും പൊത്തിപ്പോകുമെന്നു്. ഞാനൊരു വ്യഭിചാരിയും കള്ളിയുമാണെന്നു്. രാമേട്ടൻ എന്നെ വിവാഹമോതിരമണിയിച്ചെങ്കിൽക്കൂടി അമ്മയുടെ ഈ വർത്തമാനമെല്ലാം കേട്ടപ്പോൾ അദ്ദേഹത്തിന്റെ മനസ്സുകന്നുപോയിരിക്കയില്ലേ? തന്നെയുമോ? അമ്മയെ അദ്ദേഹം ക്രമത്തിലധികം ഭയപ്പെടുന്ന ഒരാളുമല്ലേ? എന്റെ കുടിലിൽ അദ്ദേഹം വന്നതു് ആകെ ഒററപ്രാവശ്യം മാത്രമാണു്. കുടിലിനു തീപിടിച്ചു വെന്തപ്പോൾ എത്രയോ ആളുകൾ എന്നെയും അച്ഛനെയും ആശ്വസിപ്പിക്കാൻ അവിടെ വന്നിരുന്നു. ആ കൂട്ടത്തിൽ ഒരു പ്രേക്ഷകന്റെ രീതിയിൽപ്പോലും രാമേട്ടനവിടെ വന്നില്ലല്ലോ. വിടർന്നുവികസിച്ചു് സൗരഭ്യം നാലുപാടും പരത്തുന്ന പൂക്കളിലെ തേൻ നുകരാൻ മാത്രം നടക്കുന്ന കരിവണ്ടുകളാണീ പുരുഷന്മാർ! അതിന്റെ ശോഭ അല്പം മങ്ങിപ്പോയോ; അവർ വേറേ പൂക്കൾ തേടുകയായി.

ഉഷ സ്വയം കുററപ്പെടുത്തി. ഒരു തത്തമ്മക്കൂടുമായി, കൈനോട്ടക്കാരിയായി, കേവലം അഞ്ഞൂറു രൂപയ്ക്കു് അന്യപുരുഷനു വിവാഹം പറഞ്ഞൊത്തവളായി വെറുമൊരണ്ടിത്തൊഴിലാളിയായി ജീവിച്ച നിന്നെ, ശിശുപാലൻ പ്രേമലേഖനം കൊടുത്തയച്ച, ഗോപിനാഥൻ വീണ്ടും വിവാഹംകഴിക്കാൻ നടന്ന നിന്നെ, ഒരു കോളജുകുമാരനും ലക്ഷപ്രഭുവുമായ രാമകുമാർ വിവാഹംകഴിക്കുമെന്നു നീ വ്യാമോഹിച്ചതു് എത്ര മൗഢ്യമായിപ്പോയി! രാമേട്ടാ, രാമേട്ടനെന്നോടു ക്ഷമിക്കൂ. ഒരിക്കലും ഞാൻ രാമേട്ടനു് അനുയോജ്യയായ ഒരു പെണ്ണല്ല. അതു ഞാൻ അന്നേ രാമേട്ടനോടു പറഞ്ഞതാണു്. രാമേട്ടൻ നല്ല സ്വത്തുള്ള ഒരു കോളജുകുമാരിയെ കല്യാണംകഴിക്കൂ. അതിൽ സന്തോഷിക്കയും മംഗളംനേരുകയും ചെയ്യുന്നവളാണു് ഈ ഉഷ.

രാമേട്ടൻ എനിക്കു തന്ന വിവാഹമോതിരം തിരിച്ചു തരാൻ ഞാനാഗ്രഹിക്കുന്നു. അതിനെന്താണു വഴി? ആര്യ



ങ്കാവിൽ ചെന്നിട്ടു് ഞാൻ ഏതെങ്കിലും കാട്ടരുവിയിൽ അതു വലിച്ചെറിയും. വല്ല മത്സ്യവും വെട്ടിവിഴുങ്ങി ശകുന്തളയുടെ മോതിരമെന്നവണ്ണം രാമേട്ടന്റെ കൈവശം അതു തിരികെ വന്നുചേർന്നിരുന്നെങ്കിൽ...!

''ഉഷേ, നീയുറങ്ങുകയാണോ? ദാ, വണ്ടിയുടെ ശബ്ദം കേൾക്കുന്നു. എഴുന്നേല്ക്കു്; വണ്ടി നിറുത്തു്.''

ഉഷ പെട്ടെന്നെണീററു് ബസ്സിനു കൈകാണിച്ചു. ബസ്സു നിന്നു. അവരിരുവരും അതിൽ കയറി യാത്രചെയ്തു് ആര്യങ്കാവിൽ വന്നിറങ്ങി. അവർ നേരേ പോയതു് ക്ഷേത്രസന്നിധിയിലേക്കാണു്. അവിടെച്ചെന്നു കുളിച്ചു തൊഴുതു പ്രസാദം വാങ്ങി. അനന്തരം അവർ സരോജിനിയുടെ ശവകുടീരത്തിൽ ചെന്നു പുഷ്പമാല്യങ്ങൾ സമർപ്പിച്ചു.

റിസർവ്വുവനത്തിന്റെ പ്രാന്തപ്രദേശത്തുകൂടി പോകുന്ന റെയിൽവേലൈനിനു് ഏകദേശമടുത്താണു് സരോജിനിയുടെ ശവകുടീരം സ്ഥിതിചെയ്യുന്നതു്. അവിടെനിന്നും ഒരു വിളിപ്പാടു് അകലമേയുള്ള റെയിൽവേസ്റ്റേഷനിലേക്കു്. അണ്ടിയാപ്പീസിൽ ജോലിനോക്കിയ വകയിൽ കുറച്ചു പണം മിച്ചമുണ്ടായിരുന്നു. ആ പണംകൊണ്ടു് ആ വനത്തിന്റെ മുറിക്കു് ഒരു കുടിലുകെട്ടി ഉഷയും വാസുപിള്ളയും അവിടെ താമസമാക്കി.

സൺ ഷെയ്ഡിൽനിന്നും വെള്ളമിററുനിന്നു വീഴുമ്പോലെ ദിവസങ്ങൾ സാവധാനം പൊയ്ക്കൊണ്ടിരുന്നു.

രാമകുമാറിന്റെ സ്നേഹിതനായ മോഹനകുമാർ ആര്യങ്കാവു് റെയിൽവേസ്റ്റേഷനിലെ മാസ്റ്ററാണു്. രാമകുമാർ പ്രസിദ്ധീകരിച്ച പരസ്യം അയാൾ ഒരുദിവസം വായിച്ചു. വായിച്ചു് ഏതാനുംദിവസം കഴിഞ്ഞപ്പോൾ വാസുപിള്ളയേയും ഉഷയേയും വനത്തിന്റെ മുറിക്കുവച്ചു കാണുവാനിടയായി പെട്ടെന്നു് അയാൾ രാമകുമാറിനെ ഫോണിൽ വിവരമറിയിച്ചു. വിവരമറിഞ്ഞപ്പോൾ രാമകുമാറിനും രവീന്ദ്രനും വിശിഷ്യാ ഉമാദേവിയമ്മയ്ക്കും ഉണ്ടായ സന്തോഷം അവർണ്ണനീയമായിരുന്നു. തന്റെ കസിനായ രവീന്ദ്രന്റെ മകൾ ഉഷാദേവി നാടുവിടാൻ

www.malankaralibrary.com



കാരണം താനായിരുന്നല്ലോ എന്നുള്ള ചിന്ത അവരെ വല്ലാതെ വേദനിപ്പിച്ചുകൊണ്ടിരുന്നു. അതുകൊണ്ടു് ഉഷയേയും വാസുപിള്ളയേയും എത്രയും പെട്ടെന്നു കൊണ്ടുവരണമെന്നും ഒരാഴ്ചയ്ക്കകം അവരുടെ വിവാഹം സകലവിധമായ ആഡംബരങ്ങളോടുംകൂടി നടത്തണമെന്നും ഉമാദേവി അഭിപ്രായപ്പെട്ടു. കുറഞ്ഞതു് നൂററൊന്നു പറ അരിയും അതിനു വേണ്ടതുമെല്ലാം ചെയ്തു സദ്യകഴിക്കണമെന്നും തീരുമാനിക്കപ്പെട്ടു. രവീന്ദ്രനും രാമകുമാറും ബെൻസ് കാറിൽത്തന്നെ പോയി അവരെ കൊണ്ടുവരണമെന്നും അതിനകം വേണ്ട ക്രമീകരണങ്ങൾ താൻ ചെയ്തുകൊള്ളാമെന്നും ഉമാദേവി ഭരമേററു.

രവീന്ദ്രനും രാമകുമാറും കാറിൽ കയറിയിരുന്നു. കാറോടിച്ചതു രവീന്ദ്രനാണു്. കൃത്യം മൂന്നരമണിയായപ്പോൾ അവർ റെയിൽവേസ്റ്റേഷനിൽ ചെന്നു മോഹനകുമാറിനെ കണ്ടു. അവർ മൂവരുംകൂടി ഉഷ താമസിക്കുന്ന കുടിലിൽ വന്നു. ഉഷയും വാസുപിള്ളയും അവിടെയുണ്ടായിരുന്നു. രാമകുമാറിനെ കണ്ടപ്പോൾ ഉഷയ്ക്കു പറഞ്ഞറിയിക്കാൻവയ്യാത്ത ഒരു പരിഭ്രമം. അവളുടെ കണ്ണുകൾ അവളെ വഞ്ചിക്കുന്നതായിത്തോന്നി. കഴിഞ്ഞ മധുരസ്മരണകൾ മുഴുവനും അവളുടെ തലച്ചോറിൽ ഇരമ്പിക്കയറി.

അല്പനേരത്തെ കുശലപ്രശ്നങ്ങൾക്കുശേഷം രവീന്ദ്രൻ പറഞ്ഞു:

''എല്ലാവരും കാറിൽ കയറിൻ. നമുക്കു പോകാം. അണ്ടിയാപ്പീസ് വിടുംമുൻപേ നമുക്കതിൻെറ ഗേററിലെത്തണം.''

ഉഷയ്ക്കും വാസുപിള്ളയ്ക്കും നല്ല തുണികൾ രാമകുമാർ കാറിൽ സൂക്ഷിച്ചിട്ടുണ്ടായിരുന്നു. അവർ വേഗം ഉടുത്തൊരുങ്ങി. ഉഷയും വാസുപിള്ളയും പിൻസീററിൽ കയറി. രാമകുമാർ മുമ്പിലും. മോഹനകുമാർ കയറാതെ നില്ക്കുന്നതു കണ്ടപ്പോൾ രാമകുമാർ ചോദിച്ചു:

''എന്താ മോഹനാ, വരുന്നില്ലേ?''



''ക്ഷമിക്കു്. കല്യാണത്തിനു രണ്ടുദിവസം മുമ്പേ ഞാനവിടുണ്ടു്. ഒരു കാഡിടണം, കേട്ടോ?''

''നിനക്കു് ആ പാരിതോഷികം വേണ്ടേ? ഞാൻ കൊണ്ടുവന്നിട്ടുണ്ടു്.''

''ഇരിക്കട്ടെ; വാങ്ങിച്ചോളാം.''

''എന്നാൽ ഓക്കെ.''

''ഓക്കെ.''

കാർ സ്റ്റാർട്ടായി. ടാറിട്ട റോഡിലൂടെ കാർ അതിവേഗം പൊയ്ക്കൊണ്ടിരുന്നു. അഞ്ചുമണിയായപ്പോൾ അവർ ഏകദേശം അണ്ടിയാപ്പീസിനു സമീപമെത്തി. പെട്ടെന്നായിരുന്നു ആ സംഭവം. എതിരേ വന്ന ഒരു ലോറിയുമായി കാർ കൂട്ടിയിടിച്ചു. കാറിൻെറ മുൻഭാഗം മുഴുവനും തകർന്നു തരിപ്പണമായി. രവീന്ദ്രനും രാമകുമാറും വാസുപിള്ളയും തൽക്ഷണം മരിച്ചു.

ഉഷയ്ക്കു് ഒരു നേരിയ ശ്വാസോച്ഛ്വാസം മാത്രമുണ്ടു്. അവൾ കണ്ണുംപൂട്ടി നിശ്ചലയായിക്കിടക്കുകയാണു്.

ഉമാദേവി പെട്ടെന്നു് അവിടെ വന്നു. രാമകുമാറിനെയും രവീന്ദ്രനെയും ഒന്നേ നോക്കിയുള്ളു. അവർ ഉഷയുടെ അടുക്കലേക്കു നീങ്ങി. അവളുടെ ഒരു നോട്ടത്തിനുവേണ്ടി അവർ ദാഹിച്ചു; ഉഷേ, ഉഷേ എന്നു ഹൃദയംനൊന്തു വിളിച്ചു. പക്ഷേ, ഫലമുണ്ടായില്ല. ഒടുവിൽ അവർ അവളുടെ കൺപോളകൾ ഇരുകൈകൊണ്ടും വിടുർത്തി അവളുടെ കണ്ണിൽ നോക്കി. അപ്പോൾ അവളുടെ കണ്ണുകൾ ചത്ത മീനിൻെറ കണ്ണുകൾപോലിരുന്നു.

★